# മഴത്തുള്ളികൾ

## മലയാള പാഠാവലി

### അഞ്ചാം പുസ്തകം

## അധ്യാപക സഹായി

IDEAL ASSOCIATION FOR MINORITY EDUCATION (IAME)
ISO 9001 - 2008 Certified

**Published by**

**IDEAL ASSOCIATION FOR MINORITY EDUCATION (IAME)**
**ISO 9001 - 2008 Certified**
**Markaz Complex Annex, Room No.B. 14, 11 Floor**
**Indiran Gandhi Road, Kozhikode 673 004**
**Phone :0495 27223208, Email: iame313@gmail.com**

**Mazhathullikal Hand Book**
**Standard -V**
**First Edition February 2019**
**Free Copy for Teachers**

# ആമുഖം

മാതൃഭാഷാ പഠനം കുട്ടികളുടെ വ്യക്തിത്വവളർച്ചയിൽ നിർണായകമായ സ്വാധീനം ചെലത്തുന്നുണ്ട് എന്ന കാര്യത്തിൽ തർക്കമില്ല. സ്വന്തം സാംസ്കാരിക സത്തയെ അടുത്തറിയാനും സ്വായത്തമാക്കാനുമുള്ള അവസരമാണ് ഭാഷാ പഠനത്തിലൂടെ ലഭിക്കുന്നത്. പഠിതാവിൽ മാനവികമൂല്യങ്ങളെക്കുറിച്ചും ഭരണഘടനാമൂല്യങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുക, സാമൂഹിക ജീവിതം ശക്തിപ്പെടുത്തുന്ന മനോഭാവം സൃഷ്ടിക്കുക, സാമൂഹിക പ്രതിബദ്ധത വളർത്തുക തുടങ്ങിയ പാഠ്യപദ്ധതിയുടെ മുഖ്യപരിഗണനാവിഷയങ്ങൾ സാധ്യമാക്കപ്പെടുന്നതിൽ ഭാഷാപഠനത്തിന് വലിയ പങ്കാണുള്ളത്.

ആശ/ വിനിമയോപാധി എന്നതിനപ്പുറം ഭാഷ ഒരു ജനതയുടെ സ്വത്വബോധവും സംസ്കാരവും പ്രതിഫലിപ്പിക്കുന്നുണ്ട്. സാമൂഹിക ജീവിതത്തിൽ ക്രിയാത്മകമായി ഇടപെടുന്നതിനും ലോകത്തിന്റെ ഗതിവിഗതികൾ തിരിച്ചറിയുന്നതിനും മനുഷ്യരെ പ്രാപ്തരാക്കുന്നത് ഭാഷയാണ്. വിജ്ഞാന സ്വീകരണത്തിന്റെയും വിനിമയത്തിന്റെയും മാധ്യമമാണത്. മനുഷ്യവംശത്തിനു മാത്രമുള്ള അമൂല്യസമ്പത്തായ ഭാഷയുടെ സ്വാംശീകരണം ഓരോ വ്യക്തിയിലും ജനനം മുതൽ ആരംഭിക്കുന്നുണ്ട്. ജീവിതപരിസരങ്ങളിൽനിന്ന് ആർജ്ജിക്കുന്ന ആശയങ്ങളെയും ഭാവങ്ങളെയും കരുത്തോടെയും ആത്മവിശ്വാസത്തോടെയും സന്ദർഭോചിതമായി വിനിമയം ചെയ്യാൻ ഓരോ കുട്ടിക്കും ശേഷി ലഭിക്കേണ്ടതുണ്ട്. അതിനുള്ള ചിട്ടപ്പെടുത്തലുകളാണ് ഔപചാരിക പഠനത്തിലൂടെ വിദ്യാലയങ്ങളിൽ നടക്കുന്നത്. ഭാഷാപഠനത്തിലൂടെയാണ് ഇത് കൂടുതൽ നടക്കുന്നത് എന്നതിനാൽ ഇതിന്നനുകൂലമായി ഭാഷാ പഠനം ക്രമീകരിക്കേണ്ടതുണ്ട്.

IAME മഴത്തുള്ളികൾ എന്ന പേരിൽ തയ്യാറാക്കിയ മലയാള പാഠാവലി ഈ ലക്ഷ്യസാക്ഷാത്ക്കാരത്തിന്നു സഹായകമാവുവിധത്തിലാണ് സജ്ജീകരിച്ചിട്ടുള്ളത്. ആശയങ്ങളിൽനിന്ന് ഭാഷയുടെ അടിസ്ഥാന ഘടകങ്ങളായ അക്ഷരം, പദം, വാക്യം എന്നിവയിലേക്കു മുന്നേറുന്ന സമീപനം ഭാഷാക്ലാസുകളെ സർഗാത്മകവും ജീവിതഗന്ധിയുമാക്കിത്തീർക്കുന്നു എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ സമഗ്രവും യഥാർത്ഥവും ജീവിതത്തിൽ ഉപയുക്തവുമായ സന്ദർഭങ്ങളിലൂന്നിയുള്ള ഭാഷാപഠനരീതിയാണ് മഴത്തുള്ളികളിൽ അവലംബിച്ചിരിക്കുന്നത്. സ്വതന്ത്രവായന, അർത്ഥോല്പാദനം, സ്വതന്ത്രാവിഷ്ക്കാരം എന്നിവയ്ക്കു പ്രാധാന്യം നൽകുന്നതാണ് ഈ രീതി. ഇവയുടെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തുകയും വായനയിലെയും എഴുത്തിലെയും കൃത്യതയും സൂക്ഷ്മതയും ഉറപ്പാക്കുകയും ചെയ്യുന്ന സമീപനമാണ് ഈ പാഠ്യപദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.

കുട്ടികളുടെ ഭാഷാവികാസം വൈജ്ഞാനിക വികാസവുമായും ചിന്താശേഷിയുടെ വളർച്ചയുമായും ബന്ധപ്പെട്ടതാണ്. ഊഹിക്കുക, ഭാവനയിൽ കാണുക, പ്രവചിക്കുക, വിവരിക്കുക, വർണ്ണിക്കുക എന്നിങ്ങനെ പഠിതാവിന്റെ ചിന്താശേഷി ചടുലമായും സർഗാത്മകമായും ഉപയോഗപ്പെടുത്തുന്നതിന് അവസരം ലഭിക്കുന്ന പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ കുട്ടികൾക്കു സാധിക്കണം. ഇതിന്നാവശ്യമായ പ്രവർത്തനങ്ങൾ സർഗാത്മകമായി ആവിഷ്കരിക്കാൻ അധ്യാപകർക്ക് സ്വാതന്ത്ര്യമുണ്ട്.

ഭാഷാ പഠനത്തിലൂടെ മുഖ്യമായും താഴെ പറയുന്ന മേഖലയുമായി ബന്ധപ്പെട്ട് പഠന നേട്ടങ്ങളുണ്ടാക്കാൻ കുട്ടികൾക്കു സാധിക്കേണ്ടതുണ്ട്:

- ശുദ്ധവും വ്യക്തവുമായി എല്ലാവർക്കും മനസ്സിലാവുംവിധം ശ്രാവ്യ വായന നടത്താൻ.
- ഭാഷയിലെ വിവിധ വ്യവഹാരരൂപങ്ങൾ കേട്ടു മനസ്സിലാക്കാൻ.
- വായിച്ച് ആശയം ഗ്രഹിക്കാൻ.
- ആസ്വാദനീയാംശങ്ങൾ കണ്ടെത്തി ആസ്വദിക്കാൻ.
- ഫലപ്രദമായി ആശയപ്രകാശനം നടത്താനുള്ള രചനാതന്ത്രങ്ങൾ കണ്ടെത്താൻ.
- പദാവലികൾ വികസിപ്പിക്കാൻ.
- സ്വന്തം ആശയങ്ങളും അനുഭവങ്ങളും വിചാരവികാരങ്ങളും വിവിധ വ്യവഹാര രൂപങ്ങളിൽ ആവിഷ്കരിക്കാൻ.
- രചനകളുടെ വ്യത്യസ്ത അർത്ഥതലങ്ങൾ കണ്ടെത്താനും വ്യാഖ്യാനിക്കാനും.
- വിവിധതരം സാഹിത്യ രൂപങ്ങളെയും കലാരൂപങ്ങളെയും വിലയിരുത്താൻ.
- ശരിയായ അക്ഷരബോധം ഉണ്ടാവാൻ.

• വിവരസാങ്കേതിക വിദ്യ അടക്കമുള്ള സാധ്യതകൾ ഉപയോഗിച്ചു വിവ രശേഖരണം നടത്താൻ.

## ഭാഷാ പഠനസമീപനം

ഭാഷാ പഠനപ്രവർത്തനങ്ങൾ ബൗദ്ധികവികാസത്തിനും യുക്തിചിന്ത വളരാനും സഹായകമാണ്. ഈ ലക്ഷ്യങ്ങൾ കൈവരിക്കാനുതകുവിധം പല വിജ്ഞാനഘടകങ്ങളും വിശകലനരീതികളും പ്രക്രിയകളും പ്രതികരണ പ്രവർത്തനങ്ങളും പാഠ്യപദ്ധതിയിൽ കടന്നുവന്നിട്ടുണ്ട്. അറിവ് എന്നത് സാമൂഹികമായി നിർമ്മിക്കപ്പെടുന്നതും സാംസ്കാരികമായി നിർണയിക്കപ്പെടുന്നതും ചരിത്രപരമായി അടയാളപ്പെടുത്തപ്പെടുന്നതുമായ ഒരു യാഥാർത്ഥ്യമാണ്. അതുകൊണ്ട് പഠന പ്രവർത്തനങ്ങളെ കേവല ഉള്ളടക്കത്തിന്റെ വിശകലനമെന്നതിൽ പരിമിതപ്പെടുത്തരുത്. വിശാലമായ സാമൂഹിക യാഥാർത്ഥ്യങ്ങളിലും അത് പ്രതിഫലിക്കുകയും പ്രസക്തമാവുകയും വേണം. ഈ ലക്ഷ്യം സാക്ഷാത്കരിക്കണമെങ്കിൽ അറിവുനിർമ്മാണ പ്രക്രിയകളുടെ ഓരോ പ്രവർത്തനത്തിലൂടെയും കുട്ടി കടന്നുപോകേണ്ടതുണ്ട്.

## അറിവുനിർമ്മാണ പ്രക്രിയാഘട്ടങ്ങൾ

ആർജ്ജിത അറിവിൽ നിന്നുകൊണ്ടാണ് ഒരു വ്യക്തിയിൽ പുതിയ അറിവിന്റെ തലങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. മുമ്പുനേടിയ / ആർജ്ജിച്ച ചില ശേഷികളിൽ കൂട്ടിച്ചേർക്കലുകളോ അവയുപയോഗിച്ചുകൊണ്ടുള്ള ആശയ നിർമ്മിതിയോ ആണ് ഓരോ പ്രവർത്തനത്തിലും സംഭവിക്കുന്നത്. പാഠ്യപദ്ധതിയുടെ അവതരണത്തിലൂടെ ഭാഷാപരമായ ചിന്തകൾ രൂപപ്പെടുകയും അവ പരസ്പരം പങ്കുവയ്ക്കുന്നതിലൂടെ പുതിയ അറിവിന്റെ നിർമ്മാണം സഫലമാവുകയും ചെയ്യുന്നു.

### അറിവു നിർമ്മാണ പ്രക്രിയാഘട്ടങ്ങൾ ഇങ്ങനെ നിർവചിക്കാം

ആദ്യം പ്രശ്നം കുട്ടി തിരിച്ചറിയുന്നു. അതിന്റെ പ്രസക്തി ബോധ്യപ്പെടുന്നു.

തുടർന്ന് പ്രശ്നം ഏറ്റെടുക്കുന്നു. ചില അനുമാനങ്ങളിലെത്തിച്ചേരുന്നു. പ്രശ്നം വിശകലനം ചെയ്യുന്നു.

പ്രശ്നം പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും പങ്കുവയ്ക്കുകയും ചെയ്യുന്നു.

അതു സംബന്ധമായ വിവരങ്ങൾ ശേഖരിച്ചു രുപീകരിക്കുകയും അപഗ്രഥനം നടത്തി നിഗമനങ്ങളിലെത്തിച്ചേരുകയും ചെയ്യുന്നു.

നിഗമനങ്ങളെ ന്യായീകരിക്കാനുള്ള തെളിവുകൾ ചിന്തിച്ചുണ്ടാക്കുന്നു. താനിങ്ങനെ ചിന്തിക്കാൻ കാരണമെന്താണെന്നും മറ്റുള്ളവരുടെ ഇക്കാര്യത്തിലുള്ള ചിന്ത എന്തായിരിക്കുമെന്നും ചിന്തിക്കുന്നു.

ഉദാഹരണങ്ങളും മറ്റും അന്വേഷിച്ചു കണ്ടെത്തുന്നു.പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.

ഏതു പഠനവും ഈ പ്രക്രിയാ ഘട്ടങ്ങളിലൂടെ കടന്നുപോകുന്നുണ്ടെന്നാണ് ആധുനിക വിദ്യാഭ്യാസശാസ്ത്രം സിദ്ധാന്തിക്കുന്നത്. ചില സന്ദർഭങ്ങളിൽ ഈ പ്രക്രിയാ ഘട്ടങ്ങളെല്ലാം പ്രത്യക്ഷമായി നടക്കണമെന്നില്ല. എന്നാലും പഠിതാവിന്റെ മനസ്സിലൂടെ ഈ ഘട്ടങ്ങളെല്ലാം കടന്നു പോയിട്ടുണ്ടാവും.

## ഭാഷാപഠനം അഞ്ചാം ക്ലാസിൽ

ഭാഷയുടെ സൗന്ദര്യവും ഓജസ്സും തിരിച്ചറിഞ്ഞ് സ്വതന്ത്രമായ ആവിഷ്ക്കാരങ്ങൾക്ക് അവസരമൊരുക്കുന്ന ഭാഷാപഠനാന്തരീക്ഷമാണ് പ്രൈമറി ക്ലാസുകളിലും അപ്പർപ്രൈമറി ക്ലാസുകളിലും ഉണ്ടാവേണ്ടത്. ലളിതമായ ഭാഷാ വ്യവഹാര രൂപങ്ങളും കഥകൾ, കവിതകൾ, ഉപന്യാസങ്ങൾ മുതലായ സാഹിത്യരൂപങ്ങളും വർത്തമാനപത്രങ്ങൾ, വാരികകൾ, മാസികകൾ തുടങ്ങിയ ആനുകാലിക പ്രസിദ്ധീകരണങ്ങളും ഈ ഘട്ടത്തിൽ പരിചയപ്പെടുകയും സർഗാത്മകരചനകൾ നടത്തുകയും വേണം. അക്ഷരങ്ങൾ, ചിഹ്നങ്ങൾ, പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ മുതലായവ കൃത്യതയോടെയും സൂക്ഷ്മതയോടെയും ഉപയോഗിക്കാനുള്ള ശേഷികളും നൈപുണികളും ഈ ഘട്ടത്തിൽ വികസിച്ചു വരണം.

നാലാം ക്ലാസിൽ പരിചയിച്ച വ്യവഹാര രൂപങ്ങളുടെ അൽപം കൂടി ഉയർന്നതലമാണ് അഞ്ചാം ക്ലാസിൽ പ്രതീക്ഷിക്കുന്നത്. അതിനാൽ വിവിധ വ്യവഹാരരൂപങ്ങളുടെ സവിശേഷതകളും വിലയിരുത്താൻ സൂചകങ്ങളും കൃത്യമായി അറിഞ്ഞിരിക്കേണ്ടതുണ്ട്.വിലയിരുത്തൽ രീതികൾ മനസ്സിലാക്കുന്നതോടെ വ്യവഹാരങ്ങളുടെ നിലവാരം ഉയർത്തുന്നതിൽ കുട്ടികൾ തല്പരരായിത്തീരുകയും സ്വയം മെച്ചപ്പെടുകയും ചെയ്യും.

## വ്യവഹാര രൂപങ്ങൾ

1. **വിവരണങ്ങൾ** : ആസ്വാദനക്കുറിപ്പ്
   പ്രതികരണക്കുറിപ്പ്
   താരതമ്യക്കുറിപ്പ്
   വർണ്ണന
   വാർത്ത
   നോട്ടീസ്
2. **അനുഭവ വിവരണങ്ങൾ** : യാത്രാവിവരണം
   അനുഭവക്കുറിപ്പ്
   ഡയറി
3. **കഥ** ആത്മകഥ
4. **കവിത**
5. **കത്തുകൾ, അപേക്ഷകൾ** : കത്ത്
   നിവേദനം
   അഭ്യർത്ഥന
6. **സംഭാഷണങ്ങൾ** : നാടകീകരണം
   അഭിമുഖ റിപ്പോർട്ട്
   സംഭാഷണം
7. **ആഹ്വാനങ്ങൾ** : മുദ്രാഗീതം
   തലവാചകം
   അടിക്കുറിപ്പ്
   പോസ്റ്റർ

അഞ്ചാം ക്ലാസിൽ പ്രധാനമായി കടന്നുവരാൻ സാധ്യതയുള്ള വ്യവഹാര രൂപങ്ങളാണ് ഇവയെല്ലാം. ബഹുമുഖബുദ്ധിയുടെ(Multiple Intelligence) വിവിധ മേഖലയുമായി ബന്ധപ്പെട്ടവയാണ് ഈ പ്രവർത്തനങ്ങൾ. ഇവയോരോന്നിന്റെയും വിലയിരുത്തൽസൂചകങ്ങൾ അതാതു പഠനാസൂത്രണഭാഗത്തു പരാമർശിച്ചിട്ടുണ്ട്. സന്ദർഭാനുസരണം അവ ഉപയോഗപ്പെടുത്താൻ അധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഷാ പഠനപ്രക്രിയ

- കഥ പറയൽ, കാവ്യാലാപനം, അഭിനയം എന്നിവയ്ക്ക് അവസരമുള്ളത്.
- ചർച്ചകൾ, സംവാദങ്ങൾ എന്നിവ നടത്തേണ്ടിവരുന്നത്.
- വിവര ശേഖരണത്തിനും ആസ്വാദനത്തിനും വായനയിൽ ഏർപ്പെടാൻ സൗകര്യമുള്ളത്.
- പദങ്ങളുടെയും പ്രയോഗങ്ങളുടെയും പൊരുൾ ഊഹിച്ചു കണ്ടെത്താനും നിഘണ്ടു നോക്കി അർത്ഥം കണ്ടെത്താനും കഴിയുന്നത്.
- ലഘുനാടകങ്ങൾ എഴുതാനും അവതരിപ്പിക്കാനും കഴിയുന്നത്.
- വൈവിധ്യമാർന്ന രചനകൾ നടത്താനും എഡിറ്റ് ചെയ്ത് മാഗസിനുകൾ, ചുവർപത്രികകൾ എന്നിവ പ്രസിദ്ധീകരിക്കാനും കഴിയുന്നത്.
- പൊതുപ്രസക്തമായ കാര്യങ്ങളെക്കുറിച്ചും കലാസാഹിത്യാദി വിഷയങ്ങളെക്കുറിച്ചുമുള്ള ഭാഷണങ്ങൾ കേട്ട് ആശയം ഗ്രഹിക്കാൻ അവസരമുള്ളത്.

## ഗ്രൂപ്പ്പ്രവർത്തനം

പഠനം ഏറ്റവും ഫലപ്രദമായ രീതിയിൽ സാധ്യമാക്കുന്നതിൽ ഗ്രൂപ്പ് പ്രവർത്തനങ്ങൾക്കും നല്ല പങ്കുണ്ട്. ഗ്രൂപ്പ് പ്രവർത്തനം കൊണ്ടുദ്ദേശ്യം സഹകരണാത്മക പഠനമാണ്. ഗ്രൂപ്പു പ്രവർത്തനത്തിലൂടെ അനുഭവങ്ങളും വൈദഗ്ധ്യവും ഏറെയുള്ളവർക്കു മറ്റുള്ളവരെ സഹായിക്കാൻ കഴിയും. എല്ലാ കുട്ടികളും ഒരു പോലെയല്ലല്ലോ. കഴിവുള്ള ചില കുട്ടികൾതന്നെയും അവ സ്വയം പ്രകടിപ്പിക്കാൻ മടിക്കുന്നുണ്ട്. എന്നാൽ ഗ്രൂപ്പിലാകുമ്പോൾ അവരുടെ പ്രവർത്തനം സജീവമായിത്തീരുന്നു. വിഭവങ്ങളുടെ കൊടുക്കൽ വാങ്ങലുകളിലൂടെ സംഘാംഗങ്ങൾ സാമൂഹിക സഹകരണത്തിന്റെയും നീതിയുടെയും ഒരു തരം പഠനമേഖല വികസിപ്പിക്കുകയാണു ചെയ്യുന്നത്. പഠിതാക്കൾക്കിടയിൽ ഉച്ച നീചത്വങ്ങൾ ഇല്ലാതാക്കാനും നിർഭയമായും സങ്കോചമില്ലാതെയും പ്രവർത്തനങ്ങളിൽ ഏർപ്പെടാനും ഗ്രൂപ്പ് പ്രവർത്തനത്തിലൂടെ കഴിയുന്നു.

പഠന പ്രവർത്തനങ്ങളുടെ സാഹചര്യമനുസരിച്ച് വ്യത്യസ്ത തരത്തിലുള്ള ഗ്രൂപ്പുകളാണ് രുപീകരിക്കേണ്ടത്. പ്രധാനമായും ക്ലാസ്മുറികളിൽ മൂന്നു തരത്തിലുള്ള ഗ്രൂപ്പുകളാണ് രൂപീകരിക്കാറുള്ളത്.

1. Ability group : കഴിവുകൾക്കനുസരിച്ചു കുട്ടികളെ ഗ്രൂപ്പാക്കുന്ന രീതിയാണിത്. (മിടുമിടുക്കർ, മിടുക്കർ, ശരാശരിക്കാർ, ശരാശരിക്കും താഴെയുള്ളവർ)
2. Mixed group : എല്ലാതരത്തിലുള്ള കുട്ടികളെയും ഓരോ ഗ്രൂപ്പിലും ഉൾപ്പെടുത്തുന്ന രീതി.
3. Random group :മാനദണ്ഡങ്ങളൊന്നും നോക്കാതെ ഗ്രൂപ്പാക്കുന്ന രീതി.

ഓരോ പ്രവർത്തനത്തിന്റെയും രീതി മുന്നിൽ കണ്ടു കൊണ്ടാണ് ഗ്രൂപ്പുകളുടെ രീതിയും തീരുമാനിക്കേണ്ടത്. Ability group രൂപീകരിക്കുമ്പോൾ കുട്ടികൾക്കു ഭിന്നതല പ്രവർത്തനങ്ങൾ നൽകാൻ കഴിയണം. ക്ലാസിൽ വിവേചന മനോഭാവമുണ്ടാവാൻ സാധ്യതയുള്ളതിനാൽ ഈ ഗ്രൂപ്പിന് അത്ര പ്രാധാന്യം കൊടുക്കാതിരിക്കുന്നതാണ് നല്ലത്.

Random group : പഠനേതര പ്രവർത്തനങ്ങൾക്കാണ് കൂടുതൽ പ്രയോജനപ്പെടുക. ഉദാ: പരിസരശുചീകരണം, പൂന്തോട്ട ഔഷധത്തോട്ട നിർമ്മാണം, കൃഷി തുടങ്ങിയവ.

Mixed group ആണ് ക്ലാസ്റൂം പ്രവർത്തനങ്ങൾക്ക് കൂടുതൽ അനുയോജ്യമായത്. ശേഷി കുറഞ്ഞവരെക്കൂടി ഉയർന്ന തലത്തിലേക്കു കൊണ്ടുവരാനും പങ്കുവയ്ക്കലിന്റെ പ്രയോജനം എല്ലാവർക്കും ലഭിക്കാനും പഠനകാര്യങ്ങളിൽ എല്ലാ കുട്ടികൾക്കും ഉത്സാഹമുണ്ടാക്കാനും ആത്മവിശ്വാസം വളരാനുമൊക്കെ ഈ രീതി ഉപകാരപ്പെടും. ഗ്രൂപ്പിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം അധ്യാപകർ ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## ടീച്ചറുടെ പങ്ക്

ഗ്രൂപ്പിൽ ചർച്ച ചെയ്യേണ്ട കാര്യങ്ങൾ പൊതുചർച്ചയ്ക്കു വിധേയമാക്കിയ ശേഷമാണല്ലോ ഗ്രൂപ്പ് പ്രവർത്തനം പൊതുവെ ആരംഭിക്കുന്നത്. ഗ്രൂപ്പ് ചർച്ചയിലൂടെ ആശയവ്യക്തത വരുത്തിയശേഷം രചനയുടെ ക്രോഡീകരണം നടത്തണം. ഓരോ ഗ്രൂപ്പിലും ടീച്ചറുടെ ശ്രദ്ധയെത്തണം. എല്ലാ കുട്ടികളും ചർച്ചയിൽ പങ്കെടുക്കുന്നുണ്ടെന്നും ആശയങ്ങൾ പരസ്പരം പങ്കുവയ്ക്കുന്നുണ്ടെന്നും ഉറപ്പുവരുത്തണം.

ആശയങ്ങൾ ക്രോഡീകരിച്ചു കഴിഞ്ഞാൽ അവയുടെ അടിസ്ഥാനത്തിൽ ഓരോ കുട്ടിയും നിശ്ചിതപ്രവർത്തനം വ്യക്തിഗതമായാണ് എഴുതേണ്ടത്. ഗ്രൂപ്പിൽ ഒരാൾ എഴുതി മറ്റുള്ളവർ പകർത്തിയെഴുതുന്നത് ആശാസ്യമല്ല. അതു കൊണ്ട് വ്യക്തിഗതമായി എഴുതേണ്ട സമയമായാൽ ടീച്ചർ ഗ്രൂപ്പ് പിരിച്ചു വിടുന്നതാണുചിതം. ഏതൊക്കെ സമയത്ത് ഗ്രൂപ്പ് ചേരണം, പിരിയേണ്ടതെപ്പോൾ എന്നൊക്കെ പ്രവർത്തനങ്ങൾക്കനുസരിച്ചാണ് ടീച്ചർ തീരുമാനിക്കേണ്ടത്. കുട്ടികളുടെ താല്പര്യമനുസരിച്ച് ഗ്രൂപ്പുകളിലിരിക്കാൻ അനുവദിക്കരുത്. ഒരേ ഗ്രൂപ്പിൽ തന്നെ കുട്ടികൾ അംഗങ്ങളാവാതിരിക്കാൻ ഗ്രൂപ്പു രൂപീകരണത്തിൽ വ്യത്യസ്ത തന്ത്രങ്ങൾ സ്വീകരിക്കേണ്ടതാണ്.

## വായന

പാഠഭാഗമായി വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ പാഠവും കുട്ടികൾ സ്വന്തമായിവായിക്കണം. വായനയിലേക്കു നയിക്കാൻ പ്രേരിപ്പിക്കുന്ന സന്ദർഭങ്ങൾ സൃഷ്ടിക്കുന്നത് താല്പര്യപൂർവ്വമുള്ള വായനയ്ക്ക് ഇടം നൽകും. പാഠഭാഗങ്ങളിലെ ആശയം ഒറ്റവായനകൊണ്ട് പൂർണമായി ഉൾക്കൊള്ളാൻ കഴിയില്ല. അതിന്ന് പല തവണ വായനസാമഗ്രികളിലൂടെ കുട്ടികൾ കടന്നുപോകേണ്ടതുണ്ട്. ഓരോ വായനയും ഓരോ ആവശ്യത്തിനു വേണ്ടിയാകുമ്പോൾ കുട്ടികൾ ആ ആവശ്യം മുൻനിർത്തി താല്പര്യപൂർവംവായിക്കും. അതുകൊണ്ട് വായനയ്ക്ക് വ്യത്യസ്ത സന്ദർഭങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. വ്യക്തിഗതവായനയും സംഘവായനയും മാതൃകാവായനയും ശ്രാവ്യവായനയും

ആവശ്യമായി വരാം. വൈവിധ്യമാർന്ന ലക്ഷ്യങ്ങൾ നിർണയിച്ച്, മുഹൂർത്തങ്ങൾ സൃഷ്ടിച്ച് ഓരോ വായനയും പ്രയോജനപൂർണമാക്കണം.

പ്രവർത്തനാധിഷ്ഠിത ക്ലാസുമുറിയിൽ കുട്ടികൾ പ്രവർത്തനങ്ങൾ സ്വയംഏറ്റെടുത്തു ചെയ്യുകയാണ്. അതുകൊണ്ട് കുട്ടികൾക്ക് ഏറ്റെടുക്കാൻ താൽപര്യമുണ്ടാകുന്ന തരത്തിൽ ടീച്ചർ പ്രവർത്തനങ്ങൾ അവതരിപ്പിക്കണം.

വായന അർത്ഥപൂർണമാക്കുന്നതിന് പാഠപുസ്തകത്തിലും വർക്കുബുക്കിലും നിരവധി പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. അവ എങ്ങനെ അവതരിപ്പിക്കണമെന്ന് അധ്യാപകസഹായിയിൽ വിശദീകരിച്ചിട്ടുമുണ്ട്. അർത്ഥം കണ്ടെത്താം, ഊണം കണ്ടെത്താം, ഉത്തരങ്ങൾ കണ്ടെത്താം എന്നിങ്ങനെ നൽകിയ പ്രവർത്തനങ്ങളെല്ലാം കുട്ടികൾ ആവശ്യബോധത്തോടെ പാഠഭാഗങ്ങൾ സ്വയം വായിക്കുന്നതിനു സഹായിക്കുന്നവയാണ്. എല്ലാ പാഠഭാഗങ്ങളിലും ആവർത്തിച്ചുവരുന്ന ചില പ്രവർത്തനങ്ങളുണ്ട്. അർത്ഥം കണ്ടെത്താം, ഉത്തരം കണ്ടെത്താം തുടങ്ങിയവ.

## അർത്ഥം കണ്ടെത്തൽ പ്രക്രിയ

അർത്ഥം കണ്ടെത്തൽ പ്രക്രിയയിൽ കുട്ടികൾ പാഠഭാഗം സ്വന്തമായി വായിക്കുന്നു. അർത്ഥമറിയാത്ത പദങ്ങളുടെ ചുവടെ പെൻസിൽകൊണ്ടു വരയ്ക്കുകയോ ആ പദങ്ങൾ നോട്ടുബുക്കിൽ എടുത്തെഴുതുകയോ ചെയ്യുന്നു. അഞ്ചോ ആറോ പേരുകളുള്ള ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു. ഈ പദങ്ങളുടെ അർത്ഥം ആർക്കെങ്കിലും അറിയുമോ? എന്നു പരിശോധിക്കുന്നു. അറിയില്ലെങ്കിൽ പാഠപുസ്തകത്തിലെ നിഘണ്ടു പരിശോധിച്ച് അർത്ഥം കണ്ടെത്തുന്നു. അതിൽ കാണുന്നില്ലെങ്കിൽ ലൈബ്രറിയിൽ നിഘണ്ടു പരിശോധിക്കാൻ സൗകര്യമൊരുക്കണം. ഒരു ഗ്രൂപ്പിനും അർത്ഥം കണ്ടെത്താൻ കഴിയാത്ത പദങ്ങളുണ്ടെങ്കിൽ ആ പദമുൾക്കൊള്ളുന്ന വാക്യം പാഠഭാഗത്തുനിന്നു കണ്ടെത്തി വായിക്കുന്നു. സാന്ദർഭികാർത്ഥം ഊഹിച്ചു പറയുന്നു. പൊതു ചർച്ചയിലൂടെ അർത്ഥവും ടീച്ചർ ആശയങ്ങളും വ്യക്തമാക്കുന്നു. പദങ്ങളും അർത്ഥവും ചാർട്ടിലോ ബോർഡിലോ എഴുതുന്നു. കുട്ടികൾ ആദ്യം നോട്ടുബുക്കിലെഴുതിയ അർത്ഥം ശരിയല്ലെങ്കിൽ തിരുത്തി എഴുതുന്നു.

കേവലം അർത്ഥം കണ്ടെത്താനുള്ള ഒരു പ്രവർത്തനമല്ല ഇത്; പാഠഭാഗം വായിക്കുമ്പോൾ പദങ്ങളുടെ അർത്ഥം ഊഹിക്കാനും നിഘണ്ടു നോക്കി അർത്ഥം കണ്ടെത്താനുമുള്ള പരിശീലനം ഇതിലൂടെ ലഭിക്കുന്നുണ്ട്. നിഘണ്ടുവിൽ ഒരു പദത്തിനു വ്യത്യസ്ത അർത്ഥമുണ്ടാകും. ഏതാണ് പാഠസന്ദർഭത്തിലേക്കു യോജിക്കുന്നതെന്നു കണ്ടെത്താനും അവയുടെ ഉചിതമായ പ്രയോഗം തിരിച്ചറിയാനും ഈ പ്രവർത്തനം മുഖേന കുട്ടികൾ കഴിവാർജ്ജിക്കുകയാണ്. ഇങ്ങനെ സ്വന്തമായി വായിച്ച് ആശയം ഗ്രഹിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനുള്ള പരിശീലനമാണ് ഈ പ്രക്രിയയിലൂടെ ലക്ഷ്യമിടുന്നത്. പദങ്ങളുടെ അർത്ഥം നേരിട്ടു പറഞ്ഞുകൊടുത്താൽ ഇത്തരം പരിശീലനത്തിനുള്ള അവസരം നഷ്ടപ്പെടുമെന്നോർക്കുക.

## ശ്രാവ്യവായന

ശ്രാവ്യവായനക്ക് ക്ലാസ്റൂമുകളിൽ അവസരമുണ്ടാവണം. അക്ഷരത്തെറ്റ്, ഉച്ചാരണപ്പിശക്, ആശയം വ്യക്തമാകുന്ന തരത്തിലുള്ള വായനയെക്കുറിച്ചു ധാരണക്കുറവ് എന്നിവ തിരിച്ചറിയുന്നതിനും ആവശ്യമായ സഹായം നൽകുന്നതിനും ശ്രാവ്യവായന പ്രയോജനപ്പെടും. കേൾക്കുന്നവർക്ക് ആശയം വ്യക്തമാകുന്ന വിധത്തിൽ വായിക്കാൻ കുട്ടികൾ പരിശീലിക്കേണ്ടതുണ്ട്. ഇതിന്നായി എല്ലാ കുട്ടികൾക്കും പാഠഭാഗങ്ങൾ ഉറക്കെ വായിക്കാൻ അവസരം നൽകണം.

## ലേഖനം

ബൗദ്ധികവ്യാപാരം കൂടുതൽ ആവശ്യപ്പെടുന്ന പ്രക്രിയയാണ് എഴുത്ത്. എഴുതേണ്ടതുണ്ട് എന്നു നിശ്ചയിക്കുന്ന ഒരാൾക്കു മാത്രമേ എന്തെഴുതണം എന്ന കാര്യം പ്രസക്തമാവുന്നുള്ളൂ. എഴുതണം എന്ന തീരുമാനമുണ്ടാകുമ്പോൾ എന്ത്, എത്രത്തോളം എഴുതണമെന്നുള്ള ചിന്തയുണരുന്നു. ഇത് പഠിതാവിനെ വിവര ശേഖരണത്തിലേക്ക് നയിക്കുന്നു.

എങ്ങനെ വിവരങ്ങൾ ശേഖരിക്കാം? മറ്റുള്ളവരോടു ചോദിച്ചറിയാം, ഗ്രന്ഥങ്ങൾ പരിശോധിച്ച് വിവരങ്ങൾ ശേഖരിക്കാം, ചിന്തിച്ച് പുതിയ ആശയങ്ങൾ രൂപീകരിക്കാം. ഇങ്ങനെ പലവിധത്തിൽ അറിവുകളാർജ്ജിച്ചു പ്രയോജനപ്പെടുത്താം.

വിവരശേഖരണ ഘട്ടത്തിൽ അധ്യാപകരുടെ ഇടപെടലുകൾ, മാർഗ ദർശനം എന്നിവ അനിവാര്യമാണ്. രചനയുടെ ഘട്ടങ്ങളിലൂടെ (പ്രക്രിയാ ഘട്ടങ്ങൾ) കുട്ടി കടന്നുപോകുമ്പോൾ ഓരോ വ്യവഹാരരൂപവും കുട്ടിയിൽ ഉറയ്ക്കേണ്ടതുണ്ട്. അതിനു താൻ ചെയ്യുന്ന പ്രവൃത്തിയെക്കുറിച്ചുള്ള വ്യക്തമായ അവബോധം കുട്ടിക്കുണ്ടാവണം. അധ്യാപകരെ ബോധിപ്പിക്കാനുള്ള ഒരു പ്രവർത്തനം എന്ന നിലയിലായിപ്പോകരുത്.

## രചനയുടെ പടവുകൾ ഇങ്ങനെ ക്രമീകരിക്കാം.

ആവശ്യബോധമുണ്ടാവൽ → വിവര ശേഖരണം → ആശയങ്ങളുടെ ക്രമീകരണം (ഒറ്റയ്ക്കും ഗ്രൂപ്പിലും → രചനാരീതി തിരഞ്ഞെടുക്കൽ (വ്യക്തിഗതം) → കരട് രചന (വ്യക്തിഗതം) → മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തൽ (സ്വയം വിലയിരുത്തൽ, ഗ്രൂപ്പിൽ വിലയിരുത്തൽ) → എഡിറ്റിംഗ് (ക്ലാസ് തലം, ഗ്രൂപ്പ് തലം, വ്യക്തിതലം) → മെച്ചപ്പെടുത്തൽ → അവതരണം.

ഈ വിധം രചനാ പ്രക്രിയ ആസൂത്രണം ചെയ്തു നടപ്പാക്കാൻ അധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

## എഡിറ്റിംഗ്

കുട്ടികൾ തയ്യാറാക്കുന്ന ഭാഷാ രൂപങ്ങൾ പല തരത്തിലുള്ള മെച്ചപ്പെടുത്തലുകൾക്ക് വിധേയമാക്കേണ്ടതുണ്ട്. ഈ വിധം വിലയിരുത്തി മെച്ചപ്പെടുത്തുന്നതിലൂടെ മാത്രമേ കുട്ടികളുടെ രചനാശേഷി വികസിപ്പിക്കാൻ കഴിയുകയുള്ളൂ.

പഠനം നടക്കുന്നു എന്നതിന്റെ തെളിവാണ് കുട്ടികളുടെ രചനകളിൽ തെറ്റുകൾ വരുന്നത്. തെറ്റുകൾ തിരുത്തപ്പെടണം. ടീച്ചർ അത് സ്വയം തിരുത്തിക്കൊടുക്കുകയല്ല, തന്റെ രചനയിൽ വന്ന തെറ്റ് എന്താണെന്നു കുട്ടിക്കു തിരിച്ചറിയാനുള്ള അവസരം സൃഷ്ടിക്കുകയാണു വേണ്ടത്.

ലേഖനത്തിൽ വിവിധ തലങ്ങളിൽ തെറ്റുകൾ വരാം. കൂടുതലായും വാക്യതലത്തിലും ആശയതലത്തിലുമാണ് തെറ്റുകൾ വരാറുള്ളത്. കൂടാതെ പദഘടനയിലും അക്ഷരം, ചിഹ്നം തുടങ്ങിയവയിലും തെറ്റുകൾ സംഭവിക്കാറുണ്ട്.

കുട്ടികളുടെ എല്ലാ പ്രവർത്തനങ്ങളും എഡിറ്റ് ചെയ്യണമെന്നു നിർബന്ധിക്കേണ്ടതില്ല. ഏതു പ്രവർത്തനമാണ് എഡിറ്റിംഗിനു വിധേയമാക്കേണ്ടതെന്നു പാഠാസൂത്രണ സമയത്ത് ടീച്ചർ തീരുമാനിച്ചു നടപ്പിൽ വരുത്തുകയാണു വേണ്ടത്. എഡിറ്റിംഗിനു വിധേയമാക്കുന്ന പ്രവർത്തനത്തിൽ തന്നെ ഏതു മേഖലയാണു പരിഗണിക്കുന്നതെന്നും തീരുമാനിക്കണം. (ആശയതലം, വാക്യഘടന, പദഘടന അക്ഷരം, ചിഹ്നം)

## എഡിറ്റിംഗ് – ആശയതലത്തിൽ

വ്യവഹാരരൂപത്തിൽ നിശ്ചിത ആശയങ്ങൾ ഉൾക്കൊണ്ടിരിക്കണമെന്നു നേരത്തെ ചർച്ചയിലൂടെ കണ്ടെത്തിയിട്ടുണ്ടാകും. ആ ആശയങ്ങൾ രചനയിൽ പൂർണ്ണമാണോ എന്ന പരിശോധനയാണ് ആശയതല എഡിറ്റിങ്ങിൽ പരിശോധിക്കേണ്ടത്. ഏതെങ്കിലും ഒരു ഗ്രൂപ്പിന്റെ ഉൽപന്നം പൊതുവായെടുത്ത് എഡിറ്റ് ചെയ്യാം. മറ്റു ഗ്രൂപ്പുകൾ തങ്ങളുടെ ഉൽപന്നങ്ങൾ ഇതുമായി താരതമ്യം ചെയ്തും ടീച്ചർ വേർഷൻ നിരീക്ഷിച്ചും എഡിറ്റിംഗ് പൂർണമാക്കാം. ആശയങ്ങൾ വേണ്ടവിധം പൂർണമല്ലെങ്കിൽ ചോദ്യങ്ങൾ ചോദിച്ചും മറ്റും ആശയങ്ങൾ രൂപപ്പെടുത്തി എഡിറ്റിംഗ് നടത്താവുന്നതാണ്.

## വാക്യഘടനയിൽ

വാക്യഘടനയിൽ പ്രധാനമായും വരുന്ന തെറ്റുകൾ പദം വിട്ടുപോകൽ, അധികം പദങ്ങളുടെ പ്രയോഗം, തെറ്റായ പദക്രമം തുടങ്ങിവയാണ്. ഇത്തരം തെറ്റുകളുണ്ടെങ്കിൽ അവ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും ശരിയായ മാതൃക ക്ലാസിൽ വ്യക്തമാക്കിക്കൊടുക്കുകയും വേണം. തെറ്റായ വാക്യഘടന കാരണം ആശയത്തിൽ വരുന്ന മാറ്റം ശ്രദ്ധയിൽ പെടുത്തണം.

## പദഘടനയിൽ

പദഘടനാപരമായ തെറ്റുകൾ വാചിക പ്രകടനത്തിലെന്നപോലെ ലേഖനത്തിലും വരാം. ഇത്തരം തെറ്റുകൾ വന്ന വാക്യങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് ഉദ്ദിഷ്ട ആശയം ആ വാക്യത്തിൽ നിന്നു ലഭിക്കുന്നുണ്ടോ എന്നു പരിശോധിക്കാം. ശരിയായ മാതൃകകൾ കാണിച്ചു കുട്ടികളുടെ തെറ്റുകൾ ബോധ്യപ്പെടുത്തി എഡിറ്റിംഗ് പൂർത്തിയാക്കാം.

## അക്ഷരത്തിലും ചിഹ്നത്തിലും

അക്ഷരങ്ങൾ വിട്ടുപോകൽ, മാറി പ്രയോഗിക്കൽ, ചിഹ്നങ്ങൾ ഉപയോഗിക്കാതിരിക്കൽ എന്നിവ സാധാരണ കണ്ടുവരുന്ന തെറ്റുകളാണ്. ഇവ തിരുത്താൻ ചെറിയ ക്ലാസുകളിൽ തന്നെ ശ്രദ്ധിക്കേണ്ടതാണ്. ശ്രദ്ധക്കുറവു കൊണ്ടോ മറ്റോ ഉയർന്ന ക്ലാസുകളിലും ചില കുട്ടികൾ ഇത്തരം തെറ്റുകൾ ആവർത്തിക്കാറുണ്ട്. മിക്സഡ് ഗ്രൂപ്പിൽ രചനാ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഇത്തരം തെറ്റുകൾ ആവർത്തിക്കുന്ന കുട്ടികൾക്ക് ഗ്രൂപ്പിലെ ശരിയായ മാതൃകകൾ കാണിച്ചു തിരുത്താൻ അവസരം നൽകാം. പൊതുവായി ആവർത്തിക്കുന്ന തെറ്റുകൾ ബോർഡിൽ എഴുതിക്കാണിച്ച് ശരിയായ രൂപം ബോധ്യപ്പെടുത്താം.

രചനകൾ മെച്ചപ്പെടുത്താനുള്ള പ്രക്രിയ ഇപ്രകാരം ക്രമീകരിക്കാം :

വ്യക്തിഗത രചന → അവതരണം → ഗ്രൂപ്പിൽ അവതരണം → സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പരസ്പരം വിലയിരുത്തൽ → ഗ്രൂപ്പ് ചർച്ച → പൊതു അവതരണം → ഇതര രചനകൾ, ടീച്ചർവേർഷൻ എന്നിവയുമായി താരതമ്യം → ഏതെങ്കിലുമൊരു ഗ്രൂപ്പിന്റെ രചന എല്ലാവരുടെയും പങ്കാളിത്തത്തോടെ എഡിറ്റ് ചെയ്യൽ → ഇതര ഗ്രൂപ്പുകളുടേത് അതാതു ഗ്രൂപ്പുകളിൽ തന്നെ എഡിറ്റിംഗ് → പ്രക്രിയാ പ്രവർത്തനത്തിൽ നിന്നു രൂപപ്പെട്ട ധാരണയുടെ അടിസ്ഥാനത്തിൽ എല്ലാ രചനകളുടെയും മെച്ചപ്പെടുത്തൽ → രചനകൾ ഫോർട്ട് ഫോളിയോവിലേക്ക്.

## ഭാഷാ പഠനസാമഗ്രികൾ

കുട്ടികൾ ഭാഷ പഠിച്ചെടുക്കുകയല്ല, ആർജ്ജിച്ചെടുക്കുകയാണു ചെയ്യുന്നത്. ഭാഷാശേഷികൾ ആർജ്ജിച്ചെടുക്കാൻ ക്ലാസുകളിൽ ധാരാളം പഠന സന്ദർഭങ്ങൾ ഒരുക്കേണ്ടതുണ്ട്. അതിന് അധ്യാപകരായ നാം പ്രാപ്തരായിത്തീരാൻ ധാരാളം പഠനസാമഗ്രികൾ ആവശ്യമായി വരും. ആനുകാലിക പ്രസിദ്ധീകരണങ്ങൾ, സി.ഡികൾ, ചിത്രങ്ങൾ, പുസ്തകങ്ങൾ, ചാർട്ടുകൾ തുടങ്ങിയ സാമഗ്രികൾ നാം തന്നെ കണ്ടെത്തണം. പാഠപുസ്തകവും വർക്കുബുക്കും ഒരു ചൂണ്ടുപലക മാത്രമാണ്. അതിനെ മാത്രം ആശ്രയിച്ച് ക്ലാസുകളിൽ കയറുന്നത് ഉചിതമല്ല. അതേസമയം ചൂണ്ടുപലകയായ പാഠ പുസ്തകത്തെ വളരെ കരുതലോടെ വേണം സമീപിക്കാൻ.

## പാഠപുസ്തകം

ഓരോ വ്യവഹാര രൂപവും ക്ലാസിൽ പരിചയപ്പെടുത്തുമ്പോൾ കുട്ടി എത്തിച്ചേരേണ്ട മിനിമംലെവൽ വരച്ചു കാണിക്കുന്ന ഒരു സാമഗ്രിയായി പാഠ പുസ്തകത്തെ കാണാം. അവിടെ നിന്ന് എത്രവേണമെങ്കിലും മുന്നോട്ടുപോകാം. അതിനുള്ള സാധ്യതകൾ പാഠപുസ്കം തുറന്നു തരുന്നുണ്ട്.

- ഓരോ പാഠഭാഗത്തിനും മിനിമം ലക്ഷ്യമുണ്ട്. അതു നേടാൻ ആവശ്യമായ പ്രവർത്തനങ്ങളുടെ രൂപരേഖയും നൽകിയിരിക്കുന്നു.
- പാഠഭാഗത്തെ പ്രവർത്തനങ്ങൾക്കും നിശ്ചിത ലക്ഷ്യമുണ്ട്. ആ ലക്ഷ്യം മനസ്സിലാക്കി വേണം പഠനപ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താൻ. അതിന് അനുയോജ്യമായ സാമഗ്രികളും തന്ത്രങ്ങളും ഉപയോഗപ്പെടുത്തേണ്ടിവരും.
- പാഠപുസ്തകത്തിലെ ചിത്രങ്ങൾക്കും അതിന്റേതായ ധർമ്മങ്ങളുണ്ട്;പ്രത്യേകിച്ച് പ്രവേശകങ്ങളിൽ കൊടുത്തിട്ടുള്ള പല ചിത്രങ്ങളും. ചിത്രവായന വിവിധ പഠനപ്രവർത്തനങ്ങളിലേക്കനയിക്കാൻ സഹായിക്കും. വായന, എഴുത്ത്, സംഭാഷണ രുപീകരണം, കഥയുണ്ടാക്കൽ തുടങ്ങി ധാരാളം പ്രവർത്തനങ്ങളിലേക്ക് ഇതുവഴി കുട്ടികളെ കൊണ്ടുപോകാം.

## വർക്കുബുക്ക്

പാഠപുസ്തകത്തിലെ പഠന പ്രവർത്തനങ്ങളുടെ ചുവടുപിടിച്ച് തയ്യാറാക്കിയ മറ്റൊരു ഭാഷാപഠന സാമഗ്രിയാണ് വർക്കുബുക്ക്. കുട്ടികൾക്കു സ്വയം വിലയിരുത്തലിനും ഗ്രൂപ്പ് വിലയിരുത്തലിനും അധ്യാപകരുടെ വലിയിരുത്തലിനും. ഇത് സഹായകമാണ്. ചില പ്രവർത്തനങ്ങൾ പഠിച്ച കാര്യങ്ങൾ ഉറപ്പിക്കാൻ ലക്ഷ്യമാക്കിയിട്ടുള്ളതാണ്. വാക്യരചനാ പരിശീലനത്തിനും ധാരാളം അവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ചില ഗദ്യപദ്യ ഭാഗങ്ങൾ ചേർത്തിട്ടുള്ളത് പാഠഭാഗത്തെ ആശയങ്ങൾ ഉറപ്പിക്കാനും കൂടുതൽ വായനയ്ക്കു പ്രചോദനം നൽകാനുമാണ്.

വർക്കുബുക്കിലെ ഓരോ പ്രവർത്തനവും ഏതു ധർമ്മത്തിന്റെ പൂർത്തീകരണത്തിന്നാണെന്നു ടീച്ചർക്കു വ്യക്തമായ ധാരണയുണ്ടായിരിക്കണം. അധ്യാപക സഹായിയിൽ ഇതു സംബന്ധമായ സൂചനകൾ നൽകിയിട്ടുണ്ട്.

## അധ്യാപകസഹായി ഉപയോഗിക്കുമ്പോൾ

ക്ലാസ്റൂം പ്രവർത്തനത്തിനു വേണ്ടി അധ്യാപകർ നടത്തുന്ന ദൈനം ദിനാ സൂത്രണത്തെ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് അധ്യാപകസഹായി തയ്യാറാക്കിയിരിക്കുന്നത്. പാഠപുസ്തകവും വർക്കുബുക്കും പരിശോധിച്ച് ക്ലാസ്സ്റൂം പ്രക്രിയ രൂപപ്പെടുത്തുന്നതിന് ആവശ്യമായ ചില നിർദ്ദേശങ്ങളും മാതൃകകളുമാണ് ഇതിൽ കൊടുത്തിട്ടുള്ളത്. അറിവു നിർമ്മാണ പ്രക്രിയാഘട്ടങ്ങൾ ഓരോപ്രവർത്തനത്തിലും ഉൾച്ചേർന്നു വരേണ്ടതുണ്ട്. സമാന പ്രവർത്തനങ്ങൾ പാഠപുസ്തകത്തിലും വർക്കുബുക്കിലും ആവർത്തിച്ചു വരുന്നുണ്ട്. ആദ്യ പാഠങ്ങളിൽ ആ പ്രവർത്തനങ്ങൾക്കു വിശദീകരണം നൽകിയതിനാൽ തുടർപാഠങ്ങളിൽ സൂചനകൾ മാത്രമേ നൽകിയിട്ടുള്ളൂ. അത്തരം സ്ഥലങ്ങളിൽ മുൻ വിശദീകരണം പരിശോധിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

ശിശു കേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും അറിവു നിർമ്മാണ പ്രക്രിയയ്ക്കു പ്രാധാന്യം കൊടുക്കുന്നതുമായിരിക്കണം ഭാഷാ ക്ലാസുകളിലെ അന്തരീക്ഷം. അതിനു കൃത്യമായ ആസൂത്രണം ആവശ്യമാണ്. സമയക്രമീകരണ കാര്യത്തിലും അധ്യാപകർ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ആഖ്യാനങ്ങളിലും അവതരണ ശൈലികളിലും പ്രാദേശികമായ മാറ്റങ്ങൾ ആവശ്യമെങ്കിൽ അധ്യാപകർക്ക് അതു വരുത്താവുന്നതാണ്.

## പ്രത്യേക ശ്രദ്ധയ്ക്ക്

അധ്യാപകസഹായിയിൽ സൂചിപ്പിച്ച പഠനപ്രവർത്തനങ്ങളെ സ്വന്തംക്ലാസ്മുറിയുടെ സാഹചര്യത്തിന് അനുയോജ്യമായി ആവശ്യമായ പ്രക്രിയകൾ കൂട്ടിച്ചേർത്ത് പരിഷ്കരിച്ച് ഉപയോഗിക്കാൻ അധ്യാപകർക്കു സ്വാതന്ത്ര്യമുണ്ട്. ആ സ്വാതന്ത്ര്യം പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്.

- അധ്യാപകസഹായിയെ പഠന പ്രക്രിയാ രൂപീകരണത്തിനുള്ള അവസാനവാക്കായി ഒരിക്കലും കാണരുത്.
- ക്ലാസിലെ ഭിന്ന നിലവാരത്തിലുള്ള കുട്ടികളെക്കൂടി പരിഗണിച്ചു വേണം പഠനപ്രക്രിയ വികസിപ്പിക്കുന്നത്.
- ഓരോ യൂണിറ്റിലും ഉൾപ്പെടുത്തിയ പാഠഭാഗങ്ങളുടെ ആശയപരവും ഭാഷാപരവുമായ സവിശേഷതകളെക്കുറിച്ചുള്ള കുറിപ്പുകളും ചിത്രങ്ങളുമാണ് പ്രവേശകത്തിൽ നൽകിയിരിക്കുന്നത്. അവ പരിശോധിച്ച് യുക്തമായ വിധത്തിൽ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.
- പ്രവേശകങ്ങളിൽ നിർദ്ദേശിച്ച ചർച്ചകൾ യഥാവിധി സംഘടിപ്പിക്കണം.
- ഓരോ പാഠഭാഗത്തെയും ആശയത്തെക്കുറിച്ചുള്ള വിശദീകരണം അധ്യാപക സഹായിയിൽ പാഠഭാഗത്തിന്റെ ആമുഖമായി നൽകിയിട്ടുണ്ട്. അവ പ്രയോജനപ്പെടുത്തണം.
- പാഠാവതരണം എങ്ങനെ വേണമെന്ന സൂചനകൾ അതാതു ഭാഗത്തു നൽകിയിട്ടുണ്ട്. ഉചിതമായ മറ്റു രീതികളും സന്ദർഭത്തിനും ക്ലാസിലെ അന്തരീക്ഷത്തിനും അനുയോജ്യമായ നിലയിൽ സ്വീകരിക്കാവുന്നതാണ്.

# ഉള്ളടക്കം


യൂണിറ്റ് – 1 അറിവന്നറകൾ തുറക്കാം

പാഠം– 1 അക്ഷരമരം

2 കുട്ടികളെ കണ്ടുപഠിക്കു

3 ജീവലോകം

4 പഴഞ്ചൊല്ലിൽ പതിരില്ല

യൂണിറ്റ് – 2 അമ്മയോർമ്മകൾ

5 അമ്മയോടു പറയാൻ

6 വീട്ടാനാവാത്ത കടം

7 അമ്മക്കാക്ക

യൂണിറ്റ് – 3 മനസ്സുണർത്തും കാഴ്ചകൾ

8 കാടെവിടെ മക്കളേ

9 ആകാശം തൊടാൻ ചെമ്പ്രയിലേക്ക്

10 ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്

11 സ്വാഗതം കുഞ്ഞിക്കാറ്റേ

യൂണിറ്റ് – 4 ലക്ഷ്യങ്ങളിലേക്കു മുന്നേറാം

12 വിജയത്തിന്റെ വിചിത്ര വഴികൾ

13 പറക്കും ഞാൻ

14 എന്റെ വില; നിന്റെയും

യൂണിറ്റ് – 5 കലവറയും നിറവയറും

15 കൊണ്ടാ കൊണ്ടാ കോരിക്കൊണ്ടാ

16 ഭക്ഷണം ആരോഗ്യത്തിന്

17 പാറക്ക്ട്ടടി ഏലേലം

18 പണം നിങ്ങളുടേതാവാം, പക്ഷേ

# യൂണിറ്റ് – 1
# അറിവന്നറകൾ തുറക്കാം

**പാഠഭാഗങ്ങൾ : അക്ഷര മരം**

**കുട്ടികളെ കണ്ടു പഠിക്കൂ**

**ജീവലോകം**

**പഴഞ്ചൊല്ലിൽ പതിരില്ല**

## പ്രവേശകം

അറിവിന്റെ പ്രാധാന്യവും അതു നേടിയെടുക്കേണ്ടതിന്റെ അനിവാര്യതയും ബോധ്യപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് മഴത്തുള്ളികൾ - അഞ്ചാം പുസ്തകം ഒന്നാം യൂണിറ്റ് സംവിധാനിച്ചിരിക്കുന്നത്: അറിവന്നറകൾ തുറക്കാം.

അറിവാണ് മനുഷ്യനെ മനുഷ്യൻ എന്ന പദവിയിലേക്കുയർത്തുന്നത്. അറിവ് ജനനം മുതൽ മനുഷ്യൻ ആർജ്ജിച്ചുകൊണ്ടേയിരിക്കുന്നു. മറ്റുള്ളവരുമായും ചുറ്റുപാടുമായും സമൂഹവുമായും സംവദിക്കുന്നതും ജീവിച്ചുപോകാനുള്ള തന്ത്രങ്ങൾ പഠിക്കുന്നതും ആത്മീയവിജയം നേടിയെടുക്കാനുള്ള വിചാരങ്ങളുമെല്ലാം അറിവെന്ന മഹാസാഗരത്തിൽ പെട്ടതാണ്. ഇതിൽ നിന്നൊരു കാര്യം വ്യക്തമാണല്ലോ; ഔപചാരികമായി വിദ്യാലയത്തിൽ പോയി ഗുരുനാഥന്മാരിൽ നിന്നു നേടിയെടുക്കുന്നതു മാത്രമല്ല അറിവ്. അത് അറിവിന്റെ ഒരു കണം മാത്രമാണ്. മറ്റുള്ളവരിൽ നിന്നും ചുറ്റുപാടിൽ നിന്നും അനുഭവങ്ങളിൽ നിന്നും നിരീക്ഷണങ്ങളിൽ നിന്നും വായനയിൽ നിന്നുമെല്ലാം നേടിയെടുക്കുന്നത് അറിവുതന്നെയാണ്. അറിവെന്താണെന്ന തിരിച്ചറിവിലേക്കു കുട്ടികളെ കൊണ്ടുവരാനാണ് ഈ യൂണിറ്റിലൂടെ ലക്ഷ്യമാക്കുന്നത്.

ഉള്ളൂരിന്റെ നാലുവരി കവിത പ്രസ്തുത ചിന്തയുണർത്താനായി ആമുഖമായി നൽകിയിരിക്കുന്നു. സുപരിചിതമാണാവരികൾ. ആർക്കും ചോർത്തിക്കൊണ്ടുപോകാൻ കഴിയാത്ത, കൊടുക്കുംതോറും വർദ്ധിച്ചുകൊണ്ടിരിക്കുന്ന, മരണശേഷം സ്മരിക്കപ്പെടാനും ആദരിക്കപ്പെടാനും അർഹത നേടിത്തരുന്ന മഹത്തായ സമ്പത്താണ് വിദ്യ-അഥവാ അറിവ്. ഈ യാഥാർത്ഥ്യം കുട്ടികളെ ബോധ്യപ്പെടുത്താൻ അധ്യാപകർക്കു കഴിയണം. അവരിൽ ആത്മവിശ്വാസം വളരാൻ ഈ അറിവ് ഏറെ പ്രയോജനകരമാണ്.

അറിവു പകർന്നുകൊടുക്കുമ്പോൾ കൊടുക്കുന്നയാൾക്ക് ഒന്നും നഷ്ടപ്പെടുന്നില്ലെന്നും സ്വന്തം അറിവ് വർദ്ധിക്കുകയേയുള്ളൂവെന്നുമുള്ള ബോധം സാമൂഹിക ജീവിതത്തിന്റെ അടിത്തറയും അത് ഊട്ടി ഉറപ്പിക്കാനുള്ള പ്രോത്സാഹനവുമാകണം.

അറിവു പകർന്നു കൊടുക്കുന്നതിന്റെ ഗുണം കുട്ടികളെ ഈ വിധം ബോധ്യപ്പെടുത്താം: അറിവ് വെളിച്ചമാണല്ലോ. തെളിഞ്ഞു കത്തുന്ന ഒരു ദീപം; അതിന്നടുത്തേക്ക് എണ്ണയിൽ മുക്കിയ മറ്റൊരു തിരി കൊണ്ടുവരുന്നു. അപ്പോൾ ആ തിരിയിലേക്ക് കത്തിക്കൊണ്ടിരിക്കുന്ന തിരിയിൽനിന്നു തീയുടെ ഒരു ചാട്ടം കാണാം. അതോടെ ആദ്യ തിരിനാളം അണഞ്ഞു പോകുന്നുണ്ടോ? ഇല്ല. അതപ്പോഴും കത്തിക്കൊണ്ടിരിക്കുന്നു. അതേസമയം രണ്ടാമത്തെ തിരി വെളിച്ചം പകർന്നുകൊണ്ട് തെളിഞ്ഞു കത്തുന്നു. അജ്ഞതയാകുന്ന ഇരുട്ടിനെ അറിവാകുന്ന വെളിച്ചത്തിന്റെ വ്യാപനം അകറ്റിക്കളയുന്നുവെന്ന പാഠം ഈ ഉദാഹരണത്തിലൂടെ വ്യക്തമായി കുട്ടികളെ മനസ്സിലാക്കാൻ കഴിയുന്നു! സമാനമായ ഉദാഹരണങ്ങൾ കണ്ടെത്തുകയും ചെയ്യാം.

## യൂണിറ്റ് വിശകലനം

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനതെളിവുകൾ: വ്യവഹാര/ പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| കവിതയിലെ പ്രയോഗം, ചമത്കാര ഭംഗി, ആശയം എന്നിവ കണ്ടെത്തി കുറിപ്പു തയ്യാറാക്കുന്നു | അക്ഷര മരം | • ഭാഷ ഒരു വൃക്ഷത്തിനു സമാനമാണ്. അതിന്റെ കരുവാണ് അക്ഷരങ്ങൾ.<br>• അക്ഷരജ്ഞാനം സത്യമറിയാനും സ്വാതന്ത്ര്യം നേടാനും സഹായിക്കുന്നു. | കാവ്യഭംഗി കണ്ടെത്തൽ | കുറിപ്പ് | **കുറിപ്പ്**<br>• ആശയ<br>• പുർണത, തനതു ശൈലി,<br>• ഉചിതമായ ഭാഷ |
| | | • ഉചിതമായ ശബ്ദാർത്ഥപ്രയോഗങ്ങൾ കവിതയെ മികവുറ്റതാക്കുന്നു. | വർണന | വർണന | **വർണന**<br>• ആശയ പൂർണ്ണത ആലങ്കാരിക ഭാഷ<br>• ഉചിതമായ തലക്കെട്ട് |
| കവിത ഈണവും താളവും കണ്ടെത്തി ചൊല്ലി അവതരിപ്പിക്കുന്നു. | | കവിത ഈണത്തിലും താളത്തിലും ചൊല്ലുമ്പോഴുണ്ടാവുന്ന മനോഹാരിത തിരിച്ചറിയുന്നു. | കവിത ചൊല്ലൽ | കവിതാപാരായണം | **കവിതാപാരായണം**<br>• ഈണവും താളവും പങ്കാളിത്തം<br>• അക്ഷരസ്ഫുടത |
| കഥയുടെ പ്രമേയം, ആഖ്യാനം, ഭാഷ, സന്ദേശം എന്നിവ തിരിച്ചറിയുന്നു. | കുട്ടികളെക ണ്ടു പഠിക്കൂ | പരസ്പരസ്നേഹവും സൗഹൃദവുമാണ് ജീവിതസംതൃപ്തിക്ക് അനിവാര്യമായത്. അത് നില നിൽക്കണമെങ്കിൽ മനസ്സ് നിഷ്ക്കളങ്കമാവണം. | വായന | ശ്രാവ്യ വായന | **ശ്രാവ്യവായന**<br>• ഉച്ചാരണ ശുദ്ധി അക്ഷര സ് ഫുടത<br>• ഭാവമുൾ ക്കൊള്ളൽ<br>• ശബ്ദ ക്രമീകരണം ഒഴുക്ക് |
| സമസ്ത പദങ്ങളുടെ പ്രയോഗം, തിരിച്ചറിവ്. | | സമസ്തപദങ്ങൾ ഭാഷയെ കൂടുതൽ മനോഹരമാക്കുന്നു. ആശയാവതരണം എളുപ്പമുള്ളതാക്കുന്നു. | സമസ്തപദങ്ങൾ വിഗ്രഹിക്കൽ | വിഗ്രാഹാർത്ഥം | |

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാനപ്രവർ ത്തനങ്ങൾ | പഠനത്തെളിവുകൾ: വ്യവഹാര/ പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| ഡയറി എഴുതാനുള്ള പരിശീലനം നേടൽ | | •ഡയറിയെഴുത്ത് ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യവഹാരരൂപമാണ്. അത് ഏറെ പ്രയോജനകരവുമാണ്. | ഡയറിഎഴു ത്ത് | ഡയറിക്കുറിപ്പ് | <u>**ഡയറിക്കു റിപ്പ്**</u><br>•സ്വാഭാവികത അവതരണ രീതി ആശയ വ്യ ക്തത<br><u>**കുറിപ്പ്**</u><br>•ആശയ പൂർ ണ്ണത സമഗ്രത |
| കവിത ആസ്വാദനം, ആശയംഗ്രഹിക്കൽ, കവിത നൽകുന്ന സന്ദേശം തിരിച്ചറിയൽ, കുറിപ്പ് തയ്യാറാക്കൽ ലേഖനങ്ങളും ഉപന്യാസ ങ്ങളും വായിച്ച് ആശയം ഗ്രഹിക്കൽ, ആസ്വാദനാംശങ്ങൾ കണ്ടെത്തി ഔചിത്യ പൂർവ്വം പ്രയോജനപ്പെടുത്തൽ | ജീവലോകം | ഭൂമിയിൽ ഒന്നും അധികപ്പറ്റല്ല. പുഴുക്കൾക്കും പൂമ്പാറ്റകൾക്കും വരെ അവയുടേതായ ധർമ്മങ്ങളുണ്ട്. അവ യഥാവിധി നടക്കുമ്പോൾ മാത്രമേ ജീവിതചക്രം പൂർണമാകൂ. മനുഷ്യരും പ്രകൃതികുടുംബത്തിലെ ഒരംഗം മാത്രമാണ്. | കവിതാപാരായണം ആശയം കണ്ടെത്തൽ<br>കുറിപ്പ് തയ്യാറാക്കൽ | കവിതാപാരായണം<br>ആശയ വിശകലനക്കുറിപ്പ് | |
| പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, ഗുണപാഠ കഥകൾ തുടങ്ങിയവ ശേഖരിക്കാനും ആശയം ഗ്രഹിക്കാനും അവയിലെ സൗന്ദര്യാംശം കണ്ടെത്താനുമുള്ള പരിശീലനം.<br>വിവരങ്ങൾ ശേഖരിച്ച് പതിപ്പുതയ്യാറാക്കൽ. | പഴഞ്ചൊല്ലിൽ പതിരില്ല | നാട്ടറിവുകൾ ഗതകാലസമൂഹത്തിന്റെ സംസ്കാരവും ജീവിതരീതിയും ആസ്വാദനശേഷിയും വ്യക്തമാക്കുന്ന ഈടുവെപ്പുകളാണ് അവ അനേകകാലത്തെ അവരുടെ അനുഭവ പരിചയങ്ങളുടെ സാക്ഷ്യപ്പെടുത്തലാണ്<br>പഴഞ്ചൊല്ലുകളും കടങ്കഥകളും മറ്റും കാവ്യങ്ങൾ പോലെ മനോഹരവും ആശയ സമ്പുഷ്ടവുമാണ് എന്ന തിരിച്ചറിവ്.<br>നാട്ടറിവുകൾ എന്ന വിഭാഗം അതിവിപുലമാണ്. മിക്ക ജ്ഞാനങ്ങളും അതിൽ സംഗൃഹീതമായിരിക്കുന്നു. | ലേഖനങ്ങൾ, കുറിപ്പുകൾ മുതലായവയുടെ വായനയും വിശകലനവും<br>കടങ്കഥാപയറ്റ്. പഴഞ്ചൊല്ലുകളുടെ ആശയവിശകലനം ഗുണപാഠ കഥപറയൽ<br>കടങ്കഥകൾ, പഴഞ്ചൊല്ലുകൾ ഗുണപാഠകഥകൾ ശേഖരിക്കൽ,<br>വിഭാഗങ്ങളായി വേർതിരിക്കൽ എഴുതിത്തയ്യാറാക്കൽ, പതിപ്പ് പ്രകാശനം | വായിച്ചവതരിപ്പിക്കൽ<br>കടങ്കഥാപയറ്റ്<br>പഴഞ്ചൊൽ വിശദീകരണക്കുറിപ്പുകൾ<br>കഥപറയൽ<br>നാട്ടറിവ് | <u>**വായിച്ചവതരിപ്പിക്കുമ്പോൾ**</u><br>ആശയ വ്യ ക്തത / ഒഴു ക്ക്<br>അക്ഷര സ് ഫുടത<br>**ആശയം വിശകലനം**<br>ഉത്തരം പെ ട്ടെന്നു പറയാനുള്ള ശേഷി, കഥകളിലെ പാഠങ്ങൾവ്യ ക്തത മാക്കും വിധമുള്ള അവതരണം.<br>**നാട്ടറിവു പതിപ്പ്**<br>പരമാവധി വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.വകുപ്പുകളായി തിരിച്ചിട്ടുണ്ട്. ആവശ്യമായ വിശദീകരണം കൊടുത്തിട്ടുണ്ട. ചിട്ടയൊത്ത അവതരണം ആമുഖം, കവർ. |

## പാഠം – 1
## അക്ഷര മരം

അക്ഷരം ഔപചാരിക വിദ്യാഭ്യാസത്തിന്റെ അനിവാര്യഘടകമാണ്. അക്ഷര ജ്ഞാനത്തിലൂടെയേ അറിവിന്റെ ഉന്നത മേഖലകളിലേക്കു കടന്നു ചെല്ലാനാവുകയുള്ളു. അറിയാൻ മാത്രമല്ല, പറയാനും ആശയങ്ങൾ വേണ്ടുംവിധം പ്രകടിപ്പിക്കാനും കൈമാറാനുമൊക്കെ ജ്ഞാനം അനിവാര്യമാണ്. അതുകൊണ്ടാണ് സാക്ഷരത പരിഷ്കൃത സമൂഹത്തിന്റെ മുഖമുദ്രയായി വിലയിരുത്തപ്പെടുന്നത്.

അക്ഷരത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്ന കവിതയാണ് കടമ്മനിട്ടയുടെ 'അക്ഷരമരം.' അറിവാകുന്ന കനിയുടെ വിത്ത് എന്നാണ് കവി അക്ഷരത്തെ വിശേഷിപ്പിക്കുന്നത്. അക്ഷരം കൂട്ടക്ഷരങ്ങളായി വിരിഞ്ഞ്, അനേകം നാമ്പുകളും ശാഖകളുമായി വളർന്ന് വിജ്ഞാനവിസ്ഫോടനം സൃഷ്ടിക്കുന്നുവെന്ന യാഥാർത്ഥ്യം കവി ലളിതമായി അവതരിപ്പിക്കുന്നു. സാമൂഹികജീവിതത്തിൽ സ്നേഹസുഗന്ധം പരത്തുന്നതും സ്വാതന്ത്ര്യത്തിന്റെ സന്തോഷം അനുഭവവേദ്യമാക്കുന്നതും അക്ഷരജ്ഞാനമാണെന്നും രക്ഷാകവചമായ അക്ഷരജ്ഞാനം നേടാൻ കുട്ടികൾ തയ്യാറാവണമെന്നും കവി പറയുന്നു.

അക്ഷരജ്ഞാനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താൻ ഈ പാഠഭാഗത്തിലൂടെ കഴിയണം. അതോടൊപ്പം കവിത എന്ന വ്യവഹാരരൂപത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ് ആസ്വദിക്കുന്നതിനും കവിതയിലെ സൂചനകൾ കണ്ടെത്തുന്നതിനും അക്ഷരങ്ങളുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും സഹായകമാവണം.

### പഠന നേട്ടങ്ങൾ

- അക്ഷരജ്ഞാനത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.
- കവിത ഈണം കണ്ടെത്തി അവതരിപ്പിക്കുന്നു.
- കവിതകൾ കേട്ടും വായിച്ചും ആശയം ഗ്രഹിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നു.
- കവിതയിലെ സൂചനകൾ കണ്ടെത്തി വിശദീകരിക്കുന്നു.
- മലയാളം അക്ഷരമാല തെറ്റുകൂടാതെ പറയാനും എഴുതാനും പരിശീലിക്കുന്നു.
- പദങ്ങൾ പിരിച്ചെഴുതുന്നതിൽ പരിശീലനം നേടുന്നു.

### പാഠാവതരണം

മലയാളത്തിലെ അക്ഷരങ്ങളെല്ലാം ഇലകളിൽ രേഖപ്പെടുത്തിയ ഒരു മരത്തിന്റെ ചിത്രം കാണിക്കാം. കുട്ടികൾ ആ ചിത്രം നോക്കി ആസ്വദിക്കട്ടെ, അക്ഷരങ്ങൾ വായിക്കട്ടെ.

ഇതെന്താണെന്നു ചോദിക്കാം. ചോദിക്കാതെ തന്നെ 'അക്ഷരമരം' എന്നു കുട്ടികൾ പറയാനിടയുണ്ട്.

'നമുക്ക് അക്ഷരത്തെക്കുറിച്ച് ഒരു കവിത പഠിക്കാം' എന്ന ആമുഖത്തോടെ ടീച്ചർ കവിത അവതരിപ്പിക്കുന്നു.

### ഈണം കണ്ടെത്താം

കുട്ടികൾ വ്യക്തിഗതമായി കവിതയ്ക്ക് ഈണം കണ്ടെത്തട്ടെ. തുടർന്ന് അഞ്ചുപേർ വീതമുള്ള ഗ്രൂപ്പിൽ അവതരിപ്പിക്കട്ടെ. അതിൽ മെച്ചപ്പെട്ടത് ക്ലാസിൽ അവതരിപ്പിക്കണം.

- **കുട്ടികൾ കണ്ടെത്തിയ ഈണങ്ങൾ ടീച്ചർ വിലയിരുത്തണം.**
- ഏതു ഗ്രൂപ്പിന്റേതാണ് അനുയോജ്യമായ ഈണത്തിലുള്ളത്?
- ശരിയായ താളം കണ്ടെത്തിയതാര്?
- ആശയവ്യക്തതയോടെ അവതരിപ്പിച്ചതാര്?
- അക്ഷരസ്ഫുടത, തെറ്റില്ലാത്ത ഉച്ചാരണം, അവതരണം എന്നിവയും പരിഗണിക്കണം.

തുടർന്ന് ടീച്ചർ ഉചിതമായ ഈണത്തിലും താളത്തിലും ഭാവാത്മകമായി കവിത അവതരിപ്പിക്കുന്നു. കുട്ടികൾ ഏറ്റു ചൊല്ലുന്നു.

## ആശയം ഗ്രഹിക്കാം

കവിതയുടെ ആശയം മനസ്സിലാക്കാനുള്ള ശ്രമമാണ് തുടർന്നു നടക്കേണ്ടത്. അതിന്നായി ആദ്യം അർത്ഥമറിയാത്ത പദങ്ങൾ കണ്ടെത്തണം. കുട്ടികൾ കവിത വീണ്ടും വായിച്ച് അപരിചിതപദങ്ങൾ എടുത്തെഴുതട്ടെ. തുടർന്ന് ഗ്രൂപ്പിൽ ചർച്ച ചെയ്ത് സന്ദർഭത്തിനൊത്ത അർത്ഥം ഊഹിച്ചെഴുതട്ടെ. കണ്ടെത്തിയ അർത്ഥം ശരിയാണോ എന്ന് നിഘണ്ടു നോക്കി ഉറപ്പുവരുത്താൻ ആവശ്യപ്പെടാം.

തുടർന്ന് വരികൾ വായിച്ച് ആശയം വിശദമായി ചർച്ച ചെയ്യുന്നു.

അക്ഷരമരം – അറിവാകുന്ന കനിയുടെ വിത്താണത്.

അറിവെന്ന കനി – അതിന്റെ വിത്ത് എന്നിവ വിശദമാക്കിക്കൊടുക്കണം. വൃക്ഷം വളരാൻ സൂര്യപ്രകാശവും കാറ്റുമൊക്കെ വേണം. ആ വളർച്ചയിൽ പക്ഷികളുടെ കൂട്ടുണ്ട്. ആറുകളുടെ സഹായമുണ്ട്.... ഇങ്ങനെ മരം വളരുന്നതുപോലെ ചുറ്റുപാടുകളിൽ നിന്ന് ഊർജ്ജം നേടി അക്ഷരമരം വളരണം.

അക്ഷരത്തിൽ നിന്നു കൂട്ടക്ഷരത്തിലേക്ക്...അപ്പോഴാണു വായന സാധ്യമാകുന്നത്. വൃക്ഷം ശാഖകൾ വിരിച്ച് വളർന്നു നിൽക്കുന്നതുപോലെ, അതിൽ പൂക്കളും കായ്കളുമുണ്ടാകുന്നതുപോലെ അക്ഷരമരവും ഫലം നൽകിത്തുടങ്ങുന്ന അവസ്ഥകളിലേക്കു കുട്ടികളുടെ ശ്രദ്ധ കൊണ്ടുവരാം. വായനയിലൂടെ നാം നമ്മുടെ ചുറ്റുപാടും ലോകവുമറിയുന്നു. സത്യവും ധർമ്മവും മനസ്സിലാക്കുന്നു. സൗഹൃദത്തിന്റെ മധുരം നുണയുന്നു, സ്നേഹത്തിന്റെ സുഗന്ധം അനുഭവിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ വില മനസ്സിലാക്കുന്നു. അക്ഷരവിരുത്, നേരിൻ നിറം, കൂറിൻ പൂമ്പൊടി....തുടങ്ങിയ പ്രയോഗങ്ങൾ പ്രത്യേകം വിശദീകരിക്കണം. അക്ഷരം രക്ഷാകവചമാണെന്നും അതു പഠിച്ച് മുന്നേറണമെന്നുമുള്ള ബോധത്തിലേക്കു കുട്ടികളെ നയിക്കണം.

## ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താം (TB)

ആശയം വ്യക്തമായിക്കഴിഞ്ഞാൽ ടെക്സ്റ്റ്ബുക്കിൽ കൊടുത്ത ചോദ്യങ്ങൾക്കു കുട്ടികൾ ഉത്തരം കണ്ടെത്തട്ടെ. വ്യക്തിഗതമായി കണ്ടെത്തിയ ഉത്തരങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്തു മെച്ചപ്പെടുത്തി എഴുതണം. ആവശ്യമായ ഇടപെടലുകളും കൂട്ടിച്ചേർക്കലുകളും ടീച്ചറുടെ ഭാഗത്തു നിന്നുണ്ടാവണം.

## വരികൾ കണ്ടെത്താം (WB)

ചോദ്യങ്ങൾ വായിച്ച് സൂചനകളിലൂടെ കുട്ടികൾ കവിതാവരികൾ കണ്ടെത്തട്ടെ. കണ്ടെത്തിയവ ക്ലാസിൽ അവതരിപ്പിച്ചു വ്യക്തത വരുത്തണം. കവിതയുടെ ആശയം കുട്ടികൾ ഉൾക്കൊണ്ടിട്ടുണ്ടോ എന്ന പരിശോധനയാണ് ഈ പ്രവർത്തനത്തിലൂടെ നടക്കുന്നത്.

## പദങ്ങൾ വേർതിരിച്ചെഴുതാം (WB)

സമാസിച്ച പദങ്ങൾ വിഗ്രഹിച്ചെഴുതാനുള്ള പ്രവർത്തനമാണിത്. സമാസം, വിഗ്രഹം എന്നൊന്നും ഇപ്പോൾ പറയേണ്ടതില്ല. സമാസിച്ച പദങ്ങളുടെ ആശയം കണ്ടെത്തി പറയേണ്ട വിധത്തിൽ പറഞ്ഞുനോക്കട്ടെ. ടീച്ചറുടെ ഇടപെടലിലൂടെ ശരിയായ വിധത്തിൽ വേർതിരിച്ചെഴുതുന്നതിനു പരിശീലനം ലഭിക്കണം.

## കവിതയിലെ പദങ്ങൾ കണ്ടെത്തുക (WB)

അപരിചിതമായ പദങ്ങളുടെ അർത്ഥം കുട്ടികൾ മുമ്പു കണ്ടെത്തിയിട്ടുണ്ട്. അത് ഒന്നുകൂടി മനസ്സിൽ ഉറപ്പിക്കാനുള്ള പ്രവർത്തനമാണിത്. ഹോം വർക്കായി നൽകാം. ടീച്ചർ വിലയിരുത്തണം.

## ആശയം സ്വന്തം വാക്യത്തിലെഴുതുക (WB)

കവിതയിലെ വരികളുടെ ആശയം മനസ്സിലാക്കിയിട്ടുണ്ടല്ലോ. അത് വ്യക്തിഗതമായി ഓരോ കുട്ടിയും എഴുതട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തിയ ശേഷം ഗ്രൂപ്പിൽ നിന്നൊരാൾ വീതം അത് ക്ലാസിൽ അവതരിപ്പിക്കട്ടെ.

## ലഘുകുറിപ്പ് (WB)

അക്ഷരജ്ഞാനത്തിന്റെ ഗുണങ്ങളായി കവിതയിൽനിന്നു മനസ്സിലാക്കിയ കാര്യങ്ങൾ എഴുതണം. ഗ്രൂപ്പിൽ ചർച്ച ചെയ്ത് എഴുതിയ ശേഷം ക്ലാസിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്താൻ അവസരം നൽകാം.

## പിരിച്ചെഴുതുക (WB)

സന്ധിബോധമുണ്ടാക്കാനുള്ള പ്രവർത്തനമാണിത്. മുൻക്ലാസുകളിൽ ഇതു സംബന്ധമായ പരിശീലനം ലഭിച്ചിട്ടുണ്ട്. അതടിസ്ഥാനത്തിൽ ഈ പ്രവർത്തനം കുട്ടികൾക്ക് ഹോംവർക്കായി നൽകാം. ടീച്ചർ വിലയിരുത്തണം. വിലയി രുത്തുമ്പോൾ ഓരോ പദവും ബോർഡിൽ പിരിച്ചെഴുതിക്കാണിച്ച് അവ കൂടിച്ചേരുമ്പോൾ സംഭവിക്കുന്ന വർണ്ണമാറ്റങ്ങൾ ശ്രദ്ധയിൽപെടുത്തണം. സന്ധികളുടെ പേര് പറയേണ്ടതില്ല.

## കവിത ചൊല്ലാം (WB)

അക്ഷരത്തെക്കുറിച്ചുള്ള ഏതാനും വരികളാണു കൊടുത്തിരിക്കുന്നത്. ലളിതമാണ്. കുട്ടികൾ സ്വയം വായിച്ച് ആശയം ഗ്രഹിക്കട്ടെ. തുടർന്നു ക്ലാസിൽ ചർച്ച ചെയ്യാം.

അക്ഷരം അറിവിൻ കനിയുടെ കരു ആണെന്നാണ് കടമ്മനിട്ട സൂചിപ്പിച്ചത്.

എന്നാലിവിടെ അറിവിന്നറയുടെ താക്കോലാണ് എന്നു സൂചിപ്പിച്ചിരിക്കുന്നു.

രണ്ടു പ്രയോഗങ്ങളും താരതമ്യം ചെയ്യാം, ഔചിത്യം വ്യക്തമാക്കിക്കൊടുക്കണം.

ഇരുട്ടിനെ നീക്കുന്ന സൂര്യപ്രകാശം പോലെ മനസ്സിലെ ഇരുട്ടിനെ നീക്കുന്നു അക്ഷരദീപം.

അക്ഷരമറിയാത്തവർ കിണറ്റിലെത്തവളകളെപ്പോലെയാണ്. കിണറ്റിലെ തവളകളുടെ ലോകം കിണറിനടിയിലെ ഇത്തിരിവട്ടവും മുകളിൽ കാണുന്ന വട്ടത്തിലുള്ള ആകാശക്കീറുമാണ്. അക്ഷരമറിയാത്തവർക്ക് ഇതുപോലെ പരിമിതമായ അറിവേ ഉണ്ടാവൂ. വായിച്ചു മനസ്സിലാക്കാൻ അവർക്കു കഴിയില്ലല്ലോ. സൂചനകൾ വ്യക്തമാക്കിക്കൊടുക്കണം.

## അക്ഷരമരം (TB)

പാഠഭാഗത്തു ചേർത്ത അക്ഷരമരത്തിലേക്കു കുട്ടികളുടെ ശ്രദ്ധ ക്ഷണിക്കുക. ആദ്യം ക്ലാസിൽ കാണിച്ച അക്ഷരമരത്തിന്റെ ചിത്രം ഒന്നു കൂടി പ്രദർശിപ്പിക്കുക. അവ നിരീക്ഷിച്ച് കുട്ടികൾ സ്വന്തം ശേഷിക്കും ഭാവനക്കുമനുസരിച്ച് അക്ഷരമരം വരയ്ക്കട്ടെ. ഹോംവർക്കായി നൽകിയാൽ മതി. ടീച്ചർ യഥാസമയം വിലയിരുത്തണം. മെച്ചപ്പെട്ടത് ചൂണ്ടിക്കാണിക്കണം. നന്നായില്ല എന്നു പറഞ്ഞ് ആരെയും ഇകഴ്ത്തരുത്. കുറ്റപ്പെടുത്തരുത്. എത്ര മോശം ചിത്രമായാലും അഭിനന്ദിക്കാൻ മടിക്കരുത്. പരിഗണന പ്രധാനമാണ്. ഓരോ കുട്ടിക്കും അവർ വരച്ചതും എഴുതിയതും വിലപ്പെട്ടതു തന്നെയാണല്ലോ.

## അനുഭവങ്ങളെഴുതാം (TB)

അക്ഷരജ്ഞാന സംബന്ധമായ അനുഭവം എല്ലാവർക്കുമുണ്ടാവും. അത് ആലോചിച്ചു കണ്ടെത്തട്ടെ. അവരവരുടെ ശേഷിക്കനുസരിച്ച് എഴുതട്ടെ. ഹോംവർക്കായി നൽകാം.

ടീച്ചർ സ്വന്തം അനുഭവം വിവരിച്ചുകൊടുക്കുന്നു. മഹാന്മാരായ പലരും ആദ്യമായി അക്ഷരം പഠിച്ച അനുഭവം വിവരിച്ച കൃതികളുണ്ട്. (ഉദാ: വി.ടി. ഭട്ടതിരിപ്പാടിന്റെ കണ്ണീരും കിനാവും.) അവയിലെ ശ്രദ്ധേയമായ ഭാഗങ്ങൾ കണ്ടെത്തി വായിച്ചു കേൾപ്പിക്കുകയുമാവാം.

## പാഠം – 2
## കുട്ടികളെ കണ്ടു പഠിക്കൂ

**അ**ക്ഷരജ്ഞാനത്തിന്നപ്പുറമുള്ള അനുഭവ ജ്ഞാനത്തിലേക്കു കുട്ടികളുടെ മനസ്സിനെ കൂട്ടിക്കൊണ്ടുപോകുന്ന ഒരു കഥയാണ് ലോകസാഹിത്യരംഗത്ത് ഇന്നും പ്രമുഖസ്ഥാനം നൽകിപ്പോരുന്ന ലിയോ ടോൾസ്റ്റോയിയുടെ 'കുട്ടികളെ കണ്ടു പഠിക്കൂ' എന്ന കഥ. കളങ്കമില്ലാത്ത സ്നേഹത്തിന്റെ നിറകുടങ്ങളാണു കുഞ്ഞുങ്ങൾ. നിർമ്മലമാണവരുടെ മാനസം. അവരുടെ മനസ്സിൽ കുശുമ്പും കുന്നായ്മയുമുണ്ടാവില്ല. വഞ്ചനയും കാപട്യവും അവർക്കറിയല്ല. ശത്രുതയും പകയും വിദ്വേഷവും അവർ പഠിച്ചിട്ടുണ്ടാവില്ല. സ്വാർത്ഥ ചിന്തകൾ അവരുടെ മനസ്സിനെ പാർശ്വവൽക്കരിച്ചിട്ടുണ്ടാവില്ല. അതുകൊണ്ടുതന്നെ അവർക്ക് ഉള്ളുതുറന്നു സൗഹൃദഭാവങ്ങൾ പ്രകടിപ്പിക്കാൻ കഴിയും. തെറ്റുകൾ തിരുത്താൻ കഴിയും. പിണക്കങ്ങൾ മറക്കാൻ കഴിയും. നമ്മുടെ ജീവിതത്തിൽ തന്നെ ഇതിനു ധാരാളം ഉദാഹരണങ്ങൾ കണ്ടെത്താൻ കഴിയുമല്ലോ.

മനസ്സിന്റെ ഈ നിഷ്ക്കളങ്കതയെക്കുറിച്ച് കുട്ടികളെ ബോധവത്കരിക്കാൻ ഈ കഥ സഹായകമാണ്. രണ്ടു കുട്ടികൾക്കു കളികൾക്കിടയിൽ ചെറിയ തെറ്റുകൾ സംഭവിക്കുന്നു. ഒരു കുട്ടി തന്റെ തെറ്റിന്റെ കാരണക്കാരി കൂട്ടുകാരിയാണെന്നു സൂചിപ്പിക്കുന്നു. കൂടുതൽ ആലോചിക്കാതെ അവളുടെ അമ്മ മറ്റേ കുട്ടിയെ ശിക്ഷിക്കുന്നു. തുടർന്ന് അതിന്റെ പേരിൽ മാതാപിതാക്കൾ കലഹിക്കുന്നു. അതുവരെയുണ്ടായിരുന്ന സൗഹൃദവും സ്നേഹവും മറ്റു ബന്ധങ്ങളും മറന്ന് തെറി വിളിക്കുന്നു. അയൽവാസികളും വഴിയാത്രക്കാരും പക്ഷം ചേർന്നും കാഴ്ചക്കാരായും സംഘർഷം പ്രോത്സാഹിപ്പിക്കുന്നവിധം പെരുമാറുന്നു. ഇതിനിടെ സമാധാനിപ്പിക്കാൻ വന്ന പക്വതയും പാകതയും വന്ന മുത്തശ്ശിയുടെ – മുതിർന്നവരുടെ – വാക്കുകൾക്കാരും ഒരു വിലയും കല്പിക്കുന്നില്ല. ഈ വിധം വലിയവർ തമ്മിലുള്ള സംഘർഷം മൂർച്ഛിക്കവെ അതിനെല്ലാം കാരണക്കാരായ കുട്ടികൾ കഴിഞ്ഞതെല്ലാം മറന്ന് പഴയപോലെ ചങ്ങാതിമാരായി ഒന്നിച്ചു കളിക്കുന്നു. സ്നേഹത്തെയും സൗഹൃദത്തെയും കുറിച്ച ചില തിരിച്ചറിവുകൾ കുട്ടികൾക്കും വലിയവർക്കും സമ്മാനിക്കുന്നുണ്ട് ഈ കഥ.

### കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ / ധാരണകൾ

സ്നേഹസൗഹൃദങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്

കഥകൾ വായിച്ച് ആശയം ഗ്രഹിക്കുന്നതിനും പാഠം ഉൾക്കൊള്ളുന്നതിനും

കഥയിൽ നിന്നുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിന്

സന്ദർഭങ്ങൾക്കൊത്ത് ഡയറി എഴുതുന്നതിന്.

പ്രത്യേക പദങ്ങളും ശൈലികളും പ്രയോഗിച്ച് വാക്യം രചിക്കുന്നതിന്.

സംഭാഷണം സങ്കല്പിച്ചെഴുതുന്നതിന്.

കഥകളിലെ പ്രത്യേക പ്രയോഗങ്ങളുടെ പൊരുൾ കണ്ടെത്തുന്നതിന്

സമസ്തപദങ്ങൾ വേർതിരിച്ചെഴുതുന്നതിനും വേർതിരിച്ചെഴുതിയവ സമാസിച്ച് എഴുതുന്നതിനും.

### പാഠാവതരണം :

ടീച്ചർ കുട്ടികളുമായി സൗഹൃദസംഭാഷണം നടത്തുന്നു :

നിങ്ങളെല്ലാം ചങ്ങാതിമാരാണോ?

വല്ല കാര്യത്തിനും പിണങ്ങാറുണ്ടോ?

പിണങ്ങിയാൽ എപ്പോഴാണ് ഇണങ്ങാറുള്ളത്?

എന്നും പിണങ്ങിത്തന്നെ കഴിയുന്നവരുണ്ടോ?

പിണങ്ങിക്കഴിയുമ്പോൾ എന്തെല്ലാം പ്രയാസങ്ങളാണുണ്ടാവാറ്?

കുട്ടികളുടെ പിണക്കാനുഭവങ്ങൾ വിവരിക്കാനാവശ്യപ്പെടാം. അവർ സ്വന്തം അനുഭവം വിവരിക്കട്ടെ. തുടർന്ന് 'ഇന്നു നമുക്കൊരു പിണക്കക്കഥ വായിക്കാം' എന്ന ആമുഖത്തോടെ ടീച്ചർ കഥ വായിക്കാൻ നിർദ്ദേശിക്കുന്നു.

കുട്ടികൾ വ്യക്തിഗതമായി കഥ വായിക്കുന്നു.

കഥ മുഴുവൻ ഒന്നിച്ചു വായിച്ചുതീർക്കുകയെന്നത് കുട്ടികൾക്കു പ്രയാസമായേക്കാം. അതിനു പരിഹാരമായി കഥ നാലോ അഞ്ചോ ഭാഗങ്ങളായി തിരിച്ച് ഓരോ ഗ്രൂപ്പിനും ഓരോ ഭാഗം നൽകാം. ഗ്രൂപ്പുകളിൽ വായന നടന്നശേഷം നിശ്ചിതഭാഗത്തെ കഥ സംഗ്രഹിച്ചു പറയാൻ ക്രമാനുസൃതം ഓരോ ഗ്രൂപ്പിനും അവസരം നൽകാം.

## ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താം

ആശയ ഗ്രഹണത്തോടെ കഥ വായിക്കാൻ അവസരം നൽകുന്ന പ്രവർത്തനമാണിത്. ഓരോ ചോദ്യവും നോട്ടുബുക്കിൽ എഴുതി പാഠഭാഗത്തുനിന്ന് കുട്ടികൾ ഉത്തരം കണ്ടെത്തട്ടെ. കണ്ടെത്തിയ ഉത്തരങ്ങൾ അഞ്ചുപേർ വീതമുള്ള ഗ്രൂപ്പുകളിൽ വിലയിരുത്താം.

- കണ്ടെത്തിയ ഉത്തരം ശരിയാണോ?
- പാഠഭാഗത്തെ വാക്യങ്ങൾ അതേരീതിയിൽ പകർത്തി എഴുതുകയാണോ ചെയ്തത്?
- സ്വന്തം വാക്യത്തിൽ ഉത്തരം എഴുതിയവർ ആരെല്ലാം?
- ഉത്തരമായി വരുന്ന ആശയം പൂർണ്ണമായി എഴുതിയിട്ടുണ്ടോ?

ടീച്ചർ ഈ വിലയിരുത്തൽ സൂചകങ്ങൾ BB യിൽ കുറിക്കുന്നു. ഓരോ ഗ്രൂപ്പും ഈ അടിസ്ഥാനത്തിൽ ഉത്തരങ്ങൾ വിലയിരുത്തി അവതരിപ്പിക്കട്ടെ.

പാഠഭാഗത്തെ ആശയങ്ങൾ സ്വന്തം വാക്യത്തിൽ അവതരിപ്പിക്കുന്നതാണ് ഏറ്റവും മെച്ചപ്പെട്ടതായി പരിഗണിക്കേണ്ടത്. അതിന്നു പ്രോത്സാഹനം നൽകണം.

## പുതിയ പദങ്ങൾ കണ്ടെത്താം (TB)

പാഠഭാഗം വീണ്ടും വായിച്ച് കുട്ടികൾ അർത്ഥമറിയാത്ത പദങ്ങൾ എഴുതിയെടുക്കട്ടെ. ആ പദങ്ങൾ വരുന്ന വാക്യങ്ങൾ ഗ്രൂപ്പിൽ വായിച്ച് സാന്ദർഭികാർത്ഥം മനസ്സിലാക്കട്ടെ. തുടർന്ന് നിഘണ്ടുനോക്കി, കണ്ടെത്തിയ അർത്ഥം ശരിയാണെന്ന് ഉറപ്പുവരുത്തണം.

## വാക്യം രചിക്കാം (WB)

വർക്കുബുക്കിലെ 'അടിവരയിട്ട പദം ഉൾപ്പെടുത്തി മറ്റൊരുവാക്യം രചിക്കുക' എന്ന പ്രവർത്തനം ഇതോടനുബന്ധിച്ചു നടത്താവുന്നതാണ്. അപരിചിതപദങ്ങൾ മാത്രമല്ല ശൈലികളും ഇവിടെ വാക്യത്തിൽ പ്രയോഗിക്കാൻ നൽകിയിട്ടുണ്ട്. ശൈലികളിലെ വാക്കുകൾക്കപ്പുറം ഉൾക്കൊള്ളുന്ന അർത്ഥതലങ്ങൾ കുട്ടികൾക്കു വ്യക്തമാക്കിക്കൊടുക്കണം. ഉദാ: രണ്ടുകൊടുക്കുക, കലികയറി, കൈയാംകളി.

## പൊരുൾ കണ്ടെത്താം (TB)

കഥയിലെ പശ്ചാത്തല വർണ്ണനയും ചില കഥാ സന്ദർഭങ്ങളും കഥാപ്രമേയവുമായി ബന്ധപ്പെട്ട പല ആശയങ്ങളും ഉൾക്കൊള്ളുന്നതായിരിക്കും. അവ കണ്ടെത്താൻ സൂചനകൾ നൽകാം :

- മഞ്ഞുവീഴുന്ന പ്രഭാതം - തെളിവില്ലാത്ത ആ അന്തരീക്ഷം തെളിവില്ലാത്ത മനസ്സിന്റെ പ്രതീകമായി സങ്കല്പിക്കാം. കഥ തുടങ്ങുന്നത് ഇത്തരമൊരു അന്തരീക്ഷത്തിലാണ്. കുട്ടികളുടെ പിണക്കം തീർന്ന് വീണ്ടും സൗഹൃദത്തിലായതോടെ അന്തരീക്ഷം തെളിയുന്നു. ആ തെളിഞ്ഞ അന്തരീക്ഷം ഇരുവിഭാഗത്തിന്റെയും മനസ്സിലെ പക തീർന്നതിന്റെ പ്രതീകമായിരിക്കാം. 'സംഘർഷത്തിന്റെ മഞ്ഞുരുക്കം' എന്നൊക്കെയുള്ള പ്രയോഗങ്ങളുണ്ടല്ലോ.

- റോഡിൽ കെട്ടിക്കിടക്കുന്ന ചളിവെള്ളമാണ് പ്രശ്നത്തിന്റെ തുടക്കം. ജനമനസ്സുകളിൽ കെട്ടിക്കിടക്കുന്ന അഹങ്കാരത്തിന്റെയും ദുരഭിമാനത്തിന്റെയും പകയുടെയുമൊക്കെ പ്രതീകമായി ഈ ചളിവെള്ളത്തെ കാണാം. കഥാവസാനത്തിൽ കുട്ടികൾ ആ ചളിവെള്ളം റോഡിൽ നിന്നൊഴുക്കിക്കളയുന്നു. പ്രശ്നം തീരുന്നതിന്റെ സൂചനയായി ഈ പ്രവൃത്തിയെ വിലയിരുത്തണം. കുട്ടികളുടെ സൗഹൃദമാണല്ലോ ആ കുഴപ്പങ്ങൾക്കെല്ലാം വിരാമമിടുന്നതും.

## സംഭാഷണമെഴുതാം (WB)

മുതിർന്നവർ വഴക്കു തുടുരുമ്പോൾ അകൂലിയ വീടിനു പിന്നിൽ ചെന്നു വസ്ത്രത്തിലെ ചളി കഴുകിക്കളഞ്ഞശേഷം മലാഷയെത്തേടി വരുന്ന രംഗം അഭിനയിച്ചു കാണിക്കാൻ ഒരു കുട്ടിയോട് നിർദ്ദേശിക്കുന്നു. അവൾ അപ്രകാരം വന്നു മലാഷയെ വിളിക്കുന്നു. അകലെ പേടിച്ചുവിറച്ചു നിൽക്കുന്ന

മലാഷയുടെ അടുത്തേക്ക് ഓടിച്ചെല്ലുന്നു. മലാഷയായി മറ്റൊരു കുട്ടിയും അഭിനയിക്കണം. അവർ തമ്മിൽ സംഭാഷണമാരംഭിക്കട്ടെ.

സംഭാഷണാനന്തരം ക്ലാസിൽ പൊതു ചർച്ചയാവാം: ഈ സന്ദർഭത്തിലെ സംഭാഷണം ഇങ്ങനെ ത്തന്നെയാണോ വേണ്ടത്?

ഏതാനും കുട്ടികൾ കൂടി ഈ രംഗം അഭിനയിച്ചു കാണിക്കട്ടെ. ടീച്ചറുടെ ഇടപെടലുകൾക്കു ശേഷം കുട്ടികൾ സംഭാഷണം സങ്കല്പിച്ച് എഴുതട്ടെ.

- സ്വാഭാവികത
- സ്വന്തം പദങ്ങൾ
- സന്ദർഭത്തിനൊത്ത ചോദ്യങ്ങളും പ്രതികരണങ്ങളും
- വ്യക്തത... തുടങ്ങിയവ സംഭാഷണത്തിനു വേണം.

## ഡയറിയെഴുതാം (WB)

മുൻക്ലാസുകളിൽ പരിചയപ്പെട്ട പ്രവർത്തനമാണിത്. അഞ്ചാം ക്ലാസിൽ അതിന്റെ ഉയർന്ന തലത്തിലുള്ള പ്രകടനമാണ് പ്രതീക്ഷിക്കുന്നത്.

ഡയറി എഴുത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെന്തെല്ലാം?

ക്ലാസിൽ ചർച്ച നടത്താം.

ദിനാന്ത്യത്തിലാണ് (ഉറങ്ങുന്നതിനു മുമ്പ്) ഡയറി എഴുതാറുള്ളത്. അന്നു നടന്ന വിശേഷകാര്യങ്ങളാണ് എഴുതേണ്ടത്. പതിവായി ചെയ്യുന്ന കാര്യങ്ങളും ദിനചര്യകളുമൊന്നും ഡയറിയിൽ എഴുതേണ്ടതില്ല. വിശേഷപ്പെട്ട കാര്യങ്ങൾ ആത്മാംശത്തിനു പ്രാധാന്യം നൽകി ചുരുക്കി എഴുതണം. തൽസംബന്ധമായ ചിന്തകളും മാനസികവ്യാപാരങ്ങളും എഴുതാം.

കഥ നടന്ന രാത്രിയിൽ മലാഷ എഴുതിയ ഡയറിയാണ് സങ്കല്പിച്ചെഴുതേണ്ടത്. അതിന്ന് ഓരോ കുട്ടിയും മലാഷയാവണം.

രാവിലെ പുറത്തേക്കിറങ്ങി അകൂലിയയെ കണ്ടതു മുതൽ കഥയവസാനിക്കുന്നതു വരെയുള്ള രംഗങ്ങൾ ഓർത്തെടുക്കണം.

അപ്രതീക്ഷിതമായി അകൂലിയയുടെ അമ്മ അടിച്ചത്, അപ്പോഴുണ്ടായ മാനസിക പ്രയാസം, അമ്മമാരുടെ ചീത്ത വിളികൾ, രണ്ടുഭാഗത്തും ചേർന്ന് ആൾക്കാരുണ്ടാക്കിയ ബഹളം, പിണക്കം തീർന്നപ്പോഴുണ്ടായ സന്തോഷം...

ഇങ്ങനെയുള്ള കാര്യങ്ങൾ വളരെ ചുരുക്കിയാണെഴുതേണ്ടത്.

**വിലയിരുത്തൽ സൂചകങ്ങൾ**

- ❖ ആത്മാംശത്തിനു നൽകിയ പ്രാധാന്യം
- ❖ ആശയപരമായ സംക്ഷിപ്തത
- ❖ അവതരണത്തിലെ സ്വാഭാവികത
- ❖ രചനയിലെ വൈവിധ്യം
- ❖ വാക്യപ്രയോഗ ഭംഗി ........

# പാഠം – 3
# ജീവലോകം

**പ്ര**കൃതിയെക്കുറിച്ചുള്ള ചില തിരിച്ചറിവുകളിലേക്കു നയിക്കുന്ന കവിതയാണ് പി. മധുസൂദനന്റെ ജീവലോകം. പ്രഥമ ദൃഷ്ടിയിൽ ആവശ്യമില്ലാത്തതും ഉപദ്രവകരവും ശല്യവുമായി തോന്നുന്ന വസ്തക്കളും ജീവികളും അനാവശ്യവും നശിപ്പിക്കപ്പെടേണ്ടതുമായിട്ടാണ് അധികപേരും കണക്കാക്കുന്നത്. എന്നാൽ പ്രകൃതിയിലും പ്രപഞ്ചത്തിലും നമുക്കിനിയും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലാത്ത പല കാര്യങ്ങളുമുണ്ട്. നമ്മുടെ ചുറ്റും കാണുന്ന സസ്യങ്ങളും ജീവജാലങ്ങളുമെല്ലാം പരസ്പരാശ്രിതമായാണു നിലകൊള്ളുന്നത്. പുഴുവും പുമ്പാറ്റയും മൃഗങ്ങളും പക്ഷികളും മനുഷ്യരുമെല്ലാം നിലനിൽപിന്നായി പരസ്പരം ആശ്രയിക്കുന്നുണ്ട്. കോടാനുകോടി സസ്യങ്ങളിലും ജീവജാലങ്ങളിലുമെല്ലാം നാം കാണാത്തതും ശാസ്ത്രംപോലും കണ്ടെത്തിയിട്ടില്ലാത്തതുമായ പരസ്പര ബന്ധവും നിലനില്പിന്റെ കണ്ണികളും ഒളിഞ്ഞിരിക്കുന്നുണ്ട്. ഇവയിലൊന്നിന്റെ അഭാവം ഏതെങ്കിലും നിലയിൽ മറ്റു ചിലതിന്റെ നിലനില്പിനെ പ്രതികൂലമായി ബാധിക്കാതിരിക്കില്ല. ഇത്തരം മഹാസത്യങ്ങളിലേക്ക് കുട്ടികളുടെ മനസ്സിനെ തിരിക്കാൻ ഉതകുന്നതാണ് സംഭാഷണരൂപത്തിലുള്ള ഈ കവിത.

പ്രകൃതിയിലുള്ള ഒന്നും വെറുതെയുള്ളതല്ലെന്നും ഏറ്റവും നിസ്സാരമായി നമുക്കു തോന്നുന്നതുപോലും സൂക്ഷ്മ നിരീക്ഷണത്തിൽ കേമമായതും പ്രകൃതിയുടെയും ജീവന്റെയും നിലനില്പിന് അനിവാര്യമായതുമണെന്നു കണ്ടെത്താമെന്നുമുള്ള അവബോധം കുട്ടികളിലുണ്ടാക്കാൻ ഈ കവിത ലക്ഷ്യമിടുന്നു. നിരീക്ഷണത്തിലൂടെ അറിവ് നേടുന്നതിനു പ്രാപ്തരാക്കുന്നു.

## പഠനനേട്ടങ്ങൾ

- പ്രകൃതിയിലെ എല്ലാം വിലപ്പെട്ടതാണെന്നു തിരിച്ചറിയുന്നു.
- ഒന്നിനെയും നിസ്സാരമായിക്കണ്ടു നശിപ്പിക്കാൻ തുനിയരുതെന്ന അവബോധമുണ്ടാക്കുന്നു.
- ലോകമാകുന്ന തറവാട്ടിലെ കൊച്ചുകുടുംബമാണു നമ്മളെന്നുള്ള ബോധമുണരുന്നു.
- കവിത വായിച്ചും കേട്ടും ചൊല്ലിയും ആസ്വദിക്കുന്നു, ആശയം ഗ്രഹിക്കുന്നു.
- കുറിപ്പുകൾ തയ്യാറാക്കുന്നു.
- പഴഞ്ചൊല്ല് വ്യാഖ്യാനിക്കുന്നു.

## പാഠാവതരണം

- ടീച്ചർ കുട്ടികളുമായി സൗഹൃദസംഭാഷണം നടത്തുന്നു:
- വീട്ടിൽ പൂച്ചെടികൾ / പച്ചക്കറിച്ചെടികൾ വളർത്താറുണ്ടോ?
- അവയെ നശിപ്പിക്കാൻ വരുന്ന ജീവികളെ ശ്രദ്ധിക്കാറുണ്ടോ?
- ആരെല്ലാമാണ് അവയുടെ ഇലകളും പൂക്കളുമൊക്കെ തിന്നാൻ വരാറുള്ളത്?
- ആ ജീവിയെ നിങ്ങൾ എന്താണു ചെയ്യാറ്?

ഇലകൾ തിന്നു നശിപ്പിക്കാൻവരുന്ന പുഴുക്കളിലേക്കു ശ്രദ്ധതിരിക്കും വിധം ചർച്ച നയിക്കുന്നു. സ്കൂളിൽ പൂന്തോട്ടമുണ്ടെങ്കിൽ കുട്ടികളെ അവിടെ കൊണ്ടുപോയി കാണിച്ചുകൊടുത്ത് കവിതയിലേക്കു വരാം.

പുഴുക്കൾ തിന്ന ഇലകളോ അല്ലെങ്കിൽ പുഴുക്കളെത്തന്നെയോ കാണിച്ചുകൊടുക്കാം

നമുക്ക് പുഴുക്കളെയും പൂക്കളെയും കുറിച്ചുള്ള ഒരു കവിത പഠിക്കാം എന്ന ആമുഖത്തോടെ കവിത വായിക്കാൻ നിർദ്ദേശിക്കാം.

ടീച്ചറുടെ നിർദ്ദേശാനുസരണം കുട്ടികൾ വ്യക്തിഗതമായി കവിത വായിക്കുന്നു.

- സാധാരണ കവിതയിൽ നിന്ന് ഈ കവിതയ്ക്കുള്ള വ്യത്യാസമെന്താണ്?
- ആരു തമ്മിലുള്ള സംഭാഷണമാണു കവിത?
- എന്തിനെക്കുറിച്ചാണവർ സംസാരിക്കുന്നത്?

സംഭാഷണ രൂപത്തിലുള്ള കവിതയുടെ സവിശേഷത ശ്രദ്ധയിൽ പെടുത്തണം.

## ആശയ വിശകലനം

കവിതയിലെ അർത്ഥമറിയാത്ത പദങ്ങൾ കുട്ടികൾ നോട്ടുബുക്കിൽ എഴുതട്ടെ. സാന്ദർഭികമായി ആ പദത്തിനു നൽകാവുന്ന അർത്ഥം ഗ്രൂപ്പിൽ ചർച്ച ചെയ്യട്ടെ. നിഘണ്ടുവുമായി ഒത്തുനോക്കി ഉറപ്പുവരുത്തി നോട്ടുബുക്കിൽ എഴുതാം.

തുടർന്ന് മകന്റെ ചോദ്യങ്ങൾ കണ്ടെത്തി കുട്ടികൾ ചോദിക്കുന്നു.

ടീച്ചർ അച്ഛന്റെ സ്ഥാനത്തുനിന്ന് ഉത്തരം വ്യക്തമാക്കി പറയുന്നു.

- പൂച്ചെടിക്കൊമ്പിലിരുന്ന് അതിന്റെ ഇലയെല്ലാം തിന്നു നശിപ്പിക്കുന്ന ഈ വിരുതൻ എന്റെ ചെടിയെ നോവിക്കുകയല്ലേ?
- ശരിയായിരിക്കാം, എന്നാലും ഈ പുഴുക്കളില്ലെങ്കിൽ ലോകം പൂർണ്ണമാവില്ല മകനേ?
- അതെങ്ങനെയച്ഛാ?
- മോൻ കണ്ടിട്ടില്ലേ, പല നിറത്തിലുള്ള പൂമ്പാറ്റകളെ? ഈ പുഴുക്കളാണ് മനോഹരമായ ആ പൂമ്പാറ്റകളായിത്തീരുന്നത്. ആ പൂമ്പാറ്റകൾക്കു കുടിക്കാനാണ് ഇത്തിരി തേനുമായ് പൂക്കൾ കാത്തിരിക്കുന്നത്. ആ പൂക്കളിലൂടെയാണ് ചെടികൾക്കു പുതിയ തലമുറകളുണ്ടാവുന്നത്. പൂമ്പാറ്റകൾ പരാഗണം നടത്തിയില്ലെങ്കിൽ മരങ്ങളിൽ കായ്കളുണ്ടാവില്ല. കായ്കളില്ലെങ്കിൽ ഭൂതലം ഫലപുഷ്ടമാവുകയില്ല.
- അങ്ങനെ ചിന്തിക്കുമ്പോൾ ചെറുതെങ്കിലും ഈ പുഴു കേമനാണല്ലേ?
- മോനേ, ശരിയായി പഠിക്കാൻ ശ്രമിച്ചാൽ നിനക്കു ബോധ്യമാവും, ഈ ഭൂമിയിലുള്ള സകലതുംകേമമാണെന്ന്. ഒന്നും നിസ്സാരമല്ല. ചിതലും പുഴുവും കിളിയും സസ്യങ്ങളും മരങ്ങളും തുടങ്ങി അറ്റമില്ലാത്തത്ര ചെടികളും ജീവികളും നിറഞ്ഞ് അതിവിശാലമാണീ ലോകം. അവയെല്ലാം കരുത്തിന്നായി നുകരുന്നത് സൂര്യവെളിച്ചമാണ്; ആ വെളിച്ചം നുകർന്ന്, ഭൂമിയുടെ മടിത്തട്ടിലൊട്ടിക്കിടന്ന്, മണ്ണിന്റെ തുടിപ്പായി അവ വളരുന്നു. അവയിലൊരു കൊച്ചു കുടുംബമാണ് നമ്മളും. അവയെയെല്ലാം പല വിധത്തിൽ ആശ്രയിച്ചു കൊണ്ടാണു നമ്മുടെ നിലനിൽപ്.

## കവിത ചൊല്ലാം (TB)

ഒരാൾ അച്ഛനും മറ്റൊരാൾ മകനുമായി ആശയവ്യക്തതയോടെ കവിത ചൊല്ലട്ടെ. ഈണവും താളവും വേണം. എന്നാൽ ആശയപ്രധാനമായ ഇത്തരം കവിതകളിൽ ഭാവത്തിനു വലിയ പ്രാധാന്യമുണ്ട്. ആശയം ഗ്രഹിക്കാൻ കഴിഞ്ഞാലേ ഭാവം ഉൾക്കൊണ്ട് കവിത ചൊല്ലാൻ കഴിയൂ.

## കണ്ടെത്താം (TB)

കവിത വീണ്ടും വായിച്ച് ടെക്സ്റ്റ്ബുക്കിലെ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തട്ടെ. കണ്ടെത്തിയ ഉത്തരം ഗ്രൂപ്പിൽ അവതരിപ്പിച്ച് വ്യക്തത വരുത്തിയ ശേഷം ക്ലാസിൽ അവതരിപ്പിക്കാം. ടീച്ചർ ഇടപെട്ട് മെച്ചപ്പെടുത്തണം.

## പഴഞ്ചൊല്ല് വ്യാഖ്യാനിക്കാം (TB)

"ഒന്നു ചീഞ്ഞാൽ മറ്റൊന്നിനു വളം."

- കൃഷികൾക്കു വളം ചേർക്കാറുണ്ടല്ലോ. എങ്ങനെയാണ് വളമുണ്ടാക്കാറ്?
- പച്ചിലകൾ വളമാക്കാറുണ്ട്. അടുക്കളയിൽ നിന്നും മറ്റുമുള്ള വേസ്റ്റ് വളമാക്കറുണ്ട്.

അവ ചീയുമ്പോൾ വളമായിത്തീരുന്നു. അങ്ങനെ ഒന്നിന്റെ നാശം മറ്റൊന്നിന്റെ വളർച്ചക്കുപകരിക്കുന്നു.

പാഠഭാഗത്തെ ആശയവുമായി പഴഞ്ചൊല്ലിന്റെ ആശയം താരതമ്യം ചെയ്യാം.

- ചെടികളുടെ ഇലകൾ തിന്നു വളരുന്ന പുഴുക്കൾ...
- പുഴുക്കൾ പൂമ്പാറ്റകളാവുന്നു.
- പൂക്കൾ കൊഴിയുമ്പോൾ കായ്കൾ വരുന്നു.

ഇങ്ങനെ ഓരോന്നിന്റെയും നിലനിൽപും വളർച്ചയും മറ്റൊന്നിനെ ആശ്രയിച്ചു നില കൊള്ളുന്നു.

## ആശയം വിശകലനം ചെയ്യാം (TB)

കവിതാ ഭാഗം കുട്ടികൾ വായിക്കട്ടെ.

വിണ്ണിൻ വെളിച്ചം, ഇളതൻ മടിത്തട്ട്, മണ്ണിൻ തുടിപ്പ് എന്നീ പ്രയോഗങ്ങളുടെ ആശയമെന്താണ്? കുട്ടികൾ സ്വന്തം കാഴ്ചപ്പാടുകൾ പറയട്ടെ.

**ടീച്ചർ ക്രോഡീകരിക്കുന്നു:** സൂര്യപ്രകാശമാണ് വിണ്ണിൻ വെളിച്ചം. ഭൂമിയുടെ ഉപരിതലമാണ് ഇളതൻ മടിത്തട്ട്. അവിടെയാണല്ലോ വിത്തു മുളച്ച് ചെടികൾ വളരുന്നത്.

മണ്ണിന്റെ ഫലഭൂയിഷ്ടതയാണ് തുടിപ്പ്. ഫലഭൂയിഷ്ടതക്കനുസരിച്ചാണല്ലോ ചെടിയുടെ വളർച്ച.

- ഭൂമിയുടെ മടിത്തട്ടിൽ വളരുന്നതെന്തെല്ലാം? സസ്യങ്ങൾ, വൃക്ഷങ്ങൾ, ജീവജാലങ്ങൾ...
- സൂര്യവെളിച്ചം നുകർന്ന്, മണ്ണുമായി പലവിധം സഹവസിച്ച് സസ്യങ്ങളും ജീവജാലങ്ങളും വളരുന്നു.

  മനുഷ്യന്റെ വളർച്ചയും ഇങ്ങനെത്തന്നെയല്ലേ?

  വിശകലനക്കുറിപ്പ് കുട്ടികൾ സ്വയം തയ്യാറാകട്ടെ. ഹോം വർക്കായി നൽകാം.

## കവിത ചൊല്ലാം

കവിതാസ്വാദനത്തിന്റെ ആദ്യഘട്ടം ഈണത്തിൽ ചൊല്ലി രസിക്കലാണ്. രസം പൂർണമാവണമെങ്കിൽ കവിതയുടെ ആശയവും ഭവവുമെല്ലാം ഉൾക്കൊള്ളണം. അപ്പോഴേ ആസ്വാദനം പൂർണമാവുകയുള്ളൂ. ഏറ്റവും ഉചിതമായ ഈണം കണ്ടെത്താനും അപ്പോഴേ സാധിക്കുകയുള്ളൂ.

കവിതയെക്കുറിച്ച് മുൻപ്രവർത്തനങ്ങളിലൂടെ ഉണ്ടായ ധാരണ ഗ്രൂപ്പിൽ ചർച്ചചെയ്യാം. ചർച്ചാ സൂചനകൾ:

കവിതയുടെ പ്രമേയമെന്താണ്?

ആരൊക്കെയാണ് കവിതയിലുള്ളത്?

മകൻ എന്താണു പറയുന്നത്?

അച്ഛൻ എങ്ങനെയാണ് പ്രതികരിക്കുന്നത്?

ഏതു താളത്തിൽ ഓരോ ഭാഗവും അവതരിപ്പിക്കാം?

- കുട്ടികൾ ഗ്രൂപ്പിൽ ഈണവും താളവും കണ്ടെത്തട്ടെ.
- ഓരോ ഗ്രൂപ്പും കവിത ചൊല്ലിയവതരിപ്പിക്കുന്നു.
- ഒരോ ഗ്രൂപ്പിന്റെ അവതരണവും മറ്റുള്ളവർ വിലയിരുത്തുന്നു.

## വിലയിരുത്തൽ സൂചനകൾ

- ആശയവ്യക്തത
- താളത്തിനനുസരിച്ച ആകർഷകമായ ഈണം.
- ഉച്ചാരണ സ്ഫുടത
- ഭാവം

ടീച്ചർ വിലയിരുത്തണം

## ചർച്ച ചെയ്യാം (TB)

- കുട്ടികൾ മനസ്സിലാക്കിയ ശാസ്ത്രജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പിൽ ചർച്ച ചെയ്യട്ടെ.
- പുഴുക്കൾ പോലും അത്ര നിസ്സാരമല്ല; അവയുടെ ജീവിത്തതിനുമുണ്ട് ചിലലക്ഷ്യങ്ങൾ. എല്ലാം പ്രകൃതിയുടെ നിലനിൽപിന് അനിവാര്യമാണ് എന്ന യാഥാർത്ഥ്യത്തിലേക്ക് ചർച്ച നയിക്കാം.

  കുറിപ്പ് വ്യക്തിഗതമായി തയ്യാറാക്കി ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തട്ടെ.

## കവിത ചൊല്ലാം (WB)

ചൊല്ലി ആസ്വദിക്കാനാണീ കവിത നൽകിയിരിക്കുന്നത്.

വ്യക്തിഗതമായ വായനക്കു ശേഷം ഗ്രൂപ്പുകളിൽ ഈണം കണ്ടെത്തട്ടെ.

ഗ്രൂപ്പുകളായി ക്ലാസിൽ കവിത അവതരിപ്പിക്കട്ടെ.

ഒന്നോ രണ്ടോ കുട്ടികൾ കവിതയുടെ ആശയം സ്വന്തം വാക്കുകളിൽ പറയട്ടെ.

തുടർന്ന് വർക്കുബുക്കിലെ ചോദ്യങ്ങൾക്കു വ്യക്തിഗതമായി കുട്ടികൾ ഉത്തരമെഴുതുന്നു.

## കുറിപ്പ് തയ്യാറാക്കുക (WB)

- വസന്തകാലം എപ്പോഴാണു വന്നെത്തുന്നത്?
- വസന്തകാലത്തെ പ്രത്യേകതകളെന്തെല്ലാം ?

  ക്ലാസിൽ ചർച്ച ചെയ്യുന്നു :

ചിങ്ങമാസത്തിന്റെ ആഗമനം
മഴക്കാലത്തിനു ശേഷം അന്തരീക്ഷം തെളിയുകയും
കതിരണിഞ്ഞ നെൽകൃഷി വിളഞ്ഞു തുടങ്ങുകയും
ചെയ്യുന്ന കാലം, ചെടികളെല്ലാം പുഷ്പിക്കുന്നകാലം,
ഓണത്തിന്റെ വരവ്

കുട്ടികൾ വ്യക്തിഗതമായി തയ്യാറാക്കിയ കുറിപ്പ് ഗ്രൂപ്പിൽ ചർച്ച ചെയ്തു മെച്ചപ്പെടുത്തുന്നു. ടീച്ചർ വിലയിരുത്തുന്നു.

**പിരിച്ചെഴുതുക (WB)**

പദങ്ങൾ എങ്ങനെ രൂപപ്പെടുന്നുവെന്നും രണ്ടോ അതിലധികമോ പദങ്ങൾ കൂടിച്ചേരുമ്പോൾ എന്തു വർണ്ണമാറ്റമാണ് ഉണ്ടാകുന്നതെന്നും തിരിച്ചറിയാനുള്ള പ്രവർത്തനമാണിത്.

ടീച്ചർ ഏതാനും പദങ്ങൾ ബോർഡിൽ പിരിച്ചെഴുതി കാണിക്കുന്നു. ഇടയിലെ വർണ്ണങ്ങളിൽ എന്തു മാറ്റമാണ് അവ കൂടിച്ചേരുമ്പോൾ വന്നതെന്നു കുട്ടികൾ കണ്ടെത്തട്ടെ.

ദ്രോഹിക്ക + അല്ലേ

ചേരും + ഉടുപ്പുകൾ + ഇട്ട്

ശലഭങ്ങൾ + ഇല്ലെങ്കിൽ + ഇത്തിരി + തേൻ

മറ്റു പദങ്ങൾ കുട്ടികൾ പിരിച്ചെഴുതുന്നു. ടീച്ചർ വിലയിരുത്തുന്നു.

## പാഠം – 4
# പഴഞ്ചൊല്ലിൽ പതിരില്ല

ഗതകാല സമൂഹത്തിന്റെ അനുഭവജ്ഞാനങ്ങൾ ഒതുക്കിവച്ച ചെപ്പുകളാണ് പഴഞ്ചൊല്ലുകൾ. പഴഞ്ചൊല്ലുകൾ മാത്രമല്ല, കടങ്കഥകളും ഗുണപാഠകഥകളുമൊക്കെയായി ഈ വിജ്ഞാനശാഖ വൈവിധ്യമാർന്നതും വിശാലവുമാണ്. നാട്ടറിവുകൾ Folklore എന്ന പേരിലാണ് അവ ഇന്നറിയപ്പെടുന്നത്. ഒരു ജനതയുടെ പ്രാചീനത്വവും സാംസ്കാരിക പാരമ്പര്യവും മനസ്സിലാക്കണമെങ്കിൽ ആ ജനത കൈകാര്യം ചെയ്ത ഭാഷയിലെ പഴഞ്ചൊല്ലുകൾ പരിശോധിച്ചാൽ മതി. സാമൂഹികജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലേക്കും അവ വെളിച്ചം വീശുന്നുണ്ട്. പഴഞ്ചൊല്ലുകളിൽ പ്രതിഫലിക്കാത്ത പ്രപഞ്ചസത്യങ്ങൾ ചുരുങ്ങും.

പുതുസമൂഹത്തെ സംബന്ധിച്ചിടത്തോളം അറിവിന്റെ മറ്റൊരറയാണ് പഴഞ്ചൊല്ലുകളും കടങ്കഥകളും സാരോപദേശകഥകളും മറ്റും. നൂറ്റാണ്ടുകളിലൂടെ വികസിച്ചുവന്ന സാംസ്കാരികപാരമ്പര്യം മനസ്സിലാക്കാൻ മാത്രമല്ല, ആധുനിക സമൂഹമനുഭവിക്കുന്ന പല പ്രശ്നങ്ങൾക്കുമുള്ള പരിഹാരത്തിനും നാട്ടറിവുകൾ പ്രയോജനപ്പെടുന്നുണ്ട്. പ്രകൃതിയുമായി ബന്ധപ്പെട്ട നിരന്തര നിരീക്ഷണങ്ങളിലൂടെ കണ്ടെത്തിയ പല അറിവുകളും പ്രകൃതിശാസ്ത്രവും പരിസ്ഥിതിശാസ്ത്രവും ഇന്നും അവലംബിക്കുന്നുണ്ടെന്നതാണു സത്യം. ആ നിരീക്ഷണങ്ങൾ അധികവും തെറ്റാറില്ല.

പഴഞ്ചൊല്ലുകളെ പല അറിവുകളുടെയും അടിത്തറയായും കടങ്കഥകളെ ജിജ്ഞാസയുണർത്തി മാനസികവികാസത്തിനു പ്രേരണ നൽകുന്ന വിജ്ഞാന ശാഖയായും ഗുണപാഠകഥകളെ മനഃസംസ്കരണ ഉപാധിയായും പ്രയോജനപ്പെടുത്താവുന്നതാണ്. ഇത്തരം ഗുണപരമായ കാര്യങ്ങളിലേക്കു കുട്ടികളെയെത്തിക്കുന്ന പ്രവർത്തനമാണ് ഈ പാഠഭാഗവുമായി ബന്ധപ്പെട്ടു നടത്തേണ്ടത്.

## പ്രവർത്തന വിശകലനം

ലളിതമായ ഏതാനും കടങ്കഥകൾ രേഖപ്പെടുത്തിയ ചാർട്ട് പ്രദർശിപ്പിച്ചുകൊണ്ട് പാഠഭാഗത്തേക്ക് പ്രവേശിക്കാം.

- കടങ്കഥകൾ വായിച്ച് അവയുടെ ഉത്തരം കുട്ടികൾ പറയട്ടെ.
- എങ്ങനെയാണ് കടങ്കഥകൾക്ക് ഉത്തരം കണ്ടെത്തിയത്?

കടങ്കഥകളിലെ സൂചനകൾ പരിചയപ്പെടുത്താം.

'കടങ്കഥകൾ വെറും തമാശകളാണോ? അതിൽ അറിയാനും ഉൾക്കൊള്ളാനും വല്ലതുമുണ്ടോ? നമുക്കു പരിശോധിക്കാം' എന്ന ആമുഖത്തോടെ പാഠഭാഗം വായിക്കാൻ ടീച്ചർ നിർദ്ദേശിക്കുന്നു.

മൂന്ന് ഘട്ടങ്ങളായി ഈ പാഠഭാഗം വിഭജിച്ചു നൽകാം.

**ഘട്ടം 1 :** കുട്ടികൾ പാഠഭാഗം വ്യക്തി ഗതമായി വായിക്കട്ടെ ( 1–5 വരെയുള്ള ഖണ്ഡികകൾ)

പ്രസ്തുത ഭാഗത്തുനിന്നു ഉത്തരം ലഭിക്കാവുന്ന ഏതാനും ചോദ്യങ്ങൾ ടീച്ചർ ചോദിക്കുന്നു.

പാഠഭാഗത്തു പരാമർശിച്ച കടങ്കഥകൾ ചർച്ച ചെയ്യുന്നു.

ഓരോ കടങ്കഥയിലും ഉൾക്കൊള്ളുന്ന ആശയത്തിലേക്കു ശ്രദ്ധതിരിക്കുന്നു.

**ഘട്ടം 2 :** പഴഞ്ചൊല്ലുകൾ. പഴഞ്ചൊല്ലുകളുടെ ആവിഷ്ക്കാര ഭംഗി,

ആശയ വൈപുല്യം, അവ ഉൾക്കൊള്ളുന്ന നർമ്മം തുടങ്ങിയവ ചർച്ച ചെയ്യുന്നു.

**ഘട്ടം 3 :** ഗുണപാഠ കഥകൾ, മറ്റു നാട്ടറിവുകൾ

കഥ പറയാം: പാഠഭാഗത്തു സൂചിപ്പിച്ച ഗുണപാഠകഥകൾ കുട്ടികൾ ഗ്രൂപ്പിൽ ചർച്ച ചെയ്യട്ടെ. ഓരോ ഗ്രൂപ്പും ഓരോ കഥ ഭംഗിയായി ആവിഷ്കരിച്ച് ക്ലാസിൽ അവതരിപ്പിക്കട്ടെ.

## പദപരിചയം:

പാഠഭാഗത്തുവന്ന അപരിചിതപദങ്ങൾക്ക് അടിവരയിടുന്നു. ആ പദങ്ങൾ നോട്ടുബുക്കിൽ കുറിക്കുന്നു. ഓരോ പദത്തിന്റെയും അർത്ഥം ഊഹിച്ചെഴുതുന്നു. ശരിയായ അർത്ഥം നിഘണ്ടുനോക്കി കണ്ടെത്തി കൃത്യത വരുത്തുന്നു. വർക്കുബുക്കിലെ 'അർത്ഥമെഴുതുക' എന്ന പ്രവർത്തനവും ഇതോടൊന്നിച്ചു നടത്താം.

## കണ്ടെത്താം (TB)

ആവശ്യബോധത്തോടെ പാഠഭാഗം വീണ്ടും വായിക്കാനുള്ള അവസരമാണിത്. പാഠഭാഗം വിശദമായി വായിച്ച് ഓരോ ചോദ്യത്തിന്റെയും ഉത്തരം പാഠഭാഗത്തുനിന്നു കണ്ടെത്തി വ്യക്തിഗതമായി എഴുതട്ടെ. എഴുതിയ ഉത്തരങ്ങൾ പരസ്പരം കൈമാറി വിലയിരുത്തട്ടെ.

പാഠഭാഗത്തെ ആശയം ഉൾക്കൊണ്ട് ഉത്തരം സ്വന്തം വാക്യത്തിലെഴുതാൻ പരിശീലിക്കണം. ഇക്കാര്യം ക്ലാസിൽ വ്യക്തമാക്കിക്കൊടുക്കണം. കുട്ടികൾ എഴുതിയ ഉത്തരങ്ങൾ ടീച്ചർ വിലയിരുത്തണം. ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കണം.

## കടങ്കഥപ്പയറ്റ് നടത്താം (TB)

ഈ പ്രവർത്തനത്തിനു സഹായകമായ വിധം ഏതാനും കടങ്കഥകൾ വർക്കുബുക്കിൽ നൽകിയിരിക്കുന്നു. അതും കുട്ടികൾ ശേഖരിക്കുന്ന കടങ്കഥകളും പയറ്റിന് ഉപയോഗപ്പെടുത്തട്ടെ. കുട്ടികളെ രണ്ടോ മൂന്നോ പേരടങ്ങുന്ന ഗ്രൂപ്പുകളാക്കി തിരിക്കാം.

ഗ്രൂപ്പുകൾക്കു നമ്പറുകൾ നൽകാം. ഒന്നാം ഗ്രൂപ്പ് ആദ്യത്തെ കടങ്കഥ ഉന്നയിക്കട്ടെ. അതിനു രണ്ടാംഗ്രൂപ്പ് ഉത്തരം നൽകണം. അവർക്കു കഴിഞ്ഞില്ലെങ്കിൽ മൂന്നാംഗ്രൂപ്പ്. ഉത്തരം പറയുന്ന ഗ്രൂപ്പിന് ഒരു സ്കോർ നൽകാം. ആരും ഉത്തരം പറഞ്ഞില്ലെങ്കിൽ ചോദ്യമുന്നയിച്ച ഗ്രൂപ്പ് ഉത്തരം വെളിപ്പെടുത്തണം. ആ ഗ്രൂപ്പിന് ഒരു സ്കോർ നൽകാം. തുടർന്നു രണ്ടാം ഗ്രൂപ്പ് കടങ്കഥ ചോദിക്കട്ടെ. ഈ ക്രമത്തിൽ പയറ്റു നടത്താം. ഉചിതമായ മറ്റു രീതികളും സ്വീകരിക്കാം.

## പഴഞ്ചൊല്ല് വിശദീകരിക്കുക (WB)

- 'ആകെ മുങ്ങിയാൽ കുളിരില്ല.'

പഴഞ്ചൊല്ലുകൾക്ക് വാച്യവും വ്യംഗ്യവുമായ അർത്ഥങ്ങളുണ്ടായിരിക്കും.

വാച്യമായ അർത്ഥം കുട്ടികൾ പറയട്ടെ. മുങ്ങിക്കുളി അപരിചിതമായിക്കഴിഞ്ഞ സാമൂഹികാവസ്ഥയിൽ ഒരു പക്ഷേ ഈ പഴഞ്ചൊല്ലിന്റെ ആശയം പറയാൻ പ്രയാസം നേരിട്ടേക്കും. മറ്റു നിലയ്ക്കുള്ള കുളികളും ചർച്ചക്കെടുക്കാം. നല്ല തണുപ്പുള്ളപ്പോൾ ശരീരത്തിൽ ഏതാനും ഭാഗങ്ങൾ നനയ്ക്കുന്നത് വലിയ പ്രയാസമുണ്ടാക്കും. എന്നാൽ പൂർണ്ണമായി നനഞ്ഞാലോ? ഒരു പ്രയാസവും അനുഭവപ്പെടില്ല. ഇതുപോലെ ഏതു കാര്യവും ആദ്യം ചെയ്യുമ്പോൾ പ്രയാസമുണ്ടാവും. തുടർന്നാൽ പ്രയാസമകലും.

തിന്മകൾ പ്രവർത്തിക്കുന്നവരുടെ കാര്യത്തിലാണ് ഈ പഴഞ്ചൊല്ല് കൂടുതലും പ്രയോഗിക്കുന്നത്. ഒന്നോ രണ്ടോ തെറ്റുകളൊക്കെ ചെയ്തു തുടങ്ങുമ്പോൾ കുറ്റബോധവും നാണക്കേടും മറ്റുള്ളവർ അറിയുമ്പോൾ വിഷമവുമൊക്കെ അനുഭവപ്പെടും. തെറ്റുകളിൽ ആണ്ടു മുങ്ങുമ്പോഴോ? ഒട്ടും കുറ്റബോധവും നാണക്കേടും അനുഭവപ്പെടില്ല.

- ഉപ്പുതിന്നവൻ വെള്ളം കുടിക്കും.

തെറ്റു ചെയ്തവൻ അതിന്റെ ഫലം അനുഭവിക്കും എന്ന ആശയത്തിലേക്കു കുട്ടികളുടെ ശ്രദ്ധ തിരിക്കണം.

- അച്ഛനിച്ഛിച്ചതും പാല്, വൈദ്യൻ കല്പിച്ചതും പാല്.

ഒരു കാര്യത്തിന് ആഗ്രഹിച്ചുകൊണ്ടിരിക്കെ അങ്ങനെ ചെയ്യാനുള്ള നിർദ്ദേശമോ കല്പനയോ അവസരമോ ഒത്തു വന്നാലുള്ള സന്തോഷം പ്രകടമാക്കുന്നു ഈ പഴഞ്ചൊല്ല്.

## നാട്ടറിവുപതിപ്പ് തയ്യാറാക്കാം (TB)

പാഠഭാഗം പൂർണമായി വിശകലനംചെയ്തു കഴിയുമ്പോൾ നാട്ടറിവുകൾ എന്താണെന്നും അവയിൽ എന്തെല്ലാം ഉൾക്കൊള്ളുന്നുവെന്നുമുള്ള അവബോധം കുട്ടികൾക്കു ലഭിച്ചിരിക്കും. ആ ധാരണ ഉറപ്പിക്കാനുള്ള പ്രവർത്തനത്തിന്റെ ഭാഗമാണ് പതിപ്പു തയ്യാറാക്കൽ. ഇതിനകം തന്നെ ധാരാളം പഴഞ്ചൊല്ലുകളും കടങ്കഥകളും ഗുണപാഠകഥകളുമൊക്കെ കുട്ടികൾ സ്വായത്തമാക്കിയിട്ടുണ്ടാവും. അവയുടെ ആവിഷ്ക്കാരമാണ് ഈ പ്രവർത്തനത്തിലൂടെ നടക്കേണ്ടത്.

പതിപ്പിൽ ചേർക്കുന്ന നാട്ടറിവുകളുടെ ആവർത്തനങ്ങൾ ഒഴിവാക്കാൻ കുട്ടികളെ മൂന്നുഗ്രൂപ്പുകളായി തിരിക്കാം. പഴഞ്ചൊല്ല്, കടങ്കഥ, ഗുണപാഠകഥകൾ എന്നിവയിലൊന്ന് നറുക്കിലൂടെ ഓരോ ഗ്രൂപ്പും ഏറ്റെടുക്കട്ടെ.

ഗ്രൂപ്പിലെ എല്ലാ അംഗങ്ങളെയും സഹകരിപ്പിച്ചുകൊണ്ട് വസ്തുതകൾ ശേഖരിക്കട്ടെ. അവ നല്ല കൈയ്യക്ഷരത്തിൽ എഴുതണം. ഉചിതമായ തലക്കെട്ടുകൾ, അനുയോജ്യമായ ചിത്രങ്ങൾ, വിവരണങ്ങൾ തുടങ്ങിയവ ചേർത്ത് ഭംഗിയായി സംവിധാനം ചെയ്യണം. അവസാനം മൂന്നു ഗ്രൂപ്പുകളുടെയും ശേഖരം ഒന്നിച്ചു ചേർത്ത് പതിപ്പാക്കാം.

- ടീച്ചർ കുട്ടികളുടെ പ്രവർത്തന ഘട്ടങ്ങൾ ശ്രദ്ധിക്കുകയും വിലയിരുത്തുകയും

  ആവശ്യമായ നിർദ്ദേശങ്ങൾ അപ്പപ്പോൾ നൽകുകയും വേണം.

## ഒറ്റപ്പദമാക്കി എഴുതുക (WB)

അർത്ഥവ്യത്യാസം വരാതെ പദങ്ങളെ സമാസിച്ചെഴുതാനുള്ള പരിശീലനമാണിത്. അങ്ങനെ ചേർത്തെഴുതുമ്പോൾ ലഭിക്കുന്ന അർത്ഥവ്യക്തതയും വാക്യഭംഗിയും എഴുതാനും വായിക്കാനുമുള്ള സൗകര്യവും കുട്ടികളെ ബോധ്യപ്പെടുത്താം.

ഉദാ : കറുത്ത ആടിന്റെ കുട്ടിയെ ഞാൻ കണ്ടു. ഈ വാക്യത്തിൽ കറുത്ത എന്ന വിശേഷണം ആടിനോ കുട്ടിക്കോ? 'ആടിൻ കുട്ടി' എന്നു സമാസിച്ചു പറഞ്ഞാൽ അർത്ഥവ്യക്ത വരുന്നു. വാക്യഭംഗിയും ലഭിക്കുന്നു.

വർക്കുബുക്കിൽ നൽകിയ പ്രവർത്തനം കുട്ടികൾ വ്യക്തിഗതമായി നിർവഹിക്കട്ടെ. തുടർന്നു ഗ്രൂപ്പിൽ അവതരിപ്പിച്ചു വിലയിരുത്തട്ടെ.

ടീച്ചർ അവസാനം വിലയിരുത്തണം.

## അർത്ഥവ്യത്യാസം തിരിച്ചറിയാം (WB)

പ്രവർത്തനത്തിനായി നൽകിയ വാക്യങ്ങൾ ടീച്ചർ BBയിൽ എഴുതുന്നു. ഊന്നൽ നൽകേണ്ട പദങ്ങളുടെ അടിയിൽ വരയ്ക്കുന്നു.

കുട്ടികൾ ഓരോ വാക്യത്തിലെയും ഊന്നൽ കണ്ടെത്തി വായിക്കട്ടെ. അർത്ഥവ്യത്യാസം തിരിച്ചറിയട്ടെ.

ഈ വിധം ചെറിയ മാറ്റങ്ങളിലൂടെ വാക്യാർത്ഥത്തിൽ വരുന്ന മാറ്റങ്ങൾ കുട്ടികൾക്കു പരിചയപ്പെടുത്താം.

- ഞാൻ ചായ കുടിച്ചു, ഞാൻ ചായയേ കുടിക്കൂ, ഞാൻ ചായ തന്നെയാണ് കുടിക്കാറ് ................
- അമീൻ ബസിൽ കയറി, അമീൻ ബസ്സിലേ കയറൂ .........................
- അഞ്ജു കഥ വായിച്ചു. അഞ്ജു കഥയാണു വായിക്കാറ് ................

കൂടുതൽ ഉദാഹരണങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ.

## അർത്ഥവ്യത്യാസം എഴുതുക (WB)

അക്ഷരം മാറിയാൽ പദത്തിന്റെ അർത്ഥത്തിൽ വരുന്ന വ്യത്യാസത്തെക്കുറിച്ചു കുട്ടികളെ ബോധവത്ക്കരിക്കാനുതകുന്നതാണീ പ്രവർത്തനം. എഴുതുമ്പോൾ മാത്രമല്ല ഉച്ചരിക്കുമ്പോഴും ശ്രദ്ധിക്കേണ്ട പദങ്ങളാണിത്. കുട്ടികൾ നിഘണ്ടു നോക്കി അർത്ഥവ്യത്യാസം കണ്ടെത്തട്ടെ.

- പ്രദാനം = കൊടുക്കൽ,
- പ്രധാനം = മുഖ്യം
- ഗ്രഹം = സൂര്യൻ, ചന്ദ്രൻ തുടങ്ങിയവയിൽ ഓരോന്നിനും പറയുന്ന പേര്
- ഗൃഹം = വീട്

## അനുയോജ്യമായ പദം എടുത്തെഴുതുക (WB)

പാഠഭാഗത്തേക്ക് ഒന്നുകൂടി ശ്രദ്ധതിരിക്കാനുള്ള പ്രവർത്തനമാണിത്. ആദ്യം കുട്ടികൾ ഓരോ വാക്യത്തിലും അനുയോജ്യമായ പദം ബ്രാക്കറ്റിൽ നിന്ന് കണ്ടെത്തട്ടെ. തുടർന്നു പാഠഭാഗങ്ങളിൽ ആ വാക്യം കണ്ടെത്തി ശരിയാണെന്നുറപ്പുവരുത്തട്ടെ. ടീച്ചർ വിലയിരുത്തണം.

# യൂണിറ്റ് – 2
# അമ്മയോർമ്മകൾ

സ്നേഹമാണ് ലോകത്തിന്റെ നിലനില്പിന്നു നിദാനം. സ്നേഹത്തിൽ ഏറ്റവും ഉദാത്തമാണു മാതൃസ്നേഹം. മാതാവിനു കുഞ്ഞുങ്ങളോടുള്ള സ്നേഹവും കുട്ടികൾക്കു മാതാവിനോടുണ്ടാവേണ്ട കടപ്പാടിലധിഷ്ഠിതമായ സ്നേഹവും ഏറെ ചർച്ച ചെയ്യേണ്ടതും കുട്ടികളുടെ മനസ്സിൽ ഊട്ടിയുറപ്പിക്കേണ്ടതുമായ സാഹചര്യമാണിന്നുള്ളത്. പണത്തിന്റെയും സുഖത്തിന്റെയും മറ്റു സ്വാർത്ഥതാല്പര്യങ്ങളുടെയും സ്വാധീനങ്ങൾ മനസ്സിനെ അധീനപ്പെടുത്തുമ്പോൾ പലരും പെറ്റ തള്ളയെ മറക്കുന്നു. പോറ്റി വളർത്തിയ പിതാവിനെ അവഗണിക്കുന്നു. വാർധക്യത്തിന്റെ അവശതകൾപോലും പരിഗണിക്കാതെ നിഷ്ക്കരുണം അവരെ വീട്ടിൽനിന്നു പുറത്താക്കുകയും അവരുടെ സമ്പാദ്യങ്ങളെല്ലാം കവർന്നെടുക്കുകയും ചെയ്യുന്നു. അവരെ എത്രയും പെട്ടെന്നു കൈയൊഴിയേണ്ട ഒരു ശല്യമായി കാണുന്നു. ഈ അവസ്ഥ വ്യാപകമായതുകൊണ്ടാണ് ഓരോ നാട്ടിലും വൃദ്ധസദനങ്ങൾ ആവശ്യമായി വന്നിരിക്കുന്നത്.

മനസ്സിൽ സ്നേഹത്തിന്റെ നീരുറവയുണ്ടാവണം. കാരുണ്യത്തിന്റെ കണ്ണുണ്ടാവണം. എല്ലാറ്റിനും മീതെ സ്നേഹത്തെയും കാരുണ്യത്തെയും പ്രതിഷ്ഠിക്കാനുള്ള സന്മനസ്സും സന്നദ്ധതയുമുണ്ടാവണം. അതുണ്ടാവണമെങ്കിൽ സ്നേഹത്തെ തിരിച്ചറിയണം. അതിന്റെ മൂല്യങ്ങളുൾക്കൊള്ളണം. നിസ്സഹായാവസ്ഥയിൽ കരയാൻ മാത്രം കഴിയുന്നവരായി ഭൂമിയിലേക്കു പിറന്നുവീണതുമുതൽ ഓരോ മനുഷ്യനെയും പാലൂട്ടിയ, തഴുകിയുറക്കിയ, സർവമാലിന്യങ്ങളിൽ നിന്നും കാത്തുസൂക്ഷിച്ച, ഊണും ഉറക്കവും മറ്റു സുഖസൗകര്യങ്ങളുമെല്ലാം ത്യജിച്ച് കുഞ്ഞുങ്ങൾക്കായി എല്ലാം സമർപ്പിച്ച മാതൃത്വത്തിന്റെ ഭാവങ്ങൾ എത്ര മഹത്തരം! ഇത്രയും ഉദാത്തമായ സ്നേഹത്തിനു പകരം വയ്ക്കാൻ മറ്റെന്തുണ്ടീ പ്രപഞ്ചത്തിൽ !

കനിവൂറുന്ന മാതൃത്വത്തിന്റെ മുഖം കുട്ടികളുടെ മനസ്സിൽ പ്രതിഷ്ഠിക്കാനും പ്രതിഫലിപ്പിക്കാനും ഈ യൂണിറ്റിലൂടെ ലക്ഷ്യമിടുന്നു. മാതൃസ്നേഹത്തിന്റെ ഉദാത്ത ഭാവങ്ങൾ അവർ തിരിച്ചറിയട്ടെ. ഓരോ ജന്മത്തിനുവേണ്ടിയും മാതാവ് സഹിച്ച ത്യാഗത്തിന്റെ മൂല്യം വിലയിരുത്തട്ടെ. അതിനു പ്രയോജനപ്പെടും വിധം ഈ യൂണിറ്റിലെ പാഠഭാഗങ്ങൾ അവതരിപ്പിക്കപ്പെടണം.

കൃഷ്ണഗാഥയിൽ നിന്നെടുത്ത 'അമ്മയോടു പറയാൻ' എന്ന കവിതാ ഭാഗമാണ് ആദ്യത്തേത്. 'വീട്ടാനാവാത്ത കടം' എന്ന ചെറുകഥയാണ് അടുത്തത്; ഒ.എൻ.വി. കുറുപ്പിന്റെ അമ്മക്കാക്ക എന്ന കവിത മൂന്നാമത്തേതും. മൂന്നു രചനകളും മാതൃത്വത്തിന്റെ വിവിധ ഭാവങ്ങൾ പ്രകടമാക്കുന്നവയാണ്.

മാതൃസ്നേഹത്തിന്റെ മാധുര്യം നുകർന്നുവളർന്ന ശ്രീകൃഷ്ണൻ തന്റെ വളർത്തമ്മയോടൊത്തുള്ള ജീവിതത്തിന്റെ ദീപ്തമായ സ്മരണകൾ അയവിറക്കുന്ന രംഗമാണ് 'അമ്മയോടു പറയാൻ' എന്ന കവിതയിൽ പ്രതിപാദിച്ചിരിക്കുന്നത്. പഠിച്ചു വളർന്ന് വലിയ ആളായി, ആരോഗ്യവാനും സമ്പന്നനുമായി ത്തീർന്ന മകൻ തന്നെ പോറ്റിവളർത്തിയ മാതാവിന് അതേ അളവിൽ പ്രത്യുപകാരം ചെയ്യാൻ സന്നദ്ധത പ്രകടിപ്പിച്ചു പരാജയപ്പെടുന്ന കഥ പറയുന്നു 'വീട്ടാനാവാത്ത കടം' എന്ന കഥ. ദരിദ്രയായ ഒരമ്മ തന്റെ മകനെ വളർത്താൻ പാടുപെടുന്നതും അമ്മയുടെ ആ സ്നേഹപൂർണമായ ത്യാഗം മകൻ തിരിച്ചറിയുന്നതുമായ പ്രമേയമാണ് അമ്മക്കാക്കയിൽ. ഇങ്ങനെ മാതൃസ്നേഹത്തിന്റെ വ്യത്യസ്ത ഭാവതലങ്ങൾ ഈ യൂണിറ്റിൽ ചർച്ചാ വിഷയമാകുന്നു.

## പ്രവേശക പ്രവർത്തനം

യൂണിറ്റിന്റെ പ്രവേശകത്തിൽ കൊടുത്ത ചിത്രം കുട്ടികൾ നിരീക്ഷിക്കട്ടെ: കോഴിയും കുഞ്ഞുങ്ങളും.

- വീട്ടിൽ കോഴികളെ വളർത്താറുണ്ടോ?
- കൊച്ചുകുഞ്ഞുങ്ങളുള്ള കോഴിയെ ശ്രദ്ധിച്ചിട്ടുണ്ടോ?
- എന്തൊരു ജാഗ്രതയായിരിക്കും പിടക്കോഴിക്ക് തന്റെ കുഞ്ഞുങ്ങളുടെ കാര്യത്തിൽ!

കുട്ടികൾക്ക് അനുഭവങ്ങളുണ്ടാവും. അവർ വിവരിക്കട്ടെ.

- കോഴി തന്റെ കുഞ്ഞുങ്ങളുടെ അടുത്തേക്കടുക്കാൻ ഒരാളെയും, ഒരു ജീവിയെയും അനുവദിക്കില്ല.
- കാക്കയോ മറ്റോ അരികിലൂടെ പറന്നാൽ മതി, കോഴി ഉറക്കെ ശബ്ദമുണ്ടാക്കി അവയെ പ്രതിരോധിക്കും.

- ആഹാരം കൊടുത്താൽ അത് കൊത്തിനുറുക്കി കുഞ്ഞുങ്ങൾക്കായി നൽകും. ക്വൊ...ക്വൊ...ക്വൊ എന്നിങ്ങനെ ശബ്ദമുണ്ടാക്കിയും നിലത്തുകൊത്തിക്കാണിച്ചും മക്കളെ ആഹാരം കഴിക്കാൻ പരിശീലിപ്പിക്കുകയും നിർബന്ധിക്കുകയും ചെയ്യും.
- എന്തെങ്കിലും ആപത്തുകൾ വരുന്നുണ്ടെന്നു മനസ്സിലാക്കിയാൽ ഉടനെ കുഞ്ഞുങ്ങളെ തന്റെ ചിറകിനുള്ളിൽ ഒളിപ്പിക്കും.

ഇങ്ങനെ കുഞ്ഞുങ്ങളുടെ കാര്യത്തിൽ പിടക്കോഴി കാണിക്കുന്ന താല്പര്യവും സൂക്ഷ്മതയും ജാഗ്രതയും വാത്സല്യവും സ്നേഹവും....

ഇതുപോലെയാണ് ഏത് അമ്മയും. സ്വന്തം കുഞ്ഞുങ്ങളുടെ കാര്യത്തിൽ അത്രയും ശ്രദ്ധയും താല്പര്യവും അവയ്ക്കുണ്ടായിരിക്കും. ബുദ്ധിയും വിവേകവുമുള്ള മനുഷ്യരുടെ കാര്യം പിന്നെ പറയാനുണ്ടോ!

ഈ വിധം ചർച്ച ക്രോഡീകരിച്ച ശേഷം കുട്ടികൾ വള്ളത്തോളിന്റെ നാലുവരി കവിത വായിക്കട്ടെ.

- അമ്മയെന്ന രണ്ടക്ഷരമാണ് കുഞ്ഞിന്റെ ചുണ്ടിൽ ആദ്യമായി മേളിക്കുന്ന ശബ്ദം. കുഞ്ഞിന് അമ്മയോടുള്ള അഗാധമായ ബന്ധമാണതു കാണിക്കുന്നത്.അത്രയും അടുപ്പം നിങ്ങൾക്ക് കൊച്ചുനാളിൽ അമ്മയോടുണ്ടായിരുന്നെങ്കിൽ വലുതായാലും അതു നിലനിൽക്കേണ്ടതല്ലേ?
- അമ്മ നിങ്ങൾക്ക് എത്ര പ്രിയപ്പെട്ടവരാണ്?

കുട്ടികൾ അമ്മയെക്കുറിച്ചു സംസാരിക്കട്ടെ.

# യൂണിറ്റ് വിശകലനം

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാനപ്രവർ | പഠനത്തെളിവുകൾ: വ്യവഹാര/ പ്രകടി | വിലയിരു |
|---|---|---|---|---|---|
| • കവിതയുടെ കാലം, പ്രമേയം, അവതരണഭംഗി തുടങ്ങിയവ ഉൾക്കൊണ്ട് കുറിപ്പുകൾ തയ്യാറാക്കുന്നു.<br><br>• കവിതയുടെ ഈണവും താളവും തിരിച്ചറിഞ്ഞ് ചൊല്ലുകയും സ്വന്തം രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു. | അമ്മയോടു പറയാൻ | • മാതൃസ്നേഹത്തിന്റെ ഉദാത്തമായ ഭാഗങ്ങൾ കവിതയിലുണ്ട്.<br>• അകന്നിരിക്കുമ്പോൾ സ്നേഹത്തിന്റെ തീക്ഷ്ണത വർദ്ധിക്കുന്നു.<br>അമ്മയ്ക്ക് മക്കൾ എത്ര വലുതായാലും<br>• കുഞ്ഞുങ്ങൾ തന്നെയാണ്. അതുപോലെ എത്ര പ്രായമായാലും അമ്മയെ സ്നേഹത്തോടെ വീക്ഷിക്കാൻ മക്കൾക്കും കഴിയണം.<br>ഈണവും താള വും ഉൾക്കൊണ്ട് ഏതാനും വരികൾ രചിക്കാൻ കഴിയും. | • കവിതാപാരായണം<br>• ആശയം വിശകലനം ചെയ്യുന്നു.<br>അമ്മയോടുള്ള സ്നേഹം കൂടുതൽ പ്രകടമാകുന്ന വരികൾ കണ്ടെത്തുന്നു.<br>കവിതാ രചന | വിശകലനക്കുറിപ്പ്<br>കുറിപ്പ്<br>കവിത | • ആശയം വിശകലനം ചെയ്തിട്ടുണ്ട്.<br>• സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്.<br>• ആശയം തിരിച്ചറിഞ്ഞു വ്യക്തമാക്കിയിട്ടുണ്ട്<br>ഈണവും താളവും ഉൾക്കൊണ്ടിട്ടുണ്ട്.<br>ആശയം ഉൾക്കൊണ്ടിട്ടുണ്ട്. |
| • കഥ ഭാവമുൾക്കൊണ്ട് വായിക്കുന്നു.<br>• സ്വന്തം അനുഭവങ്ങൾ കഥകളായി അവതരിപ്പിക്കു | വീട്ടാനാവാത്ത കടം | • മാതാവിന്റെ ജീവിതം കുഞ്ഞുങ്ങൾക്കു വേണ്ടി സമർപ്പിതമാണ്.<br>മാതൃ സ്നേഹത്തിനു വില കാണക്കാക്കാനോ അതിനു തക്കവിധം പ്രത്യുപകാരം ചെയ്യാനോ മക്കൾക്കു കഴി യില്ല. | കഥാവായന<br>കുറിപ്പുകൾ തയ്യാറാക്കൽ<br>സമാനകഥകൾ കണ്ടെത്തൽ. | വായന<br>കുറിപ്പ് | കഥയിലെ കേന്ദ്രാശയം കണ്ടെത്തിയിട്ടുണ്ട്.<br>കഥാപാത്രങ്ങളുടെ മനോഭാവം മനസ്സിലാക്കിയിട്ടുണ്ട്. |
| വിവിധ വ്യവഹാര രൂപങ്ങളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് സമാനമായവ തയ്യാറാക്കുന്നു. | | മാതൃസ്നേഹത്തിന്റെ ഉദാത്ത ഭാവങ്ങൾ ചിത്രീകരിക്കുന്ന കഥകൾ ധാരാളമുണ്ട്.<br>അനുഭവക്കുറിപ്പ്, ഡയറിക്കുറിപ്പ് എന്നിവ തയ്യാറാക്കാനുള്ള ശേഷി നേടൽ | അനുഭവക്കുറിപ്പ്, ഡയറിക്കുറിപ്പ് എന്നിവ തയ്യാറാക്കൽ | അനുഭവക്കുറിപ്പ്,<br>ഡയറിക്കുറിപ്പ്<br>വാക്യങ്ങൾ<br>പദങ്ങളുടെ ചാർട്ട്<br>പിരിച്ചെഴുതിയ ചാർട്ട്. | വൈകാരികാംശമുള്ള അനുഭവം കണ്ടെത്തി എഴുതിയിട്ടുണ്ട്.<br>ആത്മാംശത്തിനു പ്രാധാന്യം നൽകിയാണു ഡയറിക്കുറിപ്പ് തയ്യാറാക്കിയിരിക്കുന്നത്.<br>ഉചിതമായ പദങ്ങൾ പ്രയോഗിച്ചിട്ടുണ്ട്.<br>വർണ്ണമാറ്റങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. |
| വിവിധ തരത്തിലുള്ള വാക്യങ്ങൾ രചിക്കുന്നു.<br>പദങ്ങൾ പിരിച്ചെഴുതാനും അർത്ഥവ്യത്യാസംകണ്ടെത്താനും ശേഷി നേടുന്നു. | | വാക്യരചന, പിരിച്ചെഴുത്ത്, അർത്ഥ വ്യത്യാസം കണ്ടെത്തൽതുടങ്ങിയ ഭാഷാപരമായ പ്രവർത്തനങ്ങൾ പരിശീലിക്കൽ. | വാക്യരചന, അർത്ഥ വ്യത്യാസം കണ്ടെത്തൽ<br>പിരിച്ചെഴുത്ത് | | |

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാനപ്രവർ ത്ത നങ്ങൾ | പഠനത്തെളിവു കൾ: വ്യവ ഹാര/ പ്രകടി ത രൂപങ്ങൾ | വില യി രു ത്തൽ |
| --- | --- | --- | --- | --- | --- |
| കവിതയുടെ ആശയം, പ്രയോഗഭംഗി, അല ങ്കാരഭംഗി തുടങ്ങിയ സവിശേഷതകൾ തിരിച്ചറിയുന്നു. | അമ്മക്കാക്ക | • ഇഷ്ടവും സ്നേഹവുംവിലയി രുത്തുന്നത് ബാഹ്യ സൗന്ദര്യത്തിന്റെ അടിസ്ഥാനത്തി ലല്ല.<br>• നിറവും ഭംഗിയു മല്ല പ്രധാനം, മനസ്സിന്റെ വിശുദ്ധിയാണ്. | കവിത ഈണം കണ്ടെത്തി അവതരിപ്പിക്കൽ<br>ആശയ വിശകലനം | വിശകലന ക്കുറിപ്പ് | ആശയം പൂർണമായി ഉൾക്കൊണ്ടിട്ടുണ്ട്. വ്യക്തമാക്കിയിട്ടുണ്ട്<br>**കുറിപ്പ്**<br>വരികൾവിശകലനം ചെയ്ത് പൊരുൾ കണ്ടെത്തിയിട്ടുണ്ട്. |
| • പൊരുൾ കണ്ടെ ത്തി കുറിപ്പ് തയ്യാറാക്കുന്നു.<br>• താരത്മ്യക്കുറിപ്പ് തയ്യാറാക്കുന്നു | അമ്മക്കാക്ക | ഏതൊരു കുഞ്ഞി നും സ്വന്തം അമ്മ പ്രിയപ്പെട്ടവർ ത ന്നെയാണ്. | പൊരുൾ കണ്ടെ ത്തൽ.<br>വരികൾ താര തമ്യം ചെയ്യൽ | കുറിപ്പ്<br>താര തമ്യ ക്കുറിപ്പ് | രണ്ടു കവിതകളിലെയും ആശയങ്ങൾ താരതമ്യം ചെയ്തിട്ടുണ്ട്. |
| • സമാന കവിതകൾ കണ്ടെത്തുന്നു.<br>• ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുന്നു. | | കാക്കയെക്കുറിച്ച് മലയാളത്തിൽ ധാരാളം കവിതകൾ രചിക്കപ്പെട്ടിട്ടുണ്ട്.<br>നമ്മുടെ പരിസരത്തെക്കുറിച്ചും ചുറ്റും കാണുന്ന ജീവികളെക്കുറിച്ചുമുള്ള തിരിച്ചറിവ്. | സമാന കവിതകൾ കണ്ടെ ത്തൽ<br>പക്ഷികളുടെ ചിത്രം ശേഖരിക്കൽ.<br>അവയുടെ പേര്, നിറം തുടങ്ങിയവ കണ്ടറിഞ്ഞ് രേഖപ്പെടുത്തൽ | സമാന കവിതകൾ<br>ചിത്ര ശേ ഖരം<br>കുറിപ്പുകൾ ഉൾക്കൊള്ളു ന്ന ആൽബം. | ആശയത്തിൽ സമാനതയുള്ള കവിതകളാണ് കണ്ടെത്തിയിരിക്കുന്നത്.<br>കണ്ടെത്തിയ അറിവുകൾ കൃത്യമാണ്.<br>ആൽബം ഭംഗിയായി സംവിധാനിച്ചിട്ടുണ്ട്. |

## പാഠം – 5

## അമ്മയോടു പറയാൻ

മലയാള ഭാഷയിലെ പദ്യസാഹിത്യത്തിന്റെ വികാസപരിണാമശൃംഖലയിൽ ശ്രദ്ധേയമായ, കേരളീയതയുടെ ആത്മമുദ്ര പതിഞ്ഞു പ്രശോഭിക്കുന്ന കൃതിയായ കൃഷ്ണ ഗാഥയിൽ നിന്നെടുത്തതാണ് പാഠഭാഗം. കൃഷ്ണപ്പാട്ട്, കൃഷ്ണഗാഥ, ചെറുശ്ശേരിഗാഥ, ഗാഥ എന്നീ പേരുകളിൽ അഞ്ചു നൂറ്റാണ്ടുകളിലധികമായി സഹൃദയലോകം ആസ്വദിച്ചുപോരുന്ന മനോഹരമായ കാവ്യമാണിത്.

ആരാണീ കൃതി രചിച്ചതെന്ന കാര്യത്തിൽ ഭാഷാചരിത്ര പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. കൊല്ലവർഷം 621-നും 650 -നുമിടയിൽ കോലത്തുനാടു ഭരിച്ചിരുന്ന ഉദയവർമ്മ രാജാവിന്റെ കാലത്ത്, അദ്ദേഹത്തിന്റെ സദസ്യനായിരുന്ന ചെറുശ്ശേരി നമ്പൂതിരി രചിച്ചതാണീ കൃതി എന്നാണ് ഭൂരിഭാഗം നിരൂപകരുടെയും നിഗമനം. കൃഷ്ണന്റെ ജനനംമുതൽ മരണംവരെയുള്ള, ഭാഗവതം ദശമസ്കന്ദത്തിലെ കഥ നാല്പത്തേഴ് അധ്യായങ്ങളിലായി കൃഷ്ണഗാഥയിൽ അവതരിപ്പിച്ചിരിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും വരെ അനായാസം പാടി രസിക്കാവുന്നവിധം ലളിതവും സരളവുമായി മഞ്ജരി വൃത്തത്തിലാണ് കൃഷ്ണഗാഥ രചിക്കപ്പെട്ടത്. കേരളീയത മുറ്റിനിൽക്കുന്ന മലയാള ശൈലി, പഴയ മലയാളപദങ്ങളിലൂടെയുള്ള അർത്ഥ ശബ്ദപ്രവാഹം, അലങ്കാര പ്രയോഗങ്ങളുടെ ഘോഷയാത്ര, ഗാനാത്മകത, ഫലിതപരിഹാസങ്ങൾ, നാടകീയത, സ്നേഹം, വാത്സല്യം, ഭക്തി തുടങ്ങിയ മധുരവികാരങ്ങളുടെ ഹൃദ്യതയും ലാളിത്യവും കലർന്ന വർണ്ണനകൾ തുടങ്ങിയവ ഈ കൃതിയെ എക്കാലവും ആകർഷകമാക്കി നിലനിർത്തുന്നുണ്ട്.

കൃഷ്ണൻ വളർത്തമ്മയായ യശോദയോടുള്ള സ്നേഹവും ആദരവും പ്രകടമാക്കുന്ന വരികളാണു പാഠഭാഗമായി എടുത്തിരിക്കുന്നത്. പെറ്റമ്മയിൽ നിന്നകറ്റപ്പെട്ട കൃഷ്ണനെ എത്രത്തോളം വാത്സല്യവും സ്നേഹവും ചൊരിഞ്ഞാണ് അവർ വളർത്തിയെടുത്തതെന്നും ആ അമ്മയെ മകൻ എത്ര സ്നേഹത്തോടെയും ആദരവോടെയുമാണ് സ്മരിക്കുന്നതെന്നും ഈ വരികളിൽ വ്യക്തമാണ്. സ്നേഹത്തിന്റെ അമൂല്യതയും ഊഷ്മളതയും ഈ വരികളിലെങ്ങും തുടിച്ചു നിൽക്കുന്നു.

കുട്ടികൾക്കുവേണ്ടി സമർപ്പിതയായ മാതാവിന്റെ ജീവിതത്തെക്കുറിച്ചും ആ മാതാവിനോട് മക്കൾ എങ്ങനെ പെരുമാറണമെന്നതിനെക്കുറിച്ചുമുള്ള അവബോധമുണ്ടാക്കാൻ ഈ പാഠഭാഗം പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഒപ്പം എഴുത്തച്ഛനും മുമ്പേ നിലനിന്നിരുന്ന ലളിതവും സരളവുമായ മലയാളഭാഷയെക്കുറിച്ചും അക്കാലത്തെ കാവ്യങ്ങളെക്കുറിച്ചും മനസ്സിലാക്കാനും മധുരതരമായ കാവ്യങ്ങൾ ആസ്വദിക്കാനും രചിക്കാനുമുള്ള ശേഷിയുണ്ടാക്കാനും ഈ അവസരം പ്രയോജനപ്പെടുത്തണം.

### പ്രവർത്തന വിശകലനം

- പാഠഭാഗത്തെ ചിത്രം കുട്ടികൾ നിരീക്ഷിക്കട്ടെ.
- എന്തൊക്കെയാണ് ചിത്രത്തിൽ കാണുന്നത്?
- ആര്, ആരുടെ പിന്നാലെയാണ് ഓടുന്നത്?
- എന്തിന്നായിരിക്കാം അങ്ങനെ ഓടുന്നത്?
- പശ്ചാത്തലത്തിൽ നിന്നു മറ്റെന്തെല്ലാം കാര്യങ്ങളാണു മനസ്സിലാക്കാൻ കഴിയുന്നത്? ആരായിരിക്കാം ആ ചിത്രത്തിലുള്ളത്?

കുട്ടികളുടെ പ്രതികരണത്തിൽ നിന്ന് കൃഷ്ണൻ എന്ന കഥാപാത്രത്തിലേക്കു ചർച്ച ക്രോഡീകരിക്കാം.

‘നമുക്ക് കൃഷ്ണനെക്കുറിച്ചുള്ള ഒരു കവിത ആസ്വദിക്കാം’ എന്ന ആമുഖത്തോടെ ടീച്ചർ കവിത വായിക്കാൻ നിർദ്ദേശിക്കുന്നു.

കുട്ടികൾ വ്യക്തിഗതമായി കവിത വായിക്കുന്നു.

## ഈണം കണ്ടെത്താം, ചൊല്ലി ആസ്വദിക്കാം (TB)

ഈ കവിത ഈണത്തിൽ ചൊല്ലാൻ കഴിയുമോ നിങ്ങൾക്ക്?

സന്നദ്ധരാവുന്നവർക്ക് ചൊല്ലാൻ അവസരം നൽകുന്നു.

ടീച്ചർ മാതൃകാപരമായി കവിത ചൊല്ലിക്കേൾപ്പിക്കുന്നു.

മറ്റേതെങ്കിലും ഈണത്തിൽ ഈ കവിത ചൊല്ലാൻ കഴിയുമോ?

കുട്ടികൾ ഗ്രൂപ്പുകളിൽ ഈണം കണ്ടെത്തട്ടെ.

ഓരോ ഗ്രൂപ്പും തങ്ങൾ കണ്ടെത്തിയ ഈണത്തിൽ കവിത അവതരിപ്പിക്കട്ടെ.

## വരികൾ കണ്ടെത്താം (TB)

നൽകിയിരിക്കുന്ന ആശയം വായിച്ച് കുട്ടികൾ കവിതയിലെ വരികൾ കണ്ടെത്തട്ടെ.

ആശയത്തിലെ വ്യക്തമായ ചില പദപ്രയോഗങ്ങളുടെ അടിസ്ഥാനത്തിൽ വരികൾ കണ്ടെത്താൻ പ്രയാസമുണ്ടാവില്ല. ആവശ്യമെങ്കിൽ ഇനിയും സൂചനകൾ നൽകാം.

## അർത്ഥം തിരഞ്ഞെടുത്തെഴുതുക (WB)

വർക്കുബുക്കിൽ അർത്ഥമെഴുതാൻ നിർദ്ദേശിച്ച പദങ്ങൾ കുട്ടികൾ കവിതയിൽ കണ്ടെത്തട്ടെ, സാന്ദർഭികാർത്ഥം ഊഹിച്ചു മനസ്സിലാക്കട്ടെ. ഗ്രൂപ്പിൽ ചർച്ച ചെയ്ത് ശരിയായ അർത്ഥം തിരഞ്ഞെടുത്തെഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

## കണ്ടെത്താം (TB)

പാഠഭാഗം വീണ്ടും വായിച്ച് ആശയവ്യക്തതയുണ്ടാക്കുന്നതിനുള്ള പ്രവർത്തനമാണിത്. നൽകിയിരിക്കുന്ന ഓരോ ചോദ്യവും നോട്ടുബുക്കിലെഴുതി അതിന്റെ ഉത്തരം കവിതയിൽ നിന്നു വ്യക്തിഗതമായി കണ്ടെത്തട്ടെ. ഗ്രൂപ്പിൽ ചർച്ചചെയ്ത് കൃത്യത വരുത്തിയശേഷം ഓരോ ഗ്രൂപ്പിനും ഓരോ ചോദ്യത്തിന്റെ ഉത്തരം പറയാൻ അവസരം നൽകാം. ഓരോ ഗ്രൂപ്പിന്റെ ഉത്തരവും ക്ലാസിൽ ചർച്ചയ്ക്കു വിധേയമാക്കി മെച്ചപ്പെടുത്തണം. ശേഷം നോട്ടുബുക്കിൽ എഴുതട്ടെ.

| |
|---|
| ഉത്തരമായി കവിതയിലെ വരികൾ ഉദ്ധരിച്ചാൽ പോര. |
| സ്വന്തം വാക്യത്തിൽ വ്യക്തമായ ഉത്തരം എഴുതണം. |
| വാക്യങ്ങൾ പൂർണമാക്കണം. |
| ചർച്ചയിൽ ഇത്തരം നിർദ്ദേശങ്ങൾ ടീച്ചർ നൽകണം. |

- കാവ്യ സന്ദർഭം കണ്ടെത്തി എഴുതാനുള്ളതാണ് അവസാനത്തെ ചോദ്യം. സന്ദർഭം കുട്ടികൾ കണ്ടെത്തി എഴുതട്ടെ. ടീച്ചർവിലയിരുത്തണം.

| |
|---|
| കൃഷ്ണൻ മധുരാപുരിയിൽ കഴിയുന്ന കാലത്താണ് കവിതയിൽ പരാമർശിച്ച സംഭവം നടക്കുന്നത്. തന്നെ പോറ്റിവളർത്തിയ നന്ദഗോപരെയും യശോദയെയും വേർപിരിഞ്ഞുള്ള ജീവിതം കൃഷ്ണന്റെ മനസ്സിൽ ഗൃഹാതുരതയുണർത്തുന്നു. അവരെ കാണാൻ വല്ലാതെ കൊതിക്കുന്നു. ആ സമയത്താണ് നന്ദഗോപർ കൃഷ്ണനെ സന്ദർശിക്കാൻ മധുരയിൽ ചെന്നത്. നന്ദഗോപർ യാത്ര പറയുമ്പോൾ വളർത്തമ്മയായ യശോദയ്ക്ക് ഉപഹാരങ്ങൾ കൊടുത്തേല്പിച്ചു കൃഷ്ണൻ പറയുന്ന വാക്കുകളാണീ പാഠഭാഗത്ത് പരാമർശിച്ചിരിക്കുന്നത്. |

## ആശയം സ്വന്തംവാക്യത്തിൽ പറയാം (TB)

ഓരോ സന്ദർഭം ഉൾക്കൊള്ളുന്നവിധം കവിത വിഭജിച്ച് ഗ്രൂപ്പുകളിൽ നൽകുന്നു.

ഗ്രൂപ്പിൽ ചർച്ച ചെയ്ത് ആ ഭാഗത്തിനു സ്വന്തം വാക്യത്തിൽ കുട്ടികൾ ആശയമെഴുതട്ടെ.

തുടർന്ന് ഓരോ ഗ്രൂപ്പും അവരവർക്കു ലഭിച്ച വരികളുടെ ആശയം പറയട്ടെ.

പൂർണ്ണമായി നോട്ടുബുക്കിൽ എഴുതാൻ നിർദ്ദേശിക്കേണ്ടതില്ല.

## ഇഷ്ടപ്പെട്ട വരികൾ (TB)

ഇഷ്ടപ്പെട്ട വരികൾ കുട്ടികൾ നോട്ടുബുക്കിലെഴുതുന്നു. ചൊല്ലി അവതരിപ്പിക്കുന്നു. ആശയം വിശദീകരിക്കുന്നു.

എന്തുകൊണ്ട് ആ വരികൾ ഇഷ്ടമായെന്നു പറയട്ടെ.

അവരുടെ അഭിപ്രായം ചോദ്യം ചെയ്യുകയോ നിരസിക്കുകയോ ചെയ്യേണ്ടതില്ല. എല്ലാം അംഗീകരിച്ചുകൊണ്ട് ടീച്ചർ ക്രോഡീകരിച്ചാൽ മതി.

### കവിത രചിക്കാം (TB)

ചൊല്ലി രസിക്കാൻ മാത്രമല്ല രചിക്കാനും സുഖമുള്ള വൃത്തമാണ് കവിതയ്ക്കുള്ളത്.

വൃത്ത നിബന്ധനയുടെ ആവശ്യമൊന്നുമില്ല. അതേ ഈണത്തിലും താളത്തിലും ചൊല്ലാൻ കഴിയുന്ന വരികൾ കുട്ടികൾ സ്വന്തം പ്രാപ്തിയനുസരിച്ച് രചിക്കട്ടെ.

ഹോം വർക്കായി നൽകാം.

ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകണം.

ടീച്ചർ വേർഷൻ അവതരിപ്പിക്കാം. കുട്ടികൾ രചിച്ചത് മെച്ചപ്പെട്ടതല്ലെങ്കിലും പ്രോത്സാഹിപ്പിക്കണം.

### കത്ത് തയ്യാറാക്കാം (WB)

കൃഷ്ണൻ തന്റെ അമ്മയോടു പറയാനായി പറഞ്ഞയക്കുന്ന കാര്യങ്ങളെല്ലാം മനസ്സിലാക്കിയല്ലോ.

- എന്തൊക്കെ കാര്യങ്ങളാണ് അമ്മയോടു പറയാനേല്പിച്ചത്?
- എന്തൊക്കെയാണ് കൃഷ്ണൻ ആവശ്യപ്പെടുന്നത്?
- എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കാനാണു പറയുന്നത്?
- എന്തെല്ലാം കാര്യങ്ങളാണ് ഓർമ്മിക്കുന്നത്?
- ഇവയ്ക്കൊക്കെ എങ്ങനെയാണു മറുപടി എഴുതുക?
- മറുപടിക്കത്ത് എഴുതുമ്പോൾ എന്തൊക്കെയാണു ശ്രദ്ധിക്കേണ്ടത്?

കത്തിന്റെ ഘടന എങ്ങനെയായിരിക്കണം?

കത്തിന്റെ ഘടന (ആര്, ആർക്ക്, എപ്പോൾ, എവിടെനിന്ന് അയക്കുന്നു എന്ന സൂചന, കത്തിന്റെ ആമുഖം, സുഖാന്വേഷണങ്ങൾ, എഴുതേണ്ട കാര്യങ്ങൾ, ഉപസംഹാരം) ചർച്ച ചെയ്ത് വ്യക്തതയുണ്ടാക്കണം.

കത്തിലെ ഭാഷാരീതി (ആത്മാംശം പ്രതിഫലിപ്പിക്കുന്ന ഭാഷ), സ്വീകർത്താവിനോടു വൈകാരിക ബന്ധം കാണിക്കുന്ന രീതി (ഇവിടെ അമ്മ മകന്നാണല്ലോ കത്തയക്കുന്നത്) തുടങ്ങിയവയെക്കുറിച്ചും കുട്ടികളുടെ മനസ്സിൽ ധാരണയുണ്ടാക്കണം.

കുട്ടികൾ വ്യക്തിഗതമായി അമ്മയുടെ മറുപടിക്കത്ത് തയ്യാറാക്കട്ടെ.

ഗ്രൂപ്പിൽ അവതരിപ്പിച്ച് മികച്ച കത്ത് തിരഞ്ഞെടുക്കട്ടെ.

തിരഞ്ഞെടുത്ത കത്ത് ഓരോ ഗ്രൂപ്പും ക്ലാസിൽ അവതരിപ്പിക്കണം.

ടീച്ചർ വിലയിരുത്തണം.

**സൂചകങ്ങൾ :**

കത്തിന്റെ ഘടന സ്വീകരിച്ചിട്ടുണ്ട്.

ആത്മാംശം പ്രകടമായിട്ടുണ്ട്.

ചോദ്യങ്ങൾക്കു മറുപടിയുണ്ട്.

മറ്റു കാര്യങ്ങളെല്ലാം ഉൾക്കൊണ്ടിട്ടുണ്ട്.

അവസാന ചർച്ചയ്ക്കു ശേഷം വർക്കുബുക്കിലേക്കു പകർത്താം.

### അനുഭവക്കുറിപ്പ് തയ്യാറാക്കുക (WB)

അമ്മ നിങ്ങളോട് എങ്ങനെയാണു പെരുമാറുന്നത്?

നിങ്ങൾ സ്കൂളിലോ മറ്റോ പോയാൽ വരുന്നതും കാത്തിരിക്കാറുണ്ടോ?

നിങ്ങൾക്കിഷ്ടപ്പെട്ട ഭക്ഷണം തയ്യാറാക്കിത്തരാറുണ്ടോ?

നിങ്ങൾക്ക് അസുഖം വന്നാൽ കൂട്ടിരിക്കാറുണ്ടോ?

ഈ വിധം ചോദ്യങ്ങളിലൂടെ സ്വന്തം അനുഭവങ്ങളിലേക്കു ശ്രദ്ധതിരിക്കാം.

മറക്കാൻ കഴിയാത്ത അനുഭവം സ്വന്തം വാക്യങ്ങളിൽ കുട്ടി എഴുതട്ടെ.

ടീച്ചർ വിലയിരുത്തണം.

## ഇപ്പോൾ പ്രയോഗിക്കുന്നതെങ്ങനെ?

പതിനാല്, പതിനഞ്ച് നൂറ്റാണ്ടുകളിലെ സാധാരണക്കാരുടെ ഭാഷാശൈലി കൃഷ്ണാഗാഥയിൽ കാണാം. അക്കാലത്തെ അഭിജാതവർഗ്ഗത്തിന്റെ സംസ്കൃത പക്ഷപാതം നിമിത്തം പഴയ മലയാളപദങ്ങളും മലയാളത്തിന്റെ പാടിപ്പതിഞ്ഞ ഈണങ്ങളും ഭാഷാസാഹിത്യത്തിൽനിന്നു മങ്ങിമറഞ്ഞു തുടങ്ങിയ കാലത്താണു കൃഷ്ണഗാഥ രചിക്കപ്പെട്ടത്. അക്കാലത്തെ സാമാന്യജനങ്ങളിൽ പ്രചാരത്തിലുണ്ടായിരുന്ന പാട്ടുകളുടെ ഈണവും താളവും ഭാഷാശൈലിയും കൃഷ്ണഗാഥയിൽ വ്യക്തമായി കാണാം. കുട്ടികൾക്ക് അന്നത്തെ ഭാഷാ രീതിയെക്കുറിച്ചു സാമാന്യമായൊരു അവബോധമുണ്ടാവാൻ ഈ പ്രവർത്തനം പ്രയോജനപ്പെടും.

# പാഠം – 6

# വീട്ടാനാവാത്ത കടം

മാതൃ സേവനത്തിനു വിലയിടാനൊക്കുമോ? ഒക്കുമെങ്കിൽ മാത്രമേ മാതാവ് കുഞ്ഞിനു നൽകിയ സേവനത്തിനു പ്രത്യുപകാരം ചെയ്യാനും ഒക്കുകയുള്ളൂ. അമൂല്യമാണു മാതൃസ്നേഹം. സ്ത്രീ അമ്മയാകുന്നതോടെ തന്റെ ജീവിതംതന്നെ അവൾ കുഞ്ഞിനുവേണ്ടി സമർപ്പിക്കുകയാണ്. മനുഷ്യരിൽ മാത്രമല്ല സകലജീവജാലങ്ങളിലും ഇതാണവസ്ഥ. അറ്റമില്ലാത്ത വാത്സല്യവും സ്നേഹവും സമർപ്പണമനോഭാവവും മാതൃമനസ്സിലില്ലെങ്കിൽ തലമുറകൾ സുരക്ഷിതരായി വളരില്ല; പ്രത്യേകിച്ച് മനുഷ്യസമൂഹം. ഇതരജീവികളിൽ പലതും ആഹാരം കഴിക്കാനുള്ള ശേഷിയോടെയാണു പിറക്കുന്നതെങ്കിൽ മനുഷ്യന് ദീർഘകാലത്തെ നിസ്സഹായാവസ്ഥയിലുള്ള ശൈശവമാണ് ദൈവം വിധിച്ചിരിക്കുന്നത്. വാത്സല്യപൂർണവും കരുണാപൂർണവുമായ പരിചരണവും സമീപനവുമില്ലെങ്കിൽ പിറന്നു വീണ് ഏതാനും മണിക്കൂറുകൾക്കുള്ളിൽ മനുഷ്യക്കുഞ്ഞ് മരണപ്പെടും. ശൈശവത്തിനു ശേഷം പിന്നെയും വേണം ദീർഘകാലത്തെ പരിചരണം.  ഇത്തരമൊരു കാലം പിന്നിട്ടാണ്, ത്യാഗപൂർണമായ പരിചരണം അനുഭവിച്ചാണ് താനീ അവസ്ഥയിലെത്തിയതെന്ന് കൗമാരയൗവനഘട്ടങ്ങളിൽ പലരും ഓർക്കാറില്ല. ഒരു പിതാവോ മാതാവോ ആകുമ്പോഴാണ് പലർക്കും ഈ തിരിച്ചറിവുണ്ടാകുന്നത്.

'വീട്ടാനാവാത്ത കടം' യൗവനത്തിലെത്തിയ ഒരു മകന്റെ പ്രത്യുപകാരചിന്തയുമായി ബന്ധപ്പെട്ടതാണ്. ഉമ്മയുടെ സ്നേഹം അയാൾ തിരിച്ചറിയുന്നു. ഉമ്മ തനിക്കു ചെയ്ത സേവനത്തിന് തന്റെ യൗവനശക്തിയും സാമ്പത്തികശേഷിയും ഉപയോഗപ്പെടുത്തി ഉചിതമായ പ്രത്യുപകാരം ചെയ്യാൻ അയാൾ സന്നദ്ധത പ്രകടിപ്പിക്കുന്നു. എന്നാൽ മാതാപിതാക്കൾ പ്രത്യുപകാരമല്ല, അഗാധമായ സ്നേഹവും ആദരവും അതിനൊത്ത സമീപനവുമാണ് ആഗ്രഹിക്കുന്നതെന്നും പ്രത്യുപകാരമെന്ന ചിന്ത മാതൃത്വത്തെ വിലയിടിച്ചു കാണിക്കുന്നതാണെന്നും ഉമ്മ മകനെ ബോധ്യപ്പെടുത്തുന്നു.

മാതാവ് ചെയ്ത സേവനത്തിനു പൂർണമായ പ്രത്യുപകാരം ചെയ്യാൻ ഒരു മകനും മകൾക്കും സാധ്യമല്ല. അവരോടുള്ള കടപ്പാട് മനസ്സിലാക്കി താങ്ങും തണലുമാവുകയാണു മക്കൾ ചെയ്യേണ്ടത്. അതോടൊപ്പം താൻ അനുഭവിച്ച സുരക്ഷയും വാത്സല്യവും വരുംതലമുറക്കു സമ്മാനിക്കാൻ തയ്യാറാവുകയും വേണം. ഈ ബോധം കുട്ടികളുടെ മനസ്സിലേക്കു സന്നിവേശിപ്പിക്കാൻ ഈ പാഠഭാഗം പ്രയോജനപ്പെടുത്തണം.

## പാഠാവതരണം

- സൗഹൃദ സംഭാഷണത്തിലൂടെ ടീച്ചർ കുട്ടികളെ പഠന സജ്ജരാക്കുന്നു.
- വീട്ടിൽ ആരോടാണു നിങ്ങൾക്കു കൂടുതൽ ഇഷ്ടം ?
- രാവിലെ സ്കൂളിലേക്കു വരുമ്പോൾ ആരാണ് നിങ്ങൾക്ക് എല്ലാം ഒരുക്കിത്തന്നത് ?
- ആരാണ്  നിങ്ങൾക്ക് ആവശ്യമായതെല്ലാം ചെയ്തു തരുന്നത് ?

കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കുന്നു.

പലതരം പ്രതികരണങ്ങളുണ്ടാവാം. എന്നാൽ അമ്മ/ ഉമ്മ എന്ന ബിന്ദുവിലേക്ക് കുട്ടികളെ കൊണ്ടുവരാൻ ടീച്ചർ ശ്രദ്ധിക്കണം.

"ഉമ്മയെക്കുറിച്ചുള്ള ഒരു കഥ വായിക്കാം" എന്ന ആമുഖത്തോടെ പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കുന്നു.

കുട്ടികൾ വ്യക്തിഗതമായി കഥ വായിക്കുന്നു.

## കഥ – വിശകലനം

- കഥ വായിച്ചല്ലോ. ഉമ്മയോട് മകൻ പറയുന്നതെന്താണ്?
- പ്രത്യുപകാരം എന്നാലെന്താണ്?
- മകനെ ഒരു പാഠം പഠിപ്പിക്കാൻ ഉമ്മ തുനിയുന്നതെന്തുകൊണ്ടാണ്?
- എന്താണു മകനോട് ഉമ്മ ആവശ്യപ്പെട്ടത്?
- മകന്റെ കുട്ടിക്കാലത്തെ അവസ്ഥകൾ ഉമ്മ മകനെ ബോധ്യപ്പെടുത്തിയതെങ്ങനെയാണ്?

- ഇങ്ങനെയായിരുന്നില്ലേ നിങ്ങളുടെ അവസ്ഥയും?
- ഉമ്മ നിങ്ങൾക്കു ചെയ്തുതന്ന വിധത്തിൽ അങ്ങോട്ടും സഹായം ചെയ്യാൻ കഴിയുമോ?
- മാതാപിതാക്കളെ എങ്ങനെയെല്ലാമാണു സേവിക്കേണ്ടത്?

ചോദ്യങ്ങളിലൂടെ, ചർച്ചയിലൂടെ കഥയുടെ കേന്ദ്രാശയം കുട്ടികളെ ബോധ്യപ്പെടുത്തുന്നു.

## കണ്ടെത്താം TB

ആവശ്യബോധത്തോടെ കുട്ടികൾ വീണ്ടും പാഠഭാഗം വായിക്കാനും ഉത്തരം കണ്ടെത്താനുമുള്ള പ്രവർത്തനമാണിത്.

ഓരോ ചോദ്യവും കുട്ടികൾ നോട്ടുബുക്കിൽ എഴുതി അവയുടെ ഉത്തരം പാഠഭാഗത്തുനിന്നു കണ്ടെത്തി വ്യക്തിഗതമായി എഴുതട്ടെ. എഴുതിയ ഉത്തരം പരസ്പരം കൈമാറി വിലയിരുത്തട്ടെ. ഏതാനും കുട്ടികൾ ചോദ്യങ്ങളും ഉത്തരങ്ങളും ക്ലാസിൽ വായിച്ചു കേൾപ്പിക്കട്ടെ.

പാഠഭാഗത്തെ വരികൾ അതേ വിധത്തിൽ പകർത്തിയെഴുതുകയല്ല വേണ്ടത്; ഗ്രഹിച്ച ആശയം സ്വന്തം വാക്യത്തിലെഴുതണം. കുട്ടികൾ വായിച്ചു കേൾപ്പിക്കുമ്പോൾ ഈ കാര്യം വ്യക്തമാക്കണം.

## അനുഭവക്കുറിപ്പ് തയ്യാറാക്കം (TB)

ജീവിതാനുഭവങ്ങൾ ലഘുകുറിപ്പായി എഴുതാൻ കുട്ടികളെ പ്രാപ്തരാക്കുന്ന പ്രവർത്തനമാണിത്.

മാതാവുമായി ബന്ധപ്പെട്ട് മനസ്സിൽ തട്ടിയ ഒരനുഭവം എഴുതണം.

സ്വന്തം മാതാവുമായി ബന്ധപ്പെട്ട ഒരനുഭവം ടീച്ചർ ക്ലാസിൽ വിവരിച്ചു കേൾപ്പിക്കുന്നു. കുട്ടികൾ മനസ്സിൽ തട്ടിയ ഒരനുഭവം വിവരിച്ചെഴുതട്ടെ.

അനുഭവക്കുറിപ്പ് ഗ്രൂപ്പിൽ കൈമാറി വായിക്കുന്നു.

ഓരോ ഗ്രൂപ്പും മികച്ചത് ക്ലാസിൽ അവതരിപ്പിക്കുന്നു.

സ്വന്തം അനുഭവം മെച്ചപ്പെടുത്താനുള്ള അവസരം നൽകുന്നു.

## അർത്ഥവ്യത്യാസം തിരിച്ചറിയാം (TB)

ചിഹ്നങ്ങൾ ചേർക്കുമ്പോൾ വാക്യത്തിന്റെ അർത്ഥത്തിൽ വരുന്ന മാറ്റം തിരിച്ചറിയാനുള്ള പ്രവർത്തനമാണിത്.

ആദ്യരണ്ടു വാക്യങ്ങളിൽ ചോദ്യചിഹ്നവും അത്ഭുതചിഹ്നവും വരുത്തുന്ന മാറ്റം ആ പദങ്ങളുടെ വായനയിലൂടെ തിരിച്ചറിയാൻ ശ്രമിക്കട്ടെ.

തുടർന്നുള്ള രണ്ടു വാക്യങ്ങളിൽ ആദ്യത്തേത് പ്രസ്താവനയും രണ്ടാമത്തേത് ചോദ്യവുമാണ്.

ആശയം ധ്വനിപ്പിക്കുന്ന വിധം ടീച്ചർ ഈ വാക്യങ്ങൾ വായിക്കുന്നു. കുട്ടികൾ മാറ്റങ്ങൾ തിരിച്ചറിയുന്നു.

സമാനമായ വാക്യങ്ങൾ കുട്ടികൾ കണ്ടെത്തി പറയട്ടെ.

## ശരിയായ പദമേത്? (TB)

ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും തെറ്റുവരാൻ സാധ്യതയുള്ള ഏതാനും പദങ്ങളാണ് നൽകിയിരിക്കുന്നത്. ശരിയായ പദം കുട്ടികൾ കണ്ടെത്തട്ടെ. ടീച്ചർ വിലയിരുത്തുകയും കൂടുതൽ ഉദാഹരണങ്ങൾ നൽകുകയും വേണം.

| | | |
|---|---|---|
| ഉദാ : വില - വെല | സന്തോഷം - സന്തോശം | വൈരം - വൈര്യം |
| ഇല - എല | ആശ്വാസം - ആസ്വാസം | |

ഇതിനോടു ചേർത്തു നൽകാവുന്ന പ്രവർത്തനമാണ് വർക്കുബുക്കിലെ അർത്ഥവ്യത്യാസം കണ്ടെത്തുക എന്നത്.

## അർത്ഥവ്യത്യാസം കണ്ടെത്തുക (WB)

തെറ്റായി ഉച്ചരിക്കുകയും എഴുതുകയും ചെയ്യാറുള്ള പദങ്ങളെക്കുറിച്ചുള്ള തിരിച്ചറിവിനോടൊപ്പം തെറ്റായി പല സന്ദർഭങ്ങളിലും ഉപയോഗിക്കാറുള്ള പദങ്ങളെക്കുറിച്ചുള്ള തിരിച്ചറിവും കുട്ടികൾ ആർജ്ജിക്കേണ്ടതുണ്ട്. ഭാഷാപരമായ അറിവുള്ളവർ പോലും തെറ്റായി പ്രയോഗിക്കുന്ന ചില പദങ്ങൾ നൽകിയിരിക്കുന്നു.

- ഉദ്ദേശ്യം = ലക്ഷ്യം • ക്ഷണണം = മരണം
- ഉദ്ദേശം = ഏകദേശം ക്ഷണം = ക്ഷണിക്കൽ

അർത്ഥവ്യത്യാസം കുട്ടികൾ നിഘണ്ടുനോക്കി കണ്ടെത്തട്ടെ.

## വായിക്കാം, ഉത്തരമെഴുതാം (WB)

അമ്മയെക്കുറിച്ചുള്ള ഒരു ഖണ്ഡികയാണ് അധികവായനയ്ക്ക് നൽകിയിരിക്കുന്നത്. മജീഷ്യൻ ഗോപിനാഥ് മുതുകാടിന്റെ കൃതിയിൽ നിന്നെടുത്ത ഭാഗമാണ്. കുട്ടികൾ ആ ഭാഗം വ്യക്തിഗതമായി വായിച്ച് ഉത്തരം കണ്ടെത്തി എഴുതട്ടെ. ഹോംവർക്കായി നൽകാം.

## ഡയറിക്കുറിപ്പ്

ഡയറി എഴുതുന്ന രീതിയും അതിന്റെ ഘടനയും മനസ്സിലാക്കാനുള്ള പ്രവർത്തനമാണിത്. മുൻക്ലാസുകളിൽ ഈ പ്രവർത്തനം കുട്ടികൾ പരിചയപ്പെട്ടിട്ടുണ്ട്. അപ്പർപ്രൈമറി തലത്തിൽ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ഡയറി എഴുതാൻ പരിശീലിക്കണം.

ഉമ്മ നൽകിയ സേവനത്തിനൊന്നും അർഹമായ പ്രത്യുപകാരം നൽകാൻ സാധ്യമല്ലെന്നു മനസ്സിലാക്കിയ ദിവസം മകൻ എഴുതുന്ന ഡയറിയാണ് സങ്കല്പിച്ചെഴുതേണ്ടത്.

എന്തൊക്കെയായിരിക്കും മകന്റെ മനസ്സിൽ അപ്പോഴത്തെ വിചാരങ്ങൾ?

മകനു ലഭിച്ച തിരിച്ചറിവുകൾ എന്തൊക്കെയാണ്?

ചർച്ചയ്ക്കു ശേഷം ഡയറിയുടെ മാനദണ്ഡങ്ങൾ പാലിച്ച് കുട്ടികൾ എഴുതട്ടെ.

| |
|---|
| ഡയറി എങ്ങനെ എഴുതിത്തുടങ്ങണം? |
| എന്തൊക്കെ ഉൾപ്പെടുത്തണം? |
| എങ്ങനെയാണ് അവസാനിപ്പിക്കേണ്ടത് ? |
| ചർച്ചയിലൂടെ ഡയറി എഴുതുന്ന രൂപം മനസ്സിലാക്കണം. |

വ്യക്തിഗതമായി എഴുതിയ കുറിപ്പ് ഗ്രൂപ്പിൽ കൈമാറി വായിക്കട്ടെ.

- കൂട്ടുകാർ എഴുതിയതുപോലെയാണോ ഞാനും എഴുതിയത്?
- വല്ലതും വിട്ടുപോയിട്ടുണ്ടോ?
- എന്തെല്ലാം മാറ്റങ്ങളാണ് ഇനി വരുത്താനുള്ളത്?
  ഓരോരുത്തരും ചിന്തിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തട്ടെ.
  എഴുതി പൂർത്തിയാക്കിയ ചില രചനകൾ ക്ലാസിൽ വായിച്ച്
  പൊതുവായി ചർച്ച ചെയ്യുന്നു.
- രചനകളിൽ വല്ല മാറ്റങ്ങളും ആവശ്യമുണ്ടോ?

കുട്ടികൾ അഭിപ്രായങ്ങൾ പറയട്ടെ. പോരായ്മകൾ ഉണ്ടെങ്കിൽ ടീച്ചർ ചൂണ്ടിക്കാട്ടണം.

മാറ്റം വരുത്താൻ അവസരം നൽകണം. എല്ലാ കുട്ടികളുടെയും ഡയറിക്കുറിപ്പുകൾ ടീച്ചർ വിലയിരുത്തണം.

പൊതുവായി കണ്ടെത്തിയ അപാകതകൾ ക്ലാസിൽ ചർച്ച ചെയ്യണം.

- ഉള്ളടക്കത്തിലെ പോരായ്മകൾ
- തുടക്കത്തിലും ഒടുക്കത്തിലും വരുത്തേണ്ട മാറ്റം
- ആത്മാംശത്തിന്റെ പ്രാധാന്യം
- വാക്യഘടനയിലെ തെറ്റുകൾ തുടങ്ങിയവ ചർച്ചയ്ക്കു വിധേയമാക്കണം.

## അടിവരയിട്ട പദം ഉൾപ്പെടുത്തി മറ്റൊരു വാക്യം എഴുതുക (WB)

- സുഖസുഷുപ്തി
- പ്രത്യുപകാരം
- അസഹിഷ്ണുത എന്നീ പദങ്ങളുടെ അർത്ഥം വാക്യങ്ങൾ വായിച്ച് ഊഹിച്ചെടുക്കട്ടെ.

അർത്ഥത്തിൽ അവ്യക്തതയുണ്ടെങ്കിൽ ചർച്ചയിലൂടെ വ്യക്തത വരുത്താൻ ടീച്ചർ ശ്രദ്ധിക്കണം.

വ്യക്തിഗതമായി രചിച്ച വാക്യങ്ങൾ ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തട്ടെ.

ഓരോ ഗ്രൂപ്പും മെച്ചപ്പെട്ട ഓരോ വാക്യം അവതരിപ്പിക്കട്ടെ.

ഓരോ വാക്യാവതരണത്തിനു ശേഷവും ചർച്ച ചെയ്യാം.

- അനുയോജ്യമായ വിധത്തിലാണോ വാക്യരചന നടത്തിയത്?
- പദത്തിന്റെ ശരിയായ അർത്ഥം ഉൾക്കൊണ്ടിട്ടുണ്ടോ?
- വാക്യം പൂർണ്ണമാണോ?
- വ്യക്തമായ ആശയം ഉൾക്കൊള്ളുന്നതാണോ?

മെച്ചപ്പെടുത്തി എഴുതിയ ശേഷം ടീച്ചർ വിലയിരുത്തണം.

## അക്ഷരങ്ങളെ പരിചയപ്പെടാം

മലയാള അക്ഷരമാല ആദ്യം മുതൽ അവസാനം വരെ പറയാമോ? കുട്ടികൾ പറഞ്ഞുനോക്കട്ടെ.

അക്ഷരങ്ങളെ സ്വരാക്ഷരങ്ങൾ എന്നും വ്യഞ്ജനാക്ഷരങ്ങൾ എന്നും കുട്ടികൾ വേർതിരിച്ചു പഠിച്ചിട്ടുണ്ടാവും. സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരങ്ങളും കുട്ടികൾ വേർതിരിച്ചെഴുതട്ടെ.

വ്യഞ്ജനാക്ഷരങ്ങൾ, 'വർഗാക്ഷരങ്ങൾ' എന്നും 'മധ്യമങ്ങൾ' എന്നും 'ഊഷ്മാവ്' എന്നും മൂന്നു വിഭാഗമുണ്ടെന്നു പരിചയപ്പെടുത്തണം. അവ രേഖപ്പെടുത്തിയ ചാർട്ട് ടീച്ചർ കാണിക്കുന്നു. തുടർന്ന് വർഗാക്ഷരങ്ങൾ താഴെ കൊടുത്ത പട്ടികപ്രകാരം അഞ്ചായി തിരിയുന്നു എന്നു വ്യക്തമാക്കിക്കൊടുക്കണം.

| ഖരം | അതിഖരം | മൃദു | ഘോഷം | അനുനാസികം |
|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ |
| ച | ഛ | ജ | ഝ | ഞ |
| ട | ഠ | ഡ | ഢ | ണ |
| ത | ഥ | ദ | ധ | ന |
| പ | ഫ | ബ | ഭ | മ |

മധ്യമങ്ങൾ : യ, ര, ല, വ, ഴ, റ, ള

ഊഷ്മാക്കൾ : ശ, ഷ, സ, ഹ

## ലിപി

ഓരോ അക്ഷരത്തിനും ഉച്ചാരണം, ലിപി എന്നു രണ്ടു ഭാഗങ്ങളുണ്ട്.

അക്ഷരങ്ങളുടെ 'ശരീരം' ലിപിയും 'ആത്മാവ്' ഉച്ചാരണവുമാണ്. 'ലിപി' അക്ഷരങ്ങൾ എഴുതുന്ന രേഖയാണെന്നു പറയാം.

## വർണ്ണങ്ങൾ

ഒരു അക്ഷരത്തിന്റെ അവിഭാജ്യ ഘടകങ്ങൾക്കാണു 'വർണം' എന്നു പറയുന്നത്. അക്ഷരങ്ങളെ വർണങ്ങളായി തിരിച്ചിരിക്കുന്നത് പാഠപുസ്തകത്തിൽ പട്ടികയായി നൽകിയിട്ടുണ്ട്. അത് ശ്രദ്ധിക്കുക.

## അനുസ്വാരം

'അം' എന്ന വർണത്തിന്നാണ് അനുസ്വാരം എന്നു പറയുന്നത്.

## സംവൃതോകാരം

കാട്, വീട്, കൂട് മുതലായ പദങ്ങളുടെ ഒടുവിലുള്ള സ്വരത്തിന് സംവൃതോകാരം എന്നു പറയുന്നു.

## കൂട്ടക്ഷരം

ഒന്നിൽ കൂടുതൽ വ്യഞ്ജനങ്ങളോട് സ്വരം ചേർന്നുണ്ടാകുന്ന അക്ഷരങ്ങൾക്ക് കൂട്ടക്ഷരം എന്നു പറയുന്നു.

ഉദാഹരണം : ക് + ക്+ അ = ക്ക

സ് + ത് +റ് + ഈ = സ്ത്രീ

ശ് + ച് +അ = ശ്ച

പദങ്ങളെയും വാക്യങ്ങളെയും ഈ വിധം വർണങ്ങളാക്കിത്തിരിക്കുന്നതിൽ കുട്ടികൾക്കു സാമാന്യ

ബോധം ഉണ്ടാവേണ്ടതുണ്ട്. സന്ധികളെക്കുറിച്ചു പഠിക്കുമ്പോൾ ഈ ബോധം അനിവാര്യമായി വരും. അതുകൊണ്ട് പദങ്ങൾ വർണ്ണങ്ങളാക്കിത്തിരിക്കുന്നതിൽ പരിശീലനം ആവശ്യമാണ്.

ഏതാനും പദങ്ങളും വാക്യങ്ങളും വർണ്ണങ്ങളാക്കിത്തിരിച്ചതു ശ്രദ്ധിക്കുക.

പേന - പ് + ഏ + ന് + അ

വൃക്ഷം - വ് +ഋ+ ക്+ഷ് + അം

മലയാളം - മ്+അ+ല്+അ+യ്+ആ+ള്+അം

ദംഷ്ട്രകൾ - ദ്+അ+മ്+ഷ്+ട്+റ്+അ+ക്+അ+ള്

അഞ്ജുവിന് പൂ ഇഷ്ടമാണ് : അ+ഞ്+ജ്+ഉ + വ്+ഇ+ന്+ഉ + പ്+ഊ+

ഇ+ഷ്+ട്+അ+മ്+ആ+ണ്+ഉ്

ഇന്ത്യ എന്റെ രാജ്യമാണ് : ഇ+ന്+ത്+യ

എ+ൻ+റെ+ര്+ആ+ജ്+യ്+അ+മ്+ആ+ണ്+ഉ്

# പാഠം – 7
# അമ്മക്കാക്ക

സൗന്ദര്യമോ പ്രൗഢിയോ മറ്റു ശാരീരികമോ സാമ്പത്തികമോ ആയ മികവുകളോ ഒന്നുമല്ല മാതാവിനോടുള്ള സ്നേഹത്തിനു മാനദണ്ഡം; നൈസർഗികമായി ഓരോ മനസ്സിലുമുണ്ടാവുന്ന അഗാധമായ സ്നേഹമാണതിനു നിദാനം. 'കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്' എന്നു പറയുന്നതുപോലെ 'കാക്കക്കുഞ്ഞിനും തന്നമ്മ പൊന്നമ്മ' തന്നെയാണ്. അങ്ങനെയാവുകയും വേണം. വളർന്നു വലുതായി പുറംലോകത്തെ വർണ്ണപ്പൊലിമകളും സൗന്ദര്യങ്ങളും കാണുമ്പോൾ സ്വന്തം അമ്മയുടെ ന്യൂനതകൾ ചികഞ്ഞെടുക്കുകയും ഉന്നതാവസ്ഥയിലെത്തുമ്പോൾ സ്വന്തം മാതാപിതാക്കളെ അപരിഷ്കൃതരായി കാണുകയും അവർ തന്റെ അന്തസ്സിനു യോജിച്ചവരല്ലെന്നു കണ്ടെത്തുകയും ചെയ്യുന്ന ദുഷ്ടബുദ്ധി വ്യാപകമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് പഠനാർഹമായൊരു സന്ദേശം നൽകുന്ന കവിതയാണ് ഒ. എൻ.വി കുറുപ്പിന്റെ അമ്മക്കാക്ക.

ബാഹ്യ സൗന്ദര്യമല്ല പ്രധാനമൊന്നും ഓരോരുത്തരുടെയും നല്ല മനോഭാവവും നല്ല കർമ്മങ്ങളുമാണ് ജനമനസ്സിലവർക്കു സ്ഥാനം നേടിക്കൊടുക്കുന്നതെന്നുമുള്ള ആശയവും ഈ കവിതയ്ക്കുണ്ട്. ഏതവസ്ഥയിലും മാതാപിതാക്കളുടെ മഹത്വം ഉൾക്കൊള്ളാനും ആദരവോടെ അവരെ കാണാനും അവർക്കു സേവനം ചെയ്യാനും കുട്ടികളുടെ മനസ്സിൽ ബോധമുണർത്താൻ പാഠഭാഗം പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

കവിതകൾ വായിച്ച് ആശയമുൾക്കൊള്ളുന്നതിനും സമാനവിഷയത്തിലുള്ള കവിതകൾ കണ്ടെത്തുന്നതിനും കവിത രചിക്കുന്നതിനും ഊന്നൽ നൽകിക്കൊണ്ടായിരിക്കണം പാഠഭാഗത്തെ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്.

## പാഠാവതരണം

സൃഹൃദ സംഭാഷണത്തിലൂടെ ആരംഭിക്കാം.

- പക്ഷികളെ ശ്രദ്ധിക്കാറുണ്ടോ നിങ്ങൾ?
- ഏതെല്ലാം പക്ഷികളെയാണ് നിങ്ങൾ ദിവസവും കാണാറുള്ളത്?
- അവയുടെയൊക്കെ പേരറിയാമോ?
- ഏതു പക്ഷിയോടാണു നിങ്ങൾക്കിഷ്ടം?
- നമ്മുടെ വീടിന്റെ മുറ്റത്തും പരിസരത്തും ധാരാളമായി കാണുന്ന പക്ഷിയേതാണ്?

കുട്ടികൾ 'കാക്ക' എന്ന ഉത്തരത്തിലേക്കെത്തുന്നു. ഇല്ലെങ്കിൽ സൂചനകളിലൂടെ കാക്കയിലേക്കു ശ്രദ്ധ കേന്ദ്രീകരിക്കാം.

കാക്കയെ നിങ്ങൾക്കിഷ്ടമാണോ?

ഉണ്ട് / ഇല്ല – എന്തു മറുപടിയാണെങ്കിലും കാരണമന്വേഷിക്കാം. കുട്ടികൾ സ്വതന്ത്രമായി അഭിപ്രായങ്ങൾ പ്രകടിപ്പിക്കട്ടെ.

'കാക്കയെ ഇഷ്ടപ്പെടുന്ന ഒരു കുട്ടിയെ പരിചയപ്പെടാം' എന്ന ആമുഖത്തോടെ കവിത വായിക്കാൻ നിർദ്ദേശിക്കാം.

കുട്ടികൾ വ്യക്തിഗതമായി 'അമ്മക്കാക്ക' എന്ന പാഠഭാഗം വായിക്കുന്നു.

ആദ്യവായനയിൽ ആശയ ഗ്രഹണം എത്രത്തോളം നടന്നുവെന്നറിയാൻ ചില ചോദ്യങ്ങൾ ചോദിക്കാം.

- കവിതയിൽ പരാമർശിച്ച പക്ഷികൾ ഏതെല്ലാം?
- കാക്കയെയാണു തനിക്കിഷ്ടമെന്നു പറഞ്ഞ കുട്ടിയുടെ പ്രകൃതമെന്താണ്?
- കാക്കയെയാണിഷ്ടമെന്നു പറഞ്ഞപ്പോൾ മറ്റു കുട്ടികൾ എന്താണു ചെയ്തത്?
- എന്തുകൊണ്ടാണ് ആ കുട്ടി കാക്കയെ ഇഷ്ടപ്പെടുന്നത്?

## ഈണം കണ്ടെത്താം, കവിത ചൊല്ലാം (TB)

ഗ്രൂപ്പുകളിൽ കവിതയ്ക്ക് ഈണം കണ്ടെത്തുന്നു.

ഓരോ ഗ്രൂപ്പും വ്യത്യസ്ത ഈണങ്ങൾ കണ്ടെത്താൻ ടീച്ചർ ഇടപെടണം.

ഗ്രൂപ്പുകളായി കവിത അവതരിപ്പിക്കുന്നു.

ഏതു ഗ്രൂപ്പാണ് ഏറ്റവും നന്നായി കവിത ചൊല്ലിയത് എന്നുകുട്ടികൾ വിലയിരുത്തട്ടെ.

ആശയവ്യക്തത, അക്ഷരസ്ഫുടത, ഭാവം, താളം എന്നിവ വിലയിരുത്തൽ സൂചകങ്ങളായി പരിഗണിക്കണം.

## എത്ര പക്ഷികൾ? (TB)

കവിതയിൽ പരാമർശിച്ച പക്ഷികളുടെ പേരുകൾ കുട്ടികൾ എടുത്തെഴുതട്ടെ.

## അനുകരിക്കാം (TB)

ആവണിപ്പാടം എന്ന കവിതയിലെ കിളികളുടെ ഭാവങ്ങൾ വളരെ വ്യക്തമാണ്. അതു മനസ്സിലാക്കി അനുകരിക്കാം. ഒപ്പം പാഠഭാഗത്തു പരാമർശിച്ച കിളികളുടെ ചേഷ്ടകളും അനുകരിക്കട്ടെ.

**ഒ. എൻ. വി കുറുപ്പിന്റെ 'ആവണിപ്പാടം' എന്ന കവിത കുട്ടികളെ കേൾപ്പിക്കാം**

ആവണിപ്പാടം കുളിച്ചുതോർത്തീ മുടി-
യാകെ വിടർത്തിയുലർത്തി നിന്നൂ
പെറ്റെഴുന്നേറ്റു വേതിട്ടു കുളിച്ചൊരു
പെൺമണിയെപ്പോൾ തെളിഞ്ഞുനിന്നൂ
ആയമ്മയെ കാണാനക്കരെയിക്കരെ-
ആ വഴിയീവഴിയാരു വന്നൂ
ഓരോരോ പായാരം തങ്ങളിൽ ചൊല്ലി-
ഒരായിരം കിളിയൊത്തു വന്നൂ
കുഞ്ഞിനു തീറ്റകൊടുത്തു കൊണ്ടേ, ചിലർ
കുട്ട്യോളെ കൂടെ നടത്തിക്കൊണ്ടേ
ചുണ്ടുമുറുക്കിച്ചുവന്നുകൊണ്ടേ ഉടു—
മുണ്ടു മുട്ടോളവുമേറ്റിക്കൊണ്ടേ
ഉതിർമണിയൊന്നു കൊറിച്ചു കൊണ്ടേ, കൈകൾ
ഊഞ്ഞാലായത്തിൽ വീശിക്കൊണ്ടേ
ചളി വരമ്പത്തൊന്നു വഴുതിക്കൊണ്ടേ - ചിലർ
മഴവെള്ളച്ചാലുകൾ നീന്തിക്കൊണ്ടേ
ഓരോരോ പായാരം തങ്ങളിൽ ചൊല്ലീ
ഓരായിരം കിളിയൊത്തു വന്നൂ.

## പൊരുൾ കണ്ടെത്താം (TB)

കാക്കയെന്നമ്മയെപ്പോലെ .......

- കുട്ടികാക്ക തന്റെ അമ്മയെപ്പോലെയാണെന്നു പറഞ്ഞതിന്റെ പൊരുളെന്താണ് ?
- കാക്കയുടെ ആകൃതിയാണോ അമ്മയ്ക്ക്? അല്ലല്ലോ. പിന്നെയെന്തു സാമ്യമാണ് അമ്മയും കാക്കയും തമ്മിൽ?

  കാക്കയുടെ നിറമാവാം അമ്മയ്ക്ക്.
- മറ്റെന്തെല്ലാം സാദൃശ്യമാണുള്ളത് ?

  കാക്ക വൃത്തിയുള്ള ജീവിയാണെന്നും മാലിന്യങ്ങൾ കൊത്തിയെടുത്ത് പരിസരം വൃത്തിയാക്കാറുണ്ടെന്നും കേട്ടിട്ടുണ്ടല്ലോ. ഇക്കാര്യത്തിൽ അമ്മയുമായി സാമ്യമുണ്ടോ?

കുട്ടികളുടെ അഭിപ്രായങ്ങളിൽ നിന്ന് ടീച്ചർ ക്രോഡീകരിക്കുന്നു:

- അമ്മ അയൽവീടുകളിലെ പാത്രങ്ങൾ കഴുകി വൃത്തിയാക്കുന്നു.
- മുറ്റം അടിച്ചുവാരി തളിച്ചു വൃത്തിയാക്കുന്നു.

- അവിടത്തെ ഭക്ഷണത്തിന്റെ അവശിഷ്ടങ്ങൾ കൊണ്ടുവന്നു തന്റെ കുഞ്ഞിനു കൊടുക്കുന്നു.
- ദരിദ്രയും സൗന്ദര്യമില്ലാത്തവളുമായതുകൊണ്ട് കാക്കയെ ജനങ്ങൾ വെറുക്കുന്നതുപോലെ അമ്മയെയും വെറുക്കുന്നു.

ഇങ്ങനെ അമ്മയും കാക്കയും തമ്മിൽ ചില കാര്യങ്ങളിൽ സാമ്യമുണ്ട് !

ചർച്ചയിൽ വ്യക്തമായ വസ്തുതകൾ ഉൾപ്പെടുത്തി കുട്ടികൾ കുറിപ്പ് തയ്യാറാക്കട്ടെ.

വ്യക്തിഗതമായി എഴുതിയ കുറിപ്പ് പരസ്പരം കൈമാറി മെച്ചപ്പെടുത്തട്ടെ.

**ടീച്ചർ വിലയിരുത്തണം.**

## താരതമ്യക്കുറിപ്പ് തയ്യാറാക്കാം TB

കൂരിരുട്ടിന്റെ കിടാത്തിയെന്നാൽ .........

കാക്കയെ കൂരിരുട്ടിന്റെ കിടാത്തി എന്നു വൈലോപ്പിള്ളി വിശേഷിപ്പിച്ചിരിക്കുന്നു. കറുകറുത്ത നിറമാണുദ്ദേശ്യം. നിറം കറുപ്പെങ്കിലും സൂര്യപ്രകാശത്തെ ഏറെ ഇഷ്ടപ്പെടുന്നു കാക്ക. പ്രഭാതവെളിച്ചം പരക്കുന്നതിനു മുമ്പെയുണർന്നു ശബ്ദമുണ്ടാക്കി എല്ലാവരെയും വിളിച്ചുണർത്തുന്നു.

മാലിന്യങ്ങൾ കൊത്തിവലിക്കുമെങ്കിലും നല്ല വൃത്തിയും വെടിപ്പും കാത്തു സൂക്ഷിക്കുന്നു കാക്ക. പ്രകൃതിയിലെ തോട്ടിപ്പണിക്കാരൻ എന്നു കാക്കയെ വിശേഷിപ്പിക്കാറുണ്ടല്ലോ. കാക്ക കുളിക്കാറുണ്ട്, മുടി ചീകാറുണ്ട് !

അമ്മക്കാക്ക എന്ന കവിതയിലെ ഏതു വരികളോടാണ് ഈ വരികൾക്കു സമാനതയുള്ളത്? കുട്ടികൾ കണ്ടെത്തട്ടെ..

കാക്കയെന്നമ്മയെപ്പോലെ...

അമ്മയുടെ പ്രവർത്തനങ്ങൾ നേരത്തെ വിശകലനം ചെയ്തു കഴിഞ്ഞിട്ടുണ്ട്. അതുമായി താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കട്ടെ.

ഗ്രൂപ്പിൽ ചർച്ച ചെയ്തു മെച്ചപ്പെടുത്തട്ടെ. ടീച്ചർ വിലയിരുത്തണം.

## പൊരുൾ കണ്ടെത്തി എഴുതുക (WB)

'മഞ്ഞക്കിളിയെ കണി കണ്ടാലന്നു മധുരം നുണയാനവസരമുണ്ടാവും' എന്നൊരു ചൊല്ല് ചില പ്രദേശങ്ങളിലുണ്ട്. അടിസ്ഥാനമൊന്നുമില്ലെങ്കിലും ഇത്തരം വിശ്വാസങ്ങൾ ഇന്നും നിലനിൽക്കുന്നു; കാക്കയുടെ വിരുന്നു വിളിപോലെ. ആ വിശ്വാസമാണ് കുട്ടികൾ പ്രകടമാക്കിയത്.

## പഴഞ്ചൊല്ലുകൾ ശേഖരിക്കാം (WB)

കുട്ടികൾ അന്വേഷിച്ചു കണ്ടെത്തട്ടെ. പല പ്രദേശത്തും വ്യത്യസ്തമായ ചൊല്ലുകളുണ്ട്.

- കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്.
- അരിയെറിഞ്ഞാൽ ആയിരം കാക്ക
- ആലിൻകായ് പഴുത്തപ്പോൾ കാക്കയ്ക്കു വായിൽ പുണ്ണ്.
- ഏകാദശി നോറ്റ കാവതിക്കാക്ക.

## പര്യായപദങ്ങൾ എഴുതുക (WB)

ഒരേ അർത്ഥമുള്ള വ്യത്യസ്ത പദങ്ങളുണ്ടാവും. പര്യായങ്ങൾ എന്നു പറയുന്നത് അത്തരം പദങ്ങൾക്കാണ്. ഭാഷാ വ്യവഹാരത്തിൽ ആവശ്യ സന്ദർഭങ്ങളിൽ ഉചിതമായ പദങ്ങൾ ചേർക്കണമെങ്കിൽ ധാരാളം പദസമ്പത്ത് ആവശ്യമാണ്. പര്യായപദങ്ങൾ പഠിച്ചാൽ ഭാഷ അനായാസം ആകർഷകമായി സംസാരിക്കാനും എഴുതാനും കഴിയും.

കാക്ക :- അരിഷ്ടം. ചിരഞ്ജീവി, കാകൻ
കുയിൽ :- കോകിലം, മണികണ്ഠം, പികം
തത്ത :- ശുകം, കീരം, കൈതാരം
മയിൽ :- മയൂരം, കേകി, നീലകണ്ഠം
പക്ഷി :- പറവ, ഖഗം, വിഹഗം, വിഹംഗം

## കവിത രചിക്കാം (TB)

പക്ഷികളെക്കുറിച്ചു ക്ലാസിൽ വിശദമായ ചർച്ച നടന്നിട്ടുണ്ട്. അതിൽനിന്നു കുട്ടികൾ ആർജ്ജിച്ച അറിവിന്റെ അടിസ്ഥാനത്തിൽ കവിത രചിക്കാൻ ശ്രമിക്കട്ടെ.

**രചിച്ച വരികൾ ഗ്രൂപ്പിൽ അവതരിപ്പിക്കട്ടെ.**

അതിൽ നിന്ന് മികച്ച കവിതകൾ കണ്ടെത്തി
ക്ലാസിൽ അവതരിപ്പിക്കുന്നു.
ചർച്ച ചെയ്തു മെച്ചപ്പെടുത്തുന്നു.
കവിതകൾ ഒരു പതിപ്പാക്കാം.

| **കവിത** |
| --- |
| വിലയിരുത്തൽ സൂചകങ്ങൾ. ആശയമുണ്ട്, ഭാവനയുണ്ട്, ഉചിതമായ പദ പ്രയോഗങ്ങൾ, താളം, പദവിന്യാസരീതി, വർണ്ണനകൾ, കാവ്യാത്മക പ്രയോഗങ്ങൾ. |

## ഇഷ്ടപ്പെട്ട വരികളേത്? (WB)

കവിതയിലെ ഇഷ്ടപ്പെട്ട വരികൾ എന്നു പറയുമ്പോൾ ഏതെങ്കിലും രണ്ടുവരി എഴുതിയാൽ പോര; ആ വരികളുടെ ആശയവും സവിശേഷതയും കുട്ടി മനസ്സിലാക്കിയിരിക്കണം. ഇഷ്ടപ്പെടാനുള്ള കാരണം വ്യക്തമാക്കാൻ കഴിയണം. കുട്ടികൾ വ്യക്തിഗതമായി ഈ പ്രവർത്തനം നിർവഹിക്കട്ടെ. ഹോം വർക്കായി നൽകാം.

**ടീച്ചർ വിലയിരുത്തണം.**

## കവിയെക്കുറിച്ചെഴുതാം (WB)

പുസ്തകാവസാനത്തിൽ നൽകിയ 'സാഹിത്യകാരന്മാരെ പരിചയപ്പെടാം' എന്ന ഭാഗത്തുനിന്ന് ആവശ്യമായ വിവരങ്ങൾ കണ്ടെത്തട്ടെ. കൂടുതൽ വിവരങ്ങൾ അന്വേഷിച്ചറിഞ്ഞ് കവിയുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കാം. ടീച്ചർ വിലയിരുത്തണം.

## കാക്കക്കവിതകൾ ശേഖരിക്കാം (TB)

കുട്ടികൾ സ്വയം കണ്ടെത്തേണ്ട പ്രവർത്തനമാണിത്. അവർ അന്വേഷിച്ചു കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കട്ടെ.

| **ടീച്ചർ വേർഷൻ** |
| --- |
| കാക്കയും കുയിലും പറന്നിരുന്നു.<br>മാമരക്കൊമ്പിൽ, കഥ തുടർന്നു<br>കാക്ക മരക്കൊമ്പിൽ കൂട് കെട്ടി<br>കുയിലൊളിഞ്ഞാകൂട്ടിൽ മുട്ടയിട്ടു |

## പദങ്ങൾ വേർതിരിച്ചെഴുതുക (WB)

മാതൃക കൊടുത്തിട്ടുണ്ട്. ആശയം വ്യക്തമാകും വിധം വിഗ്രഹിച്ചെഴുതട്ടെ. ഇത്തരത്തിലുള്ള പദങ്ങൾ ഉൾക്കൊള്ളുന്ന ആശയം സ്വയം കണ്ടെത്താനും പദങ്ങൾ സമാസിച്ചെഴുതാനുമുള്ള പരിശീലനമാവണം ഈ പ്രവർത്തനം. ഒന്നോരണ്ടോ ഉദാഹരണങ്ങൾ നൽകാം. ബാക്കി പ്രവർത്തനം ഗ്രൂപ്പുകളിൽ നടക്കട്ടെ.

# യൂണിറ്റ് – 3
# മനസ്സുണർത്തും കാഴ്ചകൾ

പ്രകൃതിനിരീക്ഷണത്തിലേക്കും പ്രകൃതിഭംഗിയുടെ ആസ്വാദനത്തിലേക്കുമുള്ള ഒരു വാതായനവും പ്രകൃതി ചൂഷണത്തെക്കുറിച്ചുള്ള ബോധവത്ക്കരണവുമാണ് ഈ യൂണിറ്റ്.

**പാഠഭാഗങ്ങൾ :** 1 – കാടെവിടെ മക്കളേ (കവിത : അയ്യപ്പപ്പണിക്കർ)

2 – ആകാശം തൊടാൻ ചെമ്പ്രയിലേക്ക് (യാത്രാവിവരണം : മൈന ഉമൈബാൻ)

3 – ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന് (നോവൽ ഭാഗം :വൈക്കം മുഹമ്മദ് ബഷീർ)

4 – സ്വാഗതം കുഞ്ഞിക്കാറ്റേ (കവിത : സിസ്റ്റർ മേരിബനീഞ്ജ)

പ്രകൃതിയിലെ വൃക്ഷങ്ങളും സസ്യലതാദികളും കുന്നും വയലും കാടും മേടും പുഴയും കടലും വായുവും ജലവുമെല്ലാം അമൂല്യമാണ്. അവയിലേതെങ്കിലുമൊന്നിനു ക്ഷതം സംഭവിച്ചാൽ പകരം വയ്ക്കാൻ മറ്റൊന്നുമില്ല. അവയുടെയെല്ലാം സുസ്ഥിതിയാണ് നാം അധിവസിക്കുന്ന ഭൂഗോളത്തിന്റെ സുസ്ഥിതി. അവയുടെ അപചയം സർവനാശത്തിന്റെ തുടക്കമാണ്.

ദൗർഭാഗ്യകരമെന്നു പറയട്ടെ, മനുഷ്യസമൂഹം ഇനിയും ഈ യാഥാർത്ഥ്യം മനസ്സിലാക്കിയിട്ടില്ല. ഇതിന്റെ ഗൗരവം കണക്കിലെടുത്തിട്ടില്ല. സ്വാർത്ഥമോഹങ്ങളുടെ സാക്ഷാത്ക്കാരത്തിന്നായി നിരന്തരം ചൂഷണം ചെയ്തു നശിപ്പിച്ചു കൊണ്ടിരിക്കയാണ് നമ്മുടെ പ്രകൃതിയെ.

വൃക്ഷങ്ങൾ വെട്ടി നശിപ്പിക്കുന്നു, കുന്നുകൾ ഇടിച്ചു നിരത്തുന്നു, പാറകൾ പൊട്ടിച്ചും ചെങ്കല്ലുകൾ ഖനനം ചെയ്തും ഭൂമിയുടെ സന്തുലിതാവസ്ഥ തകർക്കുന്നു, വയലുകൾ നികത്തുന്നു, പുഴകൾ മണൽ വാരിയെടുത്ത് ഇല്ലാതാക്കുന്നു, മാരകമായ വിഷവസ്തുക്കളും കീടനാശിനികളും രാസവളങ്ങളും പ്രയോഗിച്ച് മണ്ണിന്റെ ജൈവികത നശിപ്പിക്കുന്നു, പ്രൃതിയിലെ എണ്ണമറ്റ സൂക്ഷ്മ ജീവികളെയും ചെറുജീവികളെയും കൊന്നൊടുക്കുന്നു. ഈ ഭൂമി തങ്ങളുടേതു മാത്രമാണെന്ന മനുഷ്യരുടെ വിചാരം കാരണം പ്രകൃതിയുടെ നില നില്പിന്നാധാരമായ കോടിക്കണക്കിനു ജീവജാലങ്ങളാണു നാശത്തിനു വിധേയമായിക്കൊണ്ടിരിക്കുന്നത്. ഇങ്ങനെ പോയാൽ ഈ ഭൂമി അധികകാലം നിലനിൽക്കുകയില്ലെന്നാണു ശാസ്ത്രലോകം മുന്നറിയിപ്പു നൽകുന്നത്.

മനുഷ്യൻ പ്രകൃതിയെ വേണ്ടവിധം മനസ്സിലാക്കാത്തതുകൊണ്ടാണ് ഈ കൊടും ക്രൂരതയ്ക്കു മുതിരുന്നത്. പ്രകൃതി മനുഷ്യന്റെ കൂട്ടുകാരിയാണ്; എന്നല്ല മനുഷ്യജീവിതത്തിന്റെ സുഗമമായ വളർച്ചക്കായി തല്പമൊരുക്കുന്ന അമ്മയാണ്. മനുഷ്യർക്ക് ശാരീരികവും മാനസികവുമായ ഉന്മേഷം പകരുന്ന മനോഹരിയാണ് ! പ്രകൃതിയെ ചൂഷണം ചെയ്യാതെ സൗഹൃദഭാവം പുലർത്തി ജീവിച്ചാൽ നമുക്കാവശ്യമുള്ളതൊക്കെയും പ്രകൃതി സമ്മാനിക്കും. ഗതകാല സമൂഹങ്ങളുടെ അവസ്ഥകൾ അതാണു വ്യക്തമാക്കുന്നത്. നമുക്കു ജീവിക്കാൻ ശുദ്ധവായു വേണം, ശുദ്ധവെള്ളം വേണം, നല്ല ആഹാരം വേണം... ഇവയൊന്നും കൃത്രിമമായി നമുക്കുണ്ടാക്കാനാവില്ല. പ്രകൃതിക്കു നാശം വരുത്തുമ്പോൾ ഇത്തരം അടിസ്ഥാനഘടകങ്ങളുടെ ലഭ്യത തന്നെയാണ് അവതാളത്തിലാവുന്നത്.

ഉദാഹരണമായി വൃക്ഷങ്ങൾ. വൃക്ഷങ്ങളുടെ നശീകരണം ശുദ്ധവായുവിന്റെ പ്രസാരണത്തിനു ഭംഗമുണ്ടാക്കുന്നു. ഭൂമിയിൽ ജലം പിടിച്ചുനിർത്താനുള്ള സംവിധാനം തകർക്കുന്നു. എണ്ണമറ്റ ചെറുജീവികളുടെ ആവാസവ്യവസ്ഥ തകർക്കുന്നതുവഴി മനുഷ്യജീവിതത്തിനു പലതരം ഭീഷണികൾ അഭിമുഖീകരിക്കേണ്ടിവരുന്നു. അന്തരീക്ഷതാപം ഉയർത്തുന്നു.വെള്ളത്തിന്റെ ലഭ്യത കുറയ്ക്കുന്നു. ഇങ്ങനെ എത്രയെത്ര വിനാശങ്ങൾ!

പ്രകൃതിയെ അടുത്തറിയാനുള്ള താല്പര്യം കുട്ടികളിൽ വളർന്നുവരണം. അപ്പോഴേ അതിനെ സ്നേഹിക്കാൻ കഴിയൂ. നോക്കൂ; പ്രഭാതത്തിൽ മുറ്റത്തു മഞ്ഞിൻ കണങ്ങളിൽ കുതിർന്നു നിൽക്കുന്ന കറുകപ്പുല്ലിൽപോലും ഒരു മഹാപ്രപഞ്ചം ദർശിക്കാൻ ആസ്വാദനശേഷിയുണ്ടെങ്കിൽ കഴിയും. ഒരു പൂവിൽ നിന്നു നവോന്മേഷം കണ്ടെത്താൻ സാധിക്കും. പുഴയുടെ ഒഴുക്കിലും കടലിന്റെ ഗർജ്ജനത്തിലും തടാകങ്ങളിലെ കുഞ്ഞോളങ്ങളിലും മനഃസംതൃപ്തി കണ്ടെത്താനും ദുഃഖങ്ങളെയും വേദനകളെയും അകറ്റാനും സാധിക്കും. ഇങ്ങനെ നമ്മുടെ പ്രകൃതിയെ നോക്കാനും ആസ്വദിക്കാനുമുള്ള ശേഷി വളരുമ്പോൾ പ്രകൃതിയിലെ ഒരു വസ്തുവും നശിപ്പിക്കാൻ തോന്നുകയില്ല; എന്നു മാത്രമല്ല പ്രകൃതിയുടെ സുസ്ഥിതി നിലനിർത്താനും പരിപോഷിപ്പിക്കാനും ശ്രമിക്കുകയും ചെയ്യും.

പ്രകൃതിയെ അടുത്തറിയാനും ആസ്വദിക്കാനും കുട്ടികളുടെ മനസ്സിൽ താല്പര്യം ജനിപ്പിക്കാനും പ്രകൃതിവിനാശത്തിനെതിരെയുള്ള ബോധമുണർത്താനും പര്യാപ്തമായ പാഠഭാഗങ്ങളാണ് ഈ യൂണിറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. അധ്യാപകർ ആ കാര്യങ്ങൾ സ്വയം ഉൾക്കൊണ്ടുകൊണ്ട് കുട്ടികളുടെ മനസ്സിലേക്കു സന്നിവേശിപ്പിക്കാൻ ശ്രദ്ധിക്കണം. ഭാവി അവരുടേതാണ്. ഇന്നേ അവർ ബോധമുൾക്കൊണ്ടാൽ ദുരന്തങ്ങളിൽ ചെന്നുപെടുന്നതിനുമുമ്പ് രക്ഷാമാർഗ്ഗം കണ്ടെത്താൻ കഴിയും. വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിലും അവ നശിപ്പിക്കാൻ അനുവദിക്കാതിരിക്കുന്നതിലും മറ്റും കുട്ടികളുടെ പങ്ക് ഇതിനകം വ്യക്തമായതാണല്ലോ.

## പ്രവേശക പ്രവർത്തനം

ഭൂമിയിലെ മരങ്ങളും സസ്യലതാദികളും സർവജീവജാലങ്ങൾക്കും അഭയവും ആശ്രയവുമാണ്. അവയുടെ പരിലാളനയിലും അവ നൽകുന്ന സുരക്ഷിതത്വത്തിലുമാണ് ജീവജാലങ്ങളുടെ നിലനിൽപ്. അവയ്ക്കാവശ്യമായ ആഹാരം മാത്രമല്ല, ഔഷധവും സങ്കേതവുമെല്ലാം വൃക്ഷങ്ങളും സസ്യങ്ങളുമാണല്ലോ. അസുഖം വരുമ്പോൾ നമുക്കു സുപരിചിതരായ പൂച്ചകളും നായ്ക്കളും  കോഴികൾപോലും സസ്യങ്ങളിൽ ഔഷധം കണ്ടെത്തുന്നതു ശ്രദ്ധിച്ചിട്ടില്ലേ?

ഇതര ജീവജാലങ്ങൾക്കു മാത്രമല്ല, മനുഷ്യർക്കും സർവപ്രശ്നങ്ങൾക്കുമുള്ള പരിഹാരം പ്രകൃതിയിലുണ്ട്. ഔഷധങ്ങളുടെ കലവറയാണ് സസ്യലോകം. അതിപുരാതനകാലം മുതൽ സസ്യങ്ങളുടെയും വൃക്ഷങ്ങളുടെയും ഔഷധഗുണം മനുഷ്യർ കണ്ടെത്തിയതാണ്. ഇന്നും ഈ രംഗത്ത് പുതിയപുതിയ കണ്ടുപിടിത്തങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ആധുനിക വൈദ്യശാസ്ത്രത്തിനു സുഖപ്പെടുത്താൻ കഴിയാത്ത പല രോഗങ്ങൾക്കും പ്രതിവിധി നാട്ടുചികിത്സകളിൽ കണ്ടെത്താൻ കഴിയുന്നുണ്ട്.  പാർശ്വഫലങ്ങളില്ലാത്ത ശുദ്ധമായ ഔഷധമാണ് പ്രകൃതിയിൽനിന്നു ലഭിക്കുന്നത്.

പ്രവേശകത്തിൽ നൽകിയ കുറിപ്പ് കുട്ടികൾ വായിക്കട്ടെ.

കുറിപ്പിന്റെ ആശയപ്രാധാന്യം ചർച്ച ചെയ്യാം.

- ജീവകനോട് ദക്ഷിണയായി ഗുരു ആവശ്യപ്പെട്ടതെന്താണ്?
- ആർക്കും വേണ്ടാത്ത, ഒരു ഉപയോഗവുമില്ലാത്ത ചെടി കൊണ്ടുവരാൻ ആവശ്യപ്പെട്ടതിന്റെ പൊരുളെന്താണ്?
- ജീവകൻ കണ്ടെത്തിയ സത്യമെന്ത്?

**കുട്ടികളുടെ പ്രതികരണങ്ങൾ വിലയിരുത്തി ചർച്ച ക്രോഡീകരിക്കുന്നു:**

ബിംബിസാര ചക്രവർത്തിയുടെ കൊട്ടാരം വൈദ്യനായിരുന്നു പ്രവേശക കഥയിൽ പരാമർശിച്ച ജീവകൻ. അദ്ദേഹം പഠിക്കുന്ന കാലത്തുണ്ടായ അനുഭവമാണു വിശകലനത്തിനു നൽകിയിരിക്കുന്നത്. ഗുരു തന്റെ സമർത്ഥനായ ശിഷ്യനെ പരീക്ഷിക്കുകയായിരുന്നു; താൻ പഠിപ്പിച്ച കാര്യങ്ങൾ ശിഷ്യൻ ഉൾക്കൊണ്ടിട്ടുണ്ടോ എന്ന്. പ്രകൃതിയെക്കുറിച്ചു നല്ല പരിജ്ഞാനം നേടിയ ജീവകനു പ്രകൃതിയിൽ ഒരു സസ്യം പോലും ഉപയോഗ ശൂന്യമായിട്ടില്ല എന്നു കണ്ടെത്താൻ കഴിഞ്ഞുവെന്നതാണ് പാഠം.

# പാഠം – 8
# കാടെവിടെ മക്കളേ

പരിസ്ഥിതിപ്രശ്നങ്ങൾ കേരളത്തിൽ ചില വാഗ്വാദങ്ങൾക്കു വഴിവച്ച ഒരു കാലമുണ്ടായിരുന്നു. വൃക്ഷനശീകരണം മഴ കുറയാനും ചൂടു കൂടാനും ജല ലഭ്യത കുറയാനും മറ്റും കാരണമാകും എന്നു പരിസ്ഥിതിവാദികൾ ചൂണ്ടിക്കാട്ടിയപ്പോൾ ചിലർക്കൊക്കെ അതു തമാശയായിത്തോന്നി. കാട്ടിലെ വൻ വൃക്ഷങ്ങൾ വെട്ടിക്കൊണ്ടുപോയി പണമുണ്ടാക്കാനും വലിയ അണക്കെട്ടുകൾ സ്ഥാപിച്ച് കാടിനെയും അമൂല്യവും അപൂർവ്വവുമായ സസ്യലതാദികളെയും ജീവിവർഗങ്ങളെയും ഇല്ലാതാക്കാനും വികസനത്തിന്റെ പേരിൽ തല്പരകക്ഷികൾ രംഗത്തുവന്നപ്പോൾ കേരളത്തിലെങ്ങും അത് വലിയ ചർച്ചാവിഷയമായി. ഈ ഘട്ടത്തിൽ കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയങ്ങൾക്കെതിരെയുള്ള ഒരുണർത്തുപാട്ടായി രചിക്കപ്പെട്ടതാണ് അയ്യപ്പപ്പണിക്കരുടെ ഈ കവിത.

നമ്മുടെ പ്രകൃതിവിഭവങ്ങൾ നശിപ്പിക്കപ്പെടരുത്. ഇവിടത്തെ കാടും കുന്നും വയലും പുഴയും പുഴയോരവും കടലോരവും പറമ്പും അതോടൊപ്പം ഇവിടുത്തെ കലകളും സംസ്കാരവും ഗ്രാമങ്ങളും കവലകളുമെല്ലാം തനതു രൂപത്തിൽ സംരക്ഷിക്കപ്പെടണം. നമ്മുടെ പ്രകൃതിയിലെ വിഭവങ്ങളോരോന്നും ചൂണ്ടിക്കൊണ്ടുള്ള കവിയുടെ പരിദേവനത്തിന്റെ പൊരുൾ അതാണ്. ഈ ഒരവബോധം കുട്ടികളുടെ മനസ്സിലുണർത്താൻ പാഠഭാഗം പ്രയോജനപ്പെടുത്തണം.

'കാടെവിടെ മക്കളേ' എന്ന കവിത പൂർണമായി ഇവിടെ ചേർത്തിട്ടില്ല. പാഠ ദൈർഘ്യം ഭയന്ന് ഒഴിവാക്കിയതാണ്. അധ്യാപകർ ആ കവിത പൂർണമായി വായിക്കുകയും കുട്ടികളെ കേൾപ്പിക്കുകയും ചെയ്യേണ്ടതാണ്.

## പാഠാവതരണം

ടീച്ചർ ചങ്ങമ്പുഴയുടെ ഏതാനും വരി കവിത ചൊല്ലുന്നു. (ഐ.സി.ടി. സാധ്യത ഉപയോഗപ്പെടുത്താം.)

കവിത പൂർണമായും
കേൾപ്പിക്കാം.
ആവശ്യമെങ്കിൽ ചാർട്ടിൽ
എഴുതിക്കാണിക്കാം.

മലരണിക്കാടുകൾ തിങ്ങി വിങ്ങി
മരതക കാന്തിയിൽ മുങ്ങി മുങ്ങി
കരളും മിഴിയും കവർന്നു മിന്നി
കറയറ്റോരാലസൽ ഗ്രാമഭംഗി
എവിടെത്തിരിഞ്ഞൊന്നു നോക്കിയാലെ-
ന്തവിടെല്ലാം പൂത്ത മരങ്ങൾ മാത്രം
ഒരു കൊച്ചു കാറ്റെങ്ങാൻ വന്നുപോയാൽ
തുരുതുരെപ്പൂമഴയായി പിന്നെ.

- എന്തിനെക്കുറിച്ചാണ് ഈ കവിതയിൽ പറയുന്നത്?
- ഈ മനോഹരമായ പ്രദേശം ഏതാണ്?

കുട്ടികളുടെ പ്രതികരണങ്ങൾ കേരളത്തിന്റെ മനോഹാരിതയിലേക്കു കൊണ്ടുവരണം.

- ഇന്ന് നമ്മുടെ നാട് ഇങ്ങനെയാണോ?
- പൂക്കൾ നിറഞ്ഞ കാടുകൾ കാണാനുണ്ടോ?
- പൂമഴ പെയ്യുന്ന മരത്തണലുകളുണ്ടോ?
- എല്ലാം എവിടെപ്പോയി?

നമുക്ക് കേരളത്തിലെ ഇന്നത്തെ അവസ്ഥയെക്കുറിച്ചുള്ള ഒരു കവിത വായിക്കാം എന്ന ആമുഖത്തോടെ പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കാം. (ചങ്ങമ്പുഴയുടെ കാലത്തിൽ നിന്ന് അയ്യപ്പപ്പണിക്കരുടെ കാലത്തിനു വന്ന മാറ്റം ചർച്ച ചെയ്യാം.)

കുട്ടികളുടെ പ്രതികരണങ്ങൾ കേരളത്തിന്റെ മനോഹാരിതയിലേക്കു കൊണ്ടുവരണം.

- ഇന്ന് നമ്മുടെ നാട് ഇങ്ങനെയാണോ?
- പൂക്കൾ നിറഞ്ഞ കാടുകൾ കാണാനുണ്ടോ?
- പൂമഴ പെയ്യുന്ന മരത്തണലുകളുണ്ടോ?
- എല്ലാം എവിടെപ്പോയി?

നമുക്ക് കേരളത്തിലെ ഇന്നത്തെ അവസ്ഥയെക്കുറിച്ചുള്ള ഒരു കവിത വായിക്കാം എന്ന ആമുഖത്തോടെ പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കാം. (ചങ്ങമ്പുഴയുടെ കാലത്തിൽ നിന്ന് അയ്യപ്പപ്പണിക്കരുടെ കാലത്തിനു വന്ന മാറ്റം ചർച്ച ചെയ്യാം.)

ചങ്ങമ്പുഴയുടെ കവിതയിൽ വർണ്ണിച്ച കേരളവും അയ്യപ്പപ്പണിക്കർ സൂചിപ്പിക്കുന്ന കേരളത്തിലെ അവസ്ഥയും ഒരുപോലെയാണോ? എന്തെല്ലാം വ്യത്യാസങ്ങൾ?

കുട്ടികൾ കവിത വ്യക്തിഗതമായി വായിക്കുന്നു.

## ആശയവിശകലനം

കേരളത്തിനു നഷ്ടമായിക്കൊണ്ടിരിക്കുന്ന പ്രകൃതിയെക്കുറിച്ചാണു കവി ചോദിക്കുന്നത്. എന്തെല്ലാമാണ് നമുക്കു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്?

കുട്ടികൾ ഗ്രൂപ്പുകളിൽ ചർച്ച ചെയ്യുന്നു. ക്രോഡീകരിച്ച് അവതരിപ്പിക്കുന്നു. ടീച്ചർ അവ BBയിൽ കുറിക്കുന്നു.

- കാട്, മേട്, കാട്ടുപുൽത്തകിടി, കാട്ടുപൂഞ്ചോലയുടെ കുളിര്, കാറ്റുകൾ പുലരുന്ന പൂങ്കാവ്,

കുയിലുകൾ കൂവിത്തിമർക്കുന്ന കുട്ടനാടൻ പുഞ്ച,
പച്ചപ്പനന്തത്ത പാറിപ്പറക്കുന്ന പ്ലാവുകൾ, മാവുകൾ,
വെള്ളം നിറഞ്ഞ കായലുകൾ, തോടുകൾ,
മത്സ്യം ധാരാളമായി കിട്ടാറുള്ള കടലോരങ്ങൾ,
പത്തിരിക്കറി വിളമ്പുന്ന, ഒപ്പന പാടുന്ന കല്യാണാഘോഷങ്ങൾ,
എല്ലാ ജീവികളും സൗഹൃദത്തിൽ കഴിയുന്ന നാട്,
വയനാട്ടിലെ ചെമ്മണ്ണുനിറഞ്ഞൊഴുകുന്ന കബനീ നദി,
ശുദ്ധവായുവും ശുദ്ധവെള്ളവും ലഭിക്കുന്ന നാട്,
കള്ളത്തരങ്ങളൊന്നുമില്ലാത്ത പ്രദേശം,
വഞ്ചനയും കാപട്യവുമില്ലാത്ത കേരളം,
പരസ്പര അക്രമങ്ങളും ദുഷ്ടതകളും അഹങ്കാരവും മാരണവുമില്ലാത്ത,
എല്ലാവരും സന്തോഷത്തിൽ കഴിയുന്ന നാട്.
ഇവയൊക്കെ നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്നു എന്ന തിരിച്ചറിവിലേക്കു കുട്ടികളെ നയിക്കാം.

### കവിത ചൊല്ലാം (TB)

അഞ്ചുപേരടങ്ങുന്ന ഗ്രൂപ്പുകളിൽ കവിതയ്ക്ക് ഈണം കണ്ടെത്തട്ടെ.

തുടർന്ന് ഓരോ ഗ്രൂപ്പും കവിത അവതരിപ്പിക്കുന്നു.

ഏതു ഗ്രൂപ്പിന്റെ അവതരണമാണു മെച്ചപ്പെട്ടത്? വിലയിരുത്താം.

സൂചകങ്ങൾ:
- ഈണത്തിലും താളത്തിലുമുള്ള അവതരണം,
- ആശയവ്യക്തത,
- അക്ഷര സ്ഫുടത.

ഓരോ ഗ്രൂപ്പിന്റെയും അവതരണത്തെക്കുറിച്ച് മറ്റു ഗ്രൂപ്പുകൾ അഭിപ്രായം പറയട്ടെ.

**കവിതയുടെ ആശയം ചർച്ച ചെയ്യാം**

വിശദീകരിക്കേണ്ടവ : പായൽച്ചുരുൾ ചുറ്റി ദാഹനീർ തേടാത്ത കായലും തോടുകളും (വെള്ളം സമൃദ്ധമായുള്ള കായലുകളും തോടുകളും)

**പത്തിരിക്കറി കൂട്ടി മണവാട്ടി ----**

പഴയകാല കല്യാണവിഭവങ്ങളും ആഘോഷങ്ങളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നതായി സൂചന. ഇന്ന് അവയിൽ വന്ന മാറ്റങ്ങളെന്തെല്ലാം?

**മരവും മനുഷ്യനും -------------**

മനുഷ്യരും പ്രകൃതിയും പരസ്പരം പിണങ്ങാതെ യോജിപ്പിൽ കഴിയുക.

**വിഷവാതമൂതാത്ത -----------**

മതം, ദൈവം, മരുന്ന്, ഭക്ഷണസാധനങ്ങൾ തുടങ്ങിയവയിലൊന്നും മായം കലർത്താത്ത നല്ല സമൂഹമുള്ള നാട്.

**കുടിലും കുലങ്ങളും -----**

കൊലപാതകങ്ങളും അക്രമങ്ങളും ബലാൽസംഗങ്ങളും വഞ്ചനയും അഹങ്കാരവും ജനങ്ങളെ കരയിപ്പിക്കാത്ത നാട് ---

## കവിത രചിക്കാം (TB)

ഇതേ ഈണത്തിലും താളത്തിലും കവിത രചിക്കാനുള്ള പ്രോത്സാഹനമാണു ലക്ഷ്യം.

കവി എടുത്തു പറയാത്ത പല കാര്യങ്ങളും ഇനിയുമുണ്ടല്ലോ.

- അമ്മയെയും അച്ഛനെയും വേദനിപ്പിക്കാത്ത നാട്.
- പെരുന്നാളും ഓണവും ക്രിസ്മസും ഒന്നിച്ചാഘോഷിക്കുന്ന നാട്.
- പലതരം കൃഷികളാൽ നിറഞ്ഞ നാട് -----

കുട്ടികൾ ആലോചിച്ച് ഇത്തരം ആശയങ്ങൾ കണ്ടെത്തട്ടെ, കവിത രചിക്കട്ടെ.

ഗൃഹപാഠമായി രചിച്ച കവിതകൾ ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തി ക്ലാസിൽ അവതരിപ്പിക്കട്ടെ.

മെച്ചപ്പെട്ടവ കണ്ടെത്തി ടീച്ചർ പ്രോത്സാഹിപ്പിക്കണം.

## പൊരുൾ വിശദമാക്കുക (WB)

കവിതയുടെ ആശയം വിശകലനം ചെയ്തിട്ടുണ്ടല്ലോ. ആ അടിസ്ഥാനത്തിൽ ഈ പ്രവർത്തനം കുട്ടികൾ സ്വയം ചെയ്യട്ടെ. ഹോംവർക്കായി നൽകാം. ടീച്ചർ വിലയിരുത്തണം.

## പദങ്ങൾ പിരിച്ചെഴുതാം (WB

ആശയബോധവും അർത്ഥബോധവുമുണർത്താൻ പര്യാപ്തമായ പ്രവർത്തനമാണിത്.

ചാകര + മഹാ+ ഉത്സവ+ പെരുനാളിൽ + അലയടിച്ച് + ആർക്കുന്ന കടലോരം + എവിടെ + എന്റെ + മക്കളേ.

കുട്ടികൾ പദങ്ങൾ പിരിച്ചുപറയട്ടെ. ടീച്ചർ BBയിൽ കുറിക്കുന്നു. വർണമാറ്റങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

## ചർച്ച സംഘടിപ്പിക്കാം

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാമൂഹികാവസ്ഥയാണ് കേരളത്തിലേത്. വിദ്യാഭ്യാസവും സാമ്പത്തിക പുരോഗതിയും സാങ്കേതികരംഗത്തെ മികവുമെല്ലാം ഈ മാറ്റത്തിനു നിമിത്തമാണ്. നിരന്തരം വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ച് ചോദ്യങ്ങളിലൂടെ കുട്ടികളെയുണർത്താം.

- കേരളത്തിലെ പരിസ്ഥിതിയിൽ എന്തെങ്കിലും മാറ്റങ്ങൾ വന്നിട്ടുണ്ടോ?
- ഉണ്ടെങ്കിൽ എന്തു മാറ്റമാണു വന്നിരിക്കുന്നത്?
- മുമ്പ് നമ്മുടെ കേരളം ഇങ്ങനെയല്ലായിരുന്നോ?
- സാമൂഹികാവസ്ഥയിൽ എന്തു മാറ്റമാണു വന്നത്?

കൂട്ടുകുടുംബ വ്യവസ്ഥിതിയുടെ തകർച്ച
അണുകുടുംബങ്ങളുടെ ആവിർഭാവം,
വിദ്യാഭ്യാസ മേഖലയിലെ ഉണർവ്,
വർദ്ധിച്ചുവരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ,
ബന്ധങ്ങളിൽ വന്ന മാറ്റങ്ങൾ,
വേഷവിധാനത്തിൽ വന്ന മാറ്റം,
ഭക്ഷണ രീതിയിലെ മാറ്റം ----

കുന്നുകളുടെ നാശം,
വയലുകൾ ഇല്ലാതായത്,
കൃഷി അന്യമായിക്കൊണ്ടിരിക്കുന്നത്,
വൻതോതിലുള്ള കെട്ടിടനിർമ്മാണം,
പുഴകളുടെ ശോഷണം,
ശുദ്ധ ജലക്ഷാമം,
ചൂടു വർദ്ധിക്കുന്നത്,
തീരങ്ങൾ കടലെടുക്കുന്നത്,
വെള്ളപ്പൊക്കം ---

കുട്ടികൾ സ്വയം കുറിപ്പു തയ്യാറാക്കട്ടെ. ഗ്രൂപ്പുകളിൽ ചർച്ച ചെയ്തു മെച്ചപ്പെടുത്തണം. ഓരോ ഗ്രൂപ്പും മെച്ചപ്പെട്ട ഒരു കുറിപ്പ് ക്ലാസിൽ വായിച്ചു കേൾപ്പിക്കുന്നു.

ശേഷം നോട്ടുബുക്കിൽ എഴുതുന്നു. ടീച്ചർ വിലയിരുത്തണം.

## എത്ര അർത്ഥങ്ങൾ? (TB)

നാം ഉപയോഗിക്കുന്ന പല പദങ്ങൾക്കും സന്ദർഭത്തിനനുസരിച്ച് വ്യത്യസ്തമായ അർത്ഥങ്ങളുണ്ടാവും. ഒരു പദത്തിന് ഏതു സന്ദർഭത്തിലും ഒരർത്ഥമേയുണ്ടാവൂ എന്ന ധാരണ തിരുത്താനാണ് ഈ പ്രവർത്തനം. അതോടൊപ്പം വിവിധ ശൈലികൾ മനസ്സിലാക്കാനും അനുയോജ്യമായ പദങ്ങൾ അനുയോജ്യമായ സ്ഥലങ്ങളിൽ പ്രയോഗിക്കുന്നതിനുള്ള പരിശീലനം നേടാനും സഹായകമാകും.

'പച്ച' എന്ന പദത്തിന്റെ വ്യത്യസ്ത സാന്ദർഭികാർത്ഥങ്ങൾ കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തി എഴുതട്ടെ. തുടർന്ന് ക്ലാസിൽ അവതരിപ്പിച്ച് വ്യക്തതയുണ്ടാക്കണം.

## പ്രഭാഷണം തയ്യാറാക്കാം (WB)

പ്രഭാഷണം തയ്യാറാക്കുന്നതെങ്ങനെ? ചർച്ച ചെയ്യാം.

- പ്രഭാഷണങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ നിങ്ങൾ?
- എങ്ങനെയാണു പ്രഭാഷണം തുടങ്ങുന്നത്?
- ഏതൊക്കെ ഘട്ടങ്ങൾ പ്രഭാഷണത്തിൽ കണ്ടെത്താൻ കഴിയുന്നുണ്ട്?
- എങ്ങനെയാണു പ്രഭാഷണം അവസാനിപ്പിക്കുന്നത്?
- പ്രസംഗത്തിന്റെ ശൈലി എങ്ങനെയാണ്?

ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിലൂടെ പ്രഭാഷണത്തിന്റെ തുടക്കം, അവസാനം, ഘടന തുടങ്ങിയവയെക്കുറിച്ച് കുട്ടികൾ മനസ്സിലാക്കുന്നു.

'പ്രകൃതിയെ നശിപ്പിക്കരുത്, ഞങ്ങൾക്ക് ജീവിക്കണം' എന്ന വിഷയത്തിൽ പ്രസംഗിക്കുമ്പോൾ എന്തൊക്കെ കാര്യങ്ങൾ ഉൾക്കൊള്ളിക്കണം?

- പ്രകൃതിയെ നശിപ്പിക്കുന്ന പ്രവർത്തനങ്ങൾ,
- അതുകൊണ്ടുണ്ടാവുന്ന പ്രശ്നങ്ങൾ,
- പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത-

  മുൻ വിശകലനത്തിൽ വന്നത് ഒന്നുകൂടി ഉണർത്താം.

**കുട്ടികൾ ഗൃഹപാഠമായി പ്രഭാഷണം എഴുതിക്കൊണ്ടുവരട്ടെ.**

**വിലയിരുത്തൻ സൂചകങ്ങൾ :**

പ്രഭാഷണത്തിന്റെ ഘടന: അഭിസംബോധന, ആമുഖം, വിഷയാവതരണം, കാര്യങ്ങൾ അവതരിപ്പിക്കുന്നതിലെ ക്രമം, സമഗ്രത, ഉപസംഹാരം.

## കവിത ചൊല്ലാം (WB)

സുഗതകുമാരിയുടെ 'ഒരു തൈ നടാം' എന്ന കവിത കുട്ടികൾ സംഘമായി ക്ലാസിൽ ചൊല്ലിയവതരിപ്പിക്കുന്നു. ആശയം വിശദീകരിക്കുന്നു.

തൈ നടുന്നത് ആർക്കെല്ലാം വേണ്ടിയാണ്? എന്തിനെല്ലാം വേണ്ടിയാണു തൈ നടുന്നത്? ഭൂമിദേവിയുടെ ചൂടൽപ്പം മാറ്റാൻ ചെയ്യുന്ന പൂജയായി കവയിത്രി വിശേഷിപ്പിച്ചതെന്താണ്? ഭൂമിദേവി ചൊരിയുന്ന മുലപ്പാൽ എന്താണ്?

തൈകൾ നടുന്നത് ഭൂമീദേവിക്കുള്ള പൂജയായാണു കവിയിത്രി സൂചിപ്പിക്കുന്നത്. അമ്മയ്ക്കുവേണ്ടിയും കൊച്ചുമക്കൾക്കു വേണ്ടിയും കിളികൾക്കുവേണ്ടിയും നല്ല നാളേയ്ക്കു വേണ്ടിയും പ്രാണവായുവിന്നും മഴയ്ക്കും വേണ്ടിയും അഴകിനും തണലിനും മധുരമുള്ള പഴങ്ങൾക്കും വേണ്ടിയും നൂറുനൂറു തൈകൾ നിറയെ നടാം. വൃക്ഷങ്ങളുടെ പ്രയോജനം വ്യക്തമായി ഈ വരികളിൽ സൂചിപ്പിച്ചിരിക്കുന്നു. ഒപ്പം മരങ്ങൾ മുറിച്ചുതള്ളി ഭൂമിയെ വറചട്ടിയാക്കിയവർക്കു നേരെയുള്ള പ്രതിഷേധവും.

## അന്വേഷിക്കാം, കണ്ടെത്താം (WB)

പുഞ്ച : മേടമാസത്തിലെ നെൽകൃഷി

കൂടോത്രം : ആഭിചാരക്രിയ -മന്ത്രതന്ത്രങ്ങളിലൂടെ മറ്റുള്ളവരെ ദ്രോഹിക്കാനുള്ള ശ്രമം

ചാകര : കടൽത്തീരത്ത് മത്സ്യങ്ങൾ കൂട്ടമായി വന്നടിയുന്ന പ്രതിഭാസം

ഓശാന : യേശുവിനുള്ള സ്തുതിഗീതം പാടൽ

കൊള്ളിവാക്ക്: കേൾക്കുന്നവരുടെ മനസ്സിൽ വേദനയുണ്ടാക്കുന്ന വാക്ക്

കള്ളനാക്ക്: കള്ളം പറയുന്നവർ

കള്ളപ്പറ : ജനങ്ങളെ വഞ്ചിക്കുന്ന അളവുപാത്രം

കുന്നായ്മ : പിശുക്ക്

# യൂണിറ്റ് വിശകലനം

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാനപ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ: വ്യവഹാര/ പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| •കവിതകളുടെ ആശയം, ചമത്കാരഭംഗി, കാലം എന്നിവ ഉൾക്കൊള്ളുകയും അവ വിശകലനം ചെയ്തു കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു.<br>•വിവിധ വ്യവഹാര രൂപങ്ങളുടെ പ്രത്യേകതകൾ തിരിച്ചറിയുന്നു. ഉചിതമായ സന്ദർഭങ്ങളിൽ സമാനമായവ തയ്യാറാക്കുന്നു. | കാടെവിടെ മക്കളേ | നമ്മുടെ പരിസ്ഥിതിക്കു ഭയാനകമാം വിധം നാശം സംഭവിച്ചു കൊണ്ടിരിക്കുന്നു. കാടുകൾ മാത്രമല്ല കുന്നുകളും വയലുകളുമെല്ലാം നഷ്ടമായിക്കൊണ്ടിരിക്കുന്നു. നമ്മുടെ പഴയകാല സംസ്കാരവും ജീവിതരീതികളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.<br>നമ്മുടെ പ്രകൃതിയെ വീണ്ടെടുക്കാനുള്ള ആഹ്വാനം അയ്യപ്പപ്പണിക്കാരുടെ കവിതയിൽ അന്തർലീനമായിട്ടുണ്ട്. | കവിതാ വായനയും വിശകലനവും<br>ചർച്ച<br>കുറിപ്പ് തയ്യാറാക്കൽ<br>കവിതാരചന<br>പ്രഭാഷണം തയ്യാറാക്കൽ | കവിതാലാപനം<br>ചർച്ചക്കുറിപ്പ് വാചിക പ്രകടനം<br>കവിതകൾ<br>പ്രഭാഷണം | **പ്രഭാഷണം**<br>• ഘടന<br>• ആശയവ്യക്തത<br>• ഒഴുക്ക്<br>• ഉച്ചാരണസ്ഫുടത |
| •യാത്രാ വിവരണം വായിച്ച് ആസ്വാദനപരമായ അംശങ്ങൾ തിരിച്ചറിയുകയും സമാന രചനകൾ നടത്തുകയും ചെയ്യുന്നു.<br>•ഗദ്യഭാഗങ്ങൾ ആശയം ഉൾക്കൊണ്ട് ഭാവാത്മകമായി വായിച്ചവതരിപ്പിക്കുന്നു.<br>•സമാനരചനകൾ വായിച്ച് താരതമ്യക്കുറിപ്പ് തയ്യാറാക്കുന്നു.<br>•പ്രകൃതി സൗന്ദര്യം ആസ്വദിക്കാനുള്ള പ്രചോദനം ഉൾക്കൊള്ളുന്നു. | ആകാശം തൊടാൻ ചെമ്പ്രയിലേക്ക് | നമ്മുടെ പ്രകൃതി അതിമനോഹരമാണ്. കണ്ടെത്താത്ത അനേകം സുന്ദരദൃശ്യങ്ങൾ നമ്മുടെ പരിസരത്തുതന്നെയുണ്ട്.<br>വ്യവഹാര രൂപങ്ങളിൽ ശ്രദ്ധേയമായ യാത്രാവിവരണം തയ്യാറാക്കണമെങ്കിൽ പുറം ലോകം നിരീക്ഷിച്ചറിയാനുള്ള നല്ല താല്പര്യം വേണം. | യാത്രാവിവരണം വായനയും വിശകലനവും<br>ആത്മകഥയെഴുതൽ<br>ചെമ്പ്രമലയുടെ മനോഹാരിത വർണ്ണിച്ചെഴുതൽ<br>ഭാഷാപരമായ മറ്റു പ്രവർത്തനങ്ങൾ | കുറിപ്പുകൾ<br>യാത്രാവിവരണം<br>ആത്മകഥ<br>വർണ്ണന<br>വർക്കു ബുക്കിലെ പ്രവർത്തനങ്ങൾ | **യാത്രാവിവരണം**<br>• വസ്തുതാവിവരണം<br>• സ്വന്തം നിഗമനങ്ങൾ<br>• അവതരണരീതി<br>• സമഗ്രത<br>• **ആത്മകഥ**<br>ആത്മാംശം പ്രകടമായ രചനാരീതി<br>• അവതരണഭംഗി<br>• സ്വാഭാവികത |
| വ്യത്യസ്തകാലഘട്ടങ്ങളിലെ നോവലുകൾ, കഥകൾ എന്നിവ വായിക്കുകയും അവയിലെ ഭാഷാ സവിശേഷതകൾ, രചനാരീതികൾ, മറ്റു പ്രത്യേ കതകൾ എന്നിവ വിലയിരുത്തി കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.<br>കഥാപാത്രനിരൂപണം തയ്യാറാക്കുന്നു. വാമൊഴിയും വരമൊഴിയും തമ്മിലുള്ള വ്യത്യാസങ്ങൾ തിരിച്ചറിയുന്നു. | ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന് | ജീവിതത്തിലെ അപൂർവ്വങ്ങളായ നിമിഷങ്ങൾ മനസ്സിൽ തട്ടുന്നവിധം ആവിഷ്ക്കരിച്ച സാഹിത്യകാരനാണ് ബഷീർ.<br>ഏതു മനോഹര ദൃശ്യങ്ങൾക്കു പിന്നിലും ഭയാനകമായ കാഴ്ചകളും കാണാം.<br>സുഖദുഃഖ സമ്മിശ്രമാണ് ജീവിതം.<br>വും മാതാപിതാക്കൾ.<br>അർത്ഥം ലഭിക്കും വിധം കൂട്ടിച്ചേർത്ത അക്ഷരക്കൂട്ടങ്ങളാണു പദങ്ങൾ | കഥ ഭാവമുൾക്കൊണ്ടു വായിക്കുന്നു.<br>ശ്രദ്ധേയമായ ഭാഗങ്ങൾ വിശകലനം ചെയ്യുന്നു.<br>കുറിപ്പുകൾ തയ്യാറാക്കുന്നു.<br>ബഷീറിന്റെ നോവലുകൾ വായിച്ച് ചർച്ച ബഷീർ കൃതികളുടെ ചാർട്ട് തയ്യാറാക്കൽ. | വായന<br>കുറിപ്പുകൾ<br>ചർച്ചാകുറിപ്പുകൾ<br>ചാർട്ട്<br>കുറിപ്പ്<br>നിരൂപണക്കുറിപ്പ് | • അവതരണഭംഗി<br>• സ്വാഭാവികത<br>**കുറിപ്പുകൾ**<br>• നോവലിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്.<br>• സവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. |

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാനപ്രവർ ത്ത നങ്ങൾ | പഠനത്തെളിവു കൾ: വ്യവ ഹാര/ പ്രകടി ത രൂപങ്ങൾ | വില യി രു ത്തൽ |
|---|---|---|---|---|---|
| • പദമെന്നാൽ എന്താണെന്നു മന സ്സി ലാ ക്കു കയും വാക്യങ്ങളിൽ നിന്നു പദങ്ങൾ വേർതിരിച്ചെഴുതുകയും ചെയ്യുന്നു.<br>• കവിത ഈണവും താളവും കണ്ടെത്തി ആശയമുൾക്കൊണ്ട് ചൊല്ലിയവതരിപ്പിക്കുന്നു. | | | വാക്യങ്ങളിൽ നിന്നു പദം വേർ തിരിച്ചെഴുതൽ. | കുറിപ്പ് | • **നിരീക്ഷണ ക്കുറിപ്പ്**<br>• കഥാപാത്രത്തിന്റെ സ്വ ഭാവ വിശേഷങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.<br>• കഥയിലെ സ്ഥാനം കണ്ടെത്തിയിട്ടുണ്ട്.<br>• ആശയം വ്യക്തതയുണ്ട്<br>• ക്രമം പാലിച്ചിട്ടുണ്ട്. |
| കവിത ഈണവും താളവും കണ്ടെ ത്തി ആശയമുൾ ക്കൊണ്ട് ചൊല്ലിയവതരിപ്പിക്കുന്നു.<br>കവിതയിലെ പ്രമേയം, ചമത്ക്കാരഭംഗി എന്നിവ ഗ്രഹിക്കുകയും താരതമ്യം ചെയ്ത് കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.<br>കവിതകളുടെ സൗന്ദര്യാംശം തിരിച്ചറിഞ്ഞ് സ്വന്തം രചനകളിൽ അർത്ഥപൂർണ്ണമായി പ്രയോജനപ്പെടുത്തുന്നു.<br>കവിതയിൽ പ്രയോഗിച്ച ശബ്ദാലങ്കാരത്തെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാക്കുന്നു. | സ്വാഗതം കുഞ്ഞിക്കാറ്റേ | പ്രകൃതിയെ ആസ്വദിക്കുവാനുള്ള ശേഷിയുണ്ടെങ്കിൽ കാറ്റിനോടു പോലും നമുക്കു സംസാരക്കാം. കാറ്റു പറയുന്ന കഥകൾ കേൾക്കാം.<br>നല്ലവരോടുള്ള സഹവാസം നമ്മിലേക്കു നന്മ പട ർത്തുന്നു. സംസ ർഗ്ഗേ ദോഷഗുണോ ഭവന്തി:<br>പൂക്കൾ വണ്ടുകൾക്കും തേനീച്ചകൾക്കും തേനൊരുക്കി കാത്തിരിക്കുന്നു.<br>ഒഴുകിപ്പോകുന്ന പുഴകൾ കാറ്റിനെ സൽക്കരിക്കുന്നു.<br>സൂക്ഷ്മമായി നിരീക്ഷിച്ചാൽ ഇത്തരം കുളിരണിയിക്കുന്ന കാഴ്ചകൾ നമുക്കു കാണാം. | കവിത ഈണ വും താളവും കണ്ടെത്തി ചൊ ല്ലി അവതരിപ്പിക്കൽ.<br>വരികൾ വിശകലനം ചെയ്യൽ<br>പ്രയോഗ ഭംഗി കണ്ടെത്തൽ.<br>പിരിച്ചെഴുതൽ വിഗ്രഹിച്ചെഴുതൽ<br>സമാനപദം കണ്ടെത്തൽ | കവിതാലാപനം<br>കുറിപ്പ്<br>കുറിപ്പ്<br>വർക്കുബുക്കിലെ പ്രവർത്തനങ്ങൾ | **വിശകലനക്കുറിപ്പ്**<br>• പ്രയോഗങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്.<br>• സൗന്ദര്യാംശം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>• കവിതയുടെ ആശയം കണ്ടെത്തിയിട്ടുണ്ട്. |

# പാഠം – 9
# ആകാശം തൊടാൻ ചെമ്പ്രയിലേക്ക്

വികസനത്തിന്റെ പേരിലുള്ള കൈയേറ്റങ്ങൾ എത്രയുണ്ടെങ്കിലും ഇനിയും നാശമേൽക്കാത്ത പ്രകൃതിരമണീയമായ മലകളും കുന്നുകളും വെള്ളച്ചാട്ടങ്ങളും മറ്റു ദൃശ്യങ്ങളും നമ്മുടെ പരിസരത്തും അകലെയും ധാരാളമുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്ന മുദ്രയില്ലാത്തതുകൊണ്ട് അവയെക്കുറിച്ച് അധികപേർക്കും അറിയില്ല. സ്വന്തം പ്രദേശത്തും പരിസരപ്രദേശങ്ങളിലുമൊക്കെയുണ്ടാവാം ഇത്തരം മനോഹരകാഴ്ചകൾ സമ്മാനിക്കുന്ന ഭൂപ്രദേശങ്ങൾ. അവ കണ്ടെത്താനും ആസ്വദിക്കാനുമുള്ള സന്നദ്ധതയും താല്പര്യവുമാണാവശ്യം.

കുട്ടികളും മുതിർന്നവരുമൊക്കെ ഇന്നു ധാരാളമായി യാത്ര ചെയ്യുന്നുണ്ട്. വിദ്യാലയങ്ങളിൽ നിന്നുള്ള പഠനയാത്രകളും കുടുംബങ്ങളൊന്നിച്ചും സുഹൃത്തുക്കളൊന്നിച്ചുമുള്ള വിനോദയാത്രകളും സാർവത്രികം. എന്നാൽ ഈ യാത്രകളിലധികവും കാര്യമായൊരു പ്രയോജനവുമില്ലാത്ത വെറും യാത്രകൾ മാത്രമായി മാറിപ്പോവുകയാണു ചെയ്യുന്നത്. യാത്ര അറിയാനുള്ളതാണ്; ആവണം. കേട്ടറിഞ്ഞതും വായിച്ചറിഞ്ഞതുമായ പ്രദേശങ്ങളും ചരിത്ര സ്മാരകങ്ങളും മനോഹരദൃശ്യങ്ങളും കാണാനും വിവിധജനവിഭാഗങ്ങളുമായി ആശയവിനിമയം നടത്താനും അവരെ അടുത്തറിയാനും ചരിത്രത്തിന്റെ പരിണാമങ്ങൾ മനസ്സിലാക്കാനും പാഠമുൾക്കൊള്ളാനുമൊക്കെ യാത്രയെ പ്രയോജനപ്പെടുത്തണം. അപ്പോഴേ യാത്ര സഫലമാവുകയുള്ളൂ. യാത്രയുടെ ലക്ഷ്യം വെറും വിനോദമാവരുത്; പ്രസ്തുത ലക്ഷ്യങ്ങളോടൊപ്പം വിനോദവുമാവാം എന്നേയുള്ളൂ.

'ആകാശം തൊടാൻ ചെമ്പ്രയിലേക്ക്' പ്രകൃതിയെ തൊട്ടറിയാനുള്ള ഒരു യാത്രയാണ്. സാഹസിക യാത്ര എന്നും പറയാം. ചെങ്കുത്തായ മലനിരകളിലൂടെ പ്രകൃതിരമണീയമായ പ്രദേശങ്ങൾ സന്ദർശിച്ച അനുഭൂതി നമുക്കു നൽകുന്നുണ്ട് ഈ യാത്രാവിവരണം. വളരെ ലളിതവും സമഗ്രവുമായ അവതരണ ശൈലി ഈ യാത്രാ വിവരണത്തെ ശ്രദ്ധേയമാക്കുന്നുണ്ട്.

യാത്രാവിവരണം എന്ന സാഹിത്യവിഭാഗം പരിചയപ്പെടാനും യാത്രാവിവരണങ്ങൾ തയ്യാറാക്കാനും അതോടൊപ്പം പ്രകൃതിയുടെ മനോഹാരിത ആസ്വദിക്കാനുള്ള പ്രചോദനമുണ്ടാകാനും ഈ പാഠഭാഗം പര്യാപ്തമാണ്. ഈ ലക്ഷ്യങ്ങളിലേക്കു കുട്ടികളെ നയിക്കാൻ അധ്യാപകർ ശ്രദ്ധിക്കേണ്ടതുണ്ട്.

## പാഠാവതരണം

ടീച്ചർ ചോദിക്കുന്നു: കഴിഞ്ഞ വർഷം വിദ്യാലയത്തിൽ നിന്ന് നിങ്ങൾ എങ്ങോട്ടാണു പഠനയാത്ര പോയത്?

: എന്തൊക്കെ കാഴ്ചകളാണു കണ്ടത്?

: ആ യാത്രയെക്കുറിച്ച് യാത്രാവിവരണം തയ്യാറാക്കിയതാരെല്ലാമാണ്?

: യാത്രയിൽ നിങ്ങളെ ഏറ്റവുമധികം ആകർഷിച്ച കാഴ്ചയെന്താണ്?

: ഈ വർഷം എങ്ങോട്ടു യാത്ര പോവാനാണു നിങ്ങൾ ആഗ്രഹിക്കുന്നത്?

: ഈ വർഷത്തെ യാത്ര കഴിഞ്ഞ് നമുക്കൊരു യാത്രാവിവരണമെഴുതണമല്ലോ? എങ്ങനെയാണു യാത്രാവിവരണം തയ്യാറാക്കുക?

'നമുക്കൊരു യാത്രാവിവരണം പരിചയപ്പെടാം' എന്ന മുഖവുരയോടെ ടീച്ചർ പാഠഭാഗം പരിചയപ്പെടുത്തുന്നു.

'ആകാശം തൊടാൻ ചെമ്പ്രയിലേക്ക്.' ആരാണ് ആദ്യം വായിക്കുക?

'ഞാൻ, ഞാൻ' എന്നു പറഞ്ഞു കുട്ടികൾ കൈപൊക്കിയേക്കും. ആദ്യമൊരു കുട്ടിയെ തിരഞ്ഞെടുക്കാം. ടീച്ചർ കുട്ടികളുടെ പേരെഴുതിയ നറുക്കുകളിൽ നിന്ന് ഒന്നെടുത്തു പേരു വിളിക്കുന്നു. ആ കുട്ടി പാഠഭാഗം വായിച്ചു തുടങ്ങുന്നു. ഒന്നോ രണ്ടോ ഖണ്ഡിക വായിക്കുമ്പോൾ നറുക്കിലൂടെ മറ്റൊരു കുട്ടിയെ തിരഞ്ഞെടുക്കുന്നു. ഇങ്ങനെ പാഠഭാഗം പൂർണമായി വായിച്ചു തീരുന്നതുവരെ വ്യത്യസ്ത കുട്ടികൾക്ക് അവസരം നൽകാം.

## വിശകലനം ചെയ്യാം :

- ആരാണ് ഈ യാത്രാവിവരണം തയ്യാറാക്കിയത്?
- എങ്ങോട്ടാണവർ യാത്ര ചെയ്തത്?
- എങ്ങനെയാണവർ സഞ്ചരിക്കുന്നത്?
- എവിടെയാണു ചെമ്പ്ര?
- എന്തൊക്കെയാണു ചെമ്പ്രമലയിലെ കാഴ്ചകൾ?
- അവിടത്തെ അന്തരീക്ഷം എങ്ങനെയാണ്?
- ലവ്‌ലേക്കിന്റെ പ്രത്യേകതയെന്താണ്?

### അർത്ഥമെഴുതുക (WB)

പാഠഭാഗത്ത് അർത്ഥം മനസ്സിലാവാത്ത ചില പദങ്ങളുണ്ടാവാം. അവയുടെ അടിയിൽ കുട്ടികൾ വരയിടട്ടെ.

ആ പദങ്ങൾ ഗ്രൂപ്പിൽ അവതരിപ്പിച്ച് സാന്ദർഭികമായ അർത്ഥം അനുമാനിച്ചെടുക്കാം. ശേഷം എല്ലാവർക്കും അപരിചിതമായ പദങ്ങൾ ഓരോ ഗ്രൂപ്പും എടുത്തു പറയുന്നു. ടീച്ചർ അവ BBയിൽ കുറിക്കുന്നു.

ചർച്ച ചെയ്ത് നിഘണ്ടു നോക്കി അർത്ഥം കണ്ടെത്തുന്നു.

വർക്കുബുക്കിൽ അർത്ഥമെഴുതാൻ നിർദ്ദേശിച്ച പദങ്ങളുടെ അർത്ഥമെഴുതുന്നു.

### പര്യായപദങ്ങൾ എഴുതുക (WB)

അപരിചിത പദങ്ങളുടെ അർത്ഥം ഗ്രഹിക്കുന്നതോടൊപ്പം പര്യായപദങ്ങൾ കണ്ടെത്താനുള്ള പ്രവർത്തനവും നടക്കട്ടെ.

ഒരേ അർത്ഥമുള്ള പദങ്ങൾക്കാണല്ലോ പര്യായപദങ്ങൾ എന്നു പറയുന്നത്.

മല, തടാകം എന്നീ അർത്ഥങ്ങളുള്ള മറ്റു പദങ്ങളേതെല്ലാം?

ആർക്കും കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ ടീച്ചർ BBയിൽ കുറിക്കണം.

മല :- അചലം, പർവ്വതം, അദ്രി

തടാകം :- സരസ്സ്, പൊയ്ക, പത്മാകരം.

### കണ്ടെത്താം, എഴുതാം (TB)

ഈ പ്രവർത്തനം ഹോംവർക്കായി നൽകാം. കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തി എഴുതട്ടെ. അടുത്ത ദിവസം ക്ലാസിൽ അവതരിപ്പിച്ച് വ്യക്തത വരുത്തണം.

### വാക്യങ്ങൾ കണ്ടെത്താം

“ചെമ്പ്രമല കയറ്റം അപകടം പിടിച്ചതാണ്.” ലേഖികയുടെ വിവരണത്തിലെ ഏതെല്ലാം വാക്യങ്ങളിൽ നിന്നിതു മനസ്സിലാക്കാം?

കുട്ടികൾ പാഠഭാഗം വീണ്ടും വായിക്കുന്നു. സൂചനകൾ കണ്ടെത്തി പറയുന്നു.

ടീച്ചർ അവ BBയിൽ കുറിക്കുന്നു.

- ♦ വയനാട്ടിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയാണു ചെമ്പ്ര.
- ♦ വീശിയ കാറ്റിനു കാട്ടുമൃഗങ്ങളുടെ ചൂര്.
- ♦ ദുർഘടം പിടിച്ച കയറ്റം നാലു കാലിലാണു കയറിയത്.
- ♦ ഇരുവശവും അഗാധമായ കൊക്കയാണ്. വീണാൽ എല്ലുപോലും പെറുക്കിയെടുക്കാൻ കിട്ടിയെന്നു വരില്ല-

### യാത്രാവിവരണങ്ങൾ വായിക്കാം, പങ്കു വയ്ക്കാം (TB)

കുട്ടികളെ ഗ്രൂപ്പുകളായി സ്കൂൾ ലൈബ്രറിയിലേക്കു നയിക്കാം. യാത്രാവിരണകൃതികൾ അവർ കണ്ടെത്തട്ടെ. ലൈബ്രറിയിൽ സൗകര്യമില്ലെങ്കിൽ ടീച്ചർ യാത്രാവിവരണ ഗ്രന്ഥങ്ങൾ തിരഞ്ഞെടുത്ത് നൽകിയാലും മതി. അൽപം സാവകാശം വേണ്ടിവരുന്ന പ്രവർത്തനമാണിത്. ഏതാനും ദിവസങ്ങൾക്കുള്ളിൽ കുട്ടികൾ പുസ്തകം കൈമാറി വായിക്കട്ടെ.

- വായിച്ച പുസ്തകത്തെക്കുറിച്ചു ക്ലാസിൽ പൊതു ചർച്ചയാവാം.
- ഓരോ കൃതിയുടെയും പ്രത്യേകതകൾ, എങ്ങോട്ടാണു പോയത്?
- എന്തെല്ലാം വിവരണങ്ങളാണുള്ളത്?
- കാഴ്ചകൾക്കപ്പുറം മറ്റെന്തെങ്കിലും പരാമർശമുണ്ടോ?
- എങ്ങനെയാണു കാര്യങ്ങൾ അവതരിപ്പിച്ചത്?
- വായിക്കുമ്പോൾ ഒരു പ്രദേശം നേരിൽ കണ്ട അനുഭൂതിയുണ്ടാകുന്നുണ്ടോ?

കുട്ടികൾ അഭിപ്രായം പറയട്ടെ.

ഈ പ്രവർത്തനത്തിനു ശേഷമാവാം യാത്രാവിവരണം തയ്യാറാക്കൽ.

## യാത്രാവിവരണം തയ്യാറാക്കാം (TB)

യാത്രാവിവരണത്തെക്കുറിച്ച് പാഠഭാഗത്തു നൽകിയ വിവരണം കുട്ടികൾ വായിക്കട്ടെ.

- ♦ യാത്രാവിവരണം തയ്യാറാക്കാൻ വളരെ ദൂരെ സഞ്ചരിക്കണമെന്നും വാഹനത്തിൽ കയറണ മെന്നുമുണ്ടോ?
- ♦ യാത്രയിൽ എന്തെല്ലാം കാര്യങ്ങളാണു ശ്രദ്ധിക്കേണ്ടത്?
- ♦ യാത്രക്കാരനുണ്ടാവേണ്ട ഏറ്റവും പ്രധാനപ്പെട്ട ഗുണമേതാണ്?
- ♦ യാത്ര വാഹനത്തിലാണെങ്കിലും നടന്നിട്ടാണെങ്കിലും ശ്രദ്ധിക്കേണ്ടതെന്തെല്ലാം?
- ♦ ഒരു യാത്രാവിവരണം തയ്യാറാക്കാൻ നിങ്ങൾക്കും കഴിയില്ലേ? എഴുതിനോക്കുക.

കുട്ടികൾ വീട്ടിൽനിന്ന് എഴുതി തയ്യാറാക്കട്ടെ.

അടുത്ത ദിവസം ക്ലാസിൽ കൈമാറി വായിക്കുന്നു. മെച്ചപ്പെട്ടവ കണ്ടെത്തി അവതരിപ്പിക്കുന്നു. ടീച്ചർ വിലയിരുത്തണം.

## ആത്മകഥയെഴുതാം TB

മനുഷ്യർക്കു മാത്രമല്ല, എല്ലാ ജീവികൾക്കും ജീവനില്ലാത്തവയ്ക്കുമെല്ലാം സ്വന്തം കഥ പറയാനുണ്ടാവും. പറയാൻ ശേഷിയുണ്ടെങ്കിൽ അവ ആ കഥ പറയുമായിരുന്നു. സൂക്ഷ്മമായി നിരീക്ഷിക്കാനും അന്വേഷിച്ചു കണ്ടെത്താനും നമുക്കു താല്പര്യമുണ്ടെങ്കിൽ ആ കഥ കണ്ടെത്താൻ കഴിയും. ഒരു മാവിന്റെ കഥ മുൻക്ലാസിൽ പഠിച്ചതോർക്കുക. അതുപോലെ നാം എഴുതുന്ന പേനയ്ക്കും ഉപയോഗിക്കുന്ന കടലാസിനും പുസ്തകത്തിനും ബെഞ്ചിനും ഡസ്കിനുമൊക്കെ സ്വന്തം കഥകളുണ്ടല്ലോ.

ആ കഥ നിങ്ങൾ സങ്കല്പിച്ചുനോക്കുക. എന്തിന്റെ കഥയാണോ എഴുതാനുദ്ദേശിക്കുന്നത്, നിങ്ങൾ അതാണെന്നു വിചാരിക്കുക. ഭാവനയിൽ അതിന്റെ കഥ നെയ്തെടുക്കുക, കടലാസിലേക്കു പകർത്തുക.

കുട്ടികൾ ചെമ്പ്ര കൊടുമുടിയിലെ ഹൃദയസരസ്സിന്റെ (Love Lake) കഥ എഴുതട്ടെ. ഇഷ്ടം പോലെ എന്തും സങ്കല്പിച്ചെഴുതാം; അതുമായി ബന്ധപ്പെട്ടതും യുക്തവുമാവണമെന്നു മാത്രം.

ഈ പ്രവർത്തനം ഹോംവർക്കായി നൽകാം.

തയ്യാറാക്കിയ ഓരോ കഥയും ക്ലാസിൽ വായിക്കുമ്പോൾ പോരായ്മകൾ നികത്തുന്നതിനു സഹായക മായ ചോദ്യങ്ങൾ ചോദിക്കാം.

- കഥ പൂർണമായിട്ടുണ്ടോ? ഹൃദയസരസ്സിനെക്കുറിച്ചുള്ള കാര്യങ്ങൾ വന്നിട്ടുണ്ടോ?
- അവതരണരീതി ഭംഗിയായിട്ടുണ്ടോ?
- വാക്യഘടനയിൽ വല്ല മാറ്റവും ആവശ്യമാണോ?
- വാക്യങ്ങളുടെ ക്രമം മാറേണ്ടതുണ്ടോ?
- ആവശ്യമില്ലാത്ത വാക്യങ്ങളോ പദങ്ങളോ വന്നിട്ടുണ്ടോ?
- പദപ്രയോഗത്തിൽ എന്തെങ്കിലും മാറ്റം വേണ്ടതുണ്ടോ?
- അക്ഷരത്തെറ്റുകളുണ്ടോ?
- ചിഹ്നങ്ങൾ ചേർത്തിട്ടുണ്ടോ?

ടീച്ചർ ഇത്തരം ചോദ്യങ്ങൾ ചോദിക്കുന്നു. ചർച്ച ചെയ്യുന്നു.

മാതൃകയായി ടീച്ചറെഴുതിയ കഥ ടീച്ചർവേർഷനായി അവതരിപ്പിക്കുന്നു. അതിനെക്കുറിച്ചു ചർച്ച ചെയ്യുന്നു.

ഈ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച ധാരണപ്രകാരം കുട്ടികൾ സ്വന്തം രചനകളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി നോട്ടുബുക്കിലോ കടലാസിലോ എഴുതട്ടെ.

ഓരോ കുട്ടിയും സ്വന്തം രചന ഒരേപോലുള്ള കടലാസിൽ (A4) ഭംഗിയായി എഴുതിയാൽ കുത്തിക്കെട്ടി പതിപ്പാക്കാം.

## പുതിയ പദങ്ങൾ കണ്ടെത്താം (WB)

ആകർഷകമായ പദങ്ങളും ശൈലികളും സന്ദർഭത്തിനൊത്ത് ഉപയോഗിക്കാൻ പരിചയം നേടാനുള്ള പ്രവർത്തനമാണിത്. മാതൃകപോലെ കുട്ടികൾ അർത്ഥപൂർണമായ പദങ്ങൾ കണ്ടെത്തി എഴുതട്ടെ.

- ചെറിയ ചെറിയ കാര്യങ്ങൾ
- കൊച്ചു കൊച്ചു വാക്കുകൾ
- പൊട്ടിപ്പൊട്ടിച്ചിരിച്ചു
- വലിയ വലിയ വീടുകൾ
- തപ്പിത്തപ്പി നടന്നു
- പാടിപ്പാടിയുറക്കി

## ലഘുവാക്യങ്ങളാക്കുക (WB)

മഹാവാക്യങ്ങളെ ലഘുവാക്യങ്ങളാക്കാനും ലഘുവാക്യങ്ങളെ മഹാവാക്യങ്ങളാക്കാനും കുട്ടികൾ പരിശീലിക്കേണ്ടതുണ്ട്. രചനകളിൽ ഏറെ ശ്രദ്ധിക്കേണ്ട കാര്യമാണിത്. വാക്യത്തിന്റെ ആശയത്തിൽ ഒരു കുറവും വരാത്ത വിധം കുട്ടികൾ ഈ പ്രവർത്തനം നിർവ്വഹിക്കട്ടെ.

വാക്യം പകുതിയായി മുറിച്ച് എഴുതിയാൽ പോര. ആശയം ചോർന്നു പോകാതിരിക്കാൻ ആവശ്യമെങ്കിൽ ഘടനയിൽ മാറ്റങ്ങൾ വരുത്തുകയും വേണം.

- കുത്തനെയുള്ള കയറ്റം അമ്പതുമീറ്റർ കയറിയതേയുള്ളൂ; അപ്പോഴേക്കും ശ്വാസം മുട്ടുകയും കാലുകൾ തളരുകയും ചെയ്തു.
- മുകളിലേക്കു കയറാൻ പലർക്കും താല്പര്യമില്ലായിരുന്നു; ക്ഷീണവും ഭക്ഷണം കഴിച്ചതിനാലുള്ള ആലസ്യവുമായിരുന്നു അതിനു കാരണം.

## വർണ്ണനകൾ കണ്ടെത്താം (WB)

ചെമ്പ്രമലയിൽനിന്നു താഴോട്ടു നോക്കുമ്പോഴുള്ള മനോഹരമായ കാഴ്ചകൾ ലേഖിക വിവരിക്കുന്നുണ്ട്. അതു വായിച്ചു മനസ്സിലാക്കി കുട്ടികൾ സ്വന്തം വാക്യത്തിലെഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

## വിശേഷണങ്ങൾ ചേർത്തെഴുതുക

രചനകളുമായി ബന്ധപ്പെട്ട പ്രവർത്തനമാണിത്. സാധാരണ സംസാരത്തിൽ മനോഹരമായ വർണനകൾ കൊച്ചുകുട്ടികൾപോലും പ്രയോഗിക്കാറുണ്ടെങ്കിലും രചനകളിൽ അത്തരം പദങ്ങൾ പ്രയോഗിക്കുമ്പോൾ ആശങ്കപ്പെടാറുണ്ട്. അതൊഴിവാക്കാനുള്ള പരിശീലനം ലഭിക്കണം.

നൽകിയിരിക്കുന്ന പദങ്ങൾക്ക് അനുയോജ്യവും അർത്ഥപൂർണവുമായ വിശേഷണങ്ങൾ കുട്ടികൾ പറയട്ടെ. ടീച്ചർ അവ BBയിൽ എഴുതിക്കാണിക്കുന്നു.

- സഹിക്കാൻ പറ്റാത്ത വേദന
- കഠിനമായ വിശപ്പ്
- മനം കുളിർപ്പിക്കുന്ന കാഴ്ച
- കലങ്ങിമറിഞ്ഞ വെള്ളം
- കുളിരു കോരിയിടുന്ന തണുപ്പ്

## വർണങ്ങളാക്കി വേർതിരിച്ചെഴുതുക

സന്ധികളെക്കുറിച്ചു മനസ്സിലാക്കാൻ സഹായകമായ പ്രവർത്തനമാണിത്. കഴിഞ്ഞ യൂണിറ്റിൽ ഇതു സംബന്ധമായ പ്രാഥമികജ്ഞാനം കുട്ടികൾ നേടിയിട്ടുണ്ട്. നൽകിയിരിക്കുന്ന പദങ്ങൾ മാതൃകപ്രകാരം കുട്ടികൾ വർണങ്ങളാക്കി വേർതിരിച്ചെഴുതട്ടെ.

പരസ്പരം കൈമാറി അപാകതകളുണ്ടെങ്കിൽ തിരിച്ചറിഞ്ഞു തിരുത്തട്ടെ.

ടീച്ചർ വിലയിരുത്തണം.

# പാഠം – 10
# ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്

നന്മയുടെയും സ്നേഹത്തിന്റെയും വിശാലവീക്ഷണത്തിന്റെയും അറ്റമില്ലാത്ത കാരുണ്യത്തിന്റെയും ത്യാഗപൂർണമായ ജീവിതത്തിന്റെയും ലോകം വായനക്കാരുടെ മുമ്പിൽ തുറന്നുകാണിച്ച സാഹിത്യകാരനാണ് വൈക്കം മുഹമ്മദ്ബഷീർ. സാഹിത്യരംഗത്ത് അക്കാലംവരെ നിലവിലില്ലാതിരുന്ന പുതിയൊരു കാഴ്ചപ്പാടും ശൈലിയും സാഹിത്യരംഗത്ത് ബഷീർ സധൈര്യം മുന്നോട്ടുവയ്ക്കുകയായിരുന്നു. ചുറ്റുപാടും കാണുന്ന സാധാരണവും നിസ്സാരവുമായ ദൃശ്യങ്ങളിലൂടെ, സാധാരണക്കാരായ കഥാപാത്രങ്ങളിലൂടെ, ജനജീവിതങ്ങളിലൂടെ മറ്റാരും കാണാത്ത പുതിയൊരു ദർശനം ബഷീർ തുറന്നു കാണിച്ചു. അതിൽ പരിസ്ഥിതിയുണ്ട്, ആചാരങ്ങളുണ്ട്, പച്ചയായ ജീവിതത്തിന്റെ ആവിഷ്ക്കാരങ്ങളുണ്ട്, സർവ്വോപരി മാനവികമൂല്യങ്ങൾക്ക് വലിയ സ്ഥാനമുണ്ട്. മനസ്സുണർത്തുന്ന കാഴ്ചകളിലേക്ക് വായനക്കാരുടെ ശ്രദ്ധ തിരിക്കുന്നുണ്ട് ബഷീറിന്റെ ഓരോ കഥയും കഥാപാത്രവും.

ബഷീറിന്റെ കൃതികളിൽ ശ്രദ്ധേയമാണ് 'ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്' എന്ന നോവൽ. സമൂഹത്തിൽ നിലനിൽക്കുന്ന ജീർണതകളും അന്ധവിശ്വാസങ്ങളും ചൂണ്ടിക്കാട്ടി വിദ്യാഭ്യാസത്തിലൂടെ അവ നിർമ്മാർജ്ജനം ചെയ്യാനുള്ള സന്ദേശം ഈ കൃതി നൽകുന്നുണ്ട്. സകല ജീവജാലങ്ങൾക്കു നേരെയുമുള്ള ബഷീറിന്റെ ആർദ്രദൃഷ്ടിയാണ് ഈ കൃതിയിലെ പ്രധാന കഥാപാത്രമായ കുഞ്ഞുപ്പാത്തുമ്മയിലൂടെ ആവിഷ്കൃതമായിരിക്കുന്നത്. തന്നെ കടിച്ച് ചോരയൂറ്റിക്കുടിച്ച അട്ടയെപ്പോലും കൊല്ലാൻ കുഞ്ഞുപ്പാത്തുമ്മയ്ക്കു മനസ്സുവരുന്നില്ല. സ്നേഹത്തിന്റെയും ദയയുടെയും അഹിംസയുടെയും ബഷീറിയൻ കാഴ്ചപ്പാട് ഈ കഥാപാത്രത്തിൽ തെളിഞ്ഞുകാണാം.

സകല ജീവജാലങ്ങളെയും സ്നേഹത്തോടെ കാണാനും ഓരോ ജീവിയുടെയും അവസ്ഥാന്തരങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കാനുമായുള്ള കാഴ്ചപ്പാട് കുട്ടികളുടെ മനസ്സിലുണ്ടാക്കാൻ ഈ പാഠഭാഗം പ്രയോജനപ്പെടുത്തേണ്ടതുണ്ട്. അതോടൊപ്പം ബഷീർകൃതികളെക്കുറിച്ചു കൂടുതൽ മനസ്സിലാക്കാനും വായിക്കാനുമുള്ള പ്രചോദനവും നൽകണം.

## പ്രവർത്തന വിശകലനം

- കുട്ടികൾ പാഠഭാഗത്തെ ചിത്രം നിരീക്ഷിക്കട്ടെ.
- എന്തെല്ലാമാണു ചിത്രത്തിൽ കാണുന്നത്?
- ആ പെൺകുട്ടിയുടെ വേഷവിധാനം ശ്രദ്ധിക്കു; നിങ്ങളിന്നു ധരിക്കുന്നതുപോലുള്ള വസ്ത്രങ്ങളാണോ അവൾ ധരിച്ചിരിക്കുന്നത്? എന്തെല്ലാം വ്യത്യാസങ്ങൾ?
- ചിത്രത്തിൽ മറ്റെന്തെല്ലാമാണ് കാണുന്നത്?
- ഈ ചിത്രത്തിലുള്ളതാരാണെന്നറിയേണ്ടേ?

ടീച്ചർ കഥയുടെ ശീർഷകം വായിക്കുന്നു : ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്.

കുട്ടികളോട് കഥ വായിക്കാൻ നിർദ്ദേശിക്കുന്നു.

കുട്ടികൾ വ്യക്തിഗതമായി കഥ വായിക്കട്ടെ.

## വിശകലനം ചെയ്യാം

- കഥയിലെ മുഖ്യകഥാപാത്രത്തിന്റെ പേരെന്താണ്?
- അവളെന്തു ചെയ്യുകയായിരുന്നു?
- അപ്പോൾ എന്താണു സംഭവിച്ചത്?
- തന്നെ കടിച്ച ജീവിയെ അവൾ കൊല്ലാതിരുന്നത് എന്തുകൊണ്ടാണ്?
- അവൾ എന്തു സൽപ്രവൃത്തിയാണു ചെയ്തത്?
- വരാലിന്റെ കണ്ണുകൾ സ്നേഹമില്ലാത്തതാണെന്ന് അവൾ കരുതുന്നതെന്തുകൊണ്ടാണ്?
- പൊയ്കയിൽ കണ്ട മറ്റു ജീവികൾ ഏതെല്ലാം?
- നീർക്കോലി എന്താണു ചെയ്തത്?

- കുഞ്ഞുപ്പാത്തുമ്മയുടെ ഉമ്മയുടെയും ഉപ്പയുടെയും സ്വഭാവമെങ്ങനെ?
- 'ഞാ ആനമക്കാരിന്റെ പുന്നാരമോളാ' എന്ന ഉമ്മയുടെ വാക്കിന്റെ സൂചനയെന്താണ്?

**കണ്ടെത്താം (TB)**

കഥാഭാഗം ആവശ്യബോധത്തോടെ വീണ്ടും വായിക്കാനുള്ള അവസരമാണിത്.

ഓരോ ചോദ്യവും വായിച്ച് വ്യക്തിഗതമായി കുട്ടികൾ ഉത്തരം കണ്ടെത്തട്ടെ.

- ഞാൻ കണ്ടെത്തിയ ഉത്തരം ശരിയാണോ?

  ഗ്രൂപ്പിൽ ചർച്ച ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തട്ടെ.

ഓരോ ഗ്രൂപ്പിൽ നിന്നും ഒന്നോ രണ്ടോ കുട്ടികൾ ഉത്തരം അവതരിപ്പിക്കുന്നു.

ടീച്ചർ ആ ഉത്തരങ്ങൾ ചുരുക്കി ബോർഡിലെഴുതുന്നു.

കുട്ടികൾ അപ്രകാരം സംഗ്രഹിച്ച് നോട്ടുബുക്കിൽ എഴുതട്ടെ.

ഓരോ കുട്ടിയുടെയും ഉത്തരങ്ങൾ ടീച്ചർ വിലയിരുത്തണം.

**സന്ദർഭം കണ്ടെത്തി വിശദീകരിക്കാം (TB)**

തന്നിരിക്കുന്ന വാക്യം പ്രയോഗിച്ചിരിക്കുന്ന സന്ദർഭം കുട്ടികൾ കണ്ടെത്തട്ടെ.

- ആരാണ് അങ്ങനെ പറഞ്ഞത് ?
- ആരോടാണു പറഞ്ഞത്?
- ഏതു സന്ദർഭത്തിലാണു പറഞ്ഞത്?
- ആ വാക്യത്തിന്റെ ആശയമെന്താണ്?
- എന്താണാ വാക്കുകൾ സൂചിപ്പിക്കുന്നത്?

ചർച്ചയ്ക്കു ശേഷം കുട്ടികൾ സ്വന്തം വാക്യത്തിൽ വിശദീകരണം എഴുതട്ടെ.
**ടീച്ചർ വിലയിരുത്തണം**

| |
|---|
| അട്ട കുഞ്ഞുപ്പാത്തുമ്മയെ കടിച്ചു ചോര കുടിച്ചെങ്കിലും ഇനി മറ്റാരെയും കടിക്കരുതെന്ന നിർദ്ദേശത്തിൽ അവളുടെ നല്ല മനസ്സും ദയയും ഗുണകാംക്ഷയും പ്രകടമാണ്. |

| |
|---|
| തറവാടിത്തത്തിന്റെ പേരിലുള്ള അഹന്തയാണ് ഉമ്മയുടെ വാക്കുകളിലുള്ളത്. തറവാട് തകർന്നെങ്കിലും പഴയ ആഢ്യമനോഭാവം അവരുടെ മനസ്സിൽ നിന്നു പോയിട്ടില്ലെന്നാണീ വാക്കുകൾ തെളിയിക്കുന്നത്. |

**കഥാപാത്ര നിരൂപണം**

**തയ്യാറാക്കുക (WB)**

കഥയിൽനിന്ന് ഒരു പ്രത്യേക കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ വേർതിരിച്ചു മനസ്സിലാക്കാനുള്ള പ്രവർത്തനമാണിത്.

- കുഞ്ഞുപ്പാത്തുമ്മ കഥാഭാഗത്തു പ്രത്യക്ഷപ്പെടുന്നതെങ്ങനെയാണ്?
- എന്തൊക്കെയാണ് അവളുടെ വിചാരങ്ങൾ?
- ആ വിചാരങ്ങളിൽ നിന്നു നമുക്കു മനസ്സിലാക്കാൻ കഴിയുന്നതെന്താണ്?
- അവളുടെ സ്വഭാവമെങ്ങനെ?
- ഉമ്മയോടും ഉപ്പയോടുമുള്ള അവളുടെ സമീപനമെങ്ങനെ?

ചോദ്യങ്ങളിലൂടെ കുഞ്ഞുപ്പാത്തുമ്മയുടെ സ്വഭാവങ്ങൾ കുട്ടികൾ തിരിച്ചറിയുന്നു.

ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ കഥ ഒന്നു കൂടി വായിക്കട്ടെ.

**എങ്ങനെയാണ് നിരൂപണം എഴുതിത്തുടങ്ങേണ്ടത്?**

- ആമുഖം വേണം. ആരുടെ, ഏതു കൃതിയിലെ കഥാപാത്രം എന്ന് ആമുഖത്തിൽ വ്യക്തമാക്കണം.
- തുടർന്ന് സ്വഭാവസവിശേഷതകൾ എഴുതിത്തുടങ്ങാം.

കുഞ്ഞുപ്പാത്തുമ്മയുടെ ഭയം, നാണം, ജീവികളോടുള്ള ദയ, എല്ലാറ്റിനോടുമുള്ള സ്നേഹം, ഉമ്മയോടുള്ള സ്നേഹം, ഉപ്പയോടുള്ള സഹതാപം, കഥയിൽ കുഞ്ഞുപ്പാത്തുമ്മയുടെ സ്ഥാനം എന്നിങ്ങനെ ഓരോന്നായി വിശദീകരിക്കണം. വ്യക്തിഗതമായി എഴുതിയ നിരൂപണം ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തട്ടെ. ഏതാനും നിരൂപണങ്ങൾ ക്ലാസിൽ അവതരിപ്പിക്കാം. ടീച്ചർ വിലയിരുത്തണം.

## എന്തുകൊണ്ട്? (WB)

വാക്കുകളിലെ സൂചനകൾ മനസ്സിലാക്കാനുള്ള പ്രവർത്തനമാണിത്. അതു മനസ്സിലാക്കാൻ വീണ്ടും കഥാഭാഗത്തേക്കു പോകണം. ആമ്പൽപ്പൂക്കൾ ചുമ്മാ... എന്നു തുടങ്ങുന്ന വാക്കുകൾ ഏതു സന്ദർഭത്തിലാണു പറയുന്നതെന്നു കുട്ടികൾ കണ്ടെത്തട്ടെ.

- മനുഷ്യരുടെ ചോര കുടിക്കുന്ന അട്ടകളും അട്ടകളെ വെട്ടിവിഴുങ്ങുന്ന വരാലുകളും പാവപ്പെട്ട പരൽമീനുകളെ ക്ഷോഭം കൂടാതെ വിഴുങ്ങുന്ന നീർക്കോലികളുമൊക്കെ കുഞ്ഞുപ്പാത്തുമ്മയെ സംബന്ധിച്ചിടത്തോളം ഭീകരദൃശ്യങ്ങളാണ്. അതോടോപ്പം പൊയ്കയിലെ ശുദ്ധമായ വെള്ളവും അതിൽ വിടർന്നു നിൽക്കുന്ന ആമ്പൽപൂക്കളും ചുവന്ന മഷിത്തരികൾപോലെയുള്ള വരാൽ കുഞ്ഞുങ്ങളും ആമയും പള്ളത്തിയും കരിമീനും തവളയും ......... മനോഹരമായ ദൃശ്യങ്ങളാണ്. ഇങ്ങനെ ഭീകരതയുടെയും സൗന്ദര്യത്തിന്റെയും ഒത്തുചേരൽ ആ പൊയ്കയിൽ കാണുന്നു.

ചർച്ചയിലൂടെ ഈ ധാരണയിലേക്ക് എത്തിച്ചേരണം.

രണ്ടാമത്തെ പ്രവർത്തനം കുഞ്ഞുപ്പാത്തുമ്മയുടെ ദയാപൂർണമായ മനസ്സിനെ പ്രകാശിപ്പിക്കുന്നതാണ്. തന്നെ കടിച്ചു ചോര കുടിച്ചെങ്കിലും ആ അട്ടയ്ക്കുമുണ്ടല്ലോ ഉമ്മായും ബാപ്പായും മക്കളുമൊക്കെ. തന്നെപ്പോലെ അതിനെയും അല്ലാഹ് സൃഷ്ടിച്ചതാണ്. അതുകൊണ്ട് ഹിംസിക്കാൻ പാടില്ല. ഈ വിചാരത്തിൽ അവൾ ആ അട്ടയെ വെറുതെ വിടുന്നു.

കുട്ടികൾ വ്യക്തിഗതമായി എഴുതട്ടെ.

ഹോംവർക്കായി നൽകിയാൽ മതി. ടീച്ചർ വിലയിരുത്തണം

## പദങ്ങൾ മാറ്റാം (WB)

മനസ്സിൽ പദസമ്പത്ത് വർദ്ധിപ്പിക്കാനുള്ള പ്രവർത്തനമാണിത്.

സത് + പ്രവൃത്തി - സത്പ്രവൃത്തി - നല്ല പ്രവൃത്തി

സത് + വിചാരം - സദ്വിചാരം - നല്ല വിചാരം

- സത്സ്വഭാവം
- സദാചാരം
- സദ്ഭാവന
- സദുദ്ദേശ്യം

'സത്' ചേർക്കുമ്പോൾ പദത്തിൽ വരുന്ന മാറ്റങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽ പെടുത്തണം.

നിയമം : പദാന്തത്തിലെ ദൃഢവർണങ്ങൾ സന്ധിയിൽ 'മൃദു' ആകും

ങ, ഞ, ണ, ന, മ, യ, ര, ല, വ, ഹ ഒഴികെയുള്ള വ്യഞ്ജനങ്ങളെയാണ് ദൃഢവർണം എന്നു പറയുന്നത്.

എന്നാൽ 'ത' കാരത്തിനു ശേഷം ക, ഖ, പ, ഫ എന്നിവ വന്നാൽ മാറ്റമൊന്നുമുണ്ടാവില്ല. ഉദാ: സത് + കർമ്മം - സത്കർമ്മം. ഈ നിയമം കുട്ടികളെ ബോധ്യപ്പെടുത്തേണ്ടതില്ല.

## ശരിയായ പദം എടുത്തെഴുതുക (WB)

സാധാരണ വിദ്യാഭ്യാസമുള്ളവർ പോലും തെറ്റി എഴുതാറുള്ള ചില പദങ്ങളാണ് നൽകിയിരിക്കുന്നത്. കുട്ടികളുടെ മനസ്സിൽ പതിയുംവിധം ഈ പ്രവർത്തനം നടത്താൻ ടീച്ചർ ശ്രദ്ധിക്കണം.

യാദൃച്ഛികം, വിചാരം, അധ്യായം, വിദ്യുച്ഛക്തി, ആശ്ചര്യം, യഥാർത്ഥം എന്നിവയാണു ശരി.

## വാക്യം പൂർണമാക്കുക (WB)

അടിവരയിട്ട പദങ്ങളായ ഹിംസ, ക്ഷമ, സ്വാതന്ത്ര്യം എന്നീ പദങ്ങളുടെ വിപരീത പദങ്ങളായ അഹിംസ, അക്ഷമ, പാരതന്ത്ര്യം എന്നീ പദങ്ങൾ കണ്ടെത്തി കുട്ടികൾ എഴുതട്ടെ.

## മാതൃകപോലെ പിരിച്ചെഴുതുക (WB)

| | |
|---|---|
| അതി+ ആചാരം - അത്യാചാരം | അതി + അന്തം - അത്യന്തം |
| (വർക്കുബുക്കിൽ അന്ത്യാചാരം | അതി + ആർത്തി - അത്യാർത്തി |

എന്നു വന്നത് തെറ്റാണ്)

അതി + അധികം - അത്യധികം

പ്രതി+ ഉത്തരം - പ്രത്യുത്തരം

അതി + ആഗ്രഹം - അത്യാഗ്രഹം

അതി + ആവശ്യം - അത്യാവശ്യം

## വാമൊഴിയും വരമൊഴിയും

വാമൊഴി, വരമൊഴി വ്യത്യാസങ്ങൾ കുട്ടികൾ തിരിച്ചറിയട്ടെ.

ഭാഷയുടെ പ്രാദേശികമായ സംസാരശൈലികളാണ് വാമൊഴികൾ. ഓരോ പ്രദേശത്തിനും പ്രത്യേക വാമൊഴി രൂപങ്ങളുണ്ടായിരിക്കും. വരമൊഴി ഭാഷയുടെ എഴുത്തുരൂപമമാണ്. അച്ചടിഭാഷ എന്നു പറയാം.

പാഠഭാഗത്തെ വാമൊഴി പ്രയോഗങ്ങൾ കുട്ടികൾ കണ്ടെത്തുന്നു. അതിന്റെ വരമൊഴി രൂപം ചോദിച്ചറിയുന്നു.

## നോവൽ വായിക്കാം, ചാർട്ടു തയ്യാറാക്കാം (TB)

ലൈബ്രറിയിൽ നിന്നു കുട്ടികൾ ബഷീർകൃതികൾ കണ്ടെത്തട്ടെ.

ക്ലാസിൽ അവതരിപ്പിച്ച് കൃത്യത വരുത്തിയ ശേഷം ചാർട്ട് തയ്യാറാക്കാം.

## പദമെന്നാൽ (TB)

ഒരു അർത്ഥത്തെ കുറിക്കുന്നതിന്നായി വർണങ്ങളെ കൂട്ടിച്ചേർത്തുണ്ടാക്കുന്ന അക്ഷരക്കൂട്ടത്തിന്നാണു പദം അഥവാ 'പ്രകൃതി' എന്നു പറയുന്നത്.

ഉദാ: പ് + ഏ+ ന് + അ = പേന (നാലുവർണങ്ങൾ, രണ്ട് അക്ഷരം)

വ്+ഋ+ ക്+ ഷ്+അം = വൃക്ഷം (അഞ്ചുവർണങ്ങൾ, രണ്ട് അക്ഷരം)

കൂടുതൽ ഉദാഹരണങ്ങൾ നൽകണം.

# പാഠം – 11
## സ്വാഗതം കുഞ്ഞിക്കാറ്റേ

നമ്മുടെ പ്രകൃതി എത്ര മനോഹരമാണ്! വൈവിധ്യപൂർണ്ണമാണ്! ഈ മനോഹാരിതയും വൈവിധ്യവുമെല്ലാം ആസ്വദിക്കണമെങ്കിൽ, അതിന്റെ ഗുണഫലങ്ങളനുഭവിക്കണമെങ്കിൽ അതിനെക്കുറിച്ചറിയണം. ഇത്രയും മനോഹരവും വൈചിത്ര്യമാർന്നതുമായ പലതും തന്റെ ചുറ്റിലുമുണ്ടെന്ന് ആലോചിക്കാനുള്ള മനസ്സുണ്ടാവണം. സർവ്വോപരി അവയൊക്കെ കൺനിറയെ കാണാനുള്ള കാഴ്ചയുംവേണം. ശാരീരികമായ കാഴ്ചശക്തിയല്ല ഇവിടെ ഉദ്ദേശ്യം; മനസ്സിന്റെ കാഴ്ചയാണ്. മനക്കണ്ണു തുറക്കണം. അപ്പോൾ നമ്മുടെ മാനസികപ്രയാസങ്ങൾ മാത്രമല്ല, ശാരീരിക വിഷമങ്ങളുമകറ്റാൻ പ്രകൃതിദൃശ്യങ്ങളെല്ലാം പ്രയോജനപ്പെടും. വാർധക്യകാലത്ത് കൃഷിയിലും പൂന്തോട്ടനിർമ്മാണത്തിലും അവയുടെ പരിചരണത്തിലും മുഴുകുന്നവർക്ക് ആയുസ്സ് വർദ്ധിക്കുമെന്നും രോഗപീഡകളിൽ നിന്നു മോചനം ലഭിക്കുമെന്നും മനസ്സിൽ സന്തോഷവും സമാധാനവും നിലനിൽക്കുമെന്നും പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

ആസ്വദിക്കാനുള്ള ശേഷിയാണു പ്രധാനം. അതുണ്ടെങ്കിൽ വീട്ടുമുറ്റത്തു വിരിഞ്ഞ കൊച്ചു പൂവിൽപോലും സൗന്ദര്യപ്രപഞ്ചം ദർശിക്കാൻ കഴിയും. കടന്നുവരുന്ന മന്ദമാരുതൻ പോലും പല സന്ദേശങ്ങളും നൽകുന്നതായി അനുഭവപ്പെടും. ഒരു കൊച്ചുകിളിയുടെ ശബ്ദത്തിൽപോലും തിരതള്ളുന്ന ആഹ്ലാദം കണ്ടെത്താനാവും. കുട്ടികളിൽ ആസ്വാദനശേഷി വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് 'സ്വാഗതം കുഞ്ഞിക്കാറ്റേ' എന്നകവിത പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രകൃതി ഭംഗി ആസ്വദിക്കാനും പ്രകൃതിയെക്കുറിച്ചു കവിത രചിക്കാനും കവിത ഈണത്തിൽ ചൊല്ലാനും ആലങ്കാരികപ്രയോഗങ്ങളുടെ ഭംഗി കണ്ടെത്താനും ഈ പാഠഭാഗം പ്രയോജനപ്പെടുത്തണം.

### പ്രവർത്തന വിശകലനം

ടീച്ചർ ഒരു ഗാനമാലപിക്കുന്നു. സി.ഡി പ്രയോജനപ്പെടുത്താം.

കാറ്റേ കാറ്റേ നീ പൂക്കാമരത്തില്
പാട്ടും മൂളി വന്നോ
ഞാലിപ്പൂങ്കദളി വാഴപ്പൂക്കളിൽ
ആകേ തേൻ നിറഞ്ഞോ, ആകേ തേൻ നിറഞ്ഞോ..........
ആറ്റ് നോറ്റ് ഈ കാണാമരത്തില്
പൂവും കായും വന്നോ, പൂവും കായും വന്നോ
മീന വെയിലിൻ ചൂടിൽ തണു തണെ
തൂവൽ വീശി നിന്നോ, തൂവൽ വീശി നിന്നോ ...........

ഗാനാസ്വാദനത്തിനുശേഷം ടീച്ചർ ചോദിക്കുന്നു:

കാറ്റിനോട് ചോദിക്കുകയും പറയുകയും ചെയ്യുന്ന ഗാനങ്ങൾ വേറെയുമുണ്ടല്ലോ. നിങ്ങൾക്കൊരു ഗാനം ആലപിക്കാമോ?

കുട്ടികൾ സന്നദ്ധരാവുകയാണെങ്കിൽ അവസരം നൽകാം.

ഇനി നമുക്ക് കാറ്റിനെ സ്വാഗതം ചെയ്യുന്ന ഒരു കവിത ചൊല്ലാം എന്ന ആമുഖത്തോടെ 'സ്വാഗതം കുഞ്ഞിക്കാറ്റേ' എന്ന കവിതയുടെ ആദ്യ നാലുവരി ചൊല്ലുന്നു, കുട്ടികൾ അതേറ്റു ചൊല്ലുന്നു.

അതേ ഈണത്തിലും താളത്തിലും കവിത പൂർണ്ണമായി ചൊല്ലട്ടെ.

ശേഷം രണ്ടോ മൂന്നോ പേർ ചേർന്ന് കവിത ചൊല്ലി അവതരിപ്പിക്കുന്നു.

### വിശകലനം ചെയ്യാം

- കാറ്റിനെ എങ്ങനെയൊക്കെയാണു കവയിത്രി വിളിക്കുന്നത്?
- എന്താണ് ആദ്യം കാറ്റിനോടു പറയുന്നത്?
- ചന്ദനക്കുന്നിൽ നിന്നാണോ നീ വരുന്നത് എന്നു കാറ്റിനോടു ചോദിക്കാൻ കാരണമെന്ത്?
- കാറ്റിനെക്കുറിച്ച് കവയിത്രി അറിഞ്ഞിരിക്കുന്നതെന്താണ്?

- എന്തെല്ലാം വർണിക്കാനാണ് കാറ്റിനോടു പറയുന്നത്?
- എന്തു കാണുന്നില്ലേയെന്നാണു ചോദിക്കുന്നത്?
- എന്തു കാര്യമാണ് ഭംഗിയായി പറഞ്ഞുകേൾപ്പിക്കാൻ കാറ്റിനോടാവശ്യപ്പെടുന്നത്? ചോദ്യങ്ങൾക്ക് ഉത്തരമായി വരുന്ന വരികൾ എടുത്തുപറഞ്ഞാൽ മതി. അപരിചിതമായ പദങ്ങൾ ഉള്ളതു കൊണ്ട് ആശയം വ്യക്തമായി പറയാൻ കഴിഞ്ഞെന്നു വരില്ല.

## സമാനപദങ്ങളെഴുതുക (WB)

കവിതാഭാഗത്തെ അപരിചിതപദങ്ങളുടെ അർത്ഥം കണ്ടെത്താനുള്ള പ്രവർത്തനമാണിത്. വർക്കുബുക്കിൽ കാണിച്ചിരിക്കുന്ന പദങ്ങൾ ഏതു വരിയിൽ പ്രയോഗിച്ചിരിക്കുന്നു എന്നു കണ്ടെത്തി ചുവടെ വരയ്ക്കട്ടെ.

അടുത്തിരിക്കുന്ന രണ്ടുപേർ വീതം ഓരോ ഗ്രൂപ്പായി ആ വരികൾ വായിച്ച് സാന്ദർഭികാർത്ഥം കണ്ടെത്താൻ ശ്രമിക്കട്ടെ.

കണ്ടെത്തിയ അർത്ഥം അഞ്ചോ ആറോ പേരുള്ള ഗ്രൂപ്പുകളായി തിരിഞ്ഞ് വിശകലനം ചെയ്യട്ടെ. നിഘണ്ടു നോക്കി ശരിയായ അർത്ഥം കണ്ടെത്തിയ ശേഷം വർക്കുബുക്കിൽ എഴുതുന്നു.

## വരികൾ കണ്ടെത്താം (TB)

ഇപ്പോൾ വരികളുടെ ആശയം വ്യക്തമായി മനസ്സിലാക്കിയിട്ടുണ്ടാവും. നൽകിയിരിക്കുന്ന ആശയങ്ങളുൾക്കൊള്ളുന്ന വരികൾ കുട്ടികൾ കണ്ടെത്തട്ടെ. പ്രസ്തുത ആശയങ്ങളെഴുതിയ നറുക്ക് കിട്ടുന്ന കുട്ടികൾ ആ വരികൾ എടുത്തു ചൊല്ലട്ടെ.

ഒരേ ആശയത്തിന് കുട്ടികളുടെ എണ്ണം കണ്ട് അനേകം നറുക്കുകളിട്ടാൽ എല്ലാ കുട്ടികൾക്കും അവസരം ലഭിക്കും.

## ഉത്തരം കണ്ടെത്താം (TB)

ആവശ്യബോധത്തോടെ കവിത വായിച്ച് ആശയം ഉറപ്പിക്കാനും ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം കണ്ടെത്താനുമുള്ള അവസരമാണിത്.

ഓരോ ചോദ്യവും നോട്ടുബുക്കിലെഴുതി ശരിയായ ഉത്തരം വ്യക്തിഗതമായി കണ്ടെത്തട്ടെ. കണ്ടെത്തിയ ഉത്തരം ശരിയാണോ എന്നു ഗ്രൂപ്പിൽ ചർച്ച ചെയ്ത് ഉറപ്പിക്കണം. ഓരോ ഗ്രൂപ്പും തങ്ങൾ കണ്ടെത്തിയ ഉത്തരം അവതരിപ്പിക്കട്ടെ. മറ്റു ഗ്രൂപ്പുകൾ ആ ഉത്തരങ്ങൾ ശരിയാണോ എന്നു വിലയിരുത്തണം. തെറ്റുണ്ടെങ്കിൽ ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കണം. ടീച്ചർ ഉചിതമായ വിധത്തിൽ ഇടപെട്ട് കുട്ടികളെ പ്രോത്സാഹിപ്പിക്കണം.

## ഈണം കണ്ടെത്താം (TB)

ടീച്ചർ മാതൃകാ ഈണത്തിൽ കവിത ചൊല്ലുന്നു. കുട്ടികൾ ആസ്വദിക്കുന്നു.

തുടർന്ന് കുട്ടികൾ സ്വന്തമായി ഈണം കണ്ടെത്തട്ടെ.

ചൊല്ലിയൊപ്പിക്കാൻ കഴിയുന്ന ഏത് ഈണവും പ്രോത്സാഹിപ്പിക്കണം.

ഗ്രൂപ്പിൽ ചർച്ചചെയ്ത് വ്യക്തത വരുത്തിയ ശേഷം ഗ്രൂപ്പുകളായി കവിത ചൊല്ലി അവതരിപ്പിക്കട്ടെ.

മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുകയും പ്രോത്സാഹിപ്പിക്കുകയും വേണം.

## ലഘുകുറിപ്പ് തയ്യാറാക്കാം (WB)

കാറ്റിനു സുഗന്ധം കിട്ടിയത് ചന്ദനക്കുന്നിലൂടെ വന്നതുകൊണ്ടോ പൂക്കൾ നിറഞ്ഞ ഉദ്യാനം ചുറ്റി വന്നതുകൊണ്ടോ ആവാമെന്നു കവയിത്രി സംശയിക്കുന്നു. നല്ലവരോടു സമ്പർക്കം പുലർത്തിയാൽ നല്ലവരായിത്തീരുമെന്ന സാമാന്യതത്വം പ്രസ്താവിക്കുകയും ചെയ്തിരുന്നു. ഇതേ ആശയം തന്നെയാണ്

ചാരിയാൽ ചാരിയതു മണക്കും,
ചന്ദനം ചാരിയാൽ ചന്ദനം മണക്കും,
ആല ചാരിയാൽ ചാണകം മണക്കും,

എന്നീ ചൊല്ലുകളുടെ ആശയവും.

ഗ്രൂപ്പിൽ കുറിപ്പ് തയ്യാറാക്കട്ടെ. ഓരോ ഗ്രൂപ്പിൽ നിന്നും ഓരോ കുട്ടി കുറിപ്പ് വായിക്കട്ടെ. കുറിപ്പുകളിൽ വ്യത്യസ്തത പ്രോത്സാഹിപ്പിക്കണം.

### കവിവാക്യത്തിൽ എഴുതുക (WB)

പാട്ടുപാടി ഒഴുകും നദി : ഇരമ്പിപ്പാടി ------ ഒഴുകും സ്രവന്തികൾ

താമരകൾ വിടർന്നു നിൽക്കുന്നു : നല്ല പദ്മാകരങ്ങൾ വേണ്ടുമ്പോൾ വികസിച്ചു നിൽക്കുന്നു.

പൂന്തോട്ടം ചുറ്റിവരുന്ന കാറ്റ് : ആരാമങ്ങൾ ------ തടവിപ്പോന്നിട്ടുണ്ടാം.

വണ്ടുകൾക്കു കുടിക്കാൻ തേൻ നിറച്ചുവച്ച പൂവ് : പറക്കും മധുപ --- തുറന്ന ഭണ്ഡാരങ്ങൾ.

### കവിത രചിക്കാം (TB)

സ്വന്തമായി കൊച്ചുകവിതകൾ രചിക്കാനുള്ള പ്രോത്സാഹനമണിത്.

പാഠഭാഗം ഒരിക്കൽകൂടി എല്ലാവരും ഈണത്തിൽ ചൊല്ലട്ടെ.

ടീച്ചർ ചോദിക്കുന്നു:

- കവിത ചൊല്ലാൻ ഇഷ്ടമല്ലേ?
- ഇതുപോലുള്ള കവിതകൾ നമുക്കും എഴുതിക്കൂടേ?

- കവയിത്രി കാറ്റിനോടു പലതും ചോദിക്കുന്നുണ്ടല്ലോ, നിങ്ങൾക്കുമില്ലേ പലതും ചോദിക്കാൻ? അവ കവിതാ രൂപത്തിൽ എഴുതിനോക്കൂ; ഈണവും താളവുമുണ്ടാവാൻ ശ്രദ്ധിക്കണേ!

സ്വന്തമായി എഴുതിയ വരികൾ ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. കൂട്ടുകാരുടെ നിർദ്ദേശപ്രകാരം ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നു.

എഴുതിയ കവിതകൾ ക്ലാസിൽ അവതരിപ്പിക്കുന്നു. എല്ലാം ഉൾപ്പെടുത്തി കവിതാപതിപ്പ് തയ്യാറാക്കാം.

**ടീച്ചർ വേർഷൻ പ്രദർശിപ്പിക്കുന്നു :**

- കാറ്റേ കാറ്റേ ചൊല്ലാമോ
  വഴിയിൽ കണ്ടതു പറയാമോ
  അങ്ങേ നാട്ടിലുമിതുപോലെ
  പാട്ടു കളിയും നടപ്പുണ്ടോ?
- കാറ്റുവന്നു ചെവിയിലോതീ
  പോരൂ പോരൂ കൂട്ടുകാരാ
  കാണാനൊത്തിരി കാഴ്ചകളുണ്ടേ
  കേൾക്കാനൊത്തിരി പാട്ടുകളുണ്ടേ
  എങ്ങനെ പോരും കാറ്റേ ഞാൻ
  ചിറകില്ലാതെ പാറാമോ!
  നിന്നുടെ ചിറകതിലേറ്റിയെന്നെ
  അങ്ങകലേക്കു പറക്കാമോ?

## പര്യായപദങ്ങൾ കണ്ടെത്താം

പര്യായപദങ്ങൾ കുട്ടികൾ ഗ്രൂപ്പിൽ ചർച്ച ചെയ്തു കണ്ടെത്തുന്നു.
ഓരോ ഗ്രൂപ്പും ഓരോ പദത്തിന്റെ പര്യായപദം പറയട്ടെ.
ടീച്ചർ BBയിൽ കുറിക്കുന്നു.

| | | |
|---|---|---|
| താമര | : | നളിനം, പത്മം, കമലം, പങ്കജം |
| വണ്ട് | : | മധുപം, മധുദ്രം, ഭ്രമരകം |
| കാറ്റ് | : | അനിലൻ, മാരുതൻ, മാരുതം |
| പൂവ് | : | കുസുമം, സൂനം, പുഷ്പം |
| തേൻ | : | മധു, മകരന്ദം, ക്ഷാദ്രം, മാക്ഷികം |

## ശബ്ദഭംഗി കണ്ടെത്താം (TB)

കവിതയിൽ ശബ്ദാലങ്കാരങ്ങളും അർത്ഥാലങ്കാരങ്ങളും പ്രയോഗിക്കാറുണ്ടല്ലോ. ശബ്ദത്തിന്റെ ആവർത്തനമാണു ശബ്ദാലങ്കാരം. വ്യഞ്ജനാക്ഷരങ്ങൾ ഏതെങ്കിലും പ്രത്യേകക്രമത്തിൽ ആവർത്തിക്കുന്നതിനു 'പ്രാസം' എന്നാണു പറയുക. നാലുവരിയിലും ഒരേ അക്ഷരം തുടക്കത്തിൽ ആവർത്തിക്കുന്നത് ആദ്യക്ഷരപ്രാസം. ഓരോ വരിയുടെയും രണ്ടാമത്തെ അക്ഷരം ഒരുപോലെയാകുന്നതു ദ്വിതീയാക്ഷര പ്രാസം. എല്ലാ വരികളുടെയും അവസാന അക്ഷരം ഒരു പോലെയാകുന്നത് അന്ത്യാക്ഷരപ്രാസം. ഇരട്ടിച്ച അക്ഷരങ്ങൾ ഇടയ്ക്കിടെ ആവർത്തിച്ചു വരുന്നത് ദ്വിത്വപ്രാസം.

അക്ഷരങ്ങൾ എങ്ങനെയൊക്കെ ആവർത്തിച്ചു വന്നിരിക്കുന്നുവെന്നു കുട്ടികൾ കണ്ടെത്തട്ടെ.

# യൂണിറ്റ് – 4
# ലക്ഷ്യങ്ങളിലേക്കു മുന്നേറാം

മനുഷ്യജീവിതത്തിനു നിർണ്ണിതമായ ലക്ഷ്യമുണ്ട്. വിവേകമെന്ന മഹാശക്തിയാൽ അനുഗൃഹീതനായ മനുഷ്യൻ ഇതരജീവജാലങ്ങളെപ്പോലെ കേവലജീവിതാവശ്യങ്ങൾ മാത്രം നിറവേറ്റി ഒടുങ്ങേണ്ടവനല്ല. മനുഷ്യജീവിതത്തിന്റെ പരമമായ ലക്ഷ്യം സാമൂഹികജീവിതത്തിൽ തന്റേതായ ഭാഗധേയം യഥാവിധി നിറവേറ്റി ആത്മീയമോക്ഷം നേടലാണ്. ഭൗതികജീവിതം ആസൂത്രണം ചെയ്യപ്പെടേണ്ടത് പരമമായ ഈ ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം. അങ്ങനെ ആസൂത്രണം ചെയ്യുമ്പോൾ ഇത്തിരിമാത്രമുള്ള ഈ ജീവിതത്തെ പരമാവധി പ്രയോജനപ്പെടുത്താനുള്ള പദ്ധതികൾക്കാണു പരിഗണന നൽകേണ്ടത്. നമ്മുടെ ബുദ്ധിയും മറ്റുശേഷികളും ഉപയോഗപ്പെടുത്തിയാണ് ഈ പദ്ധതി രൂപപ്പെടുത്തേണ്ടത്.

ഓരോ വ്യക്തിയും കർമ്മനിരതനാവണം. സാമൂഹികജീവിതത്തിൽ മറ്റുള്ളവർക്കുകൂടി പ്രയോജനപ്പെടുംവിധം ജീവിതം ക്രമീകരിക്കണം. നിലവിലുള്ള അവസ്ഥയിൽ ഒതുങ്ങിക്കൂടുന്നതല്ല മനുഷ്യപ്രകൃതി. അതെപ്പോഴും ഉൽക്കർഷം തേടുന്നു. ഉയരങ്ങളിലേക്കു കയറിപ്പോകാൻ പ്രേരിപ്പിക്കുന്നു. കവയിത്രി ബാലാമണിയമ്മ 'വലുതാവണം' എന്ന കവിതയിൽ സൂചിപ്പിച്ചപോലെ

> സന്തതം മേല്പോട്ടു മേല്പോട്ടു മർത്ത്യനെ-
>
> യുന്തുന്നു ദിവ്യമീയക്ഷമത്വം.

ഉത്ക്കർഷത്തിന്നായുള്ള ഈ അഭിവാഞ്ഛയാണു ഭൗതികജീവിതത്തിൽ ഓരോ വ്യക്തിയുടെയും ലക്ഷ്യം നിർണ്ണയിക്കുന്നത്. വ്യക്തിത്വ വൈവിധ്യവും അഭിരുചികളുടെ ഭിന്നതയും വ്യത്യസ്തമേഖലകളിലേക്കു മനുഷ്യനെ തിരിച്ചുവിടുന്നു. ജീവിതത്തിന്റെ എല്ലാ മേഖലയിലും പ്രവർത്തനം നടക്കണം. എങ്കിൽ മാത്രമേ സർവ്വതോന്മുഖമായ ജീവിതപുരോഗതി കൈവരിക്കാനാവൂ. ഡോക്ടമാരും എഞ്ചിനീയർമാരും അധ്യാപകരും കർഷകരും തൊഴിലാളികളും സാങ്കേതികവിദഗ്ധരും... തുടങ്ങി എല്ലാ മേഖലയിലേക്കുമാവശ്യമായ വിദഗ്ധരുണ്ടാവണം. കുട്ടികളുടെ മനസ്സിൽ മോഹങ്ങളാണുണ്ടാവുക. ആകർഷകമായി തോന്നുന്ന കാര്യങ്ങളിലേക്കാണ് അവരുടെ ശ്രദ്ധ തിരിയുക. ചില വ്യക്തിത്വങ്ങൾ അവരുടെ മനസ്സിൽ കയറിപ്പറ്റും. അത്തരമൊരാളാവാനായിരിക്കും അവരാഗ്രഹിക്കുക. എന്നാൽ അറിവു നേടുമ്പോഴാണവരിൽ യഥാർത്ഥ ലക്ഷ്യത്തെക്കുറിച്ചുള്ള വിചാരമുണ്ടാകുന്നത്.

അപ്പോൾ പല മനസ്സുകളിലും ആശങ്കകളാണ്. ആകർഷകമായി തോന്നുന്ന ആ ലക്ഷ്യത്തിലെത്തിപ്പെടാൻ തനിക്കു കഴിയുമോ? അതിനുമാത്രം ശേഷിയെ നിക്കുണ്ടോ? ഞാൻ നിസ്സാരനല്ലേ? എന്റെ സാഹചര്യവും കുടുംബപശ്ചാത്തലവും അതിനു തടസ്സമല്ലേ? ഇത്തരം നിരവധി ആശങ്കകൾ! അതൊരുതരം അപകർഷബോധമായി അവരെ തളർത്തിക്കളയാൻ സാധ്യതയുണ്ട്; പ്രത്യേകിച്ച് ഇന്നത്തെ സാഹചര്യത്തിൽ.

അതുകൊണ്ടു കൊച്ചുമനസ്സുകളിൽ നേരത്തെ തന്നെ ലക്ഷ്യബോധമുണർത്തണം. മുൻകാലങ്ങളിലെപ്പോലെയല്ല, ഇക്കാലത്ത് ആധുനിക വാർത്താമാധ്യമ രംഗങ്ങളിലുണ്ടായ വൻപുരോഗതി കാരണം മിക്ക വിഷയങ്ങളെക്കുറിച്ചും കുട്ടികൾക്ക് പൊതുവായ ചില ധാരണകളുണ്ട്, എന്നാൽ ഒന്നിനെക്കുറിച്ചും ആഴത്തിലുള്ള അറിവില്ല എന്നതാണ് യാഥാർത്ഥ്യം. ഈ അവസ്ഥ അപകടകരമാണ്. കുട്ടികളുടെ മനസ്സിൽ അവർ താല്പര്യപ്പെടുന്ന മേഖലയെക്കുറിച്ചുള്ള വ്യക്തമായ ധാരണയുണ്ടാവണം. അതിലേക്കെത്തിച്ചേരാനുള്ള വഴികളെക്കുറിച്ച് ബോധമുണ്ടാവണം. അതുണ്ടാക്കാനുള്ള ശ്രമമാണു വേണ്ടത്.

നിരാശയും അപകർഷബോധവും കുഞ്ഞുമനസ്സുകളെ ബാധിക്കരുത്. ഞാൻ നേടും, ഞാൻ വിജയിക്കും, എനിക്കാ സ്ഥാനത്ത് എത്തിച്ചേരാൻ കഴിയും, എനിക്കു കഴിവുണ്ട്, എനിക്കു ശക്തിയുണ്ട് എന്നിങ്ങനെയുള്ള മാനസികമായൊരുറപ്പാണ് കുട്ടികളുടെ മനസ്സിൽ വേണ്ടത്. അതിനുള്ള പ്രോത്സാഹനമാണ് ഈ യൂണിറ്റിലൂടെ ലക്ഷ്യമാക്കുന്നത്. പ്രോത്സാഹനത്തിനുള്ള ശക്തി അപാരമാണ്. മനുഷ്യനെ ഉയരത്തിലെത്തിക്കാൻ പ്രോത്സാഹനത്തിനു കഴിയും. തളർത്തിക്കളയാൻ നിരുത്സാഹപ്പെടുത്തുന്ന ഒന്നോ രണ്ടോ വാക്കുകൾ മതി.

വിജയത്തിലേക്കുള്ള വിചിത്രവഴികൾ, പറക്കും ഞാൻ, എന്റെ വില; നിന്റെയും എന്നീ പാഠഭാഗങ്ങളാണ് ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തനിക്കു പിൻബലമായി എന്തെങ്കിലുമുണ്ട് എന്ന ധാരണ – യഥാർത്ഥത്തിൽ അങ്ങനെയൊന്നില്ലെങ്കിലും – മതി ആത്മവിശ്വാസത്തോടെ മുന്നേറാൻ എന്ന പാഠം നൽകുന്നു 'വിജയത്തിലേക്കുള്ള വിചിത്രവഴികൾ' എന്ന പാഠഭാഗം. നിലവിലുള്ള അവസ്ഥയിൽ നിന്നുയര

ണം, മുന്നേറണം എന്ന അഭിവാഞ്ഛയെക്കുറിച്ചുണർത്തുന്നു 'പറക്കും ഞാൻ' എന്ന കവിത. ഇതാണല്ലോ എല്ലാ പുരോഗതിയുടെയും നിദാനം. 'എന്റെ വില നിന്റെയും' എന്ന ഗദ്യം ഓരോ വ്യക്തിയിലുമുള്ള അപാരമായ ശക്തിവിശേഷങ്ങളെക്കുറിച്ചും ശേഷിയെക്കുറിച്ചുമുള്ള ഉണർത്തലാണ്.

## പ്രവേശകപ്രവർത്തനം

പ്രവേശകമായി നൽകിയ കുറിപ്പ് കുട്ടികൾ വായിക്കട്ടെ.

- എന്താണ് അതിൽനിന്നു മനസ്സിലാക്കാൻ കഴിയുന്നത്?
- പക്ഷിയുടെ പ്രതികരണം എന്താണ് സൂചിപ്പിക്കുന്നത്?

കുട്ടികൾ പ്രതികരിക്കട്ടെ. ചർച്ചയ്ക്കുശേഷം ടീച്ചർ ക്രോഡീകരിക്കുന്നു:

മരത്തിന്റെ കൊമ്പൊടിഞ്ഞാലും വീഴാതെ പറന്നുയരാൻ തനിക്കു കഴിയുമെന്ന ആത്മവിശ്വാസം പക്ഷിക്കുണ്ട്. തന്നിലുള്ള ശേഷിയെക്കുറിച്ച ബോധമാണ് പക്ഷിയെ ഇങ്ങനെ പറയാൻ പ്രേരിപ്പിക്കുന്നത്. ഈ ബോധമുണ്ടാവണമെങ്കിൽ തന്റെ കഴിവിനെക്കുറിച്ച് അറിഞ്ഞിരിക്കണമല്ലോ. നമുക്കെന്തെല്ലാമറിയാം, എന്തെല്ലാം ചെയ്യാൻ കഴിയും എന്ന ആത്മപരിശോധന വേണം, അറിവില്ലാത്തത് പഠിക്കാനും കഴിവില്ലാത്ത മേഖലയിൽ കഴിവുനേടാനുമുള്ള താല്പര്യവും ഉത്സാഹവുമുണ്ടാവണം, എങ്കിൽ ലക്ഷ്യത്തിലേക്കു മുന്നേറാൻ പ്രയാസമുണ്ടാവില്ല എന്ന ബോധം കുട്ടികളുടെ മനസ്സിലുണർത്താൻ ഈ പ്രവേശകം പ്രയോജനപ്പെടുത്തണം.

## പാഠം – 12

# വിജയത്തിന്റെ വിചിത്രവഴികൾ

ലക്ഷ്യങ്ങളിലേക്കുള്ള മുന്നേറ്റത്തിൽ ആസൂത്രണത്തിനു വലിയ പങ്കുണ്ട്. എന്നാൽ ചിലപ്പോൾ, യാതൊരു ആസൂത്രണവുമില്ലാതെയും അതിവിചിത്രമായും വിജയമാർഗങ്ങൾ മനുഷ്യനു മുമ്പിൽ തുറന്നു കിട്ടാറുണ്ട്. ഭാഗ്യമെന്നോ തലവരയെന്നോ ഒക്കെ വിശേഷിപ്പിക്കാറുണ്ടെങ്കിലും അത്തരം അവസരമൊത്തുവരുന്നതിലും കൈവന്ന അവസരം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിലും വ്യക്തിത്വത്തിന്റെ പങ്ക് അതിപ്രധാനമാണ്. കൈവന്ന ഭാഗ്യം കളഞ്ഞുകുളിക്കാതിരിക്കണമെങ്കിലും നല്ല ആത്മവിശ്വാസവും തന്റേടയും ലക്ഷ്യബോധവും അനിവാര്യമാണെന്നു ചുരുക്കം.

ആത്മവിശ്വാസമാണു പ്രധാനം. നമുക്കു നമ്മെക്കുറിച്ചു തന്നെയുള്ള ഒരു വിശ്വാസമുണ്ടല്ലോ; എനിക്കതു ചെയ്യാൻ കഴിയും. ഞാൻ തളർന്നു പോവില്ല, വരാനുള്ളതൊക്കെ കരുത്തോടെ നേരിടും, എന്നെ തോല്പിക്കാനാവില്ല എന്നിങ്ങനെയുള്ള മനോഭാവം. അതിനെന്തെങ്കിലുമൊരു പിൻബലം ആവശ്യമാണ്. ആ പിൻബലം അത്ര ഉറപ്പായതായിക്കൊള്ളണമെന്നില്ല; എങ്കിലും വ്യക്തിയുടെ മനസ്സിൽ അതുണ്ടാവണം. ആ പിൻബലത്താൽ പ്രശ്നങ്ങൾ പരിഹരിക്കാനും വിജയത്തിലേക്കു മുന്നേറാനും തനിക്കു കഴിയുമെന്ന വിശ്വാസം വേണമെന്നു മാത്രം.

ആ പിൻബലം ചിലപ്പോൾ ഒരു വാക്കായിരിക്കും. ധൈര്യം തരുന്ന, പ്രോത്സാഹനമേകുന്ന ഒരു വാക്ക്. വിദ്യാർത്ഥികളിൽ ഇത്തരം വാക്കുകളുടെ വില അധ്യാപകർ ശരിക്കും തിരിച്ചറിയേണ്ടതുണ്ടെന്നു സാന്ദർഭികമായുണർത്തട്ടെ.

ദേശാടനത്തിനു പുറപ്പെട്ട ഏതാനും തവളകളുടെ കഥ പറയാറുണ്ട് പ്രോത്സാഹനത്തിന്റെ പ്രസക്തി തെളിയിക്കാൻ.

യാത്രക്കിടയിൽ കുറെ തവളകൾ ഒരു കിണറ്റിൽ വീണുപോയി. കിണറിന്നടിയിൽ വെള്ളമില്ല; കടുത്ത പാറയാണ്; മുകളിൽ നിന്ന് ആ പാറയിലേക്കു വീണാൽ പിന്നെ ബാക്കിയുണ്ടാവില്ല. അടിയിലെ പാറയിലേക്കു വീണ തവളകൾ അപ്പോൾ തന്നെ സിദ്ധികൂടി. രണ്ടു തവളകൾക്കു പടവിൽ പിടുത്തം കിട്ടിയതുകൊണ്ട് അപ്പോൾ മരണപ്പെട്ടില്ല. അവ മെല്ലെ മുകളിലേക്കു ചാടിച്ചാടിക്കയറാനുള്ള ശ്രമം തുടങ്ങി. അപ്പോൾ കരയിലുള്ള തവളകൾ വിളിച്ചു പറഞ്ഞു: ചാടല്ലേ, ചാടല്ലേ..താഴെ വീണാൽ ചത്തുപോകുവേ...എന്ന് ഈ നിരുത്സാഹപ്പെടുത്തൽ കേട്ടുകേട്ട് മനസ്സടിഞ്ഞ തവളകളിലൊന്ന് രക്ഷ

'വിജയത്തിന്റെ വിചിത്രവഴികൾ' യാദൃച്ഛികമായൊത്തുവന്ന ഒരുപിന്തുണയുടെ ബലത്തിൽ രക്ഷപ്പെട്ട ഒരു വ്യവസായിയുടെ കഥയാണ്. ബിസിനസ്സ്പൊട്ടി, കടത്തിൽ മുങ്ങി മുന്നോ ട്ടു പോവാനാവാതെ മനസ്സുതകർന്ന വ്യവസായിക്ക് യാദൃച്ഛികമായാണു പത്തുമില്യൻ ഡോളറിന്റെ ചെക്കു കിട്ടുന്നത്; അതും അന്ന് ലോകത്തിൽ ഏറ്റവും വലി യ സമ്പന്നനായ റോക്ഫെല്ലറുടെ ചെക്ക്. അത് അയാളുടെ മനസ്സിനെയുണർത്തി. അയാളിലെ വ്യവസായ തന്ത്രങ്ങളെയുണർ ത്തി. ആ ചെക്കിനെക്കുറിച്ചു യാതൊരു സംശയവും അദ്ദേഹത്തിന്നുണ്ടായിരുന്നില്ല. കാരണം ധാരാളം സേവനപ്രവർത്തനങ്ങൾ നടത്തുന്ന റോക്ഫെല്ലറാണല്ലോ തന്റെ വിഷമം കണ്ടറിഞ്ഞു സഹായിച്ചത്. ആ ധൈര്യത്തിൽ ആവേശം കൊണ്ട അദ്ദേഹം ആ ചെക്ക് പിൻബലമായി കരുതി വ്യവസായശാല വീണ്ടും തുറന്നു പ്രവർത്തിച്ചു. ആത്മവിശ്വാസത്തോടെയുള്ള പ്രവൃത്തിയാൽ ഒറ്റക്കൊല്ലം കൊണ്ടുതന്നെ അദ്ദേഹം കടത്തിൽ നിന്നു മോചിതനാവുകയും ലാഭം കൊയ്തെടുക്കുകയും ചെയ്തു. ഒരു കൊല്ലത്തിനു ശേഷം പത്തുമില്യൻ ഡോളറിന്റെ മാറാത്ത ചെക്ക് തിരിച്ചു കൊടുക്കാൻ റോക്ഫെല്ലറെ തേടിയെത്തിയപ്പോഴാണ് യാഥാർത്ഥ്യം അദ്ദേഹം തിരിച്ചറിയുന്നത്. അപ്പോഴേക്കുമദ്ദേഹം വ്യവസായ രംഗത്ത് ഏറെ പുരോഗമിച്ചു കഴിഞ്ഞിരുന്നു.

ആത്മവിശ്വാസത്തിന്റെ പ്രാധാന്യവും പ്രോത്സാഹനത്തിന്റെ മൂല്യവും വെളിപ്പെടുത്തുന്ന ഈ കഥ കുട്ടികൾക്ക് ഏറെ പ്രയോജനകരമായിരിക്കുമെന്നതിൽ സംശയമില്ല. കൂടുതൽ ഉദാഹരണങ്ങളിലൂടെ കുട്ടികളിൽ ആത്മവിശ്വാസമുറപ്പിക്കാനും ധൈര്യത്തോടെ ലക്ഷ്യത്തിലേക്കു മുന്നേറാനുമുള്ള പ്രോത്സാഹനം ഈ പാഠാധ്യാപനത്തോടൊപ്പം കുട്ടികൾക്കു നൽകാൻ അധ്യാപകർ ശ്രദ്ധിക്കേണ്ടതുണ്ട്. അതോടൊപ്പം റോക്ഫെല്ലറെയും അദ്ദേഹമേർപ്പെടുത്തിയ ഫൗണ്ടേഷനെയും പരിചയപ്പെടുത്തുന്നതും ഉചിതമായിരിക്കും.

## പാഠാവതരണം

ടീച്ചർ കുട്ടികളുമായി സംഹൃദസംഭാഷണത്തിലേർപ്പെടുന്നു:

- നിങ്ങൾ കൂട്ടുകാരെ വല്ല കാര്യത്തിലും സഹായിക്കാറുണ്ടോ?
- കൂട്ടുകാർ നിങ്ങൾക്കു പല സഹായങ്ങളും ചെയ്തുതരാറില്ലേ?
- കൂട്ടുകാരിലാരെങ്കിലും നിങ്ങൾക്കു ചെയ്തുതന്ന മറക്കാൻ കഴിയാത്ത ഒരു സഹായത്തെക്കുറിച്ച് ഓർക്കുന്നുണ്ടോ? ആ സഹായം കാരണം നിങ്ങൾക്കുണ്ടായ ഗുണവും സന്തോഷവും വിവരിക്കാമോ?

കുട്ടികൾ ആലോചിച്ചു പറയട്ടെ. അതും പ്രോത്സാഹനത്തിന്റെ ഭാഗമാണ്.

കുട്ടികളുടെ വിവരണത്തിനുശേഷം ടീച്ചർ പാഠഭാഗത്തെക്കുറിച്ചു സൂചന നൽകുന്നു. നിരാശനായി തളർന്നിരിക്കുന്ന ഒരാളെ അപ്രതീക്ഷിതമായി അപരിചിതനായ ഒരാൾ വന്നു സഹായിച്ച കഥ അറിയേണ്ടേ എന്ന ചോദ്യത്തോടെ പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കുന്നു.

കുട്ടികൾ മൗനമായി പാഠഭാഗം വായിക്കുന്നു.

തുടർന്ന് ആശയഗ്രഹണത്തിനു സഹായകമായ ചില ചോദ്യങ്ങൾ ടീച്ചർ ചോദിക്കുന്നു:

- വ്യവസായിയുടെ ജീവിതം വഴിമുട്ടിയതെങ്ങനെയാണ്?
- നിരാശനായിരിക്കുന്ന വ്യവസായിയെ അപരിചിതൻ സമാധാനിപ്പിച്ചതെങ്ങനെ?
- എന്തു സഹായമാണ് അയാൾ വ്യവസായിക്കു നൽകിയത്?
- വ്യവസായി അത്ഭുതത്താൽ വാപൊളിച്ചിരുന്നു പോയതെന്തുകൊണ്ട്?
- പത്ത് മില്യൻ ഡോളറിന്റെ ചെക്കു കിട്ടിയപ്പോൾ വ്യവസായിയുടെ ചിന്ത എങ്ങനെയായിരുന്നു?
- വ്യവസായം പുനരാരംഭിക്കാൻ എന്തെല്ലാം ആസൂത്രണങ്ങളാണയാൾ നടത്തിയത്?
- വ്യവസായിയെ രക്ഷപ്പെടുത്തിയത് തന്റെ കൈയിൽ വലിയൊരു സംഖ്യയുടെ ചെക്ക് ഉണ്ടല്ലോ എന്ന ഉറപ്പായിരിക്കാം. എന്നാൽ അതിനെക്കാൾ ആവേശത്തോടെ പ്രവർത്തിക്കാൻ അയാൾക്കു കരുത്തു നൽകിയതെന്താണ്?
- ചെക്ക് തിരിച്ചു നൽകാൻ ചെന്ന വ്യവസായിയുടെ അനുഭവം എന്തായിരുന്നു?

## കണ്ടെത്താം (TB)

പാഠാവസാനത്തിൽ നൽകിയ ചോദ്യങ്ങൾ നേരത്തെ വിശകലനം ചെയ്തിട്ടുണ്ടാവുമല്ലോ. അതടിസ്ഥാനത്തിൽ കുട്ടികൾ ഈ ചോദ്യങ്ങളുടെ ഉത്തരം വ്യക്തിഗതമായി എഴുതട്ടെ. ടീച്ചർ ഈ ചോദ്യങ്ങൾ ചില കുട്ടികളോട് വീണ്ടും ചോദിക്കുന്നു. അവർ പറയുന്ന ഉത്തരങ്ങൾ മറ്റു കുട്ടികൾ വിലയിരുത്തട്ടെ. ഉത്തരം ശരിയാണോ? പൂർണ്ണമാണോ? കൂട്ടിച്ചേർക്കലുകൾ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ എന്തെല്ലാം?

ചർച്ചകളിലൂടെ ആവശ്യമായ മാറ്റങ്ങൾ ടീച്ചർ വിശദീകരിക്കുന്നു. കുട്ടികൾ കൂട്ടിച്ചേർക്കലുകൾ നടത്തി ഉത്തരം പൂർണ്ണമാക്കുന്നു.

## സ്വയം പരിശോധിക്കാം

ആത്മവിശ്വാസത്തെക്കുറിച്ചുള്ള ആത്മപരിശോധനയാണ് ഇവിടെ നടക്കേണ്ടത്. എന്താണ് ആത്മവിശ്വാസമെന്ന് ടീച്ചർ കുട്ടികളെ ബോധ്യപ്പെടുത്തണം. അതിന്നായി ചില കഥകൾ കുട്ടികളെ പറഞ്ഞു കേൾപ്പിക്കാം.

നാലു പ്രാവശ്യം അമേരിക്കയുടെ പ്രസിഡണ്ടായിരുന്ന ഫ്രാങ്ക്ളിൻ റൂസ് വെൽട്ടിന് യൗവ്വനകാലത്ത് മാരകമായ രോഗം ബാധിച്ചു. സജീവമായി സാമൂഹ്യ പ്രവർത്തനത്തിലേർപ്പെട്ടിരിക്കവെയാണദ്ദേഹത്തെ പിള്ളവാതം പിടികൂടുന്നത്. നാലുകൊല്ലം ബെഡ്ഡിൽ കിടന്ന് അദ്ദേഹം ഈ രോഗത്തോടു മല്ലിട്ടു. പിന്നീട് ഉരുക്കുപട്ടയിട്ടു വടികുത്തി നടക്കാനേ അദ്ദേഹത്തിനു കഴിഞ്ഞുള്ളൂ. പക്ഷേ അദ്ദേഹം മാനസികമായി ഒട്ടും തളർന്നില്ല. വലിയ കാര്യങ്ങൾ ചിന്തിക്കുകയും തന്റെ അവശതയെക്കുറിച്ചാലോചിച്ച് സങ്കടപ്പെടാതെ സാമൂഹികരാഷ്ട്രീയ പ്രവർത്തനങ്ങളിൽ വ്യാപൃതനാവുകയും ചെയ്തു.

കൊളംബസ് പടിഞ്ഞാറെ സമുദ്രം വഴി ഇന്ത്യ കണ്ടുപിടിക്കാൻ പുറപ്പെട്ടപ്പോൾ പലരും അത് അസാധ്യമാണെന്ന് പറഞ്ഞു. കപ്പലിൽ കൂടെ പുറപ്പെട്ടവർ പോലും ഒടുവിൽ അദ്ദേഹത്തെ ഭ്രാന്തനാണെന്ന് പറഞ്ഞു കുറ്റപ്പെടുത്തി.സ്വന്തം നാട്ടിലേക്കു കപ്പൽ തിരിച്ചു വിട്ടില്ലെങ്കിൽ കൊളംബസിനെ കടലിലെറിയുമെന്നവർ ഭീഷണിപ്പെടുത്തി. പക്ഷേ തന്റെ വിശ്വാസത്തിൽ നിന്നദ്ദേഹം പിന്നോട്ടു തുടർന്നാണദ്ദേഹം പ്രസിഡണ്ട് പദത്തിലെത്തിയത്.

പോയില്ല. മനസ്സുറപ്പോടെ, ആത്മവിശ്വാസത്തോടെ അദ്ദേഹം യാത്ര തുടർന്ന് ലക്ഷ്യത്തിലെത്തി.

ഇതുപോലെ നിരവധി കഥകൾ ഉദ്ധരിക്കാം. ഗാന്ധിജി, നെപ്പോളിയൻ, അബ്രഹാംലിങ്കൻ, ഹെലൻകെല്ലർ തുടങ്ങി നമ്മുടെ പ്രദേശങ്ങളിലുള്ള സാധാരണക്കാർ വരെ എത്രയെത്ര ധീരന്മാർ!

കുട്ടികൾക്കുമുണ്ടാവും ഇത്തരം കഥകൾ പറയാൻ. കഥകളിലൂടെ, അനുഭവവിവരണങ്ങളിലൂടെ കുട്ടികളുടെ മനസ്സുണർത്താൻ അധ്യാപകർ ശ്രദ്ധിക്കണം.

ഒരു കാര്യത്തെക്കുറിച്ച് തനിക്ക് അത് സാധിക്കും എന്ന് വിചാരിക്കുന്ന മനുഷ്യന് അതു ചെയ്യാനും കഴിയും. ആഗ്രഹിച്ചാൽ മാത്രം പോരാ, അതു നേടിയെടുക്കാനുള്ള വഴിയെക്കുറിച്ചു ചിന്തിക്കുകയും അതിന്നായി പ്രയത്നിക്കുകയും വേണം.

ആഗ്രഹം, ആത്മവിശ്വാസം, സ്ഥിരോത്സാഹത്തോടുകൂടിയുള്ള പരിശ്രമം, ഇവ മൂന്നും ഒത്തുകൂടിയാൽ വിജയം പിറകെ വന്നുകൊള്ളും.

വിജയം കൈവരിക്കണമെങ്കിൽ അതിനുള്ള ഒരുക്കം ആദ്യം മനസ്സിൽ സൃഷ്ടിക്കണം. വലിയ കാര്യങ്ങൾ നേടിയവരെല്ലാം വലിയ ആത്മവിശ്വാസമുള്ളവരായിരുന്നു.

മനസ്സുറപ്പാണ് പ്രധാനം. എന്തൊരത്ഭുത ശക്തിയാണെന്നോ നമ്മുടെ ഓരോരുത്തരുടെയും മനസ്സിൽ ഒളിഞ്ഞിരിക്കുന്നത്! അത് തിരിച്ചറിയണം.

## ശേഖരിക്കാം TB

പ്രതികൂലസാഹചര്യങ്ങളെ അതിജയിച്ച് അത്യുന്നത പദവിയിലെത്തിയ മഹാന്മാരുടെ ചരിത്രം ശേഖരിക്കാൻ കുട്ടികളോടു നിർദ്ദേശിക്കാം.

സൂചനകൾ നൽകണം. എ.പി.ജെ. അബ്ദുൽകലാം, മഹാത്മാഗാന്ധി, നെപ്പോളിയൻ, അബ്രഹാംലിങ്കൻ, ഡെമോസ്തനീസ്, ഫ്രാങ്ക്ലിൻ റൂസ്‌വെൽട്ട് ....

കുട്ടികൾ ശേഖരിക്കട്ടെ. ക്ലാസിൽ അവതരിപ്പിച്ചു ചർച്ച ചെയ്ത ശേഷം പതിപ്പാക്കാം. പതിപ്പിൽ അവരുടെ ചിത്രങ്ങളും ലഘുജീവചരിത്രക്കുറിപ്പും നൽകാം.

## അടിവരയിട്ട പദം ഉൾപ്പെടുത്തി വാക്യരചന WB

അടിവരയിട്ട പദങ്ങളുടെ അർത്ഥം ആ വാക്യങ്ങളുടെ പശ്ചാത്തലത്തിൽ കുട്ടികൾ മനസ്സിലാക്കട്ടെ.

തുടർന്ന് ചർച്ചയിലൂടെ ഓരോ പദത്തിന്റെയും അർത്ഥം വിശദീകരിക്കാം.

കുട്ടികൾ ആ പദങ്ങൾ ഉൾപ്പെടുത്തി അർത്ഥപൂർണമായ വാക്യം രചിക്കട്ടെ.

ടീച്ചർ വിലയിരുത്തണം.

**സൂചകങ്ങൾ:**

ഉചിതമായ വിധത്തിലാണ് പദം വാക്യത്തിൽ പ്രയോഗിച്ചിരിക്കുന്നത്. വാക്യഘടന ശരിയായിട്ടുണ്ട്. പദത്തിന്റെ യഥാർത്ഥ അർത്ഥം ഉൾക്കൊണ്ടിട്ടുണ്ട്.

## അനുഭവക്കുറിപ്പ് തയ്യാറാക്കാം WB

പ്രോത്സാഹനങ്ങൾ മനസ്സുകളിൽ പോസിറ്റീവ് മനോഭാവം വളർത്തുമെന്ന തിരിച്ചറിവിലേക്കു കുട്ടികളുടെ ശ്രദ്ധ തിരിക്കുന്ന ഒരു പ്രവർത്തനമാണിത്. അദ്ധ്യാപകരും ഈ കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ഒരു ചോക്കുപൊട്ട്, ഒരു പെൻസിൽ, ഒരു തുണ്ടുപേപ്പർ, ചുമലിൽ സ്നേഹപൂർവ്വമുള്ള ഒരു തലോടൽ, അഭിനന്ദനം സൂചിപ്പിക്കുന്ന ഒരു നോട്ടം, പുഞ്ചിരി................ കുട്ടികളിലുണ്ടാക്കുന്ന ഉത്സാഹവും സന്തോഷവും ആത്മവിശ്വാസവും അപാരമാണ്. കുട്ടികൾക്ക് അധ്യാപകരിൽ നിന്നോ മറ്റുള്ളവരിൽ നിന്നോ ഉണ്ടായ അത്തരം അനുഭവങ്ങൾ ഓർമ്മി ച്ചെടുക്കാൻ പ്രേരിപ്പിക്കണം.

കുട്ടികൾ വ്യക്തിഗതമായി അനുഭവക്കുറിപ്പ് തയ്യാറാക്കട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തിയ ശേഷം ഓരോ ഗ്രൂപ്പും ഏറ്റവും മെച്ചപ്പെട്ട കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കട്ടെ. ടീച്ചർ വിലയിരുത്തണം.

## വിപരീത പദമെഴുതുക WB

| | | | |
|---|---|---|---|
| സംസ്കൃതം | x അസംസ്കൃതം | സഫലം | xവിഫലം |
| വിജയം | x പരാജയം | ആരോഗ്യം | x അനാരോഗ്യം |
| ആശ | x നിരാശ | പൂർണ്ണം | x അപൂർണ്ണം |
| സാരം | x നിസ്സാരം | ഗുരുതരം | x ലഘുതരം |
| സാമാന്യം | x അസാമാന്യം | വ്യാജം | x നിർവ്യാജം |

## ഡയറി എഴുതുക WB

ഡയറി തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽ പെടുത്തണം. തന്റെ ബിസിനസ്സ് തകർച്ചയിൽ നിന്നു രക്ഷിച്ച ആ ചെക്ക് വ്യാജമാണെന്നറിയുമ്പോൾ അയാളുടെ മനസ്സിലുണ്ടായ വിചാരവികാരങ്ങൾ എന്തെല്ലാമായിരിക്കും?

- അയാൾ ആശ്ചര്യപ്പെട്ടിരിക്കും.
- അമ്പരന്നു പോയിരിക്കും.
- ആ രോഗിയോട് അയാൾക്കു വെറുപ്പോ സഹതാപമോ ആദരവോ സ്നേഹമോ എന്തു വികാരമാണ് അനുഭവപ്പെട്ടിട്ടുണ്ടാവുക?
- തന്റെ രക്ഷയ്ക്ക് ആ ചെക്ക് കാരണമായതുകൊണ്ടുതന്നെ വെറുപ്പും ദേഷ്യവുമൊന്നും തോന്നാനിടയില്ല.
- ഈ നല്ല മനസ്സുള്ള മനുഷ്യൻ ഒരു മാനസികരോഗിയാണല്ലോ എന്ന സഹതാപം.
- തന്നെ രക്ഷിച്ചത് ഈ മനുഷ്യനാണല്ലോ എന്ന ബഹുമാനം.
- ആ പാവം മനുഷ്യനോടുള്ള സ്നേഹം...

സൂചനകളിൽ നിന്ന് കുട്ടികൾ മനോഭാവം രൂപപ്പെടുത്തി വ്യക്തിഗതമായി ഡയറിക്കുറിപ്പ് തയ്യാറാക്കട്ടെ. ആത്മാംശപ്രകടനമായിരിക്കണം കുറിപ്പ് എന്ന കാര്യം ഓർമ്മപ്പെടുത്തണം.

## റോക്ഫെല്ലർ ഫൗണ്ടേഷൻ

ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും പാവങ്ങളുടെ ജീവിത സൗകര്യങ്ങളുടെ വികാസത്തിനുമായി ആഗോളതലത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് റോക്ഫെല്ലർ ഫൗണ്ടേഷൻ. സ്റ്റാൻഡേർഡ് ഓയിൽകമ്പനിയുടെ സ്ഥാപകനായ റോക് ഫെല്ലറാണ് ഇതിന്റെ സ്ഥാപകൻ. ക്ഷയം, മലമ്പനി, കോളറ തുടങ്ങിയ മാരകരോഗങ്ങൾ ഇല്ലാതാക്കുന്നതിനു കഴിഞ്ഞ നൂറ്റാണ്ടിൽ ഈ ഫൗണ്ടേഷൻ നൽകിയ ധനസഹായം ലോകം എക്കാലവും നന്ദിയോടെ സ്മരിക്കുന്നതാണ്.

യൗവനകാലത്തേ കോടീശ്വരനായിരുന്നു റോക്ഫെല്ലർ. ഇഷ്ടംപോലെ പണം. എന്നാൽ പിന്നെയും പണം കുന്നുകൂട്ടുന്നതിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ മുഴുവൻ. അതിനിടെ അദ്ദേഹം മറ്റുള്ളവരെയെല്ലാം മറന്നു, അവഗണിച്ചു. സ്വന്തം സഹോദരനെപ്പോലും വെറുത്തു. സ്നേഹത്തെയും സൗഹൃദത്തെയും കുറിച്ച് ഓർത്തതേയില്ല.

അൻപത്തിമൂന്നാംവയസ്സിൽ മാരകമായ ഒരു രോഗം അദ്ദേഹത്തെ കീഴടക്കി. ഭക്ഷണം കഴിക്കാൻ സാധിക്കാതെ വന്നു. ഉറക്കം തീരെ ഇല്ലാതായി. ആരുമായും അടുത്ത ബന്ധമില്ലാതിരുന്നതുകൊണ്ട് ആശ്വസിപ്പിക്കാനും സമാധാനിപ്പിക്കാനും ആരുമദ്ദേഹത്തെ സമീപിച്ചില്ല. കുടുംബങ്ങൾ പോലും തിരിഞ്ഞുനോക്കാതായ ഈ അവസ്ഥയിൽ മനസ്സുതകർന്ന അദ്ദേഹം ഒരു ഭ്രാന്തനെപ്പോലെയായി.

ഔഷധചികിത്സകളെല്ലാം പരാജയപ്പെട്ടപ്പോൾ പ്രസിദ്ധരായ ചില ഡോക്ടർമാർ അദ്ദേഹത്തിനു പുതിയൊരു ചികിത്സാരീതി നിർദ്ദേശിച്ചു: "പണത്തെക്കുറിച്ചുള്ള വിചാരം ഒഴിവാക്കുക. മറ്റുള്ളവരോടു സ്നേഹവും ദയയും കാണിക്കുക." ഇതു മാത്രമേയുള്ളൂ ഇനി പരിഹാരം എന്നവർ തീർത്തു പറഞ്ഞു.

ആ ഉപദേശമനുസരിച്ച് റോക്ഫെല്ലർ തന്റെ ജീവിതം നിയന്ത്രിക്കാൻ തുടങ്ങി. മറ്റുള്ളവരോടു സ്നേഹപൂർവ്വം പെരുമാറാനും തന്റെ സമ്പത്തിൽ നല്ലൊരു പങ്ക് പാവങ്ങൾക്കും രോഗികൾക്കും മറ്റു പ്രയാസങ്ങൾ അനുഭവിക്കുന്നവർക്കുമായി ചെലവഴിക്കാനും നിശ്ചയിച്ചു.

അത്ഭുതകരമായിരുന്നു ഫലം. റോക്ഫെല്ലരുടെ മനസ്സിൽ സംതൃപ്തിയും സന്തോഷവും സമാധാനവും കടന്നുവന്നു. മറ്റുള്ളവരെ സഹായിക്കുന്നതിലൂടെ തനിക്കു ലഭിക്കുന്ന മനഃസംതൃപ്തി തിരിച്ചറിഞ്ഞു. അവാച്യമായ ആനന്ദത്തിൽ അദ്ദേഹത്തിന്റെ രോഗങ്ങളെല്ലാം ശരീരം വിട്ടുപോയി. അദ്ദേഹത്തിനു സന്തോഷത്തോടെ ഭക്ഷണം കഴിക്കാൻ കഴിഞ്ഞു. സമാധാനത്തോടെ ഉറങ്ങാൻ കഴിഞ്ഞു. സുഹൃത്തുക്കളോടും കുടുംബത്തോടുമൊപ്പം സന്തോഷം പങ്കിടാൻ കഴിഞ്ഞു. അങ്ങനെ 53-ാം വയസ്സിൽ മരണത്തോടു മല്ലിട്ട റോക്ഫെല്ലർ പിന്നെ 98 വയസ്സു വരെ ആരോഗ്യത്തോടെ ജീവിച്ചു.

തന്റെ സമ്പത്തിൽ നല്ലൊരു ഭാഗം ജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി നീക്കിവച്ച അദ്ദേഹം സ്ഥാപിച്ചതാണ് റോക്ഫെല്ലർ ഫൗണ്ടേഷൻ.

## പാഠം – 13

# പറക്കും ഞാൻ

ലോകത്തിലിന്നേ വരെയുണ്ടായ ശാസ്ത്രീയ മുന്നേറ്റങ്ങളുടെയെല്ലാം പ്രചോദനം മനുഷ്യരുടെ നിലവിലുള്ള അവസ്ഥയിൽ തൃപ്തിപ്പെട്ട് ഒതുങ്ങിയിരിക്കാൻ തയ്യാറല്ല എന്ന മനോഭാവമാണ്. മനുഷ്യപ്രകൃതിയാണത്. നടന്നുമാത്രം സഞ്ചരിച്ചിരുന്നവർ പിന്നെ മൃഗങ്ങളുടെ പുറത്തുകയറി സഞ്ചരിക്കാൻ പഠിച്ചു. അവിടെയൊതുങ്ങാതെ മൃഗങ്ങൾ വലിക്കുന്ന വണ്ടി കണ്ടെത്തി. ക്രമേണ പലതരം വാഹനങ്ങൾ നിർമ്മിച്ചു; അതിന്റെ വേഗതകൂട്ടാനുള്ള വഴികൾതേടി. ഭൂമിയിലൂ ടെ ഉരുണ്ടുനീങ്ങുന്ന അവസ്ഥയിൽനിന്ന് ആകാശത്തിലൂടെ പറക്കുന്നതിലേക്കാ യി ശ്രദ്ധ. അങ്ങനെ വിമാനങ്ങൾ നിർമ്മിച്ചു. അവിടെയുമൊതുങ്ങുന്നില്ലല്ലോ മനുഷ്യരുടെ അക്ഷമത്വവും അഭിവാഞ്ഛയും. ഭൂഗോളത്തിനപ്പുറം സഞ്ചരിച്ച മനുഷ്യനിപ്പോൾ ഗ്രഹങ്ങളിൽ താമസമുറപ്പിക്കാമോ എന്നഅന്വേഷണത്തിലാണ്.

മനുഷ്യൻ നിസ്സാരനല്ലെന്നർത്ഥം. അപാരമായ ശേഷികളാൽ അനുഗൃഹീതനാണ് ഓരോ മനുഷ്യനും. വൈവിധ്യമാർന്ന കഴിവുകളെ പരമാവധി പ്രയോജനപ്പെടുത്തുമ്പോൾ ജീവിതം സുഗമമാവുന്നു. സൗകര്യങ്ങൾ വർദ്ധിക്കുന്നു. അതിനെയാണല്ലോ നാം പുരോഗതി എന്നു പറയുന്നത്.

എ.പി.ജെ അബ്ദുൽകലാം കുട്ടികളെ ഉപദേശിക്കാറുണ്ടായിരുന്നു; നിങ്ങൾ സ്വപ്നം കാണാൻ പഠിക്കണമെന്ന്. വലിയ വലിയ സ്വപ്നം കാണാൻ കുട്ടികളെ പ്രചോദിപ്പിക്കുക. ലക്ഷ്യങ്ങളാണ് അതിലേക്കുള്ള വഴികളെ നിർണ്ണയിക്കുന്നത്. നല്ല ജീവിതലക്ഷ്യങ്ങൾ കുട്ടികൾക്കുണ്ടാവട്ടെ. അതിനുള്ള പ്രചോദനമാവണം ഈ പാഠഭാഗം. കുട്ടികളിൽ ആത്മവിശ്വാസം വളർത്താനും സ്വന്തം മോഹങ്ങൾ കവിതയായി ആവിഷ്കരിക്കാനുമുള്ള ശേഷി നേടാനും പ്രയോജനപ്പെടുത്തണം.

### പാഠാവതരണം

ടീച്ചർ സൗഹൃദ സംഭാഷണത്തിലൂടെ തുടങ്ങുന്നു:

- എന്തൊക്കെ ആഗ്രഹങ്ങളാണ് നിങ്ങൾക്ക് ഇപ്പോഴുള്ളത്?
  (ഭാവിയിൽ ആരാവണമെന്ന ആഗ്രഹമായിരിക്കും ഇത്തരം ചോദ്യത്തിനുത്തരമായി അധികപേരും പറയുന്നത്.)
  'ഇപ്പോൾ' എന്ന് ഊന്നൽ നൽകി ചോദിക്കുക.
- പല നാടുകളും കാണാൻ മോഹമില്ലേ?
- പെട്ടെന്നുതന്നെ പലയിടത്തും എത്തിച്ചേരാൻ ആഗ്രഹമില്ലേ? അതിനെന്താണ് എളുപ്പവഴി?

ഇത്തരം ചോദ്യങ്ങളിലൂടെ കിളിയാവാനും പറക്കാനുമുള്ള മോഹത്തിലേക്ക് ചർച്ച ക്രോഡീകരിക്കണം. നമുക്കൊരു കുട്ടിയുടെ മോഹത്തെക്കുറിച്ചുള്ള കവിത വായിക്കാം, പറക്കാൻ മോഹിച്ച കുട്ടിയെക്കുറിച്ച് എന്ന ആമുഖത്തോടെ കവിത വായിക്കാൻ നിർദ്ദേശിക്കുന്നു.

കുട്ടികൾ വ്യക്തിഗതമായി കവിത വായിക്കുന്നു.
കവിതയിലെ ആശയം പൂർണ്ണമായി മനസ്സിലാക്കിയോ എന്നറിയാൻ ചില ചോദ്യങ്ങൾ:

- കുട്ടി മോഹിക്കുന്നതെന്തിന്നാണ്?
- ഏതൊക്കെ ജീവികളായാലാണു തനിക്കു പറക്കാൻ കഴിയുക എന്നാണു കുട്ടി വിചാരിക്കുന്നത്?
- തനിക്കു ചിറകുണ്ടായാൽ എവിടെയെല്ലാം പറന്നുകാണുമെന്നാണ് പറയുന്നത്?
- ചിറകില്ലാതെ പറക്കാൻ കഴിയുന്നത് എന്തായാലാണ് ?

### അർത്ഥം കണ്ടെത്താം

ഈ കവിതയിൽ അർത്ഥം വ്യക്തമാകാത്ത പദങ്ങളുണ്ടോ?

ഉണ്ടെങ്കിൽ അവ അടയാളപ്പെടുത്താൻ നിർദ്ദേശിക്കുന്നു.

കുട്ടികൾ ആ പദങ്ങൾ എടുത്തുപറയുന്നു. ടീച്ചർ അവ BBയിൽ എഴുതുന്നു.

നിഘണ്ടുനോക്കി കുട്ടികൾ അർത്ഥം കണ്ടെത്തി പറയുന്നു.

അനുയോജ്യമായ അർത്ഥമേതെന്നു ചർച്ചയിലൂടെ വ്യക്തത വരുത്തുന്നു.

വർക്കുബുക്കിലെ 'അർത്ഥമെഴുതുക' എന്ന പ്രവർത്തനം നിർവഹിക്കുന്നു.

## കണ്ടെത്താം (TB)

ആവശ്യബോധത്തോടെ കവിത വീണ്ടും വായിക്കാനുള്ള അവസരമാണിത്.

ചോദ്യങ്ങൾ ഓരോന്നായി നോട്ടുബുക്കിലെഴുതി അവയുടെ ഉത്തരം കവിതയിൽ നിന്നു കണ്ടെത്തട്ടെ. സംശയമുണ്ടെങ്കിൽ പരസ്പരം ചർച്ച ചെയ്തു വ്യക്തത വരുത്തിയ ശേഷമാണ് നോട്ടുബുക്കിൽ എഴുതേണ്ടത്. ടീച്ചർ വിലയിരുത്തണം.

## കവിത ആലപിക്കാം (TB)

അഞ്ചുപേരടങ്ങുന്ന ഗ്രൂപ്പിൽ കവിതയ്ക്ക് ഈണം നൽകട്ടെ.
ഓരോ ഗ്രൂപ്പും കവിത ചൊല്ലി അവതരിപ്പിക്കുന്നു.
ടീച്ചർ ഭാവാത്മകമായി കവിത ചൊല്ലുന്നു.

## കവിത രചിക്കാം (TB)

മുൻപാഠങ്ങളിൽ നടത്തിയ പ്രവർത്തനത്തിന്റെ തുടർച്ചയാണിത്.

മോഹങ്ങളെക്കുറിച്ചും സ്വപ്നങ്ങളെക്കുറിച്ചും ചർച്ച നടന്നിട്ടുണ്ടല്ലോ.

ഏറ്റവും പ്രധാനപ്പെട്ട മോഹമേതാണെന്നു കുട്ടികൾ എഴുതട്ടെ.

അത് കവിതയാക്കാൻ ശ്രമിക്കട്ടെ.

വ്യക്തിഗതമായി തയ്യാറാക്കിയ കവിത ഗ്രൂപ്പിൽ പങ്കുവച്ചു മെച്ചപ്പെടുത്തുന്നു. ക്ലാസിൽ അവതരിപ്പിക്കുന്നു.

## ചർച്ച ചെയ്യാം (TB)

കവിതയുടെ ശീർഷകത്തിലേക്കു ശ്രദ്ധ തിരിക്കാം. 'പറക്കും ഞാൻ' എന്നാണു ശീർഷകം.
'ഞാൻ പറക്കും' എന്നല്ലേ പറയേണ്ടിയിരുന്നത്? അതിനു വിപരീതമായി 'പറക്കും' എന്ന ക്രിയാപദത്തിന് ഊന്നൽ നൽകി ആദ്യം പറഞ്ഞതുകൊണ്ട് ആശയത്തിൽ വല്ല പ്രത്യേകതയും തോന്നുന്നുണ്ടോ?

ഉദാഹരണങ്ങൾ പറയാം : തിന്നും ഞാൻ, ഓടും ഞാൻ, എഴുതും ഞാൻ––– ഇങ്ങനെ പറയുമ്പോൾ ക്രിയാപദത്തിനു പ്രത്യേക ഊന്നൽ നൽകുന്നുണ്ട്. നിശ്ചയമായും ഞാനതു ചെയ്യും, അതു ചെയ്യാതിരിക്കില്ല തുടങ്ങിയ അർത്ഥവിശേഷങ്ങൾ ഈ പ്രയോഗരീതിയിലൂടെ വരുന്നുണ്ടെന്നു കുട്ടികളെ ബോധ്യപ്പെടുത്തണം.

## കവിതചൊല്ലാം, ഉത്തരമെഴുതാം (WB)

കവിതകൾ വായിക്കാനും പാടി രസിക്കാനും പ്രചോദനം നൽകുന്ന പ്രവർത്തനമാണിത്.
അഞ്ചുപേരടങ്ങുന്ന ഗ്രൂപ്പിൽ കുട്ടികൾ കൊച്ചുമരത്തിൽ തത്തിയിരിക്കും....'എന്നു തുടങ്ങുന്ന കവിതയ്ക്ക് ഈണവും താളവും കണ്ടെത്തട്ടെ.
ഏതു ഗ്രൂപ്പാണ് കവിത ഏറ്റവും ഭംഗിയായി ചൊല്ലി അവതരിപ്പിക്കുക?
ഓരോ ഗ്രൂപ്പും മാത്സര്യബുദ്ധിയോടെ കവിത അവതരിപ്പിക്കട്ടെ.

ഒരു ഗ്രൂപ്പ് കവിത അവതരിപ്പിക്കുമ്പോൾ മറ്റു ഗ്രൂപ്പുകൾ വിലയിരുത്തണം.
ഏതു ഗ്രൂപ്പിന്റെ അവതരണമാണ് ഏറ്റവും മെച്ചപ്പെട്ടത്?
'മെച്ചപ്പെട്ട അവതരണം' വിലയിരുത്തിയത് ഏതടിസ്ഥാനത്തിൽ?

**സൂചകങ്ങൾ:**
അനുയോജ്യമായ ഈണം, താളം
ആശയം ഗ്രഹിച്ചുകൊണ്ടുള്ള അവതരണം,
അക്ഷരസ്ഫുടത, ഭാവാത്മകത.

ശേഷമുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുന്ന പ്രവർത്തനം ഹോംവർക്കായി നൽകാം. ടീച്ചർ വിലയിരുത്തണം.

## മോഹങ്ങളെന്തെല്ലാം? (WB)

സ്വന്തം മോഹങ്ങൾ കുട്ടികൾ ആലോചിച്ചെഴുതട്ടെ. ജീവിതലക്ഷ്യം നിർണയിക്കുന്നതിൽ മോഹങ്ങൾക്കു വലിയ പങ്കുണ്ടല്ലോ.

ഹോംവർക്കായി എഴുതിക്കൊണ്ടുവരാൻ നിർദ്ദേശിക്കാം. ടീച്ചർ വിലയിരുത്തണം.

ഏതു കുട്ടിയുടെ മോഹം എന്നു വ്യക്തമാക്കാതെ അവ നിരൂപണം ചെയ്യണം.

അർത്ഥശൂന്യവും അനുചിതവുമായ മോഹങ്ങൾ നിരുത്സാഹപ്പെടുത്തണം.

നല്ല മോഹങ്ങളെ പ്രോത്സാഹിപ്പിക്കുകയും അഭിനന്ദിക്കുകയും വേണം.

## അലങ്കാരഭംഗി കണ്ടെത്താം (TB)

ശബ്ദാലങ്കാരം മുൻ പാഠത്തിൽ പരിചയപ്പെട്ടിട്ടുണ്ട്.

ഏതു തരം പ്രാസമാണ് ഓരോ ഈരണ്ടുവരികളിലുമെന്നു കുട്ടികൾ കണ്ടെത്തട്ടെ.

ദ്വിതീയാക്ഷരപ്രാസമാണ് ഈരണ്ടു വരികളിലായി വന്നിരിക്കുന്നത്.

# യൂണിറ്റ് വിശകലനം

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാനപ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ: വ്യവഹാര/ പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| • കഥകൾ, ലേഖനങ്ങൾ, വിവരണങ്ങൾ തുടങ്ങിയവ വായിച്ചു പാഠമുൾക്കൊള്ളുകയും അവയിലെ പ്രമേയം, ഭാഷാസവിശേഷതകൾ എന്നിവ മനസ്സിലാക്കി കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.<br>കഥയിലെ പാഠമുൾക്കൊണ്ട് ആത്മവിശ്വാസം കൈവരിക്കുന്നു. | വിജയത്തിലേക്കുള്ള വിചിത്രവഴികൾ | കൂടുതൽ കരുത്തോടെ വിജയത്തിലേക്കു മുന്നേറാൻ ചില പ്രോത്സാഹനങ്ങൾ, പിൻബലങ്ങൾ ആവശ്യമാണ്.<br>തനിക്ക് അങ്ങനെയൊരു പിൻബലമുണ്ട് എന്ന ഉറച്ച വിശ്വാസമുണ്ടായാൽ മതി ഏതു പ്രതിബന്ധവും തരണം ചെയ്ത് വിജയം വരിക്കാൻ കഴിയും.<br>നല്ല അനുഭവകഥകൾ വായിക്കുന്നത് ആത്മവിശ്വാസമുണർത്താൻ സഹായകമാവും. | കഥാവായന<br>കഥാപാത്ര വിശകലനം<br>അനുഭവക്കുറിപ്പ് തയ്യാറാക്കൽ<br>ഡയറി എഴുത്ത് | ശ്രാവ്യവായന<br>വിശകലനക്കുറിപ്പ്<br>അനുഭവക്കുറിപ്പ്<br>ഡയറിക്കുറിപ്പ് | **ശ്രാവ്യവായന**<br>• ഉച്ചാരണശുദ്ധി<br>• സ്ഫുടതഭാവം<br>• ശബ്ദക്രമീകരണം<br>ഒഴുക്ക്<br>• **അനുഭവക്കുറിപ്പ്**<br>ക്രമപ്രകാരമുള്ള അവതരണം. |
| കവിതകളിലെ ആശയം, ചമത്ക്കാരഭംഗി, സൂചനകൾ തുടങ്ങിയവ ഉൾക്കൊള്ളുകയും കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു.<br>കവിത ഈണവും താളവും കണ്ടെത്തി ചൊല്ലിയവതരിപ്പിക്കുകയും സ്വന്തം സ്വപ്നങ്ങളും മോഹങ്ങളും കവിതാരൂപത്തിൽ ആവിഷ്കരിക്കുകയും ചെയ്യുന്നു. | പറക്കും ഞാൻ | പുരോഗമനേച്ഛ മനുഷ്യസഹജമാണ്. ഒരേ അവസ്ഥയിൽ തന്നെ കഴിഞ്ഞുകൂടാൻ മനുഷ്യനു സാധ്യമല്ല. മനുഷ്യൻഉയരങ്ങൾ സ്വപ്നം കണ്ടു കൊണ്ടിരിക്കുന്നു.<br>എല്ലാ ശാസ്ത്രീയ നേട്ടങ്ങളുടെയും ഭൗതികപുരോഗതിയുടെയും അടിസ്ഥാനം ഉൽക്രമണേച്ഛയാണ്.<br>മോഹങ്ങളുണ്ടാവണം. എങ്കിലേ നേട്ടങ്ങളുണ്ടാവൂ. | ഈണം കണ്ടെത്തൽ<br>കവിതയരങ്ങ്<br>ആശയം വിശകലനം ചെയ്യൽ<br>ചർച്ചചമത്ക്കാര ഭംഗി കണ്ടെത്തൽ<br>ശീർഷകത്തിന്റെ ഔചിത്യം കണ്ടെത്തൽ<br>മോഹങ്ങളെഴുതൽ | ഈണത്തിലുള്ള ആലാപനം കവിതയരങ്ങ് വിശകലനക്കുറിപ്പ് ചർച്ചക്കുറിപ്പ്<br>കുറിപ്പ്<br>കുറിപ്പ് | ഉചിതമായ പദവിന്യാസം<br>ആകർഷകമായ വിവരണം<br>**കവിതയരങ്ങ്**<br>പങ്കാളിത്തം<br>ഈണവും താളവും<br>അവതരണത്തിലെ മികവ് |
| ലേഖനം, നിരൂപണം, പഠനം, ഉപന്യാസം എന്നിവ വായിച്ച് പ്രമേയപരവും ആസ്വാദനപരവുമായ അംശങ്ങൾ ഉൾക്കൊള്ളുന്നു.<br>അവ സ്വന്തം രചനകളിലും ജീവിതസന്ദർഭങ്ങളിലും പ്രയോജനപ്പെടുത്തുന്നു. | എന്റെ വില; നിന്റെയും | കഴിവില്ലായ്മയല്ല, ആത്മവിശ്വാസമില്ലായ്മയാണ് പലരെയും പിന്നോട്ടു വലിക്കുന്നത്.<br>സ്വന്തം കഴിവുകളെക്കുറിച്ചുള്ള മതിപ്പും കഴിവുണ്ടെന്നുള്ള ഉറച്ച വിശ്വാസവുമാണ് ആത്മ | പാഠഭാഗം വായന<br>ആശയവിശകലനം ചർച്ച<br>ശരീരാവയവങ്ങളുടെ ശേഷികൾ തിരിച്ചറിയൽ<br>ആത്മവിശ്വാസം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ. | ശ്രാവ്യവായന<br>വിശകലനക്കുറിപ്പ്<br>ചർച്ചക്കുറിപ്പ്<br>കുറിപ്പ് | **കുറിപ്പ്**<br>ആശയവ്യക്തത<br>പരസ്പരബന്ധം<br>അനുയോജ്യമായ പദപ്രയോഗങ്ങൾ |

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാനപ്രവർ ത്തനങ്ങൾ | പഠനത്തെളിവുകൾ: വ്യവഹാര/ പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| ഗദ്യഭാഗങ്ങൾ ആശയം ഉൾക്കൊണ്ട് ഭാവാത്മകമായി വായിച്ചവതരിപ്പിക്കുന്നു.<br>കഥകൾക്കും ലേഖനങ്ങൾക്കും നൽകുന്ന ശീർഷകങ്ങളുടെ ഔചിത്യം പരശോധിക്കുകയും അർത്ഥവത്തും ആശയസമ്പുഷ്ടവുമായ ശീർഷകങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു.<br>പദവിന്യാസ രീതിയിൽ സംഭവിക്കുന്ന പിഴവുകൾ ഉദ്ദേശ്യാർത്ഥത്തിൽ വരുത്തുന്ന മാറ്റങ്ങൾ തിരിച്ചറിയുന്നു.<br>വാചകം, ദ്യോതകം തിരിച്ചറിയുന്നു. | ആകാശം തൊടാൻ ചെമ്പ്രയിലേക്ക് | വിശ്വാസമുണ്ടാക്കാനുള്ള മാർഗ്ഗം.<br>നമ്മുടെ ശരീരത്തിലെ ഓരോ അവയവവും കണക്കാക്കാൻ കഴിയാത്തത്ര<br>കഴിവുകളുള്ളതാണ്. അവയുടെ കഴിവുകൾ തിരിച്ചറിയുമ്പോൾ അപകർഷബോധം വെടിഞ്ഞ് മുന്നേറാൻ പ്രയാസമുണ്ടാവില്ല.<br>പദങ്ങൾ എഴുതുമ്പോൾ നിശ്ചിത ക്രമം പാലിച്ചില്ലെങ്കിൽ അർത്ഥത്തിൽ വലിയ മാറ്റം സംഭവിക്കാറുണ്ട്.<br>സ്വയം അർത്ഥമുള്ള ശബ്ദം വാചകവും സ്വന്തമായ അർത്ഥമില്ലാത്തതും രണ്ടു വാച്യാർത്ഥങ്ങൾ തമ്മിൽ ബന്ധിപ്പിക്കുക മാത്രം ചെയ്യുന്നതുമായ ശബ്ദം ദ്യോതകവുമാണ്. | ഭാവാത്മകമായി വായിക്കൽ<br>ശീർഷകത്തിന്റെ ഔചിത്യ പരിശോധന<br>ശീർഷകം കണ്ടെത്തൽ<br>പ്രതികരണക്കുറിപ്പ്<br>അർത്ഥമാറ്റം കണ്ടെത്തൽ<br>വാചകവും ദ്യോതകവും ഉദാഹരണസഹിതം തിരിച്ചറിയൽ | വായന<br>കുറിപ്പ്<br>ശീർഷകം<br>കുറിപ്പ്<br>കുറിപ്പ് | അനുയോജ്യത ആശയ കൃത്യത<br>പ്രതികരണക്കുറിപ്പ് സ്വാഭിപ്രായ പ്രകടനം ഭാഷ പ്രത്യുല്പന്നമതിത്വം<br>ഉദാഹരണ സഹിതമുള്ള അവതരണം<br>സോദാഹരണ സമർത്ഥനം |

## പാഠം – 14
## എന്റെ വില; നിന്റെയും

ആരും ഒരു കഴിവുമില്ലാത്തവരായി പിറക്കുന്നില്ല. എന്തെല്ലാമോ കഴിവുകൾ ജന്മനാ തന്നെ ഓരോ വ്യക്തിയിലും അന്തർലീനമായിട്ടുണ്ട്. വളർന്നുവരുന്തോറും അതു പ്രകടിപ്പിക്കാനുള്ള ശേഷിയും വളരുന്നുണ്ട്. പക്ഷേ പ്രകടിപ്പിക്കാനുള്ള സാഹചര്യവും അവസരവും അതിന്നാവശ്യമായ പിൻബലവും ലഭിക്കുന്നില്ലെങ്കിൽ അവ മുരടിച്ചു പോകും. എന്നാലും ചില ശേഷികൾ പ്രതിബന്ധങ്ങളെ മറികടന്ന് പ്രകടമാവുന്നതും കാണാം.

അപാരമായ പല കഴിവുകളുമുള്ള കുട്ടികൾ നമ്മുടെ മുമ്പിലിരിക്കുന്നുണ്ട്. പക്ഷേ ചിലപ്പോൾ അതിന്റെ സൂചനകൾ പോലും നമുക്കു ലഭിച്ചെന്നുവരില്ല. മറ്റു കുട്ടികളിൽ നിന്നു വ്യത്യസ്തമായി വിചിത്രമായ ചില പെരുമാറ്റങ്ങൾ അവരിൽ പ്രകടമായെന്നു വരും. നമ്മുടെ താല്പര്യത്തിനും രീതികൾക്കും അനുകൂലമല്ലെങ്കിൽ അവ അടിച്ചമർത്താനാണു നാം ശ്രമിക്കുക.

ഒരു ഉദാഹരണം: കാംബ്രിഡ്ജ് യുണിവേഴ്സിറ്റിയിലെ നാച്ചുറൽ സയൻസ് അധ്യാപകനായിരുന്നു സ്റ്റാന്റ്ഫോർഡ്. കൃത്യനിഷ്ഠയിൽ കണിശക്കാരനും അറിവു പകരുന്നതിൽ അതിവിദഗ്ധനുമായിരുന്നു അദ്ദേഹം. കുട്ടികൾ ഭയഭക്തിയോടെയായിരുന്നു അദ്ദേഹത്തിന്റെ ക്ലാസിൽ ഇരിക്കാറുണ്ടായിരുന്നത്. ഒരുദിവസം അദ്ദേഹം ക്ലാസ്സെടുത്തുകൊണ്ടിരിക്കുമ്പോൾ ഒരു കുട്ടി എഴുന്നേറ്റുനിന്നു. പ്രൊഫസർക്ക് അത്ര ഇഷ്ടമായില്ല. അദ്ദേഹം ദേഷ്യത്തോടെ ആരാഞ്ഞു: "എന്തു വേണം?"

അവൻ പറഞ്ഞു: "സാർ, എന്റെ മനസ്സ് ഇടയ്ക്ക് എങ്ങോട്ടോ പറന്നുപോയി. ഇപ്പോൾ പഠിപ്പിച്ചത് ഒന്നുകൂടി ആവർത്തിക്കണം."

അതൊരു ധിക്കാരമായി തോന്നിയെങ്കിലും പ്രൊഫസർ ആ ഭാഗം ഒന്നുകൂടി ആവർത്തിച്ചു. അപ്പോഴവൻ തലകുലുക്കിക്കൊണ്ടു പറഞ്ഞു: "ക്ഷമിക്കണം സർ, ഇനി തുടർന്നു കൊള്ളുക. ഞാൻ ഇവിടെത്തന്നെയുണ്ട്."

ആ വാക്കുകൾകൂടി കേട്ടപ്പോൾ പ്രൊഫസറുടെ ദേഷ്യം ഇരട്ടിച്ചു. അദ്ദേഹം വല്ലാതെ ആസ്വസ്ഥനായി.

ആ കുട്ടിയോട് ഒരു തരം പക തന്നെ മനസ്സിലുണ്ടായി.
കാലങ്ങൾക്കു ശേഷം ആത്മകഥ എഴുതാനിരുന്നപ്പോൾ ആ സംഭവം ഓർമയിൽ തെളിഞ്ഞു. ആ വിദ്യാർത്ഥി ഇപ്പോൾ എന്തു ചെയ്യുകയായിരിക്കും? കൗതുകത്തിന് പഴയ ഫയലുകൾ പരതി അവന്റെ അഡ്രസ് ശേഖരിച്ച് അന്വേഷിച്ചു.

'ജവഹർലാൽ' എന്ന ആ വിദ്യാർത്ഥി അപ്പോൾ ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്നു! കുട്ടികളോടുള്ള സമീപനത്തിൽ വളരെ ശ്രദ്ധിക്കേണ്ടതുണ്ടെന്നു സൂചിപ്പിക്കാനാണ് ഈ സംഭവകഥ ഇവിടെ ഉദ്ധരിച്ചത്.

കുട്ടികളെ അവരുടെ കഴിവുകളെക്കുറിച്ചു ബോധ്യപ്പെടുത്തണം. നിരന്തരം പ്രോത്സാഹനം നൽകണം. ഏതു കാര്യം പറയുമ്പോഴും പിന്നോട്ടു വലിയുന്നവരായിരിക്കും ചില കുട്ടികൾ. അവർക്ക് ആത്മവിശ്വാസം പകരാൻ അധ്യാപകരോളം കഴിയുന്ന മറ്റാരുമുണ്ടാവില്ല. അധ്യാപകർ പകർന്നു കൊടുത്ത ആത്മവിശ്വാസത്തിൽ അത്യുന്നത മേഖലകളിലെത്തിയ പല കുട്ടികളും പിൽക്കാലത്ത് അത്തരം സംഭവങ്ങൾ എടുത്തുപറയാറുണ്ട്. അറിവു പകരുക എന്നതിലുപരി പ്രചോദനം നൽകുക എന്നതായിരിക്കണം അധ്യാപകധർമ്മം. നൽകുന്ന അറിവുകൾക്കു പരിമിതിയുണ്ട്. എന്നാൽ പ്രചോദനത്തിലൂടെ വിദ്യാർത്ഥികൾ കയറിപ്പോകുന്ന അറിവിന്റെ സോപാനങ്ങൾ അപാരമായിരിക്കും.

കുട്ടികളുടെ മനസ്സിൽ ആത്മവിശ്വാസം വളർത്താൻ ഈ പാഠഭാഗം പ്രയോജനപ്പെടുത്തണം. സ്വന്തം ശേഷികൾ കണ്ടെത്തി വികസിപ്പിക്കാനും ദൗർബല്യങ്ങൾ കണ്ടെത്തി ഒഴിവാക്കാനും പ്രേരിപ്പിക്കുംവിധമാകണം അധ്യാപനം.

### പാഠാവതരണം

ആരാണിന്നു നല്ലൊരു പാട്ടുപാടുക?
പാട്ടുപാടാൻ തയ്യാറുള്ളവരൊക്കെ കൈ പൊക്കിയാട്ടെ.
ചിലർ പെട്ടെന്നു ചാടിയെണീറ്റു സന്നദ്ധരാവും. ചിലർ മടിച്ചുമടിച്ചാണെങ്കിലും സന്നദ്ധത പ്രകടിപ്പി

ക്കും. എന്നാൽ തീരെ സന്നദ്ധത പ്രകടിപ്പിക്കാത്തവരും ക്ലാസിലുണ്ടാവും. അവരെ ടീച്ചർ നോട്ടു ചെയ്യ ണം.

സന്നദ്ധരായവരിൽ ഒരു കുട്ടി പാടട്ടെ. തീരെ സന്നദ്ധരാവാത്തവരെ സമീപിച്ച് ടീച്ചർ ചോദി ക്കുന്നു:

- എന്തുകൊണ്ടാണ് പാടാൻ തയ്യാറാവാത്തത്?
- പാട്ട് അറിയാത്തതു കൊണ്ടാണോ?
- ധൈര്യമില്ലാത്തതു കൊണ്ടാണോ?
- തെറ്റിപ്പോകുമോ എന്ന പേടി കൊണ്ടാണോ?
- എന്റെ പാട്ട് മോശമാണെന്ന വിചാരം കൊണ്ടാണോ?

'വിഷമിക്കേണ്ട, ഇതൊക്കെ സാധാരണമാണ്' എന്നു സമാധാനിപ്പിക്കാം.

നമുക്കെല്ലാവർക്കും ധൈര്യം തരുന്ന ഒരു പാഠം വായിക്കാം എന്ന ആമുഖത്തോടെ ടീച്ചർ പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കുന്നു.

കുട്ടികൾ വ്യക്തിഗതമായി പാഠഭാഗം വായിക്കുന്നു.

**പാഠഭാഗം വിശകലനം** :

- അനുഷയുടെ വിചാരങ്ങളെന്തൊക്കെയാണ്? പാടാനും പ്രസംഗിക്കാനുമൊന്നും അറിയാത്തതു കൊണ്ടാണോ അവൾ അതിനുതയ്യാറാവാതിരുന്നത്?
- ഗുരുവിനെ വിട്ടുപോകാൻ ധൈര്യമില്ലാത്ത ശിഷ്യൻ അതിനു കാരണമായി പറഞ്ഞതെന്തൊക്കെയാണ്?
- അപ്പോൾ ഗുരു ശിഷ്യനോടാവശ്യപ്പെട്ടതെന്താണ്?
- അതിനു ശിഷ്യന്റെ പ്രതികരണം എങ്ങനെയായിരുന്നു?
- ശിഷ്യന്റെ ശരീരത്തിൽ വിലമതിക്കാനാവാത്ത എന്തെല്ലാമുണ്ടെന്നാണു ഗുരു ബോധ്യപ്പെടുത്തുന്നത്?
- തന്റെ വില ബോധ്യമായപ്പോൾ ശിഷ്യൻ പറഞ്ഞതെന്താണ്?
- ഗുരു ശിഷ്യന് അവസാനം നൽകിയ ഉപദേശമെന്താണ്?

ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിലൂടെ പാഠഭാഗത്തെ ആശയം കുട്ടികൾ മനസ്സിലാക്കുന്നു.

## കണ്ടെത്താം (TB)

പാഠഭാഗം വീണ്ടും ആവശ്യബോധത്തോടെ വിശദമായി വായിക്കാനുള്ള അവസരമാണിത്.
ഓരോ ചോദ്യവും എഴുതിയെടുത്ത് പാഠഭാഗത്തിന്റെ പുനർവായനയിലൂടെ ഉത്തരം വ്യക്തിഗതമായി കണ്ടെത്തി എഴുതട്ടെ.

എഴുതിയ ഉത്തരം ടീച്ചർ നിർദ്ദേശിക്കുന്ന കുട്ടികൾ വായിക്കുന്നു.

- ഈ ഉത്തരം ശരിയാണോ? വല്ല മാറ്റവും ആവശ്യമുണ്ടോ?
  കുട്ടികൾ അഭിപ്രായപ്പെടട്ടെ. ഓരോ കുട്ടിയും എഴുതിയ ഉത്തരങ്ങൾ ക്ലാസിൽ വായിച്ചുകേട്ട ഉത്തരവുമായി താരതമ്യം ചെയ്തു പരിശോധിക്കട്ടെ.
  ടീച്ചർ ഇടപെട്ട് ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്തണം.
  എല്ലാ കുട്ടികളുടെയും ഉത്തരങ്ങൾ പരിശോധനാ വിധേയമാക്കണം.

## സന്ദർഭം കണ്ടെത്തി വിശദീകരിക്കാം WB

നൽകിയിരിക്കുന്ന വാക്യങ്ങൾ കുട്ടികൾ പാഠഭാഗത്തുനിന്നു കണ്ടെത്തുന്നു.

- ആരാണു പറഞ്ഞത്?
- ആരോടാണു പറഞ്ഞത്? അങ്ങനെ പറഞ്ഞ സന്ദർഭമേത്?

ചർച്ചയിലൂടെ കൃത്യത വരുത്തിയ ശേഷം നോട്ടുബുക്കിൽ എഴുതട്ടെ.

## ചർച്ച ചെയ്യാം, കുറിപ്പ് തയ്യാറാക്കാം WB

ഈ കഥ നൽകുന്ന പാഠങ്ങൾ എന്തൊക്കെയാണ്? കുട്ടികൾ പറയട്ടെ.

- എഴുതാനും വായിക്കാനും പറയാനും പാടാനും പ്രസംഗിക്കാനുമൊക്കെയുള്ള കഴിവുകൾ എല്ലാവരിലുമുണ്ട്. ആരും മോശമല്ല.
- അങ്ങനെയുണ്ടെന്ന അറിവാണ് ആദ്യം ഉറപ്പിക്കേണ്ടത്.
- പിന്നെ വികസിപ്പിക്കാനുള്ള താല്പര്യവും പരിശ്രമവും വേണം.
- താല്പര്യവും പരിശ്രമവുമില്ലെങ്കിൽ ഒരു കഴിവും വേണ്ടവിധം പ്രകടിപ്പിക്കാനാവില്ല.
- കണക്കാക്കാൻ കഴിയാത്തത്ര ശേഷിയും വിലയിടാൻ പറ്റാത്തത്ര മൂല്യവുമുണ്ട് ഓരോ മനുഷ്യശരീരത്തിനും.

- സ്വന്തം കഴിവുകൾ തിരിച്ചറിയുമ്പോൾ നമുക്കു ധൈര്യമുണ്ടാവും.
- ഒന്നുമില്ല എന്നല്ല, എനിക്കെല്ലാമുണ്ട് എന്ന ബോധമാണ് നമുക്കു വേണ്ടത്...

**ശീർഷകം കണ്ടെത്താം (TB)**

കവിതയിലും കഥയിലും ലേഖനത്തിലുമെല്ലാമുള്ള പ്രധാനാശയത്തിലേക്കു സൂചന നൽകുന്നതാവണം ശീർഷകങ്ങൾ.

ഒരു കഥയോ ലേഖനമോ മറ്റോ വായിക്കുമ്പോൾ എല്ലാവരുടെയും മനസ്സിൽ വരുന്നത് ഒരേ ശീർഷകമാവണമെന്നില്ല. വ്യത്യസ്ത വീക്ഷണങ്ങളുണ്ടാവാം. എങ്കിലും ഏതെങ്കിലും നിലയിൽ കേന്ദ്രാശയത്തോട് ബന്ധമുണ്ടാവണം ശീർഷകത്തിന്.

**കുട്ടികൾക്കു പറഞ്ഞുകൊടുക്കാം:**
ലോകം കണ്ടതിൽ വച്ചേറ്റം വലിയ പ്രഭാഷകനായിരുന്ന ഡമോസ്തനീസ് കുട്ടിക്കാലത്ത് വിക്കനായിരുന്നു. വിക്കാതെ ഒരു വാക്കുപോലും സംസാരിക്കാൻ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല. ഒരു പ്രസംഗകനാവാനുള്ള മോഹത്തോടെ അദ്ദേഹം കടൽത്തീരത്തു ചെന്നിരുന്നു തിരമാലകളോടു നിരന്തരം പ്രസംഗിച്ചു. തുടർച്ചയായ പരിശീലനത്തിലൂടെ അദ്ദേഹം മഹാ പ്രഭാഷകനായിത്തീർന്നു.

ചർച്ചയിലൂടെ ബോധ്യപ്പെട്ട കാര്യം കട്ടികൾ കുറിപ്പാക്കട്ടെ. ടീച്ചർ വിലയിരുത്തണം.

പാഠഭാഗത്തിനു കൊടുത്തിരിക്കുന്ന ശീർഷകം എത്രത്തോളം അനുയോജ്യമാണെന്നു കുട്ടികൾ അഭിപ്രായപ്പെടട്ടെ.

തുടർന്ന് മറ്റൊരു ശീർഷകം നിർദ്ദേശിച്ച് അതിന്റെ ഔചിത്യം വിശദീകരിക്കട്ടെ. ടീച്ചർ വിലയിരുത്തണം.

**പഴഞ്ചൊല്ലുകളുടെ ആശയം വിശദീകരിക്കുക (TB)**

പഴഞ്ചൊല്ലുകൾ മുമ്പു പരിചയപ്പെട്ടിട്ടുണ്ട്.

ഓരോ പഴഞ്ചൊല്ലിനും വാച്യാർത്ഥവും വ്യംഗ്യാർത്ഥവുമുണ്ടാവും.
അവ കണ്ടെത്താനുള്ള സൂചനകൾ നൽകണം. അവ നൽകിയിരിക്കുന്ന സന്ദർഭത്തോട് ഏതെല്ലാം വിധത്തിൽ യോജിക്കുന്നു എന്നു വിലയിരുത്തണം.

**"പയ്യെത്തിന്നാൽ പനയും തിന്നാം."**

പന വലിയതും കഠിനമായ പുറംതൊലിയുള്ളതുമായ മരമാണ്. സാവകാശത്തോടെ, അല്പാല്പമായി തിന്നാൻ തുടങ്ങിയാൽ അതും തിന്നു തീർക്കാം. അതുപോലെ എത്ര വലിയതും ദുഷ്ക്കരമായതുമായ പ്രശ്നങ്ങളാണെങ്കിലും സാവകാശം അതിനെ നേരിട്ടാൻ പരിഹരിക്കാനും അതിജയിക്കാനും പ്രയാസമുണ്ടാവില്ല. ജീവിതപ്രതിസന്ധിക്കളെ ക്ഷമാപൂർവ്വം, സാവകാശം നേരിടുന്നതുമായി ഈ പഴഞ്ചൊല്ലിനെ ബന്ധപ്പെടുത്താം.

**"കണ്ണുപോയാലേ കണ്ണിന്റെ വിലയറിയൂ."**

അധ്വാനമൊന്നുമില്ലാതെ ജന്മനാ കിട്ടിയതാണു കണ്ണ്. സുഖകരമായി അനായാസം കാഴ്ചകൾ കണ്ടുകൊണ്ടിരിക്കുമ്പോൾ അതിന്റെ വിലയറിയില്ല. അങ്ങനെയൊന്ന് ശരീരത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നു പോലുമുള്ള വിചാരമുണ്ടാവില്ല. എന്നാൽ കണ്ണു നഷ്ടപ്പെട്ടാലോ? അപ്പോഴറിയാം കാഴ്ചശക്തിയുടെ വില. അതുപോലെ നമ്മുടെ ശരീരത്തിലും ജീവിതത്തിലും വിലമതിക്കാനാവാത്ത അനുഗ്രഹങ്ങൾ ധാരാളമുണ്ട്. ശരീരത്തിലെ അവയവങ്ങൾ, മാതാപിതാക്കൾ, സഹോദരന്മാർ, സുഹൃത്തുക്കൾ, സമ്പത്ത്... അങ്ങനെ പലതും നഷ്ടപ്പെടുമ്പോഴാണ് നാമവയുടെ വില അനുഭവിച്ചറിയുന്നത്.

**ഉത്തരമെഴുതുക (WB)**

ടെക്സ്റ്റ്ബുക്കിലെ പ്രവർത്തനത്തിന്റെ തുടർച്ചയാണിത്. ഹോംവർക്കായി നൽകാം. കുട്ടികൾ പാഠഭാഗം വായിച്ച് ശരിയായ ഉത്തരം കണ്ടെത്തി എഴുതട്ടെ.

**ശരിയായ പദം എടുത്തെഴുതുക (WB)**

സാധാരണ ഉദ്ദേശിക്കുന്ന അർത്ഥത്തിൽ 'അനുഗ്രഹം' എന്ന പദമാണു ശരി.

എന്നാൽ 'അനുഗ്രഹം നേടിയ ആൾ' എന്ന അർത്ഥം ലഭിക്കണമെങ്കിൽ 'അനുഗൃഹീതൻ' എന്നു പറയണം.

വരുന്നത് വരവും ചെല്ലുന്നത് ചെലവുമാണ്. 'ചിലവ്' എന്ന പദത്തിന് ആ അർത്ഥമില്ല. വരവും ചിലവുമല്ല; വരവും ചെലവുമാണു ശരി.

## ഒറ്റ വാക്യമാക്കുക (WB)

വാക്യഘടന മനസ്സിലാക്കാനുതകുന്ന പ്രവർത്തനമാണിത്.

കുട്ടികൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് ഒറ്റവാക്യമാക്കി എഴുതട്ടെ.

ഓരോ ഗ്രൂപ്പും എഴുതിയത് വായിക്കുമ്പോൾ മറ്റു ഗ്രൂപ്പുകൾ വിലയിരുത്തട്ടെ.

ടീച്ചർ ഇടപെട്ട് അപാകതകൾ പരിഹരിക്കണം.

## ഡയറി എഴുതുക (WB)

ഡയറി എഴുതുന്ന രീതിയും ഘടനയും മുൻപ്രവർത്തനത്തിൽനിന്നു മനസ്സിലാക്കിയിട്ടുണ്ടാവും.

ഗുരുവിനോടു യാത്ര പറഞ്ഞ ദിവസം ശിഷ്യൻ വീട്ടിലെത്തുന്നു. മനസ്സു നിറയെ സന്തോഷമാണ്. തനിക്കൊന്നുമറിയില്ല, ഒന്നിനും കഴിവില്ല എന്നൊക്കെയുള്ള തോന്നൽ ഇപ്പോഴില്ല. എന്തൊക്കെയോ കഴിവുകൾ തനിക്കുണ്ടെന്നും അതു പരമാവധി ഉപയോഗപ്പെടുത്തണമെന്നുമുള്ള നിശ്ചയത്തോടെയാണ് വീട്ടിലെത്തിയത്. അന്നു രാത്രി ഉറങ്ങുന്നതിനുമുമ്പ് അവൻ ഡയറി എഴുതുന്നു.

എന്തൊക്കെയായിരിക്കും എഴുതിയത്? സങ്കല്പിച്ചുനോക്കുക.

- ഒന്നിനും ധൈര്യമില്ലാതെ വിഷമിച്ചു നിന്നത്,
- അവസാനം ഗുരുവിനോട് കാര്യങ്ങൾ തുറന്നു പറഞ്ഞത്,
- ഗുരുവിന്റെ പ്രതികരണം,
- ഗുരുവിന്റെ വാക്കുകൾ തന്റെ കണ്ണു തുറപ്പിച്ചത്........

എഴുതേണ്ട കാര്യങ്ങളെക്കുറിച്ചു വ്യക്തത വരുത്തിയശേഷം ഡയറിയുടെ ഘടനയെക്കുറിച്ചു സൂചന നൽകാം:

- എങ്ങനെയാണു തുടങ്ങേണ്ടത്?
- വല്ല ക്രമവും പാലിക്കേണ്ടതുണ്ടോ?

ചർച്ചകളിലൂടെ ആവശ്യമായ നിർദ്ദേശങ്ങൾ നൽകണം.

വ്യക്തിഗതമായി ഡയറി എഴുതട്ടെ. പരസ്പരം കൈമാറി വായിക്കട്ടെ.

- കൂട്ടുകാരൻ എഴുതിയ കാര്യങ്ങളെല്ലാം താനും എഴുതിയിട്ടുണ്ടോ?
- കൂട്ടുകാരന്റെ രചനയിൽ വല്ലതും വിട്ടു പോയിട്ടുണ്ടോ?
- ഇനിയെന്തെങ്കിലും മാറ്റങ്ങൾ ആവശ്യമുണ്ടോ?

നിരീക്ഷണത്തിന്റെയും ചിന്തയുടെയും അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തി എഴുതട്ടെ. ടീച്ചർ ഓരോ ഡയറിക്കുറിപ്പും വിലയിരുത്തണം.

## വാചകവും ദ്യോതകവും (WB)

അർത്ഥമുള്ള ശബ്ദങ്ങളാണു വാചകങ്ങൾ. ഉദാ: മനുഷ്യൻ, മൃഗം, നടക്കുന്നു, ഇരിക്കുന്നു, നല്ല, വെളുത്ത, വിനയം, നേരിയ, കഴുകുന്നു.

സ്വയം അർത്ഥമില്ലാത്തതും രണ്ടു വാച്യാർത്ഥങ്ങൾ തമ്മിൽ ബന്ധിപ്പിക്കാൻ ഉപയോഗിക്കുന്നതുമായ ശബ്ദമാണു ദ്യോതകം. ഉദാ: ഉം, എങ്കിലും, അതിനാൽ, ഉടെ, ഓ, അതുകൊണ്ട്, എങ്കിൽ.

ഉദാഹരണസഹിതം ഈ വസ്തുത കുട്ടികൾ മനസ്സിലാക്കട്ടെ.

തുടർന്നു വർക്കുബുക്കിലെ വാചകവും ദ്യോതകവും വേർതിരിച്ചെഴുതാൻ നൽകിയ വാക്യങ്ങൾ പരിശോധിക്കട്ടെ.

ഗ്രൂപ്പിൽ ചർച്ച ചെയ്ത് ഉറപ്പുവരുത്തിയ ശേഷം അവ വേർതിരിച്ച് വർക്കുബുക്കിൽ എഴുതട്ടെ.

## പ്രതികരണക്കുറിപ്പ് തയ്യാറാക്കം (TB)

- അനുഷയെപ്പോലെയാണോ നിങ്ങൾ?
- അവൾ പറയുന്നതുപോലെ ഒരു കുട്ടി പറഞ്ഞാൽ നിങ്ങൾ എങ്ങനെയാണ് പ്രതികരിക്കുക?
- ഏതാനും കുട്ടികൾ സ്വന്തം പ്രതികരണം പറയട്ടെ.

ക്രോഡീകരണം:

- കുട്ടികളുടെ മുമ്പിൽ എഴുന്നേറ്റുനിന്നു പറയാനും പാടാനുമൊക്കെയുള്ള ധൈര്യക്കുറവുകൊണ്ടാണ് അങ്ങനെ പറയുന്നത്.
- ഒരു തരം ഭീരുത്വമാണത്.
- ഒരു കഴിവുമില്ലാത്ത ആരുമുണ്ടാവില്ല.

- സ്വന്തം കഴിവിനെക്കുറിച്ചു മനസ്സിലാക്കിയാൽ അനുഷക്കും മറ്റു കുട്ടികളെപ്പോലെ പറയാനും പാടാനുമൊക്കെ കഴിയും.

ചർച്ചയ്ക്കു ശേഷം കുട്ടികൾ നോട്ടുബുക്കിൽ പ്രതികരണം എഴുതട്ടെ.

## അന്വേഷിച്ചു കണ്ടെത്താം (TB)

മനുഷ്യശരീരം അത്ഭുതങ്ങളുടെ കലവറയാണ്. ശരീരത്തിലെ ബാഹ്യവും ആന്തരികവുമായ ഓരോ അവയവത്തിന്റെയും ആകാരവും പ്രകൃതവും അവയുടെ പ്രവർത്തനശേഷിയും അപാരമാണ്. പുതിയ പുതിയ പഠനങ്ങൾ അവയുടെ ശേഷിയെക്കുറിച്ചുള്ള പുതിയ അറിവുകൾ ഇന്നും നൽകിക്കൊണ്ടിരിക്കുന്നു. കണ്ണ്, മൂക്ക്, ചെവി, നാവ്, പല്ല്, കൈകാലുകൾ തുടങ്ങിയ ബാഹ്യാവയവങ്ങൾ..... ഹൃദയം, വൃക്കകൾ, നാഡി ഞരമ്പുകൾ, തലച്ചോർ തുടങ്ങിയ ആന്തരികാവയവങ്ങൾ...തുടങ്ങിയവയുടെ ശേഷികളെക്കുറിച്ച് കുട്ടികൾ ചോദിച്ചറിയട്ടെ, കുറിപ്പുകൾ തയ്യാറാക്കട്ടെ.

## അർത്ഥവ്യത്യാസം കണ്ടെത്തുക TB

എഴുത്തിലും അച്ചടിയിലും പദങ്ങൾക്കിടയിലും അക്ഷരങ്ങൾക്കിടയിലുമുള്ള ഇടവിടൽ (Spacing) അർത്ഥത്തിൽ വലിയ വ്യത്യാസങ്ങളുണ്ടാക്കുന്നുണ്ട്. ഈ ബോധം കുട്ടികളിലുണർത്താനും എഴുത്തിൽ ഇടവിടലിന്റെ പ്രാധാന്യം മനസ്സിലാക്കാനുമാണ് ഈ പ്രവർത്തനം.

ആശ്രമം എന്ന് ഒറ്റപ്പദമായി എഴുതുമ്പോഴുള്ള അർത്ഥമല്ലല്ലോ ആ ശ്രമം എന്നെഴുതുമ്പോഴുണ്ടാകുന്നത്.

തുടർന്നുള്ള വാക്യവും ശ്രദ്ധിക്കുക. 'അവർ അവിടെ നിന്നുപോയി' എന്ന വാക്യത്തിൽ യാദൃച്ഛികമായോ മറ്റോ സംഭവിച്ച വല്ല കാരണത്താലും മനഃപൂർവ്വമല്ലാതെ ഒരിടത്തു നിന്നുപോയി എന്നാണർത്ഥം. എന്നാൽ 'അവിടെനിന്നുപോയി' എന്നു പറയുമ്പോൾ ഒരിടത്തുനിന്നു സ്ഥലം വിട്ടു എന്ന അർത്ഥമാണു ലഭിക്കുന്നത്. കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തുക.

# യൂണിറ്റ് – 5
# കലവറയും നിറവയറും

ജീവജാലങ്ങളുടെ അടിസ്ഥാനാവശ്യങ്ങളിലൊന്നാണ് ഭക്ഷണം. ഭൂമിയിൽ വിളയുന്നതാണ് എല്ലാ ഭക്ഷണത്തിന്റെയും അടിസ്ഥാനമൂലകങ്ങൾ. ഭൂമി വിളയിച്ചുകൊണ്ടേയിരിക്കുന്നുണ്ട്; സർവജീവജാലങ്ങൾക്കും ആവശ്യമായത്ര ഭക്ഷണസാധനങ്ങൾ. പക്ഷേ മനുഷ്യരുടെ അതിക്രമങ്ങളും കയ്യേറ്റങ്ങളും ഭക്ഷ്യരംഗത്തെ സമതുലിതാവസ്ഥ അവതാളത്തിലാക്കുന്നു. ഒരു ഭാഗത്ത് ഭക്ഷ്യധാന്യങ്ങളും മറ്റും ആവശ്യത്തിലധികമായതിനാൽ കടലിലൊഴുക്കുകയും ദഹിപ്പിച്ചു കളയുകയും ചെയ്യുമ്പോൾ, ധൂർത്തടിച്ചു പാഴാക്കുമ്പോൾ മറുഭാഗത്ത് പട്ടിണികിടന്നു ലക്ഷക്കണക്കിനു മനുഷ്യരും ഇതരജീവജാലങ്ങളും നശിച്ചൊടുങ്ങുന്ന ദയനീയാവസ്ഥക്കു ലോകമിന്നും സാക്ഷിയാണ്. "ഈ ലോകത്ത് എല്ലാവർക്കും ആവശ്യത്തിനു വിഭവങ്ങളുണ്ട്; ധൂർത്തിന്നില്ല" എന്ന മഹാത്മാഗാന്ധിജിയുടെ കണ്ടെത്തൽ ഇന്നും പ്രസക്തമാണ്. ഒരു ഭാഗത്ത് സുഭിക്ഷത കളിയാടുമ്പോൾ മറുഭാഗത്ത് ഭക്ഷ്യദൗർലഭ്യം ദുരന്തങ്ങൾ തീർക്കുന്നു.

നമ്മുടെ പ്രദേശങ്ങളിലെയും അവസ്ഥ വ്യത്യസ്തമല്ല. സന്നദ്ധപ്രവർത്തകരും സാമൂഹികസാംസ്കാരിക സംഘടനകളുമെല്ലാം പട്ടിണി കിടക്കുന്നവർക്കു ഭക്ഷണമെത്തിക്കാൻ പരമാവധി ശ്രമിക്കുന്നുണ്ടെങ്കിലും ഇടയ്ക്കിടെ പട്ടിണിമരണങ്ങൾ നമ്മുടെ കേരളത്തിൽപോലും ആവർത്തിച്ചുകൊണ്ടിരിക്കുന്നു എന്ന സത്യം അവഗണിക്കാവുന്നതല്ല. അതേസമയം ആഘോഷവേളകളിലും അല്ലാതെയും ഭക്ഷണം പാഴാക്കുന്ന പ്രവണത സാർവത്രികമാണിന്ന്. പുതിയ തലമുറകളുടെ ഭക്ഷണരീതികളാവട്ടെ ഭക്ഷണത്തിന്നായുള്ള ചെലവ് വർദ്ധിപ്പിക്കുന്നുവെന്നു മാത്രമല്ല, നമ്മുടെ പ്രകൃതിക്കും സാഹചര്യങ്ങൾക്കും യോജിക്കാത്ത ഭക്ഷണരീതികൾ ശീലിക്കുന്നതു കാരണം മാരകരോഗങ്ങൾ വിലയ്ക്കു വാങ്ങുന്ന അവസ്ഥക്കുകൂടി വഴി തുറന്നിരിക്കയാണ്.

പുതുതലമുറയെ ബാധിക്കുന്ന പല രോഗങ്ങൾക്കും കാരണം തെറ്റായ ഭക്ഷണരീതികളാണെന്നാണു പഠനങ്ങൾ തെളിയിക്കുന്നത്. ജീവിതശൈലീ രോഗങ്ങൾ എന്നറിയപ്പെടുന്ന രോഗങ്ങളുടെയെല്ലാം മുഖ്യകാരണം ഭക്ഷണം തന്നെയാണ്. കുട്ടികൾക്ക് ഇത്തരം കാര്യങ്ങളെക്കുറിച്ചുള്ള ബോധമുണ്ടാവണം. അതിനു സഹായകമായ പാഠഭാഗങ്ങളാണ് ഈ യൂണിറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. രുക്മിണി സ്വയംവരം ഓട്ടൻതുള്ളലിൽ നിന്നെടുത്ത 'കൊണ്ടാ, കൊണ്ടാ, കോരിക്കൊണ്ടാ' എന്ന പാഠഭാഗം പഴയകാല ഭക്ഷണവൈവിധ്യത്തെക്കുറിച്ചും ഭക്ഷണരീതികളെക്കുറിച്ചും കുട്ടികളെ ഓർമ്മിപ്പിക്കുന്നു. 'ഭക്ഷണം ആരോഗ്യത്തിന്' എന്ന ലേഖനം ഭക്ഷണത്തിന്റെ പ്രാധാന്യവും ഭക്ഷണം കഴിക്കേണ്ട രീതിയും തെറ്റായ ഭക്ഷണശീലങ്ങൾ കാരണമുണ്ടാകുന്ന പ്രശ്നങ്ങളും എടുത്തു കാണിക്കുന്നു. 'പാറക്കട്ടടി ഏലേലം' എന്ന നാടൻപാട്ട് അധ്വാനത്തിന്റെ മഹത്വം വിളംബരം ചെയ്യുന്നതോടൊപ്പം പഴയകാല ജനസമൂഹങ്ങളുടെ പട്ടിണിയെക്കുറിച്ചും മറ്റുമുള്ള വിചാരമുണർത്തുന്നു. 'പണം നിങ്ങളുടേതാകാം, പക്ഷേ' എന്ന അനുഭവക്കുറിപ്പ് ഭക്ഷണം പാഴാക്കിക്കളയുന്നതിന്നെതിരെയുള്ള ബോധവൽക്കരണവും മുന്നറിയിപ്പുമാണ്.

### ഈ യൂണിറ്റിലൂടെ ലക്ഷ്യമാക്കുന്നത്:

- ഭക്ഷണത്തിന്റെ മൂല്യം തിരിച്ചറിയുന്നതിന്.
- ഭക്ഷണം പാഴാക്കിക്കളയുന്നതിനെക്കുറിച്ചു ബോധവത്ക്കരിക്കുന്നതിന്.
- ശരിയായ ഭക്ഷണരീതികൾ അവലംബിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന്.
- അധ്വാനത്തിന്റെ മഹത്വം ഉണർത്തുന്നതിന്.
- പണ്ടത്തെ ജനങ്ങളുടെ ഭക്ഷണരീതികൾ പരിചയപ്പെടുന്നതിന്.
- ഓട്ടൻതുള്ളൽ, നാടൻപാട്ട് എന്നിവ അവതരിപ്പിക്കുന്നതിനും ആസ്വദിക്കുന്നതിനും.
- ലേഖനം, അനുഭവക്കുറിപ്പ് തുടങ്ങിയ വ്യവഹാരരൂപങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഭാഷാപരമായ പ്രവർത്തനങ്ങൾ നടത്തുന്നതിനും.

# യൂണിറ്റ് വിശകലനം

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാനപ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ: വ്യവഹാര/ പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| കവിതയിലെ ആശയങ്ങൾ, അവതരണഭംഗി, കാവ്യഭംഗി, ഫലിത പരിഹാസങ്ങൾ എന്നിവ കണ്ടെത്തി അവതരിപ്പിക്കുന്നു.<br>തുള്ളൽ സാഹിത്യം പരിചയപ്പെടുകയും അതിന്റെ ഉത്ഭവപശ്ചാത്തലം മനസ്സിലാക്കുകയും ചെയ്യുന്നു.<br>വ്യാകരണ സംബന്ധമായ കൂടുതൽ അറിവുകൾ ആർജ്ജിക്കുന്നു.<br>•ലേഖനം, പഠനം, ഉപന്യാസം എന്നിവ വായിച്ച് പ്രമേയപരവും ആസ്വാദനപരവുമായ അംശങ്ങൾ തിരിച്ചറിഞ്ഞ് രചനകളിലും ജീവിത സന്ദർഭങ്ങളിലും ഔചിത്യപൂർവ്വം പ്രയോജനപ്പെടുത്തുന്നു.<br>•ഗദ്യഭാഗങ്ങൾ ആശയം ഉൾക്കൊണ്ട് വായിച്ചവതരിപ്പിക്കുന്നു.<br>സമകാലിക വിഷയങ്ങളുമായി ബന്ധപ്പെട്ട ചർച്ച സംഘടിപ്പിക്കുന്നു.<br>ആവശ്യമായ അറിവുകൾ ബന്ധപ്പെട്ടവരിൽ നിന്നു ചോദിച്ചറിയുന്നു. | കൊണ്ടാ കൊണ്ടാ കോരിക്കൊണ്ടാ<br>ഭക്ഷണം ആരോഗ്യത്തിന് | മലയാള കവിതയ്ക്ക് പുതുഭാവങ്ങൾ നൽകിയ കവിയാണ് കുഞ്ചൻനമ്പ്യാർ.<br>ഭാഷാലാളിത്യം,ഫലിതപരിഹാസങ്ങളുടെ സന്നിവേശം, തനി കേരളീയ പശ്ചാത്തലത്തിലുള്ള അവതരണം, ജനചൂഷകർക്കുനേരെയുള്ള രൂക്ഷമായ വിമർശനം തുടങ്ങിയ സവിശേഷതകളിലൂടെ അദ്ദേഹം ജനകീയ കവിയായാണ് അറിയപ്പെടുന്നത്.<br>തുള്ളൽ എന്ന സാഹിത്യകലാരൂപത്തിന്റെ ആവിഷ്ക്കാരത്തിലൂടെ നമ്പ്യാർ മലയാള സാഹിത്യത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയിട്ടുണ്ട്.<br>•ഭക്ഷണം കഴിക്കുന്നത് വിശപ്പു മാറാനും ആരോഗ്യം നിലനിർത്താനുമാണ്.<br>ഭക്ഷണരീതിയിൽ വന്ന മാറ്റമാണ് ജീവിത ശൈലീ രോഗങ്ങൾക്കെല്ലാം മുഖ്യ കാരണം.<br>•ഇന്നത്തെ ഭക്ഷണഇനങ്ങളിൽ പലതും മാരകമായ രോഗങ്ങൾ ക്ഷണിച്ചു വരുത്തുന്നവയാണ്.<br>•ഭക്ഷണകാര്യങ്ങളിൽ ബോധവൽക്കരണം അത്യാവശ്യമാണ്. | കവിതാവായനയും ആശയ വിശകലനവും<br>തുള്ളൽരൂപത്തിൽ കവിത അവതരിപ്പിക്കൽ<br>പതിപ്പ് തയ്യാറാക്കൽ<br>ഭക്ഷണവിഭവങ്ങളിൽ വന്ന മാറ്റങ്ങൾ കണ്ടെത്തൽ<br>ചേരുവകൾ അന്വേഷിച്ചറിയൽ<br>വിശകലനകുറിപ്പ് തയ്യാറാക്കൽ<br>നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ<br>പഴഞ്ചൊല്ലുകളുടെ ആശയംവിശദീകരിക്കുന്ന കുറിപ്പ് തയ്യാറാക്കൽ<br>വായിച്ച് ആശയം ഗ്രഹിക്കൽ<br>പോസ്റ്റർ വാക്യങ്ങൾ തയ്യാറാക്കൽ. | കവിതാലാപം<br>വിശകലനക്കുറിപ്പ്<br>തുള്ളൽ അവതരണം<br>പതിപ്പ്<br>താരതമ്യക്കുറിപ്പ്<br>കുറിപ്പ്<br>വിശകലനക്കുറിപ്പ്<br>നിരീക്ഷണക്കുറിപ്പ്<br>പഴഞ്ചൊൽ - കുറിപ്പ്<br>പോസ്റ്റർ വാക്യങ്ങൾ | **തുള്ളൽ അവതരണം**<br>തുള്ളലിന്റെ താളം ഭാവമുൾക്കൊണ്ട് അവതരണം ഒഴുക്ക്<br>**പതിപ്പ്**<br>വിഷയവുമായി ബന്ധപ്പെട്ട വസ്തുതകൾ ശേഖരിച്ച് ക്രമപ്പെടുത്തി രേഖപ്പെടുത്തിയിട്ടുണ്ട്.<br>**താരതമ്യക്കുറിപ്പ്**<br>അക്കാലത്തെയും ഇക്കാലത്തെയും വിഭവങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. താരതമ്യം ചെയ്തിട്ടുണ്ട്.<br>**നിരീക്ഷണക്കുറിപ്പ്**<br>നിരീക്ഷണം നടത്തിയിട്ടുണ്ട്. കഴിയുന്നത്ര വിവരങ്ങൾ ശേഖരിച്ച് കുറിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യക്തതയുണ്ട്.<br>**വർക്ക്ബുക്ക് പ്രവർത്തനം**<br>**പോസ്റ്റർ വാക്യങ്ങൾ**<br>ഹ്രസ്വവും ആകർഷകവുമാണ്.<br>ആശയം സംക്ഷിപ്തമായി ഉൾക്കൊണ്ടിട്ടുണ്ട്. |

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാനപ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ: വ്യവഹാര/ പ്രകടിത രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|
| നാടൻ പാട്ടുകൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ തുടങ്ങിയവയിലെ ഈണവും താളവും അവയുൾക്കൊള്ളുന്ന ജീവിത പ്രശ്നങ്ങളും മനസ്സിലാക്കുന്നു.<br>വിവിധ തരത്തിലുള്ള നാടൻ പാട്ടുകൾ ശേഖരിക്കുകയും പരിചയപ്പെടുകയും പാടി രസിക്കുകയും ആശയവിചിന്തനം നടത്തുകയും ചെയ്യുന്നു. | പാറക്ക് ട്ടടി ഏലേലം | നാടൻപാട്ടുകൾ മുൻകാലങ്ങളിലെ സാധാരണക്കാരുടെ പ്രശ്നങ്ങൾ ഉൾ ക്കൊള്ളുന്നവയാണ്.<br>നിരക്ഷരരായ സമൂഹങ്ങൾ തൊഴി ലെടുക്കുമ്പോഴും ആ ഘോഷവേളകളിലും മറ്റും പാടിപ്പാടി പ്രചരിച്ചതാണ് നാടൻ പാട്ടുകൾ.<br>ഗതകാല സമൂഹങ്ങളുടെ ഭാഷയും സംസ്കാരവും ജീവിതരീതികളും മനസ്സിലാക്കാൻനാടൻ പാട്ടുകളിലൂടെ സാധിക്കും. | നാടൻപാട്ട് പാടി അവതരിപ്പിക്കൽ<br>നാടൻപാട്ടിന്റെ സവിശേഷതകൾ കണ്ടെത്തൽ<br>നാടൻപാട്ട് പതിപ്പ് തയ്യാറാക്കൽ<br>കുറിപ്പ് തയ്യാറക്കൽ | കുറിപ്പ്<br>നാടൻപാട്ട് പതിപ്പ്<br>കുറിപ്പ് | **നാടൻ പാട്ട് പതിപ്പ്**<br>വിവിധ വകുപ്പുകളിൽ പെട്ട പാട്ടുകൾ ശേഖരിച്ചിട്ടുണ്ട്.<br>അവ തരംതിരിച്ച് എഴുതിത്തയ്യാറാക്കിയിട്ടുണ്ട്.<br>ക്രമപ്രകാരം ക്രോഡീകരിച്ചിട്ടുണ്ട്. |
| അനുഭവക്കുറിപ്പ്, ലേഖനം, ഉപന്യാസം എന്നിവ വായിച്ച് അവയിലെ ആശയങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ തുടങ്ങിയവ ഉൾക്കൊള്ളുകയും അവ പ്രയോജനപ്പെടുത്തി രചനകൾ നിർവ്വഹിക്കുകയും ചെയ്യുന്നു.<br>വിഭവങ്ങൾ സമൂഹത്തിന്റേതാണെന്നും വ്യക്തികൾ ഏതുതരക്കാരാണെങ്കിലും അവ പാഴാക്കാനോ നശിപ്പിക്കാനോ അവകാശമില്ലെന്നും തിരിച്ചറിയുന്നു. | പണം നിങ്ങളുടെതാകാം; പക്ഷേ... | വിഭവങ്ങൾ സമൂഹത്തിന്റേതാണ്.<br>വ്യക്തികൾ അത് ദുരുപയോഗം ചെയ്യാൻ പാടില്ല.<br>ഭക്ഷണത്തിൽ അമിതവ്യയം അനുവദിക്കാവുന്നതല്ല.<br>ശരിയായരീതിയിലുള്ള ഭക്ഷണ സംസ്കാരം ജനങ്ങൾ ക്കിടയിൽ രൂപപ്പെടേണ്ടതുണ്ട്.<br>ധൂർത്തടിക്കുന്നത് ശിക്ഷാർഹമായി കാണേണ്ടതുണ്ട്. | ആശയം ഉൾക്കൊണ്ട് ഭാവാത്മകമായി വായിക്കൽ<br>മഹദ്വചനങ്ങൾ വിശകലനം ചെയ്യൽ<br>ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ<br>സമൂഹത്തിൽ ബോധവൽക്കരണം നടത്തൽ | വിശകലനക്കുറിപ്പ്<br>നോട്ടീസ് ക്ഷണക്കത്ത്<br>പ്രതികരണക്കുറിപ്പ് | **കത്ത്**<br>കത്തിന്റെ രൂപം<br>അവതരണ രീതി<br>അനുയോജ്യമായ ഭാഷ<br>**പ്രതികരണക്കുറിപ്പ്**<br>സ്വാഭിപ്രായം ഭിന്ന വീക്ഷണങ്ങൾക്കുള്ള പരിഗണന അനുയോജ്യമായ ഭാഷ |

## പ്രവേശക പ്രവർത്തനം

മഹാകവിയും ദാർശനികനുമായിരുന്ന തിരുവള്ളുവരുടെ ജീവിതവുമായി ബന്ധപ്പെട്ട ഒരു കഥയാണ് പ്രവേശകമായി നൽകിയിരിക്കുന്നത്. ഭക്ഷണം കഴിക്കാനിരിക്കുമ്പോൾ എല്ലാ ദിവസവും അദ്ദേഹം ഭാര്യയോടാവശ്യപ്പെടും, ഒരു സൂചിയും ഒരു ഗ്ലാസ്സ് വെള്ളവും കൊണ്ടുവയ്ക്കാൻ. എന്നാൽ ഒരിക്കൽപോലും അദ്ദേഹത്തിന്ന് ആ സൂചി ഉപയോഗിക്കേണ്ടിവന്നിട്ടില്ലെന്നു ഭാര്യ നിരീക്ഷിക്കുന്നു. ഭക്ഷണകാര്യത്തിലുള്ള മുൻകരുതലും സൂക്ഷ്മതയുമാണ് ഈ കഥ സൂചിപ്പിക്കുന്നത്. നിലത്തുവീഴുന്ന ഭക്ഷണാവശിഷ്ടം എത്ര ചെറുതാണെങ്കിലും കുത്തിയെടുത്ത് കഴുകി ഉപയോഗിക്കാനാണദ്ദേഹം സൂചിയും വെള്ളവും കരുതിയിരുന്നത് എന്ന കാര്യം വ്യക്തമാണ്.

കഥാഭാഗം വായിച്ച് ആശയം മനസ്സിലാക്കിയ ശേഷം തിരുവള്ളുവർ നൽകിയ മറുപടി കുട്ടികൾ ഊഹിച്ചു പറയട്ടെ.

ഈ പ്രവേശകത്തിൽ മറ്റൊരു കാര്യം കൂടി വിശകലനം ചെയ്യാനുണ്ട്;

ലോകപ്രസിദ്ധമായ ഒരു ചിത്രമാണ് പ്രവേശകത്തിൽ നൽകിയിരിക്കുന്നത്.

1993 മാർച്ച് 26-ന് ന്യൂയോർക്ക്ടൈംസ് പ്രസിദ്ധീകരിച്ചതാണീ ചിത്രം. കെവിൻ കാർട്ടർ എന്ന ഫോട്ടോഗ്രാഫറാണ് സൗത്ത് സുഡാനിൽനിന്നുള്ള ഈ ദയനീയരംഗം തന്റെ കാമറയിൽ പകർത്തിയത്. ഫീച്ചർ ഫോട്ടോഗ്രാഫിക്കുള്ള പുലിസ്റ്റർ പ്രൈസ് നേടാൻ ഈ ചിത്രത്തിനു കഴിഞ്ഞു.

എന്താണ് ഈ ചിത്രത്തിൽ കാണുന്നത്? കുട്ടികൾ നിരീക്ഷിക്കട്ടെ.

പട്ടിണികിടന്നു മരിക്കാറായ ഒരു കുട്ടി. അതിന്റെ ജീവൻ പോകുന്നതു കാത്തിരിക്കുകയാണ് ഒരു കഴുകൻ. കഴുകനിൽനിന്നു രക്ഷപ്പെടാൻ അവശേഷിക്കുന്ന ജീവനുമായി കുട്ടി മുന്നോട്ട് ഇഴഞ്ഞുനീങ്ങുന്നു. സുഡാനിലെ ജനങ്ങൾ അനുഭവിക്കുന്ന പട്ടിണിയുടെ ആഴവും പരപ്പും ലോകശ്രദ്ധയിൽ കൊണ്ടുവരാൻ ഈ ചിത്രത്തിനു കഴിഞ്ഞു. യു.എൻ.ക്യാമ്പിന്റെ അരക്കിലോമീറ്റർ മാത്രം അകലെ നിന്നാണ് ഈ ദൃശ്യം പകർത്തിയത് എന്ന യാഥാർത്ഥ്യം ജനങ്ങളുടെ ദുരിതം അകറ്റുന്നതിലും അതു ജനശ്രദ്ധയിൽ കൊണ്ടുവരുന്നതിലും യു. എന്നിന്റെ പരാജയം തുറന്നു കാട്ടുന്നതുമായിരുന്നു.

കുട്ടികൾ ചിത്രത്തെക്കുറിച്ച് ചോദ്യങ്ങൾ ചോദിക്കട്ടെ. അഭിപ്രായങ്ങൾ പറയട്ടെ.

ടീച്ചർ വിശദീകരിച്ചുകൊടുക്കണം.

### ക്രോഡീകരണം

- പട്ടിണി ഒരാഗോള പ്രശ്നമാണ്.
- ലോകത്തിന്റെ പല ഭാഗത്തും ജനങ്ങൾ പട്ടിണി കടന്നു മരിക്കുന്നു.
- ആ നിലക്ക് ഭക്ഷണത്തിൽ ആർഭാടവും ധൂർത്തും കാണിക്കുന്നത്ഒരിക്കലും ശരിയല്ല
- ഭക്ഷണം പാഴാക്കുന്നത് വലിയ അപരാധമാണ്.
- ഒരു മണി ധാന്യം പോലും പാഴാക്കാൻ മഹാന്മാർ അനുവദിച്ചിരുന്നില്ല.
- ഭക്ഷണകാര്യത്തിൽ അങ്ങേയറ്റം സൂക്ഷ്മതയും കരുതലും ആവശ്യമാണ്.
- പട്ടിണി കിടക്കുന്നവരുടെ ദുരിതമകറ്റാൻ എല്ലാവരും ബാധ്യസ്ഥരാണ്.

# പാഠം – 15
# കൊണ്ടാ കൊണ്ടാ കോരിക്കൊണ്ടാ

ഭക്ഷണത്തോടുള്ള ആർത്തി മനുഷ്യസഹജമാണ്. കഴിക്കാനുള്ള വിഭവങ്ങൾ എത്ര കിട്ടിയാലും മതിയാവില്ല എന്ന മട്ടിലാണ് പലരുടെയും സമീപനം. എന്നാലോ അരചാൺ വയറു നിറയ്ക്കാൻ മതിയാവുന്നതേ ഓരോരുത്തർക്കും ആവശ്യമുള്ളു. എങ്കിലും അതിനുവേണ്ടിയുള്ള ആക്രാന്തങ്ങൾ എത്ര വിചിത്രം! ഭക്ഷണക്കൊതിയെയും ആർത്തിയെയും കുഞ്ചൻനമ്പ്യാർ സരസമായി അവതരിപ്പിക്കുന്ന ഒരു ഭാഗമാണ് 'രുക്മിണീസ്വയംവരം' തുള്ളലിൽ നിന്ന് എടുത്തുചേർത്തിട്ടുള്ള പാഠഭാഗം. പഴയ കാലങ്ങളിലെ സദ്യാവട്ടങ്ങളിലേക്കു ശ്രദ്ധ തിരിക്കാനും അന്നത്തെ വിഭവങ്ങൾ പരിചയപ്പെടാനും ഈ വരികൾ പര്യാപ്തമാണ്.

കുഞ്ചൻനമ്പ്യാരുടെ ഫലിതപരിഹാസങ്ങൾ നിറഞ്ഞ രചനാരീതി പരിചയപ്പെടുത്താനും പഴയകാലത്തിൽനിന്നു വ്യത്യസ്തമായി പുതിയകാല ഭക്ഷണരീതികളിൽ വന്ന മാറ്റം ശ്രദ്ധയിൽ പെടുത്താനും ഈ പാഠഭാഗം പ്രയോജനപ്പെടുത്തണം. അതോടൊപ്പം തുള്ളൽകവിതകളുടെ പ്രത്യേകതകൾ തിരിച്ചറിയുന്നതിനും കവിതകൾ കേട്ടും വായിച്ചും ആശയം ഗ്രഹിക്കുന്നതിനും ആസ്വദിക്കുന്നതിനും ഓട്ടൻതുള്ളൽ എന്ന കലയെക്കുറിച്ചു സാമാന്യപരിചയം നേടുന്നതിനും തുള്ളൽകവിതകൾ രചിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഈ പാഠഭാഗവുമായി ബന്ധപ്പെട്ടു നടക്കേണ്ടതാണ്.

## പാഠാവതരണം

ചില ചോദ്യങ്ങളിലൂടെ പാഠഭാഗത്തേക്കു പ്രവേശിക്കാം.

- നിങ്ങൾ സദ്യകളിൽ പങ്കെടുത്തിട്ടില്ലേ?
- ഏതെല്ലാം തരം സദ്യകൾ? കല്യാണാഘോഷം, ഓണം, പെരുന്നാൾ, ക്രിസ്തുമസ്സ്, ബർത്ഡെ ആഘോഷങ്ങൾ..........
- എന്തെല്ലാം വിഭവങ്ങളാണ് സദ്യകളിൽ ഉണ്ടാവാറുള്ളത്?

(വിവിധതരം സദ്യകളെക്കുറിച്ചു കുട്ടികൾ പറയട്ടെ.)

നമുക്കിന്ന് സദ്യയെക്കുറിച്ചുള്ള ഒരു കവിത പരിചയപ്പെടാം എന്ന ആമുഖത്തോടെ പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കാം.

കുട്ടികൾ കവിതാഭാഗം വായിക്കട്ടെ.

പാഠഭാഗത്തെ ആശയം ഗ്രഹിച്ചിട്ടുണ്ടോ എന്ന് അവധാരണ ചോദ്യങ്ങളിലൂടെ വിലയിരുത്തുന്നു.

## അർത്ഥം ഗ്രഹിക്കാം (TB)

കവിത വീണ്ടും വായിച്ച് അർത്ഥമറിയാത്ത പദങ്ങൾ കണ്ടെത്തി അടിയിൽ വരച്ച് ഗ്രൂപ്പിൽ ചർച്ചചെയ്ത് സന്ദർഭത്തിനൊത്ത അർത്ഥം ഊഹിച്ചെഴുതട്ടെ. തുടർന്ന് ആ പദങ്ങൾ ക്ലാസിൽ പൊതുവായി അവതരിപ്പിക്കാം.

ടീച്ചർ ആ പദങ്ങൾ BBയിൽ എഴുതുന്നു. കുട്ടികൾ കണ്ടെത്തിയ അർത്ഥം നിഘണ്ടുനോക്കി ശരിയാണെന്നു വ്യക്തത വരുത്തുന്നു. നോട്ടുബുക്കിലെഴുതുന്നു.

## തുള്ളൽ അവതരിപ്പിക്കാം

ടീച്ചർ കവിത തുള്ളൽരൂപത്തിൽ അവതരിപ്പിക്കുന്നു. ഐ.സി.ടി. സാധ്യത ഉപയോഗപ്പെടുത്താം.

കുട്ടികൾ ഗ്രൂപ്പുകളായി അതേ ഈണത്തിലും താളത്തിലും കവിത അവതരിപ്പിക്കട്ടെ. എല്ലാ ഗ്രൂപ്പിനും അവസരം നൽകണം.

## വിഭവങ്ങളേതെല്ലാം? (TB)

ആവശ്യബോധത്തോടെ കവിത വീണ്ടും വായിക്കാനുള്ള പ്രവർത്തനമാണിത്.

കവിത വായിച്ച് അതിൽ പരാമർശിച്ച വിഭവങ്ങളേതെല്ലാമെന്നു കുട്ടികൾ കണ്ടെത്തി എഴുതട്ടെ.

ഓരോ വിഭാഗത്തിലുമുള്ള ഇനങ്ങൾ വേർതിരിച്ചെഴുതണം.

ഉദാ: വറുത്തത് : ചേന വറുത്തത്, പയറു വറുത്തത്

പച്ചടി :

പ്രഥമൻ :

## വരികൾ കണ്ടെത്താം (TB)

ഊണു കഴിക്കാനിരിക്കുന്നവരുടെ ആർത്തി വെളിപ്പെടുത്തുന്ന വരികൾ?

• കൊണ്ടാ പപ്പടം ---- മതി മതി, പോരാ, കോരിക്കൊണ്ടാ..

കുട്ടികൾ വരികൾ കണ്ടെത്തി ആശയം വിശദമാക്കട്ടെ. ടീച്ചർ വിലയിരുത്തണം.

## വായിക്കാം ഉത്തരമെഴുതാം (WB)

ഗദ്യഭാഗങ്ങൾ സ്വതന്ത്രമായി വായിച്ച് ആശയം ഗ്രഹിക്കാനുള്ള പരിശീലനമാണ് ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യമാക്കുന്നത്. അതുകൊണ്ടുതന്നെ ഈ ഖണ്ഡിക ക്ലാസിൽ വായിച്ച് വിശകലനം ചെയ്യേണ്ടതില്ല. കുട്ടികൾ വ്യക്തിഗതമായി വായിച്ച് ആശയം ഗ്രഹിച്ച്, ശേഷം നൽകിയ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തട്ടെ. ഹോംവർക്കായി നൽകിയാൽ മതി.

ഉത്തരങ്ങൾ ക്ലാസിൽ വായിച്ച് വിലയിരുത്തണം.

## പതിപ്പ് തയ്യാറാക്കാം (TB)

വർക്കുബുക്കിലെ പ്രസ്തുത പ്രവർത്തനത്തിന്റെ തുടർച്ചയായി നടത്താവുന്ന പ്രവർത്തനമാണിത്. കുട്ടികൾ നേടിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ ക്ലാസിൽ ചർച്ച നടക്കട്ടെ.

- കുഞ്ചൻ നമ്പ്യാരുടെ കാലം, തുള്ളൽകല കണ്ടെത്തുന്നതിനു മുമ്പത്തെ ജോലി,
- തുള്ളൽ സാഹിത്യ രചനയിലേക്കും തുള്ളൽ പ്രസ്ഥാന രൂപീകരണത്തിലേക്കും നയിച്ച സംഭവങ്ങൾ (ഐതിഹ്യം)
- തുള്ളലിലൂടെ കുഞ്ചൻ നമ്പ്യാർ ലക്ഷ്യമാക്കിയത്,
- അതിന്നദ്ദേഹം സ്വീകരിച്ച മാർഗ്ഗം,
- തുള്ളൽകവിതകളുടെ പ്രത്യേകതകൾ,
- പ്രധാനപ്പെട്ട തുള്ളലുകൾ,
- ശ്രദ്ധേയമായ ചില വരികൾ --------------

ചർച്ച ചെയ്തും ടീച്ചറുടെ വിശദീകരണങ്ങൾ കേട്ടും കുട്ടികൾ സാമാന്യവിവരം നേടുന്നു. പതിപ്പു തയ്യാറാക്കാൻ കുട്ടികളെ നാലു ഗ്രൂപ്പുകളായി തിരിക്കുന്നു.

- കുഞ്ചൻനമ്പ്യാരുടെ കാലം, തുള്ളലിന്റെ ഉത്ഭവം, ഐതിഹ്യം
- തുള്ളൽ സാഹിത്യത്തിന്റെ പ്രത്യേകതകൾ, പ്രചാരണം
- തുള്ളലിന്റെ വിഭാഗങ്ങൾ, അവയിലെ പ്രതിപാദ്യം
- ശ്രദ്ധേയമായ തുള്ളൽക്കവിതാവരികൾ, വിശകലനം.

ഈ വിധം കുട്ടികൾക്കു ചുമതലകൾ നൽകാം. ഓരോ ഗ്രൂപ്പും തങ്ങൾക്കു കിട്ടിയ വിഷയത്തിൽ പരമാവധി വിവരങ്ങൾ ശേഖരിച്ച് ചർച്ച ചെയ്ത്, ക്രോഡീകരിച്ചെഴുതട്ടെ. തുടർന്ന് ഓരോ ഗ്രൂപ്പും തങ്ങൾ ശേഖരിച്ചു ക്രോഡീകരിച്ച വിവരങ്ങൾ ക്ലാസിൽ അവതരിപ്പിക്കുന്നു.

ടീച്ചർ ഓരോ സന്ദർഭത്തിലും ആവശ്യമായ ഇടപെടലുകൾ നടത്തണം. മെച്ചപ്പെടുത്താൻ സഹായിക്കണം.

നാലു വിഭാഗത്തിന്റെയും കുറിപ്പുകൾ ഒന്നിച്ചുചേർത്ത് പതിപ്പാക്കാം. അസംബ്ലിയിൽ പ്രകാശനം ചെയ്യാം.

## മാറ്റങ്ങൾ വിലയിരുത്താം (TB)

കുഞ്ചൻ നമ്പ്യാർ ജീവിച്ചിരുന്ന കാലത്തേതിൽനിന്ന് ഇക്കാലത്തെ സദ്യാവട്ടങ്ങളിൽ വല്ല മാറ്റവും വന്നിട്ടുണ്ടോ?

ഉണ്ടെങ്കിൽ എന്തെല്ലാം മാറ്റങ്ങൾ?

അന്നത്തെ വിഭവങ്ങൾ തന്നെയാണോ ഇന്നും?

പുതുതായി വന്നുചേർന്ന സദ്യാവിഭവങ്ങൾ എന്തെല്ലാം?

ക്ലാസിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ കുട്ടികൾ വ്യക്തിഗതമായി കുറിപ്പു തയ്യാറാക്കട്ടെ.

പരസ്പരം കൈമാറി വായിച്ച് മാറ്റങ്ങൾ വരുത്തട്ടെ. ടീച്ചർ വിലയിരുത്തണം.

### ചോദിച്ചറിയാം (TB)

പാചകത്തെക്കുറിച്ചു സാമാന്യബോധമുണ്ടാവുന്നത് ഉചിതമാണ്. അതിനു സഹായകമായ പ്രവർത്തന മാണിത്.

കുട്ടികൾ വീട്ടിൽ നിന്നും അറിയുന്നവരോടും ചോദിച്ച് വിഭവങ്ങളുടെ ചേരുവകളെക്കുറിച്ചും പാച കരീതിയെക്കുറിച്ചും കുറിപ്പ് തയ്യാറാക്കട്ടെ.

ക്ലാസിൽ അവതരിപ്പിച്ച് വിലയിരുത്തണം.

### ആശയം വിശദീകരിക്കുക (WB)

പ്രസിദ്ധമായ ഈരടിയാണിത്. നമ്പ്യാരുടെ തുള്ളലിൽ നിന്നെടുത്തത്.

എന്താണീ വരികളുടെ ബാഹ്യാർത്ഥം? കുട്ടികൾ പറയട്ടെ.

- കല്ല് കടുകടുത്തതാണ്. അതിനു മാർദ്ദവമില്ല, ഗന്ധമില്ല. എന്നാൽ അതിൽ മുല്ലപ്പൂമ്പൊടി പുരണ്ടാലോ? അതിനുമുണ്ടാവും സൗരഭ്യം.

  ഇതിൽ നിന്ന് വ്യംഗ്യമായ ഒരർത്ഥംകൂടി വ്യക്തമാവുന്നില്ലേ?

- കല്ലിനു സൗരഭ്യമുണ്ടാകുന്നത് എപ്പോഴാണ്? മുല്ലപ്പൂമ്പൊടി പുരളുമ്പോഴല്ലേ?

നല്ലവരുടെ പ്രതീകമായി മുല്ലപ്പൂമ്പൊടിയെ കാണാം. സ്വയം സൗരഭ്യമുള്ളതും സൗരഭ്യം പകരാൻ കഴിയുന്നതുമാണത്; നല്ല മനുഷ്യരെപ്പോലെ. അവർ നല്ലവരായതുകൊണ്ടുതന്നെ മറ്റുള്ളവരെ നന്നാ ക്കാനും അവർക്കു കഴിയും. കല്ലിനെപ്പോലെ കടുകടുത്ത മനസ്സുള്ളവരെപ്പോലും നല്ലസ്വഭാവങ്ങളിലേക്കു കൊണ്ടുവരാൻ നല്ലവരോടുള്ള സഹവാസം സഹായകമാവും.

ചർച്ചയിലൂടെ ഈ ആശയം കുട്ടികളെ ബോധ്യപ്പെടുത്തണം.

വ്യക്തിഗതമായി കുട്ടികൾ കുറിപ്പു തയ്യാറാക്കി ഗ്രൂപ്പിൽ ചർച്ച ചെയ്തു മെച്ചപ്പെടുത്തട്ടെ. ടീച്ചർ വിലയിരുത്തണം.

### വിപരീതാർത്ഥമുള്ള പദങ്ങളെഴുതുക (WB)

പുതിയ പദങ്ങൾ കണ്ടെത്തി പദസമ്പത്ത് വികസിപ്പിക്കാനുള്ള പ്രവർത്തനമാണിത്. മാതൃകയ നുസരിച്ച് പദങ്ങൾ എഴുതട്ടെ. കൂടുതൽ പദങ്ങൾ കണ്ടെത്തട്ടെ. ടീച്ചർ വിലയിരുത്തണം.

- ദുർവ്യാഖ്യാനം
- ദുർഗന്ധം
- ദുഃസ്വാധീനം
- ദുരാചാരം
- ദുർനടപടി
- ദുർനിയമം
- ദുർനടപ്പ്
- ദുശ്ശീലം
- ദുഃസ്വഭാവം

# പാഠം – 16
# ഭക്ഷണം ആരോഗ്യത്തിന്

ഭക്ഷണരീതിയിൽ ഈയടുത്ത കാലത്തായി വമ്പിച്ച മാറ്റങ്ങളാണു വന്നുചേർന്നിരിക്കുന്നത്. വിദേശീയ ഭക്ഷണരീതികൾ നമ്മുടെ പാരമ്പര്യവിഭവങ്ങളെയെല്ലാം പുറംതള്ളിക്കൊണ്ട് കേരളീയസമൂഹത്തിൽ വേരൂന്നിക്കഴിഞ്ഞിരിക്കുന്നു. വിദേശനാടുകളുമായുള്ള ബന്ധവും സാമ്പത്തികരംഗത്തെ പുരോഗതിയുമൊക്കെയാവാം ഇതിനു കാരണം.

പുരോഗതിയുടെ ലക്ഷണമായി എണ്ണുന്നുണ്ടെങ്കിലും ഇത്തരം ഭക്ഷണരീതികൾ ജനങ്ങളുടെ ആരോഗ്യത്തിൽ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നാണു പഠനങ്ങൾ തെളിയിക്കുന്നത്. ഇന്നു ജനങ്ങളെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന പല മാരകരോഗങ്ങളും പൊണ്ണത്തടിയുമെല്ലാം ഭക്ഷണരീതിയിൽ വന്ന മാറ്റത്തിന്റെ പരിണതഫലമാണെന്നു വിലയിരുത്തപ്പെടുന്നുണ്ട്.

ഈ സാഹചര്യത്തിൽ പുതുതലമുറകൾക്കിടയിൽ ഭക്ഷണസംബന്ധമായ ബോധവത്ക്കരണം അനിവാര്യമാണ്. കഴിക്കുന്ന ഭക്ഷണത്തെക്കുറിച്ചും കഴിക്കേണ്ട രീതികളെക്കുറിച്ചും വ്യക്തമായ അവബോധം കുട്ടികളുടെ മനസ്സിൽ സൃഷ്ടിക്കേണ്ടതുണ്ട്. 'ഭക്ഷണം ആരോഗ്യത്തിന്' എന്ന പാഠഭാഗം അതിനു പ്രയോജനപ്പെടുത്തേണ്ടതാണ്. ഭക്ഷണം എപ്പോൾ, എങ്ങനെ കഴിക്കണമെന്നും ഭക്ഷണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെന്താണെന്നും ഒഴിവാക്കേണ്ട ഭക്ഷ്യവസ്തുക്കൾ ഏതൊക്കെയാണെന്നുമുള്ള സൂചനകൾ പാഠത്തിലുണ്ട്. അവ വേണ്ട വിധം കുട്ടികളെ ബോധ്യപ്പെടുത്താൻ അധ്യാപകർ ശ്രദ്ധിക്കണം. ഒപ്പം ലേഖനങ്ങളും മറ്റും വായിച്ച് ആശയഗ്രഹണം, പഴഞ്ചൊല്ല് വിശദീകരിക്കൽ, പോസ്റ്റർ വാക്യങ്ങൾ തയ്യാറാക്കൽ തുടങ്ങിയ ഭാഷാ പ്രവർത്തനങ്ങളും നടക്കേണ്ടതുണ്ട്.

## പാഠാവതരണം

ടീച്ചർ കുട്ടികളുമായി സൗഹൃദസംഭാഷണം നടത്തുന്നു:

- ഇന്നു രാവിലെ നിങ്ങൾ എന്തു ഭക്ഷണമാണ് കഴിച്ചത്?
- വയറുനിറയെ കഴിച്ചോ?
- (വയറുനിറയെ കഴിച്ചില്ലെന്നു പറയുന്നവരോട്) എന്തു കൊണ്ടു കഴിച്ചില്ല?
- നിങ്ങൾക്കേറ്റവും ഇഷ്ടപ്പെട്ട ഭക്ഷണമേതാണ്?
- ഏതു ഭക്ഷണം കഴിക്കുമ്പോഴാണു മനസ്സിനും ശരീരത്തിനും സംതൃപ്തി തോന്നുന്നത്?
  കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കട്ടെ.

'ഇന്നു നമുക്ക് ഭക്ഷണത്തെക്കുറിച്ച് ഒരു പാഠം വായിക്കാം' എന്ന ആമുഖത്തോടെ പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കുന്നു.

കുട്ടികൾ 'ഭക്ഷണം ആരോഗ്യത്തിന്' എന്ന പാഠഭാഗം വായിക്കുന്നു.

## വിശകലനം ചെയ്യാം, ചർച്ച സംഘടിപ്പിക്കാം.

- എന്തിന്നാണു നാം ഭക്ഷണം കഴിക്കുന്നത്?
- എങ്ങനെയുള്ള ഭക്ഷണമാണു കഴിക്കേണ്ടത്?
- ജീവിതശൈലീ രോഗങ്ങൾക്കു കാരണമായിത്തീരുന്നതെന്താണ്?
- ഭക്ഷണസംബന്ധമായി ആരോഗ്യശാസ്ത്രത്തിന്റെ നിർദ്ദേശമെന്താണ്?
- എപ്പോൾ കഴിക്കുന്ന ഭക്ഷണമാണ് അതിപ്രധാനം?
- കുറച്ചു മാത്രം ഭക്ഷണം കഴിക്കേണ്ടത് എപ്പോഴാണ്?
- എങ്ങനെയാണു ഭക്ഷണം കഴിക്കേണ്ടത്?
- അപകടകരമായ ഭക്ഷണരീതി ഏതാണ്?
- ഇന്നു ഭക്ഷണരീതിയിൽ വന്ന മാറ്റമെന്താണ്?
- ജംഗ്ഫുഡുകൾ അപകടകരമാണെന്നു പറയുന്നതെന്തുകൊണ്ട്?

പാഠഭാഗത്തെ ആശയങ്ങൾ പൂർണമായും വിശകലന വിധേയമാവും വിധം ചർച്ച നടക്കട്ടെ. സാന്ദർഭികമായ ചോദ്യങ്ങൾക്ക് കുട്ടികൾ ഉത്തരം പറയട്ടെ.

## ചർച്ചയിൽ കൊണ്ടുവരാവുന്നത് :

- ഭക്ഷണസാധനങ്ങൾ കേടുകൂടാതെ സൂക്ഷിക്കാൻ ഉപയോഗിക്കുന്ന രാസവസ്തുക്കൾ,
- രുചി വർദ്ധിപ്പിക്കാൻ ചേർക്കുന്ന അജിനോമോട്ടോ പോലുള്ള വിഷ പദാർത്ഥങ്ങൾ,
- ആകർഷകമായ നിറവും കൊതിപ്പിക്കുന്ന മണവുമുണ്ടാക്കൻ ചേർക്കുന്ന വസ്തുക്കൾ,
- പല പ്രാവശ്യം ചൂടാക്കുന്ന എണ്ണയിൽ പൊരിച്ചെടുത്താലുള്ള ദോഷങ്ങൾ,
- നാരുകളുടെ അൽപം പോലുമില്ലാതെ സംസ്കരിച്ചെടുക്കുന്ന ഉല്പന്നങ്ങൾ,
- അവ കഴിച്ചാലുണ്ടാകുന്ന ദോഷങ്ങൾ,
- എത്ര പഴകിയ ഭക്ഷണത്തെയും പുതിയതും രുചികരവുമായി തോന്നിപ്പിക്കാനുപയോഗിക്കുന്ന രാസപദാർത്ഥങ്ങൾ.
- നമ്മുടെ പ്രകൃതിക്കും കാലാവസ്ഥക്കും അനുയോജ്യമല്ലാത്ത ഭക്ഷണങ്ങൾ.
- കോഴികളെയും മറ്റും ദിവസങ്ങൾക്കുള്ളിൽ തടിച്ചുകൊഴുക്കാൻ കുത്തിവയ്ക്കുന്ന ഹോർമോണുകൾ... ഇങ്ങനെഭക്ഷണത്തിലൂടെമാരകമായ രോഗങ്ങൾ ബാധിക്കാൻ സാധ്യതയുള്ള പലതും ഭക്ഷ്യോല്പാദന വിപണന രംഗത്ത് സാർവ്വത്രികമാണ്. കുട്ടികളെ ഇവയെക്കുറിച്ചെല്ലാം ബോധവത്കരിക്കാൻ അധ്യാപകർ അവസരം ഉപയോഗപ്പെടുത്തണം.

## ഉത്തരം കണ്ടെത്താം (TB)

ആവശ്യബോധത്തോടെ പാഠഭാഗം വീണ്ടും വായിക്കാനുള്ള അവസരമാണിത്. ഓരോ ചോദ്യവും നോട്ടുബുക്കിൽ എഴുതി ഉത്തരം കണ്ടെത്തി വ്യക്തിഗതമായി എഴുതട്ടെ. എഴുതിയ ഉത്തരങ്ങൾ പരസ്പരം കൈമാറി വായിച്ച് വിലയിരുത്തട്ടെ. തുടർന്ന് ഏതാനും കുട്ടികൾ എഴുതിയ ഉത്തരങ്ങൾ ടീച്ചറുടെ നിർദ്ദേശപ്രകാരം ക്ലാസിൽ വായിക്കുന്നു. വിലയിരുത്തുന്നു.

### ഉത്തരങ്ങൾ വിലയിരുത്തുമ്പോൾ

പാഠഭാഗത്തെ വാക്യങ്ങൾ അതേവിധം എടുത്തെഴുതിയ ഉത്തരങ്ങൾ പ്രോത്സാഹിപ്പിക്കരുത്. പാഠഭാഗത്തുനിന്ന് ഉത്തരമുള്ള ഭാഗം കണ്ടെത്തി ആശയം മനസ്സിലാക്കി സ്വന്തം വാക്കുകളിൽ എഴുതണം.

ഇതിന്നുള്ള നിർദ്ദേശം ആദ്യം തന്നെ നൽകണം.

## കുറിപ്പ് തയ്യാറാക്കാം (TB)

നേരത്തെ ചർച്ച നടത്തിയ കാര്യമാണ്. തദടിസ്ഥാനത്തിൽ വ്യക്തിഗതമായി കുറിപ്പുകൾ തയ്യാറാക്കട്ടെ. ഗ്രൂപ്പിൽ പങ്കുവച്ച് മെച്ചപ്പെടുത്താം. ടീച്ചർ വിലയിരുത്തണം.

## അന്വേഷിച്ചു കണ്ടെത്താം (TB)

- നമ്മുടെ നാട്ടിൽ സുലഭമായി കിട്ടുന്ന പഴവർഗ്ഗങ്ങൾ ഏതെല്ലാം?
- നാട്ടിൽ വിളയുന്ന പച്ചക്കറികൾ, കായ്കനികൾ, ഔഷധസസ്യങ്ങൾ ഏതെല്ലാം?
- അവയുടെ ഔഷധഗുണങ്ങൾ എന്തൊക്കെയാണ്?

  കുട്ടികൾ അന്വേഷിച്ചു കണ്ടെത്തട്ടെ.

ആരോഗ്യദായകമായതും പല രോഗങ്ങളെയും അകറ്റുന്നതും ശരീരത്തിനു പോഷകം നൽകുന്നതുമായ അനേകം ഫലവർഗ്ഗങ്ങളും സസ്യങ്ങളും നമ്മുടെ നാടുകളിൽ ധാരാളമുണ്ട്. കുട്ടികളുടെ ശ്രദ്ധ അവയിലേക്കു തിരിക്കണം.

- വിവിധതരം വാഴപ്പഴങ്ങൾ, ചക്ക, മാങ്ങ, കൈതച്ചക്ക, നെല്ലിക്ക..........
- വിവിധതരം ചീരകൾ, കപ്പ, ചേന, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ.............
- തുളസി, കീഴാർനെല്ലി, മഞ്ഞൾ, ഇഞ്ചി, തുമ്പ ....... തുടങ്ങിയ ഔഷധ സസ്യങ്ങൾ.

ഇവയുടെ ഗുണഗണങ്ങൾ ചോദിച്ചറിഞ്ഞു കുറിപ്പ് തയ്യാറാക്കട്ടെ.

## പഴഞ്ചൊല്ല് വിശദീകരിക്കാം WB

അന്നക്കാര്യം മുന്നക്കാര്യം : ഭക്ഷണത്തിന്റെ പ്രാധാന്യം സൂചിപ്പിക്കുന്നു.

അധികമായാൽ അമൃതും വിഷം : അമൃത് കൊണ്ടുദ്ദേശ്യം വിലപ്പെട്ട വസ്തു എന്നാണ്. എത്ര വിലപ്പെട്ടതാണെങ്കിലും അധികമായാൽ അപകടകരമാണ്. നല്ല ഭക്ഷണമാണെങ്കിലും ആവശ്യത്തിലധികം കഴിച്ചാൽ ബുദ്ധിമുട്ടാവും.

പഥ്യക്കാരനു വൈദ്യൻ വേണ്ട : ആഹാരത്തിലുള്ള പ്രത്യേക ചിട്ടയാണു പഥ്യം. ചില ഭക്ഷണങ്ങൾ ഒന്നിച്ചുകഴിക്കുന്നത് അപകടകരമാണ്.

ചില ഭക്ഷണങ്ങൾ ചില സമയങ്ങളിൽ കഴിക്കുന്നത് പ്രശ്നങ്ങളുണ്ടാക്കും.

ചിലത് അൽപം കഴിക്കുന്നത് നല്ലതാണ്; കൂടിയാൽ കുഴപ്പമാകും.

ഇങ്ങനെ ഭക്ഷണം കഴിക്കുന്നതിൽ പല ചിട്ടകളുമുണ്ട്. അതനുസരിച്ചാൽ ഭക്ഷണം രോഗശമനത്തിന് ഉതകും. അവ ലംഘിക്കുമ്പോൾ ഭക്ഷണം രോഗകാരണമാവുകയും ചെയ്യും.

ചർച്ചയ്ക്കു ശേഷം കുട്ടികൾ കുറിപ്പു തയ്യാറാക്കട്ടെ. ടീച്ചർ വിലയിരുത്തണം.

## വായിക്കാം ഉത്തരമെഴുതാം (WB)

പ്രസിദ്ധ കൃതിയായ ടോട്ടോചാനിൽ നിന്നെടുത്ത ഒരു ഖണ്ഡികയാണ് അധികവായനക്കു നൽകിയിരിക്കുന്നത്. ഭക്ഷണവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ഇതിൽ പരാമർശിക്കുന്നുണ്ട് എന്നതിനു പുറമെ കുട്ടികളും അധ്യാപകരും പരിചയപ്പെടേണ്ട ഒരു കൃതികൂടിയാണ് ടോടോചാൻ. അധ്യാപകർ ഈ കൃതി വായിക്കുകയും ശ്രദ്ധേയമായ ഭാഗങ്ങൾ കുട്ടികൾക്കു പരിചയപ്പെടുത്തുകയും വേണം.

കുട്ടികൾ പ്രസ്തുതഭാഗം വായിച്ച് ആശയം ഗ്രഹിക്കട്ടെ.

ഗ്രൂപ്പിൽ ചർച്ച ചെയ്ത് ശരിയായ ഉത്തരം കണ്ടെത്തി എഴുതട്ടെ.

## ലഘുവാക്യങ്ങളാക്കുക ((WB)

മുമ്പു പരിചയപ്പെട്ട പ്രവർത്തനമാണ്. വ്യക്തിഗതമായി കുട്ടികൾ ലഘുവാക്യങ്ങളാക്കി എഴുതട്ടെ.

എഴുതിയ വാക്യങ്ങൾ ക്ലാസിൽ വായിച്ചു ചർച്ചയ്ക്കു വിധേയമാക്കാം.

വാക്യഘടനയിലും മറ്റും മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ ടീച്ചർ നിർദ്ദേശിക്കണം.

## പോസ്റ്റർവാക്യങ്ങൾ തയ്യാറാക്കുക (WB)

- പോസ്റ്റർവാക്യങ്ങളുടെ പ്രത്യേകതയെന്താണ്?
- പോസ്റ്ററും നോട്ടീസും തമ്മിലുള്ള വ്യത്യാസമെന്ത്?
- പോസ്റ്റർ വാക്യങ്ങളുടെ ലക്ഷ്യമെന്താണ്?

**ക്ലാസിൽ പൊതുചർച്ച നടക്കട്ടെ.**

- പ്രസക്തമായ കാര്യങ്ങൾ ഒറ്റനോട്ടത്തിൽ ജനശ്രദ്ധയിൽ പെടുത്താനുള്ളതാണു പോസ്റ്ററുകൾ.
- ആശയവ്യക്തതയുള്ള ലഘുവാക്യങ്ങളാവണം പോസ്റ്ററിൽ പ്രയോഗിക്കുന്നത്.
- ഒറ്റവായനയിൽ ആശയം ഉൾക്കൊള്ളാവുന്നതാവണം.
- ഏറ്റവും പ്രാധാന്യമുള്ള വാക്യം വലുതാക്കി എഴുതണം.
- ആവശ്യമായ ചിത്രങ്ങളും മറ്റും ചേർത്ത് ആകർഷകമാക്കാം.

പോഷകസമൃദ്ധമായ ഭക്ഷണം കഴിക്കണം, ഭക്ഷണം പാഴാക്കരുത് എന്നീ സന്ദേശങ്ങൾ ജനങ്ങളിലെത്തിക്കാൻ പര്യാപ്തമായ പോസ്റ്റർ വാക്യങ്ങൾ കുട്ടികൾ വ്യക്തിഗതമായി തയ്യാറാക്കട്ടെ.

- ക്ലാസിലെ കുട്ടികളെ ആറുവീതമുള്ള ഗ്രൂപ്പാക്കുന്നു.
- വ്യക്തിഗതമായി തയ്യാറാക്കിയ പോസ്റ്റർവാക്യങ്ങളിൽ നിന്ന് ഏറ്റവും മെച്ചപ്പെട്ടത് ഓരോ ഗ്രൂപ്പും തിരഞ്ഞെടുക്കുന്നു.
- ഗ്രൂപ്പിൽ ചർച്ച ചെയ്ത് അത് ഒന്നുകൂടി മെച്ചപ്പെടുത്തുന്നു.
- ഓരോ ഗ്രൂപ്പും തിരഞ്ഞെടുക്കുന്ന വാക്യം ക്ലാസിൽ ഉറക്കെ വായിക്കുന്നു.
- ടീച്ചർ അവ BBയിൽ കുറിക്കുന്നു.

ആ ആറു വാക്യങ്ങൾ കുട്ടികൾ വർക്കുബുക്കിൽ എഴുതട്ടെ.

കാർഡ് പേപ്പറുകളിൽ ഭംഗിയായി എഴുതി പ്രദർശിപ്പിക്കുകയും ചെയ്യാം.

## ചോദിച്ചറിയാം: (TB)

ഭക്ഷണം കഴിക്കുമ്പോൾ പാലിക്കേണ്ട മര്യാദകളിൽ ചിലതാണിവ. ഇവയുടെ പ്രയോജനങ്ങൾ കുട്ടികൾ ചോദിച്ചറിയട്ടെ.

- നിന്നുകൊണ്ട് തിന്നുന്നതും കുടിക്കുന്നതും ആരോഗ്യത്തിനു ഹാനികരമാണ്. എത്ര തിന്നാലും വയറു നിറഞ്ഞതായി തോന്നില്ല. അതുകാരണം അമിതമായി ഭക്ഷണം കഴിക്കാനിട വരുന്നു.

നിന്നുകുടിക്കുമ്പോൾ വെള്ളം നേരിട്ട് ആമാശയത്തിലേക്ക് ചെന്നു വീഴുന്നത് ആരോഗ്യസം ബന്ധമായ പല പ്രശ്നങ്ങളുമുണ്ടാക്കും.

- ചവച്ചരച്ചു ഭക്ഷിക്കുന്നത് ദഹനം എളുപ്പമാക്കും. ആമാശയ ഗ്രന്ഥികളെ കൂടുതൽ കരുത്തുള്ളതാക്കും.

  പല്ലുകൾക്ക് നല്ല ബലം ലഭിക്കും. ഭക്ഷണത്തിന്റെ രുചി പൂർണമായും അനുഭവിച്ചറിയാൻ കഴിയും. ആവശ്യത്തിനുമാത്രം ആഹാരം കഴിക്കാൻ പ്രേരണയുണ്ടാവും.

- രാത്രി വയറുനിറയെ ആഹാരം കഴിച്ചു കിടന്നുറങ്ങുന്നത് ആമാശയത്തിനു ജോലിഭാരമുണ്ടാക്കും. ശരീരത്തെ കൂടുതൽ ക്ഷീണിപ്പിക്കും. അതു കാരണം ക്ഷീണവുമുണ്ടാവും. പ്രഭാതത്തിൽ ഉന്മേഷത്തോടെ ഉണരാൻ കഴിയില്ല. ചിലർക്ക് അതുകാരണം ഉറക്കം വരാൻ താമസമുണ്ടാകും.

# പാഠം – 17
# പാറക്ക്ട്ടടി ഏലേലം

സാധാരണക്കാരായ കർഷകരുടെയും തൊഴിലാളികളുടെയും ഹൃദയസ്പന്ദനങ്ങൾ ഉൾക്കൊള്ളുന്നവയാണ് നാടൻപാട്ടുകൾ. പാടിപ്പാടി പതിഞ്ഞുറച്ച അടിവേരുള്ളതുകൊണ്ടുതന്നെ അവയെ സമൂഹത്തിൽനിന്ന് അത്ര വേഗമൊന്നും പിഴുതെറിയാൻ കഴിയില്ലെന്നു തെളിയിക്കുന്നു സമകാലസമൂഹത്തിൽ നാടൻ പാട്ടുകൾക്കു ലഭിക്കുന്ന അംഗീകാരവും ജനപ്രീതിയും. നമ്മുടെ സംസ്കാരത്തെയും പാരമ്പര്യത്തെയും പ്രതിഫലിപ്പിക്കുന്ന നാടൻപാട്ടുകളുടെ രചയിതാക്കളാരെന്നറിയില്ല. അവ ഉത്ഭവിച്ച കാലവും ദേശവും നിർണയിക്കാനാവില്ല. തലമുറകളായി കൈമാറി വന്നവയാണവ. ഗതകലാസമൂഹങ്ങളുടെ വിയർപ്പിന്റെ ഗന്ധവും നൊമ്പരങ്ങളുടെ നീറ്റലും ആഹ്ലാദങ്ങളുടെ പ്രകാശവും വഹിക്കുന്നുണ്ട് ഓരോ നാടൻപാട്ടും. അതോടൊപ്പം സമൂഹത്തിലെ താഴെ തട്ടിലുള്ളവർ അനുഭവിച്ചിരുന്ന വേർതിരിവിനും അടിച്ചമർത്തലിനും കൊടും ചൂഷണങ്ങൾക്കുമെതിരെയുള്ള ശക്തമായ അമർഷവും പ്രതിഷേധവും ഉൾച്ചേർന്നിട്ടുമുണ്ടതിൽ.

നാടൻപാട്ടുകൾ കുട്ടികൾ പരിചയപ്പെടേണ്ടതുണ്ട്. അവയിലെ ഭാഷയും ആശയങ്ങളും പല തിരിച്ചറിവുകളും നൽകുന്നുണ്ട്. ആകർഷകമായ ഈണവും താളവും നാടൻപാട്ടിന്റെ പ്രത്യേകതയാണ്. അതാതുകാലത്തെ ജനവിഭാഗങ്ങളുടെ വാമൊഴിരൂപങ്ങളിലായാണ് അവ ആവിഷ്കൃതമായിരിക്കുന്നത്. അതുകൊണ്ടുതന്നെ അക്ഷരശുദ്ധി നാടൻപാട്ടുകൾക്കു ബാധകമല്ല.

നാടൻപാട്ടുകളെ പലവിഭാഗങ്ങളായി തിരിക്കാം. തൊഴിൽപാട്ടുകൾ, കൃഷിപ്പാട്ടുകൾ, വള്ളംകളിപ്പാട്ടുകൾ, ഓണപ്പാട്ടുകൾ, തിരുവാതിരപ്പാട്ടുകൾ, വിനോദത്തിനുള്ള പാട്ടുകൾ, നർമ്മരസമുള്ള പാട്ടുകൾ, അക്ഷരപ്പാട്ടുകൾ, അസംബന്ധപ്പാട്ടുകൾ എന്നിങ്ങനെ പലതരം. തൊഴിലുകൾ അനായാസകരമാക്കാനും ആഘോഷങ്ങളെ പൊലിമയുള്ളതാക്കാനുമൊക്കെയായിരുന്നു അധികവും നാടൻപാട്ട് ആലപിക്കാറുണ്ടായിരുന്നത്.

'പാറക്ക്ട്ടടി ഏലേലം' തൊഴിൽ സംബന്ധമായ ഒരു പാട്ടാണ്. കിണർ കുഴിക്കുമ്പോൾ ജോലിഭാരം ലഘൂകരിക്കാനായി പാടിയതാവാമെന്നു കരുതാം. ഈ പാട്ടിലും കാണാം സാധാരണ കർഷകരുടെയും തൊഴിലാളികളുടെയും ദൈന്യഭാവങ്ങൾ. നാടൻപാട്ടുകൾ പാടിയും കേട്ടും ആസ്വദിക്കുന്നതിനും അവയുടെ ആശയം ഗ്രഹിക്കുന്നതിലൂടെ സാംസ്കാര പൈതൃകം തിരിച്ചറിയുന്നതിനും ഈ പാഠഭാഗം പ്രയോജനപ്പെടുത്തേണ്ടതാണ്. നാടൻപാട്ടുകൾ ശേഖരിക്കാനും പതിപ്പുതയ്യാറാക്കാനും പ്രചോദനമാവുകയും വേണം.

## പാഠാവതരണം

ടീച്ചർ ഏതാനും വരി നാടൻപാട്ട് പാടിയവതരിപ്പിക്കുന്നു:

ആ തിന്ത തിന തിന്തിന്തോ - തിന്തിന്താരാ
ആ തിന്ത തിന തിന്തിന്തോ - തിന്തിന്താരാ
ഒത്തു കെളക്കിനെടോ തിന്തിന്താരാ
ഒരുമിച്ചു കെളക്കിനെടോ തിന്തിന്താരാ

എങ്ങനെ കെളക്കുണുണ്ടേ തിന്തിന്താരാ
അങ്ങനെ കെളക്കുണുണ്ടേ തിന്തിന്താരാ
തെക്കൊള്ള കെള കെളച്ചേ തിന്തിന്താരാ
വടക്കൊള്ള കെളകെളച്ചേ തിന്തിന്താരാ–– ആ തിന്തി ––

കുട്ടികളും വായ്ത്താരികളുമായി കൂടെ കൂടട്ടെ.

- ഇത്തരം പാട്ടുകൾ കേട്ടിട്ടില്ലേ നിങ്ങൾ?
- ഇത് ഏതു വിഭാഗത്തിൽപെട്ട പാട്ടുകളാണ്?

'നാടൻപാട്ട്' എന്ന ആശയത്തിലേക്ക് ചർച്ച സംഗ്രഹിക്കണം.

ആർക്കെങ്കിലും ഒരു നാടൻപാട്ടു പാടാമോ?

തയ്യാറാവുന്നവർക്ക് അവസരം നൽകാം.

'നമുക്കൊന്നിച്ചൊരു നാടൻപാട്ടുപാടാം' എന്ന ആമുഖത്തോടെ

'പാറക്ക്ട്ടടി ഏലേലം' എന്ന നാടൻപാട്ടിന്റെ ആദ്യ ആറുവരി ടീച്ചർ പാടുന്നു.

തുടർന്ന് കുട്ടികളും ടീച്ചറോടൊപ്പം പാടുന്നു.

**ആശയവിശകലനം:**

- എന്തിനെക്കുറിച്ചാണ് ഈ നാടൻപാട്ടിൽ സൂചിപ്പിക്കുന്നത്?
- അവർ പാറ അടിച്ചുടയ്ക്കുന്നത് എന്തിന്നാണ്?
- ഏതെല്ലാം വരികളിൽ നിന്നാണ് അവരുടെ ലക്ഷ്യമെന്താണെന്നു മനസ്സിലാക്കാൻ കഴിയുന്നത്?
- മറ്റെന്തെല്ലാം കാര്യങ്ങളാണ് പാട്ടിൽ പറഞ്ഞിരിക്കുന്നത്?

കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കട്ടെ.

**ഈണം കണ്ടെത്താം**

ഈ പാട്ട് മറ്റൊരു ഈണത്തിൽ പാടാമോ?

ഗ്രൂപ്പിൽ ഈണം കണ്ടെത്തി അവതരിപ്പിക്കട്ടെ.

**അർത്ഥം കണ്ടെത്താം (TB)**

നിർദ്ദിഷ്ട പദങ്ങൾ പാട്ടിൽ പ്രയോഗിച്ച സന്ദർഭങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ.

സന്ദർഭത്തിൽ നിന്ന് അവയുടെ അർത്ഥം ഊഹിച്ചു പറയട്ടെ.

ക്ലാസിൽ അവതരിപ്പിച്ചു വ്യക്തത വരുത്താം.

**കണ്ടെത്താം (TB)**

പാഠഭാഗം ആശയം മനസ്സിലാക്കി വായിക്കാനുള്ള പ്രവർത്തനമാണിത്: ചോദ്യങ്ങൾ വായിച്ച് വ്യക്തിഗതമായി കുട്ടികൾ ഉത്തരം കണ്ടെത്തട്ടെ. എഴുതിയ ഉത്തരം ക്ലാസിൽ ചർച്ച ചെയ്തു മെച്ചപ്പെടുത്തണം.

**പാടി രസിക്കാം (TB)**

- നാടൻപാട്ടിന് ഈണവും താളവും കണ്ടെത്തി പാടി അവതരിപ്പിക്കട്ടെ.

  എല്ലാ ഗ്രൂപ്പും അവതരിപ്പിച്ച ശേഷം ആശയത്തെക്കുറിച്ചു ചർച്ച ചെയ്യാം.
- ഈ പാട്ടിൽ എന്തുകാര്യമാണു പറയുന്നത്?
- കർഷകർ തമ്പ്രാനെക്കുറിച്ച് എന്താണു പറയുന്നത്?
- സമൂഹത്തിൽ നിലവിലുണ്ടായിരുന്ന ഏതു ദുരാചാരമാണ് ഇവിടെ എടുത്തു പറയുന്നത്?
- ആ ദുരാചാരത്തിലെ വൈരുധ്യമെന്താണ്?

കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കട്ടെ. തൊട്ടു കൂടായ്മയും തീണ്ടലും നില നിന്നിരുന്ന കാലത്തെക്കുറിച്ചു ടീച്ചർ വിശദീകരിക്കുന്നു.

**പാടാം, എഴുതാം (WB)**

മറ്റൊരു നാടൻപാട്ടുകൂടി കുട്ടികൾ പരിചയപ്പെടട്ടെ. വർക്കുബുക്കിൽ കൊടുത്ത നാടൻപാട്ട് ഈണവും താളവും കണ്ടെത്തി പാടി അവതരിപ്പിക്കട്ടെ.

തുടർന്നുള്ള ചോദ്യങ്ങൾ ഹോംവർക്കായി നൽകാം. ടീച്ചർ വിലയിരുത്തണം

**നാടൻപാട്ടിലെ ഭാഷ (TB)**

- നാടൻപാട്ടിലെ ഭാഷക്ക് എന്തെങ്കിലും പ്രത്യേകതയുണ്ടോ?
- നാമുപയോഗിക്കുന്ന ശുദ്ധഭാഷാപദങ്ങളാണോ അവയിലുള്ളത്?
- എന്തുകൊണ്ടാവാം അങ്ങനെ?

പരിചയപ്പെട്ട മൂന്നുപാട്ടുകളിലും പ്രയോഗിച്ച ശുദ്ധമല്ലാത്ത പദങ്ങൾ കണ്ടെത്താം.

ചർച്ച ചെയ്തു കണ്ടെത്തിയ പദങ്ങളുടെ ശുദ്ധരൂപവും കുട്ടികൾ എഴുതട്ടെ.

എഴുതിയ പദങ്ങൾ ക്ലാസിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുന്നു.

## ശേഖരിക്കാം: പതിപ്പ് തയ്യാറാക്കാം

നാടൻപാട്ടുകൾ കുട്ടികൾ ശേഖരിക്കട്ടെ.

ക്ലാസിൽ അവതരിപ്പിച്ചശേഷം ഏതെല്ലാം തരത്തിൽ പെട്ടതാണെന്നു ചർച്ച ചെയ്തു വേർതിരിക്കട്ടെ.

ഓരോ തരത്തിലുള്ള പാട്ടും വേർതിരിച്ച് $A^4$ പേപ്പറിൽ ഭംഗിയായി എഴുതാൻ ഗ്രൂപ്പുകളെ ഏല്പിക്കാം.

എഴുതിക്കൊണ്ടുവന്ന പേപ്പറുകൾ ഇനങ്ങളാക്കിത്തിരിച്ച് കുത്തിക്കെട്ടി പതിപ്പാക്കാം.

പതിപ്പിനൊരു പേരു നൽകണം.ചർച്ച ചെയ്തു കണ്ടെത്താം.

ആമുഖവും വേണം. ടീച്ചറുടെ അവതാരികയും പ്രൻസിപ്പാളിന്റെ ആശംസയും ഉൾപ്പെടുത്താം.

## കടങ്കഥകൾക്ക് ഉത്തരം കണ്ടെത്താം (WB)

'പഴഞ്ചൊല്ലിൽ പതിരില്ല' എന്ന പാഠഭാഗത്ത് കടങ്കഥകളെക്കുറിച്ചുള്ള പഠനം നടന്നതാണല്ലോ. ഇവിടെ കടങ്കഥകൾക്ക് ഉത്തരം കണ്ടെത്താനുള്ള കൗതുകരമായ പ്രവർത്തനം കുട്ടികൾ സ്വയം ചെയ്യട്ടെ. ഹോംവർക്കായി നൽകാം. ടീച്ചർ വിലയിരുത്തണം.

ഉത്തരം : 1- ചേന   2. തേങ്ങ   3. തെങ്ങ്
4. കൈതച്ചക്ക   5. കയ്പ്പക്ക   6. തേങ്ങയും അടയ്ക്കയും
7. പുളിമരവും പുളിയും   8. കവുങ്ങ്   9. ചേമ്പില   10. കൂൺ

## കുറിപ്പ് തയ്യാറാക്കുക (WB)

നാടൻപാട്ടുകൾ പാവപ്പെട്ട കർഷകരുടെയും തൊഴിലാളികളുടെയും ആഹ്ലാദവും പ്രയാസവും പങ്കിടുന്ന പാട്ടുകളാണ്.

ഇതു സംബന്ധമായി ഇതുവരെ ആർജ്ജിച്ച അറിവിന്റെ അടിസ്ഥാനത്തിൽ ചർച്ച ചെയ്യുന്നു.

- നാടൻ പാട്ടുകളിൽ എന്തൊക്കെയാണ് ചർച്ചാ വിഷയം?

കുട്ടികൾ അഭിപ്രായങ്ങൾ തുറന്നു പറയട്ടെ.

ക്രോഡീകരണം : കൃഷിരീതികൾ, കൃഷിപ്പണിയിലെ അനുഭവങ്ങൾ, തമ്പ്രാന്മാരുടെ മനോഭാവങ്ങൾ, ശിക്ഷകൾ, ജീവിത പ്രാരാബ്ധങ്ങൾ, കുഞ്ഞുങ്ങളുടെ ദൈന്യതകൾ, കാലാവസ്ഥയിലെ മാറ്റമുണ്ടാക്കുന്ന പ്രയാസങ്ങൾ, ഓണം തുടങ്ങിയ ആഘോഷങ്ങൾ............ തുടങ്ങിയവയാണ്. ഇവയെല്ലാം സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങളുമായി ബന്ധപ്പെട്ടവയാണ്.

ചർച്ചയിൽ നിന്നു വ്യക്തമായ ധാരണകളുടെ അടിസ്ഥാനത്തിൽ കുട്ടികൾ കുറിപ്പ് തയ്യാറാക്കട്ടെ.

## വാചകവും ദ്യോതകവും വേർതിരിച്ചെഴുതുക (WB)

മുൻ പ്രവർത്തനങ്ങളുടെ തുടർച്ചയാണിത്.

കുട്ടികൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് എഴുതട്ടെ.

ടീച്ചർ വിലയിരുത്തണം. ആവശ്യമെങ്കിൽ വാചകം, ദ്യോതകം ഒരിക്കൽ കൂടി വിശദീകരിക്കണം.

# പാഠം– 18
# പണം നിങ്ങളുടേതാവാം; പക്ഷേ

ഒരു പിടി ഭക്ഷണത്തിന്റെ വിലയറിയണമെങ്കിൽ വിശന്നു വലയണം. ജീവിതത്തിൽ വിലപ്പെട്ടതെന്തും ബലി കഴിക്കാൻ വിശപ്പ് മനുഷ്യരെ നിർബന്ധിതരാക്കും. അത്രയും കഠിനമാണ് വിശപ്പിന്റെ താഡനം. സമൃദ്ധിയിൽ പലപ്പോഴും ആരും ഇക്കാര്യമൊന്നും ഓർക്കില്ല. ഭക്ഷണം പാഴാക്കുന്നതിൽ ഒരു പ്രയാസവും അനുഭവപ്പെടില്ല. ഹോട്ടലുകളിൽ കയറി ആവശ്യത്തിലധികം ഭക്ഷ്യവസ്തുക്കൾക്ക് ഓർഡർ ചെയ്ത് നല്ലൊരു ഭാഗം ആർക്കും ഉപയോഗപ്പെടാത്തവിധം പാഴാക്കുന്നവരുണ്ട്. ആഘോഷവേളകളിലുള്ള സദ്യകളിൽ മേനി നടിക്കാനായി അനേകതരം വിഭവങ്ങളൊരുക്കി ആർക്കും വേണ്ടാതെ ഭക്ഷണസാധനങ്ങൾ കുഴിച്ചുമൂടേണ്ട അവസ്ഥകളുണ്ടാവാറുണ്ട്. ഭക്ഷണം കഴിക്കുമ്പോൾ വെറുതെ പാഴാക്കുന്നവരുമുണ്ട്. ഭക്ഷണത്തിന്റെ മൂല്യത്തെക്കുറിച്ചു ചിന്തിക്കാത്തതു കൊണ്ടാണിത്. ഇക്കാര്യത്തിൽ സമൂഹത്തിന് ശരിക്കും അവബോധം ഉണ്ടാവേണ്ടതുണ്ട്.

തിരുവള്ളുവരുടെ ഭക്ഷണകാര്യത്തിലുള്ള സൂക്ഷ്മത പ്രവേശകത്തിൽ ചർച്ച ചെയ്തതാണല്ലോ. ഭക്ഷണം കഴിക്കുമ്പോൾ അല്പമെങ്കിലും നിലത്തുവീണുപോയാൽ അതെടുത്തു വൃത്തിയാക്കി കഴിക്കണമെന്നും പിശാചിന്നായി അതു വിട്ടുനൽകരുതെന്നും ഭക്ഷണത്തിന്റെ ഏതംശത്തിലാണ് നന്മയുള്ളതെന്നു നമുക്കറിയില്ലെന്നും മുഹമ്മദ് നബി പഠിപ്പിച്ചിട്ടുണ്ട്. ഇത്തരം പാഠങ്ങൾ നിരവധിയുണ്ടെങ്കിലും ഭക്ഷണം പാഴാക്കിക്കളയുന്നതിന് ഒരു കണക്കുമില്ല. വിദ്യാലയങ്ങളിലെ വേസ്റ്റ്കുഴിയിൽ ഓരോ ദിവസവും പാഴാവുന്ന ഭക്ഷണം എത്രയാണെന്നോ!

ഭക്ഷണകാര്യത്തിൽ ഒരു നിയമവും പാലിക്കാൻ നാം തയ്യാറല്ല എന്നാണിതൊക്കെ വ്യക്തമാക്കുന്നത്. ഇത് അച്ചടക്കവിരുദ്ധമായ പ്രവർത്തനമാണ്. ഒരു തരം ധിക്കാരമാണ്. മതനായകരുടെയും രാഷ്ട്രനായകരുടെയും വാക്കുകൾക്കു വിരുദ്ധമായ പ്രവർത്തനമാണ്.

ലോകത്തിൽ വളരെയധികം പുരോഗതി പ്രാപിച്ച രാഷ്ട്രങ്ങളിലൊന്നാണു ജർമ്മനി. സമ്പന്നതയുടെ മടിത്തട്ടിൽ കഴിയുന്ന ആ രാജ്യക്കാർ ഭക്ഷണകാര്യത്തിൽ കാണിക്കുന്ന സൂക്ഷ്മതയും കരുതലും വ്യക്തമാക്കുന്ന അനുഭവക്കുറിപ്പാണ് ഈ പാഠഭാഗം. ഇന്ത്യയിലെ കോടീശ്വരന്മാരിലൊരാളായ രത്തൻടാറ്റയെ ചിന്തിപ്പിക്കുകയും അപമാനഭാരം കൊണ്ടദ്ദേഹം തലകുനിച്ചുപോവുകയും ചെയ്ത ഈ അനുഭവം എല്ലാവർക്കും പാഠമാണ്. അവിടെയുള്ളതുപോലൊരു നിയമം ഇവിടെയില്ലെങ്കിലും ഇക്കാര്യത്തിൽ സ്വയം അച്ചടക്കം പാലിക്കാൻ വരും തലമുറയെ ഉദ്ബുദ്ധരാക്കേണ്ടതുണ്ട്.

ഒരു മണി ധാന്യം പോലും പാഴാക്കാതിരിക്കാനും പാഴാക്കുന്നതിനെതിരെ പ്രവർത്തിക്കാനും വിദ്യാർത്ഥികളെ ഉദ്ബുദ്ധരാക്കണം. ഭക്ഷണത്തിന്റെ മൂല്യം മനസ്സിലാക്കണം. പണക്കാരാണെങ്കിലും ഭക്ഷണവിഭവങ്ങൾ സമൂഹത്തിന്റേതാണെന്നും അതു പാഴാക്കാൻ തനിക്കവകാശമില്ലെന്നും തിരിച്ചറിയണം. അതിന് ഈ പാഠഭാഗം പ്രയോജനപ്പെടുത്തണം. പദങ്ങൾ കണ്ടെത്തുക, വിഗ്രഹിച്ചെഴുതുക, കത്തെഴുതുക, അനുഭവക്കുറിപ്പ് തയ്യാറാക്കുക തുടങ്ങിയ ഭാഷാപരമായ പ്രവർത്തനങ്ങളും അനുബന്ധമായി നടക്കേണ്ടതുണ്ട്.

## പാഠാവതരണം

### ഭക്ഷണം പാഴാക്കുന്നത് ശിക്ഷാർഹം

തിരുവനന്തപുരം: ഭക്ഷണ സാധനങ്ങൾ പാഴാക്കുന്നത് ശിക്ഷാർഹമായ കുറ്റമായി പരിഗണിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്താൻ മന്ത്രിസഭ ആലോചിക്കുന്നു. ആഘോഷങ്ങളിലും വിരുന്നു സൽക്കാരങ്ങളിലും ആവശ്യത്തിലധികം ഭക്ഷണം വിളമ്പി പാഴാക്കുന്നതും ഹോട്ടലുകളിൽ വേണ്ടതിലധികം ഭക്ഷണം ഓർഡർ ചെയ്ത് കഴിക്കാതെ ഉപേക്ഷിക്കുന്നതും ഇനി പിഴ ചുമത്തപ്പെടാനും ജയിലിലടയ്ക്കപ്പെടാനുമുള്ള കുറ്റമായി മാറും. ഭക്ഷണവിഭവങ്ങൾ സമൂഹത്തിന്റെതാണെന്നും അതു പാഴാക്കുന്നതു വലിയ അപരാധമായി കാണണമെന്നുമുള്ള സാംസ്കാരികസംഘടനകളുടെ അഭ്യർത്ഥന മാനിച്ചാണ് സർക്കാർ ഈ നിയമനിർമ്മാണം നടത്താൻ സന്നദ്ധമായിരിക്കുന്നത്.

ടീച്ചർ ഈ പത്രവാർത്ത ക്ലാസിൽ അവതരിപ്പിക്കുന്നു.

കുട്ടികൾ വാർത്തയോട് വാചികമായി പ്രതികരിക്കട്ടെ.

- ഭക്ഷണം പാഴാക്കുന്നത് ഇത്രയും വലിയ കുറ്റമാണോ?
- പണമുള്ളവന് ഭക്ഷണസാധനങ്ങൾ ഇഷ്ടംപോലെ വാങ്ങുകയും ഉപയോഗിക്കുകയും ചെയ്തു

കൂടേ?

- ഭക്ഷണം പൊതുസ്വത്താവുന്നതെങ്ങനെ?

തുടങ്ങിയ ചോദ്യങ്ങൾക്ക് കുട്ടികൾ പ്രതികരിക്കട്ടെ. 'ഇതു സംബന്ധമായി കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാൻ ഈ അനുഭവക്കുറിപ്പ് വായിച്ചുനോക്കൂ' എന്നു പറഞ്ഞു കുട്ടികളോടു പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കാം.

## വിശകലനം ചെയ്യാം

- ജർമ്മൻകാരിൽ നിന്നു നാം പഠിക്കേണ്ട പാഠമെന്ത്?
- യുവാവും യുവതിയും രണ്ടുതരം ഭക്ഷണം മാത്രം കഴിക്കുന്നതു കണ്ടപ്പോൾ രത്തൻടാറ്റ കരുതിയതെന്ത്?
- വൃദ്ധസ്ത്രീകൾ ഭക്ഷണം കഴിക്കുന്നത് അദ്ദേഹം ആശ്ചര്യത്തോടെ നോക്കി നിന്നതെന്തുകൊണ്ട്?
- തീന്മേശയിൽ ഭക്ഷണം ബാക്കിയാക്കിയിട്ടപ്പോൾ വൃദ്ധസ്ത്രീകൾ എങ്ങനെയാണു പ്രതികരിച്ചത്?
- അവർ കോപാകുലരായതെപ്പോൾ?
- സാമൂഹികസുരക്ഷാവകുപ്പുദ്യോഗസ്ഥൻ ഭക്ഷണം പാഴാക്കിയതിന് എന്തു ശിക്ഷയാണവർക്ക് നൽകിയത്?
- അയാൾ അവരോടു പറഞ്ഞതെന്ത്?
- അപമാനഭാരം കൊണ്ടു തല താഴ്ത്തിയപ്പോൾ രത്തൻടാറ്റയുടെ മനസ്സിലേക്കോടിയെത്തിയതെന്തെല്ലാം?

## പ്രവർത്തന വിശകലനം

### കണ്ടെത്താം (TB)

പാഠഭാഗം വീണ്ടും ആവശ്യബോധത്തോടെ വായിക്കാനുള്ള പ്രവർത്തനമാണിത്. ചോദ്യങ്ങളോരോന്നും വായിച്ച് കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തുന്നു. അവ ഗ്രൂപ്പിൽ പങ്കുവച്ച് മെച്ചപ്പെടുത്തുന്നു.

മെച്ചപ്പെട്ട ഉത്തരം ക്ലാസിൽ അവതരിപ്പിച്ചു ചർച്ച ചെയ്യുന്നു.

ടീച്ചർ ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുന്നു. കൂട്ടിച്ചേർക്കലുകൾ വരുത്തി വ്യക്തമായ ഉത്തരങ്ങൾ കുട്ടികൾ സ്വന്തം വാക്യത്തിൽ എഴുതട്ടെ.

ടീച്ചർ വിലയിരുത്തണം.

## ആശയം മനസ്സിലാക്കാം

- "ഭക്ഷണം ഔഷധംപോലെ ആഹരിക്കുക, അല്ലെങ്കിൽ ഔഷധം ഭക്ഷണം പോലെ ആഹരിക്കേണ്ടിവരും." രത്തൻടാറ്റയുടെ ഈ വാക്കുകളുടെ സൂചനയെന്ത്?

നാം ഇന്നഭിമുഖീകരിക്കുന്ന രോഗങ്ങളിലധികവും ഭക്ഷണകാരണമായുള്ളതാണെന്നല്ലേ ഈ വാക്കുകൾ സൂചിപ്പിക്കുന്നത്? ഭക്ഷണം കഴിക്കുന്നതു പോലെ അനേകതരം മരുന്നുകൾ കഴിക്കുന്ന രോഗികൾ ധാരാളമുണ്ടല്ലോ നമുക്കിടയിൽ !

മുന്നറിയിപ്പിലെ പാഠങ്ങൾ എന്തൊക്കെ?

ഭക്ഷണം അനിവാര്യമാണ്. അത് ആവശ്യത്തിനുമാത്രം കഴിക്കുക. മിത ഭക്ഷണം ശരീരത്തിന് ആരോഗ്യമുണ്ടാക്കും. എന്നാൽ അമിതഭക്ഷണം രോഗങ്ങളാണു സമ്മാനിക്കുക. ഇന്നു കാണുന്ന രോഗങ്ങളിൽ നല്ലൊരു ശതമാനം അമിതഭക്ഷണം കാരണമായുണ്ടാകുന്നതാണ്. അത്തരക്കാരാണ് പിന്നീട് ഭക്ഷണം പോലെ മരുന്നുകൾ കഴിക്കേണ്ടിവരുന്നത്.

- ഈ ഭൂമിയിൽ എല്ലാവർക്കും ഭക്ഷിക്കാനാവശ്യമായ വിഭവങ്ങളുണ്ട്, ധൂർത്തിന് ഒട്ടുമില്ല. ഗാന്ധിജിയുടെ ഈ വാക്കുകൾ എന്താണു സൂചിപ്പിക്കുന്നത്?

ഇവിടെ ധനികരും ദരിദ്രരുമുണ്ട്. ധനികർ സന്മനസ്സ് കാണിച്ചാൽ ദരിദ്രർക്കും പട്ടിണിയകറ്റാം. ധനികർ ധൂർത്തടിച്ചാലോ? പാവപ്പെട്ട കോടിക്കണക്കിനു ജനങ്ങൾ പട്ടിണികിടന്നു മരിക്കേണ്ടിവരും. അതാണിന്നു ലോകത്തിന്റെ പലഭാഗത്തും കാണുന്നത്. സമ്പത്ത് ധൂർത്തടിക്കുന്നവർ സാമൂഹ്യദ്രോഹികളാണെന്നു സൂചന. അവർ മറ്റുള്ളവരുടെ ജീവിക്കാനുള്ള അവകാശത്തെ ഹനിക്കുന്നവരാണ്.

ചർച്ചയിലൂടെ ഉരുത്തിരിഞ്ഞ ആശയങ്ങൾ ക്രോഡീകരിച്ച് കുട്ടികൾ കുറിപ്പു തയ്യാറാക്കട്ടെ.

ഗ്രൂപ്പിൽ പങ്കുവച്ചു മെച്ചപ്പെടുത്തിയ കുറിപ്പുകൾ ടീച്ചർ വിലയിരുത്തണം.

## സന്ദർഭം കണ്ടെത്തി വിശദീകരിക്കുക (WB)

നൽകിയിരിക്കുന്ന വാക്യങ്ങൾ വായിച്ചു ചർച്ച ചെയ്യാം.

- അപമാന ഭാരംകൊണ്ടു തല താഴ്ത്തിപ്പോയതാര്?

  എന്തുകാരണത്താലാണ് അങ്ങനെ സംഭവിച്ചത്?

'അപമാനഭാരം കൊണ്ടു തലകുനിക്കുക' എന്ന പ്രയോഗത്തിന്റെ ഉദ്ദേശ്യാർത്ഥമെന്ത്? കുട്ടികൾ കുറിക്കട്ടെ.

- അവരുടെ കണ്ണുകൾ ജ്വലിക്കുന്നതും മുഖത്തു ചുളിവു വീഴുന്നതും കണ്ടു. ആരുടെ?

  ആരാണ് ഈ കാഴ്ച കണ്ടത്?

- കണ്ണുകൾ ജ്വലിക്കുക, മുഖം ചുളിയുക എന്നിവ സൂചിപ്പിക്കുന്നതെന്താണ്?

  ഏതു സന്ദർഭത്തിലാണിങ്ങനെ സംഭവിച്ചത്?

ചോദ്യങ്ങൾക്ക് കണ്ടെത്തുന്ന ഉത്തരത്തിലൂടെ തിരിച്ചറിയുന്ന ആശയം കുട്ടികൾ വിശദീകരിച്ചെഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

## മാതൃകപോലെ എഴുതുക (WB)

സമാസങ്ങളും അവയുടെ വിഗ്രഹ രൂപങ്ങളും പരിചയപ്പെടാനുള്ള അവസരമാണിത്. പദങ്ങൾ സമാസിച്ചെഴുതുമ്പോഴുണ്ടാവുന്ന ഉച്ചാരണ സൗകര്യവും പദ ഭംഗിയും കുട്ടികൾ തിരിച്ചറിയട്ടെ.

| | | |
|---|---|---|
| വാഹനനിർമ്മാണം | - | വാഹനങ്ങളുടെ നിർമ്മാണം |
| വിഭവസമൃദ്ധം | - | വിഭവങ്ങളാൽ സമൃദ്ധം |
| വൃദ്ധസ്ത്രീകൾ | - | വൃദ്ധകളായ സ്ത്രീകൾ |
| വിഭവശേഷി | - | വിഭവങ്ങളുടെ ശേഷി |
| അപമാനഭാരം | - | അപമാനത്തിന്റെ ഭാരം |
| പൊതുയിടം | - | പൊതുവായ ഇടം |
| ഭക്ഷണശാല | - | ഭക്ഷണം കഴിക്കാനുള്ള ശാല |

## പദങ്ങൾ കണ്ടെത്തുക (WB)

| | | |
|---|---|---|
| പ്രവർത്തകൻ | - | സഹപ്രവർത്തകൻ |
| യാത്രികൻ | - | സഹയാത്രികൻ |
| പഠിക്കുന്നവൻ | - | സഹപാഠി |
| അഭിമാനം | - | ദുരഭിമാനം |
| സ്വഭാവം | - | ദു:സ്വഭാവം |
| ചിന്ത | - | ദുഷ്ചിന്ത |
| നടപ്പ് | - | ദുർനടപ്പ് |

ദു: ചേർക്കുമ്പോൾ പദങ്ങളിൽ വരുന്ന വ്യത്യാസം കുട്ടികൾ തിരിച്ചറിയട്ടെ.

## രണ്ടു വാക്യങ്ങളാക്കി എഴുതുക

ഒറ്റ വാക്യങ്ങളെ രണ്ടായി വിഭജിക്കുമ്പോൾ രണ്ടും പൂർണവാക്യങ്ങളാക്കാൻ ചില മാറ്റങ്ങൾ വരുത്തേണ്ടിവരും. ആ മാറ്റങ്ങൾ ശ്രദ്ധയിൽ പെടുത്തണം.

കുട്ടികൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് രണ്ടു വാക്യങ്ങളാക്കട്ടെ. എഴുതിയ വാക്യങ്ങൾ ക്ലാസിൽ പൊതുവായി അവതരിപ്പിച്ച് ചർച്ചയ്ക്കു വിധേയമാക്കാം.

- അവിടെ മിക്കവാറും തീന്മേശകൾ കാലിയാണ്.

  അതു കണ്ടപ്പോൾ എനിക്കു കൗതുകം തോന്നി.

- അടുത്ത തീന്മേശയിൽ ഏതാനും വൃദ്ധകൾ ഇരിക്കുന്നുണ്ടായിരുന്നു.

  അവർ ഒരൊറ്റ വിഭവം മാത്രമേ ഓർഡർ ചെയ്തിരുന്നുള്ളൂ.

- വ്യാവസായികമായി ഉന്നതിയിൽ നിൽക്കുന്നവരാണ് ജർമ്മനിയിലെ ജനങ്ങൾ.

  എന്നാൽ വളരെ കുറഞ്ഞ ആഡംബരവസ്തുക്കളേ അവർ ഉപയോഗിക്കുന്നുള്ളു.

**കത്തെഴുതുക**

ആർക്കാണു കത്തെഴുതേണ്ടത്?

കത്തിന്റെ പ്രതിപാദ്യമെന്തായിരിക്കണം?

എങ്ങനെയാണു കത്തെഴുതുക?

ഏതു വിഭാഗത്തിൽപ്പെട്ട കത്താണ് എഴുതേണ്ടത്?

പരിപാടിയിൽ പങ്കെടുക്കാൻ രത്തൻടാറ്റയെ ക്ഷണിക്കുന്ന കത്താണെഴുതേണ്ടത്. പൊതുവായ ഒരു ക്ഷണക്കത്തല്ല ഇവിടെ ഉദ്ദേശ്യം.

രത്തൻടാറ്റയുടെ ഒരനുഭവം പാഠപുസ്തകത്തിൽ പരിചയപ്പെട്ട നിലക്ക് ആ വസ്തുത കൂടി ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള കത്താണ് എഴുതേണ്ടത്.

കത്തിന്റെ ഘടന മുമ്പു പരിചയപ്പെട്ടിട്ടുണ്ടല്ലോ.

കുട്ടികൾ വ്യക്തിപരമായി കത്ത് തയ്യാറാക്കട്ടെ.

**നിങ്ങൾക്കെന്തു ചെയ്യാൻ കഴിയും?**

ഭക്ഷണം പാഴാക്കുന്നതൊഴിവാക്കാൻ നിങ്ങൾക്കെന്തു ചെയ്യാൻ കഴിയും?

കുട്ടികൾ പ്രതികരിക്കട്ടെ.

- പോസ്റ്ററുകൾ എഴുതി ഒട്ടിക്കാം.
- ബോധവത്ക്കരണ ക്ലാസുകൾ നടത്താം.
- വീട്ടിൽ ബാക്കിവരുന്ന ഭക്ഷണങ്ങൾ ആവശ്യക്കാർക്കെത്തിച്ചുകൊടുക്കാം.
- നഗരങ്ങളിലും ഗ്രാമങ്ങളിമുമൊക്കെ വേണ്ടത്ര ഭക്ഷണമില്ലാതെ പട്ടിണികിടക്കുന്നവർ ധാരാളമുണ്ട്. അവരെ കണ്ടെത്തി ഭക്ഷണമെത്തിക്കാം.
- ഭക്ഷണം പാഴാക്കാതിരിക്കാൻ വീടുകളിൽ ആവശ്യത്തിനുമാത്രം ഭക്ഷണം പാകം ചെയ്യാൻ നിർദ്ദേശിക്കാം.

**ടീച്ചർവേർഷൻ പ്രദർശിപ്പിക്കുന്നു.**

| | |
|---|---|
| ബഹുമാനപ്പെട്ട ശ്രീ. രത്തൻ ടാറ്റയ്ക്ക്, | കുയിൽപാടുംകുന്ന് |
| ആദരപൂർവ്വം ------- | 02-01-2020 |

**വന്ദ്യരേ,**

ഞങ്ങളുടെ വിദ്യാലയത്തിൽ നടക്കുന്ന അതിപ്രധാനമായ ഒരു സമ്മേളനത്തിലേക്കു താങ്കളെ ക്ഷണിക്കാനാണ് ഈ കത്തെഴുതുന്നത്. ഭക്ഷണം പാഴാക്കിക്കളയുന്ന പ്രവണത സമൂഹത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കയാണ്. താങ്കൾ എഴുതിയ 'പണം നിങ്ങളുടേതാകാം. പക്ഷേ...' എന്ന അനുഭവക്കുറിപ്പ് വായിച്ചപ്പോഴാണ് ഞങ്ങൾ ഇക്കാര്യത്തെക്കുറിച്ച് ശരിക്കും ബോധവാന്മാരായത്. ഹോട്ടലുകളിലും സൽക്കാരങ്ങളിലും ആഘോഷങ്ങളിലും മറ്റും ആവശ്യത്തിലധികം ഭക്ഷണം വച്ചുവിളമ്പി നശിപ്പിച്ചുകളയുന്നതായി ഞങ്ങൾ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇതിനെതിരെ സമൂഹത്തെ ബോധവൽക്കരിക്കാനുള്ള പദ്ധതികൾ ഞങ്ങൾ ആസൂത്രണം ചെയ്തിരിക്കയാണ്.

ഇക്കാര്യത്തിൽ ആദ്യം ഞങ്ങളുടെ രക്ഷിതാക്കളെത്തന്നെ ബോധവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തിലാണ് ഇങ്ങനെയൊരു സമ്മേളനം നടത്താൻ തീരുമാനിച്ചത്. ഈ സമ്മേളനത്തിൽ താങ്കൾ നേരിട്ടു പങ്കെടുത്ത് സംസാരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. അതുകൊണ്ട് ഇതൊരു ക്ഷണമായി കരുതി പ്രസ്തുത സമ്മേളനത്തിൽ താങ്കൾ പങ്കെടുക്കണമെന്ന് അപേക്ഷിക്കുന്നു.

സാദരം ---

----------

## ക്രോഡീകരണം

- ക്ലാസിലെ ഒരു കുട്ടിയും ഇനി ഭക്ഷണം പാഴാക്കില്ല.
- ആവശ്യത്തിനു മാത്രമേ ഭക്ഷണം സ്കൂളിലേക്കു കൊണ്ടുവരൂ.
- കിട്ടുന്നത് പൂർണമായി കഴിക്കും.
- ബാക്കി വരുകയാണെങ്കിൽ കേടാവാതെ സൂക്ഷിച്ച് പിന്നീടുപയോഗിക്കും.
- ആഘോഷവേളകളിലും മറ്റും ബാക്കിവരുന്ന ഭക്ഷണം ആവശ്യക്കാരെ കണ്ടെത്തി എത്തിച്ചുകൊടുക്കാൻ ശ്രമിക്കും.
- ഉപയോഗിക്കാൻ കഴിയാത്തവിധം പഴകിയ ഭക്ഷണങ്ങളുണ്ടെങ്കിൽ പക്ഷികൾക്കും മറ്റും നൽകും. കുഴിച്ചുമൂടിയും മറ്റും നശിപ്പിക്കില്ല.